മസ്ജിദുന്നബവിയിലെ ഖുതുബകളിൽ നിന്നുള്ള സമാഹാരം 1

# തൗഹീദ്

## മസ്ജിദുന്നബവിയിലെ ഖുതുബകളിൽ നിന്നും




തയ്യാറാക്കിയത്

ഡോ: അബ്ദുൽ മുഹ്സിൻ അൽ ഖാസിം

(മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും)


مترجم بالمليبارية

# തൗഹീദ്

**മസ്ജിദുന്നബവിയിലെ ഖുതുബകളിൽ നിന്നും**

ഈ പുസ്തകം ലഭിക്കാൻ താഴെ നൽകിയിരിക്കുന്ന ബാർ കോഡ് സ്കാൻ ചെയ്യാവുന്നതാണ്

a-alqasim.com

# തൗഹീദ്

## മസ്ജിദുന്നബവിയിലെ ഖുതുബകളിൽ നിന്നും


**തയ്യാറാക്കിയത്**

## ഡോ: അബ്ദുൽ മുഹ്സിൻ അൽ ഖാസിം

**(മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും)**

بسم الله الرحمن الرحيم

# ആമുഖം

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു , മുഹമ്മദ് നബി -ﷺ- ക്കും അവിടുത്തെ കുടുംബത്തിനും സ്വാഹാബത്തിനും അല്ലാഹു സ്വലാത്തും സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ്:

അല്ലാഹു അവന്റെ അടിമകളുടെ മേൽ നിർബന്ധമാക്കിയ പ്രാഥമിക ഉത്തരവാദിത്തമാണ് തൗഹീദ് (അവനെ മാത്രം ആരാധിക്കണം എന്ന കൽപന). ആ ആരാധന നിർവഹിക്കുന്നതിനാണ് അവൻ ജിന്നിനെയും മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത്, വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും പ്രവാചകന്മാരെ നിയോഗിച്ചതുമെല്ലാം ഈ ഉത്തരവവാദിതത്തെ കുറിച്ച് സൃഷ്ടികൾക്ക് ഉൽബോധനം നൽകാൻ വേണ്ടിയാകുന്നു.

തൗഹീദ് സ്വീകരിച്ചവർക്ക് സ്വർഗം വാഗ്ദാനം ചെയ്തു കൊണ്ട് അല്ലാഹു സന്തോഷവാർത്ത അറിയിച്ചു. അത് കൊണ്ട് തന്നെ ജനങ്ങൾക്ക് ഉൽബോധനം നൽകുന്നതിൽ ഏറ്റവും മുൻഗണന നൽകേണ്ടതും തൗഹീദിനാണ്.

ഇത്രയും പ്രാധാന്യമർഹിക്കുന്ന വിഷയമായതിനാൽ തന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് മദീന മസ്ജിദുന്നബവിയിൽ ഞാൻ ചില ഖുതുബകൾ നിർവഹിച്ചിട്ടുണ്ട്. അതിൽ നിന്ന് പതിനാലോളം ഖുതുബകളാണ് ഇവിടെ പുസ്തക രൂപത്തിൽ ഞാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ ഗ്രന്ഥത്തിന് "തൗഹീദ്- മസ്ജിദുന്നബവിയിലെ ഖുതുബകളിൽ നിന്നും" എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

ഈ ഒരു പുസ്തകം അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ച് മാത്രം രചിച്ചതാവാനും അത് ജനങ്ങൾക്ക് ഉപകാരപ്രദമാക്കുവാനും ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു.

നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി-ﷺ-യുടെയും കുടുംബത്തിന്റെയും കൂട്ടാളികളുടെയും മേൽ അല്ലാഹുവിന്റെ അനുഗ്രഹവും സമാധാനവും ഉണ്ടാകട്ടെ.

**ഡോ: അബ്ദുൽ മുഹ്സിൻ അൽ ഖാസിം**

(മസ്ജിദുന്നബവിയിലെ ഇമാമും ഖതീബും)

# തൗഹീദിന്റെ പ്രാധാന്യം (1)

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കാൻ ആർക്കും സാധ്യമല്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ആർക്കും സാധ്യമല്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹനെന്നും അവൻ ഏകനാണ്, അവന് യാതൊരു പങ്കാളികളുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ് [2] :

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക.നിശ്ചയമായും തക്വ്‌വയിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കുന്നതിലൂടെ കണ്ണുകളിലും ഹൃദയങ്ങളിലും പ്രകാശം പരക്കുന്നു , പാപങ്ങളും തിന്മകളും പൊഴിഞ്ഞു പോവുകയും ചെയ്യുന്നു.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

---

(1) 24/12/1422 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

(2) അല്ലാഹുവിനെ സ്തുതിക്കുകയും നബി -ﷺ- ക്ക് വേണ്ടി സ്വലാത്തും സലാമും ചോദിക്കുകയും ചെയ്ത ശേഷം പ്രതിപാദ്യ വിഷയത്തിലേക്ക് പ്രവേശിക്കുന്നതിന് അറബികൾ സംസാരങ്ങളിലും എഴുത്തുകളിലും ഉപയോഗിക്കുന്ന പദമാണ് 'അമ്മാ ബഅ്ദ്' എന്നത്. "കാര്യം എന്ത് തന്നെയാണെങ്കിലും, ശേഷം" എന്നാണ് അർത്ഥം.

മനുഷ്യരുടെ നേരായ പ്രകൃതിക്കും കളങ്കമില്ലാത്ത മനസ്സുകൾക്കും ഇണങ്ങുന്ന മതമാണ് അല്ലാഹു നമുക്ക് നൽകിയിരിക്കുന്നത്. അറിവും ആരാധനയും വാക്കുകളും പ്രവർത്തനങ്ങളും വിശ്വാസവും സമന്വയിക്കുന്നതും എല്ലാ കാലഘട്ടത്തിനും സ്ഥലങ്ങൾക്കും ഇണങ്ങുന്ന മതം. അല്ലാഹു തന്റെ സൃഷ്ടികളിൽ നിന്ന് അതല്ലാത്ത മറ്റൊരു മതത്തെയും സ്വീകരിക്കുകയില്ല.

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ﴾

“ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും”. (ആലു ഇംറാൻ : 85)

ഈ മതത്തിൽ ഒരു വചനമുണ്ട്, അത് ഹൃദയത്തിൽ നിന്ന് ആത്മാർത്ഥമായി പറയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അതുവഴി അല്ലാഹുവിന്റെ തൃപ്തി തേടുകയും ചെയ്താൽ അവൻ വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അത് لا إله إلا الله എന്ന വാക്കാണ്.

അത് വാക്കുകളിൽ ഏറ്റവും മികച്ചതും പ്രവൃത്തികളിൽ ഏറ്റവും ശ്രേഷ്ഠമായതും വിശ്വാസത്തിന്റെ ഏറ്റവും ഉയർന്ന ശാഖയുമാണ്. ഈ വാക്ക് സത്യസന്ധമായും ആത്മാർത്ഥമായും പറഞ്ഞവർ ഇസ്ലാമിൽ ഉന്നത സ്ഥാനം നേടിയവരാകുന്നു.

ഇസ്‌ലാമിലേക്ക് പ്രവേശിക്കാനോ അതിൽ നിലനിൽക്കാനോ ആ വചനം കേവല ഉച്ചരിച്ചാൽ മതിയാവുകയില്ല, മറിച്ച്, ഒരു മുസ്‌ലിം അതിന്റെ അർത്ഥത്തെക്കുറിച്ച് ബോധവാനായിരിക്കുകയും, ബഹുദൈവാരാധനയെ നിഷേധിക്കുകയും, അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും, ആ വാക്കിന്റെ ഉള്ളടക്കങ്ങളും തേട്ടങ്ങളും സത്യമാണെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യണം.

മുസ്‌ലിം തന്റെ വിശ്വാസത്തിൽ ആത്മാർത്ഥതയുള്ളവനും അല്ലാഹുവിന്റെ വിധിയിലും കൽപ്പനയിലും നിയമത്തിലും കീഴ്പെടുന്നവനുമാകുന്നു .അവൻ തന്റെ ആവശ്യങ്ങൾ അല്ലാഹുവിന് മുന്നിലല്ലാതെ സമർപ്പിക്കുകയില്ല, അവനിൽ നിന്നല്ലാതെ അവന്റെ ദുരിതങ്ങളിൽ നിന്ന് അവൻ ആശ്വാസം തേടുകയുമില്ല. അല്ലാഹു പറഞ്ഞു :

﴿وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ﴾

"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്ക് അവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ"..(അൽ അൻആം: 17)

അവനോട് മാത്രം പ്രാർത്ഥന നടത്തുക എന്നത് ഏറ്റവും മഹത്തായ ആരാധയാകുന്നു, പ്രവാചകൻ -ﷺ- പറഞ്ഞു: "അല്ലാഹുവിന്റെ അരികിൽ പ്രാർത്ഥനയേക്കാൾ ശ്രേഷ്ഠമായ മറ്റൊന്നില്ല". (അഹ്മദ്), ഇബ്നു അബ്ബാസ് -رضي الله عنه- പറഞ്ഞു : "ഏറ്റവും നല്ല ആരാധന അത് പ്രാർഥനയാകുന്നു" .

അപകടങ്ങളും വിപത്തുകളും അധികരിച്ച് ജീവിതം കുടുസ്സാകുകയും മുന്നിലുള്ള എല്ലാ വാതിലുകളും കൊട്ടിയടക്കപ്പെടുകയും ചെയ്താൽ, മഹാനായ അല്ലാഹുവിനെ നീ വിളിക്കുക, കാരണം അവനോട് തേടുന്നവരുടെ ആവശ്യങ്ങൾ അവൻ പൂർത്തീകരിച്ചു നൽകുകയും അവനിൽ അഭയം പ്രാപിക്കുന്നവനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.

നബി -ﷺ- ഇബ്നു അബ്ബാസ് -رضي الله عنه-നോട് പറഞ്ഞു : "നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അവനോട് സഹായം തേടുക, എല്ലാവരും ഒരുമിച്ചു കൂടുകയും നിനക്ക് എന്തെങ്കിലും പ്രയോജനമോ നന്മയോ ചെയ്യാൻ തീരുമാനിച്ചാലും അല്ലാഹു നിനക്ക് വിധിക്കാത്ത ഒരു

നന്മയും അവർക്ക് നിനക്ക് വേണ്ടി ചെയ്യുക സാധ്യമല്ല എന്ന് നീ ഉറച്ച് വിശ്വസിക്കുക. നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ ഒത്തുകൂടിയാലും അല്ലാഹു നിന്റെ കാര്യത്തിൽ വിധിക്കാത്ത ഒരുപദ്രവവും നിനക്ക് ഏൽക്കുകയില്ല എന്നും നീ മനസ്സിലാക്കുക". (തിർമിദി)

നിന്റെ റബ്ബിനോട് ചോദിക്കാൻ നീ മടി കാണിക്കരുത് , അത് എത്ര നിസാര കാര്യമാണെങ്കിലും ശരി , ആയിഷ -رضي الله عنها- പറഞ്ഞു : "എല്ലാ കാര്യങ്ങളും നിങ്ങൾ അല്ലാഹുവിനോട് ചോദിക്കുക , നിങ്ങളുടെ ചെരുപ്പിന്റെ വള്ളിയാണെങ്കിൽ പോലും , നിശ്ചയമായും അല്ലാഹു എളുപ്പമാക്കാത്ത ഒരു കാര്യവും എളുപ്പമാവുകയില്ല". (അബൂ യഅ്ലാ)

എന്നാൽ മരണപ്പെട്ടവർക്കും മറഞ്ഞിരിക്കുന്നവർക്കും അവർക്ക് വേണ്ടി വല്ല ഉപകാരമോ ഉപദ്രവമോ ചെയ്യാനുള്ള കഴിവില്ല. മരിച്ചവർ മറ്റുള്ളവരുടെ പ്രാർഥനയിലേക്ക് ആവശ്യക്കാരനാണ്. അത് കൊണ്ട് തന്നെയാണ് മുസ്ലിംകളുടെ ഖബറിടങ്ങൾ സന്ദർശിക്കുമ്പോൾ, അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ പ്രവാചകൻ കൽപിച്ചത് , അവരോട് പ്രാർഥിക്കാനല്ല നബി -ﷺ- നിർദേശിച്ചത്.

നമ്മുടെ റബ്ബ് എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനാണ് , അവനെ സമീപിക്കാൻ മധ്യസ്ഥരെ സ്വീകരിക്കുക എന്നത് അവൻ റബ്ബാണെന്ന വിശ്വാസത്തിലുള്ള വിള്ളലും ഇബാദത്തിൽ സംഭവിക്കുന്ന പിഴവുമാണ്. അല്ലാഹു പറഞ്ഞു :

﴿ٱدۡعُونِيٓ أَسۡتَجِبۡ لَكُمۡ﴾

"നിങ്ങൾ എന്നോട് ചോദിക്കുക , ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുന്നതാണ്" (ഗാഫിർ: 60)

അത് പോലെ അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലിയർപ്പിക്കുക എന്നതും കലിമതുൽ ഇഖ്ലാസ് (ലാ ഇലാഹ ഇല്ലല്ലാഹ്) ന് വിരുദ്ധമായ പ്രവർത്തനമാണ്.

﴿قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ ۝ لَا شَرِيكَ لَهُۥۖ وَبِذَٰلِكَ أُمِرۡتُ وَأَنَا۠ أَوَّلُ ٱلۡمُسۡلِمِينَ﴾

"പറയുക: തീർച്ചയായും എൻറെ നമസ്കാരവും, എൻറെ ബലികർമ്മങ്ങളും, എൻറെ ജീവിതവും, എൻറെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്". (അൽ ആൻആം : 162-163)

പരിശുദ്ധ കഅ്ബാലയം പ്രദക്ഷിണം ചെയ്യുന്നത് ആ ഭവനത്തിന്റെ ഉടമസ്ഥനായ അല്ലാഹുവിനോട് അങ്ങേയറ്റം താഴ്മയും വിധേയത്വവും ഉൾപ്പെടുന്ന ഒരു ആരാധനയാണ്.

﴿وَلۡيَطَّوَّفُواْ بِٱلۡبَيۡتِ ٱلۡعَتِيقِ﴾

"പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ". (അൽ ഹജ്ജ്: 29)

ആവശ്യ സമയങ്ങളിൽ ആത്മാർത്ഥമായി അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുന്നത് ലോകരക്ഷിതാവായ അല്ലാഹുവെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാണ്. അവനല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നത് അല്ലാഹുവിനെ അവഹേളിക്കലും ഇകഴ്ത്തലുമാണ്. പ്രവാചകൻ -ﷺ- പറഞ്ഞു: "അല്ലാഹു അല്ലാത്തവരുടെ പേരിൽ ആരെങ്കിലും സത്യം ചെയ്താൽ അവൻ അവിശ്വാസിയോ ബഹുദൈവാരാധകനോ ആകുന്നതാണ്". (തിർമിദി)

കണ്ണേറിൽ നിന്ന് രക്ഷ നേടാനോ, എന്തെങ്കിലും കാര്യലാഭം സാധിക്കാനോ വേണ്ടി ആരെങ്കിലും ഏലസുകൾ ഉപയോഗിച്ചാൽ, അവന്റെ ഉദ്ദേശം നടക്കാതിരിക്കട്ടെ എന്നും അതിന് നേർവിപരീതം സംഭവിക്കട്ടെ എന്നും പ്രവാചകൻ -ﷺ- ദുആ ചെയ്തിട്ടുണ്ട്. നബി -ﷺ-

പറഞ്ഞു : "ആര് ഏലസ്സ് ധരിക്കുന്നുവോ, അല്ലാഹു അവന്റെ ആവശ്യം പൂർത്തീകരിച്ചു നൽകാതിരിക്കട്ടെ".(അഹ്മദ്)

ഏലസുകൾ ഉപയോഗിക്കുന്നവരിൽ നിന്ന് നബി-ﷺ- ബൈഅത്ത് (പ്രതിജ്ഞ) സ്വീകരിച്ചിരുന്നില്ല. ഒരിക്കൽ പത്തുപേരടങ്ങുന്ന ഒരു സംഘം നബി-ﷺ-യുടെ അടുക്കൽ വന്നു, അവരിൽ ഒമ്പത് പേരോട് നബി -ﷺ- ബൈഅത്ത് ചെയ്യുകയും ഒരാളെ ഒഴിവാക്കുകയും ചെയ്തു. അവർ ചോദിച്ചു : "നബിയേ , നിങ്ങൾ ഒൻപത് പേരോട് ബൈഅത്ത് ചെയ്യുകയും ഇദ്ദേഹത്തെ ഒഴിവാക്കുകയും ചെയ്തു, എന്ത് കൊണ്ടാണ് അത്?" അപ്പോൾ നബി -ﷺ- പറഞ്ഞു : "അവൻ ഏലസ്സ് ധരിച്ചിട്ടുണ്ട്". അങ്ങനെ അയാളിൽ നിന്ന് ആ ഏലസ്സ് നീക്കിയ ശേഷം അവിടുന്ന് -ﷺ- പറഞ്ഞു : "ഏലസ്സ് ധരിക്കുന്നവൻ അല്ലാഹുവിൽ പങ്കു ചേർത്തിരിക്കുന്നു". (അഹ്മദ്)

പ്രയാസങ്ങളും സങ്കടങ്ങളും ജീവിതത്തിൽ കടന്നു വരുമ്പോൾ നീതിയോടെ അടിമകൾക്കിടയിൽ വിധിതീർപ്പാക്കുന്ന അല്ലാഹുവിലേക്ക് മടങ്ങുക. അടിമകളുടെ ആവശ്യങ്ങൾക്ക് ഉത്തരം നൽകുന്ന അവനത്രെ ഏറ്റവും മഹത്വമുള്ളവൻ. അല്ലാഹുവോട് ബന്ധം നിലനിർത്തുകയും തന്റെ ആവശ്യങ്ങൾ അവന്റെ മുന്നിൽ സമർപ്പിക്കുകയും പ്രായസങ്ങളിൽ അവനിലേക്ക് തിരിയുകയും ചെയ്യുന്നവന് അല്ലാഹു മതിയായവനാകുന്നു. അവന്റെ പ്രയാസങ്ങൾക്ക് അല്ലാഹു അറുതി നൽകുകയും ചെയ്യുന്നതാണ്.

എന്നാൽ, അല്ലാഹു അല്ലാത്തവരിൽ അവലംബിക്കുകയോ അല്ലെങ്കിൽ തന്റെ അറിവിലോ, ബുദ്ധിയിലോ, താൻ കെട്ടിയ ഏലസിലോ ആശ്രയിക്കുകയോ ചെയ്യുന്നവനെ അവന്റെ കാര്യങ്ങൾ അവരിലേക് തന്നെ വിടുകയും അല്ലാഹു അവരെ ഉപേക്ഷിക്കുകയും ചെയ്യും. തയ്സീറുൽ അസീസ് അൽ ഹമീദ് എന്ന കിതാബിൽ വന്നതായി കാണാം: "ഈ കാര്യം ഖുർആനും സുന്നത്തും മുൻമാതൃകകൾ കൊണ്ടും അറിയപ്പെട്ട കാര്യമാകുന്നു".

മതത്തെ തകർക്കുന്ന മാർഗങ്ങളിൽ പെട്ടതാണ് :

മാരണക്കാരെയും ദുർമന്ത്രവാദികളെയും സമീപിക്കുകയും അവരോട് സഹായം ചോദിക്കുകയും ചെയ്യുക എന്നത്. അല്ലാഹു പറഞ്ഞു :

﴿وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّىٰ يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ﴾

"എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോളും, 'ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) (അല്ലാഹുവിനെ) നിഷേധിക്കുന്നതിൽ ഏർപെടരുത്' എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല". (അൽ ബഖറ: 102)

ഹദീസിൽ വന്നതായി കാണാം : "ജ്യോത്സ്യന്റേയോ ഭാവി പ്രവചിക്കുന്നവന്റെയോ അടുത്ത് ചെന്ന് അവർ പറയുന്നത് വിശ്വസിക്കുന്നവൻ മുഹമ്മദിന് അവതരിച്ചതിൽ അവിശ്വസിച്ചിരിക്കുന്നു". (അഹ്മദ്)

മറ്റുള്ളവരെ പ്രായസപ്പെടുത്താൻ മാരണക്കാരോട് ആവശ്യപ്പെടുന്നവർ ; അവരുടെ ദുരുദ്ദേശം അവരിലേക്ക് തന്നെ മടങ്ങി ചെല്ലുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَلَا يَحِيقُ الْمَكْرُ السَّيِّئُ إِلَّا بِأَهْلِهِ﴾

"ദുഷിച്ച തന്ത്രം (അതിൻറെ ഫലം) അത് പ്രയോഗിച്ചവരിൽ തന്നെയാണ് വന്നുഭവിക്കുക". (ഫാതിർ:43)

തിന്മയെ തിന്മ കൊണ്ടല്ല ; മറിച്ച് ഖുർആൻ ഉപയോഗിച്ചാണ് അതിനെ പ്രതിരോധിക്കേണ്ടത്. സിഹ്റിന്റെ ശക്തി എത്ര തന്നെയാണെങ്കിലും പരിശുദ്ധ ഖുർആനിന്റെ മുന്നിൽ അത് ചിന്നഭിന്നമായിത്തീരുന്നതാണ്.

﴿وَنُنَزِّلُ مِنَ الْقُرْآنِ مَا هُوَ شِفَاءٌ وَرَحْمَةٌ لِّلْمُؤْمِنِينَ﴾

"സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു". (അൽ

ഇസ്രാഅ്: 82)

മുസ്ലീമേ, നിന്റെ വിശ്വാസം നീ കാത്തുസൂക്ഷിക്കുക. അത് നിങ്ങളുടെ കൈവശമുള്ള ഏറ്റവും വിലപ്പെട്ട വസ്തുവാണ്. നിങ്ങൾ സ്വരുക്കൂട്ടി വെക്കുന്നതിൽ ഏറ്റവും മൂല്യമുള്ള നിധിയാണത്. എന്നാൽ ശിർക്ക് നമ്മുടെ അടിത്തറ പിഴുതെറിയുകയും നമ്മുടെ പ്രകാശം കെടുത്തിക്കളയുകയും ചെയ്യുന്നു. അത് ദുരിതത്തിനും ശത്രുക്കളുടെ ആധിപത്യത്തിനും കാരണമാകുന്നു.

**അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം(1)**

﴿فَٱسْتَمْسِكْ بِٱلَّذِىٓ أُوحِىَ إِلَيْكَ ۖ إِنَّكَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ۞ وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ﴾

"ആകയാൽ നിനക്ക് ബോധനം നൽകപ്പെട്ടത് നീ മുറുകെപിടിക്കുക. തീർച്ചയായും നീ നേരായ പാതയിലാകുന്നു". (സുഖ്റുഫ്: 43-44)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ.

---

(1) ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ഞാൻ അഭയം തേടുന്നു എന്നർത്ഥം.

# രണ്ടാം ഖുത്വുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ്:

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

ഇസ്ലാമിന്റെ ഒന്നാമത്തെ സ്തംഭമായ കലിമത്തു ശഹാദയുടെ രണ്ട് വചനങ്ങൾക്ക് ശേഷം നിസ്കാരമാകുന്നു അടുത്ത അടിസ്ഥാന സ്തംഭം. പരലോകത്ത് ഒരു വ്യക്തിയുടെ പ്രവർത്തനങ്ങളിൽ ആദ്യമായി ചോദ്യം ചെയ്യപ്പെടുന്ന കർമ്മവും അതാകുന്നു. അതിനാൽ മുസ്ലിംകളുടെ കൂടെ ജമാഅത്തായി (സംഘടിതമായി) അത് നിർവ്വഹിക്കുന്നതിൽ നീ അലംഭാവം കാണിക്കരുത്.

മടി കാരണത്താൽ ആരാധനകളിൽ നിന്ന് വിട്ടു നിൽകുന്ന അവസ്ഥ നിനക്ക് വരാതിരിക്കാൻ നീ ശ്രദ്ധിക്കണം. നിസ്കാരം മുറപ്രകാരം കാത്തുസൂക്ഷിക്കുന്നവർക്ക് അവൻ ഒരുക്കി വെച്ചിട്ടുള്ള നിരവധി പ്രതിഫലങ്ങളോട് നീ വിരക്തി കാണിക്കരുത്. ഒരു വ്യക്തി അവന്റെ റബ്ബുമായി എത്രത്തോളം ബന്ധം പുലർത്തുന്നുവോ അതിനനുസരിച്ച് നന്മയുടെ കവാടങ്ങൾ അവന് മുന്നിൽ തുറക്കപ്പെടുന്നതാണ്. തെറ്റുകളും പാപങ്ങളും നീ പാടെ വർജ്ജിക്കുക;

കാരണം, അവ സൽകർമ്മങ്ങൾ ചെയ്യാൻ നിന്നിൽ പ്രായാസമുണ്ടാക്കും.

അല്ലാഹുവിലേക്ക് ആളുകളെ പ്രബോധനം ചെയ്യുക എന്നത് അവന്റെ ദീനിനെ ശക്തിപ്പെടുത്തുന്നതും പ്രാചകന്മാരുടെ മാർഗം പിന്തുടരലുമാകുന്നു. സംസാരങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠവും വിശിഷ്ടവുമായത് അവനിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന് വേണ്ടിയുള്ള സംസാരമാണ്. നിന്റെ പ്രബോധിതരുടെ അവസ്ഥയും അവരുടെ ആവശ്യങ്ങളെ കുറിച്ചും നിനക്ക് നല്ല ബോധം ഉണ്ടാകണം, രോഗത്തിന്റെ മർമ്മം തിരിച്ചറിഞ്ഞ് അതിനനുസൃതമായ ചികിത്സ നീ നൽകുക. ജനങ്ങളിൽ നിന്നുണ്ടാകുന്ന പ്രയാസങ്ങളിൽ നീ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുക. നിന്റെ പ്രയാസങ്ങൾ ഒരിക്കലും അവരിൽ അടിച്ചേൽപ്പിക്കരുത്.

പശ്ചാത്താപവും പാപ മോചനവും നീ വർധിപ്പിച്ച് കൊള്ളുക. ജീവിതത്തിന്റെ തുടക്ക കാലത്തെ പോരായ്മകളിലല്ല അവസാന കാലത്തെ പൂർണ്ണതയിലാണ് കാര്യം. നന്മകൾക്ക് പുറകെ തുടർച്ചയായി നന്മകൾ ചെയ്യുക എന്നത് അത് സ്വീകരിച്ചതിന്റെ അടയാളമാണ്.

ഇമാം ഖതാദ: - رحمه الله - പറഞ്ഞു : "നിശ്ചയം വിശുദ്ധ ഖുർആനിൽ നിങ്ങളുടെ രോഗവും അതിനുള്ള ശമനവുമുണ്ട്. നിങ്ങളുടെ പാപങ്ങൾ രോഗവും പശ്ചാത്താപം അതിന്റെ മരുന്നുമാകുന്നു".

പാപമോചനം സ്വർഗ പ്രവേശനത്തിനും നമ്മുടെ ശക്തി വർധിക്കുവാനും നല്ല വിഭവങ്ങൾ ലഭിക്കുവാനും പരീക്ഷണങ്ങൾ തടുക്കുവാനുമുള്ള കാരണമാകുന്നു. അബുൽ മിൻഹാൽ - رحمه الله - പറഞ്ഞു : "ഒരടിമക്ക് ഖബറിൽ ഏറ്റവുമധികം സന്തോഷവാർത്ത നൽകുന്ന അയൽവാസി അവന്റെ പാപമോചനങ്ങൾ ആയിരിക്കും".

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കുവാനും അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# തൗഹീദ് മുറുകെപിടിക്കുക[1]

സർവ സ്തുതികളും എന്നെന്നും ജീവിച്ചിരിക്കുന്നവനും പരിപൂർണനും മഹത്വമുള്ളവനും പ്രതാപിയുമായ അല്ലാഹുവിനാകുന്നു , അവന് സമന്മാരോ തുല്യരോ ആയി ആരുമില്ല, അവൻ ഏറ്റവും നല്ല വിശേഷണങ്ങളുള്ളവനാകുന്നു. അവൻ നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നാം അവനെ സ്തുതിക്കുകയും ചെയ്യുന്നു.

എല്ലാ രഹസ്യങ്ങളും അറിയുന്നവനായ അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്നും വ്യക്തവും ശ്രേഷ്ഠവുമായ നിയമാവലികൾ കൊണ്ട് നിയോഗിക്കപ്പെട്ട നമ്മുടെ പ്രവാചകൻ മുഹമ്മദ് -ﷺ- അവന്റെ അടിമയും ദൂതനുമാണ് എന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സച്ചരിതരായ സ്വഹാബത്തിനും അല്ലാഹു എന്നും സലാത്തും സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ് :

അല്ലാഹുവിന്റെ അടിമകളേ — അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. രഹസ്യങ്ങളൊക്കെ വെളിവാകുന്ന, ഹൃദയങ്ങളിലും മനസ്സുകളിലും മറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുന്ന ഒരു ദിവസത്തിനായി നിങ്ങൾ ഒരുങ്ങുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

പരിശുദ്ധ ദീനുൽ ഇസ്ലാമിന്റെ അടിത്തറയിൽ നില കൊണ്ട്, വ്യക്തമായ മാർഗനിർദേശവും സന്മാർഗവും അനുസരിച്ച്, സത്യത്തിൽ അടിയുറച്ച് നിന്ന്, പരസ്പര ഭിന്നതിയില്ലാതെ ജീവിതം നയിക്കുന്നവരായിരുന്നു മുൻ കാലഘട്ടങ്ങളിലെ ജനങ്ങൾ. കാലങ്ങൾ പിന്നിട്ടപ്പോൾ ഇസ്ലാമിന്റെ സവിശേഷതകൾ അവരിൽ നിന്ന് മാഞ്ഞു

(1) 24/11/1419 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

തുടങ്ങുകയും വിശ്വാസത്തെ മലിനമാക്കുകയും അതിന്റെ വിശുദ്ധിയെയും അന്തസത്തയെയും തകർക്കുകയും ചെയ്യുന്ന മാലിന്യങ്ങൾ അവർക്കിടയിൽ പ്രചരിക്കാൻ തുടങ്ങി. അങ്ങനെ അവർ അല്ലാഹു അല്ലാത്തവർക്ക് ആരാധനകൾ സമർപ്പിക്കുകയും ബഹുദൈവാരാധനയിൽ അകപ്പെടുകയും ചെയ്തു.

അതോടെ അവർക്കിടയിൽ നിലനിന്നിരുന്ന ഐക്യം തകർന്നു, അവരുടെ നിലപാടുകൾ വ്യത്യസ്തമായി. തനിക്ക് മുന്നിൽ പിന്നീട് ഒരു ന്യായവും പറയാതിരിക്കാനായി, അവർക്കിടയിലേക്ക് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതന്മാരെ പറഞ്ഞയച്ചു.

അത്തരത്തിൽ അജ്ഞതയിലും അന്ധമായ വഴികേടിലും ജീവിക്കുന്ന ഒരു ജനതയിലേക്കാണ് അല്ലാഹു നമ്മുടെ നബി മുഹമ്മദ് -ﷺ- യെയും നിയോഗിച്ചത്. ബഹുദൈവാരാധനയായിരുന്നു അവരുടെ മതത്തിന്റെ അടിസ്ഥാനം, വിഗ്രഹങ്ങളാണ് അവരുടെ യജമാനന്മാരും നേതാക്കന്മാരും. അവിടുന്ന് -ﷺ-അവരെ വ്യക്തമായ തെളിവുകളോടെ സത്യമതത്തിലേക്ക് ക്ഷണിച്ചു.

തങ്ങളുടെ അഖീദ നന്നായി മനസ്സിലാക്കാനാണ് പരിശുദ്ധ ഇസ്ലാം മുസ്ലിമീങ്ങളോട് കൽപ്പിച്ചിട്ടുള്ളത്. അല്ലാഹു പറഞ്ഞു :

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ ءَامِنُواْ بِٱللَّهِ وَرَسُولِهِۦ وَٱلۡكِتَٰبِ ٱلَّذِي نَزَّلَ عَلَىٰ رَسُولِهِۦ
وَٱلۡكِتَٰبِ ٱلَّذِيٓ أَنزَلَ مِن قَبۡلُۚ﴾

"സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥങ്ങളിലും നിങ്ങൾ വിശ്വസിക്കുവിൻ". (അന്നിസാഅ് : 136)

അതിലൂടെ അവരുടെ ഈമാൻ വർധിക്കുകയും, അവർ ഉൾകൊള്ളുന്ന ഈ ആശയത്തിന്റെ സത്യസന്ധത അവർക്ക് കൂടുതൽ ബോധ്യപ്പെടുകയും, ഈ മാർഗത്തിൽ പോരായ്മയോ കുറവുകളോ

വരുന്നതിനെ സൂക്ഷിക്കാൻ അവർക്ക് സാധിക്കുകയും ചെയ്യുന്നു. മാത്രമല്ല , ഈ പ്രകാശത്തിന്റെ വാഹകരായി അല്ലാഹു നിയോഗിച്ച പ്രവാചകന്മാർ ഒരിക്കലും ശിർക്കിനോട് സന്ധിയാകാത്തവരായിരുന്നിട്ടും അവരോട് പോലും ശിർക്കിനോടും അതിന്റെ വക്താക്കളോടും ബന്ധവിച്ഛേദനം നടത്താൻ അല്ലാഹു കൽപ്പിച്ചു. അല്ലാഹു പറഞ്ഞു:

﴿وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ﴾

“ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ.) യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർത്ഥിക്കുന്നവർക്ക് വേണ്ടിയും എൻറെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു.”) (അൽ ഹജ്ജ് : 26)

നബി-ﷺ-യോട് അല്ലാഹു പറഞ്ഞു :

﴿وَٱدْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ﴾

“നിൻറെ രക്ഷിതാവിങ്കലേക്ക് നീ ക്ഷണിക്കുക. നീ ബഹുദൈവവിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്”. (അൽ ഖസസ് : 87)

മറ്റൊരിടത്ത് അല്ലാഹു നബി-ﷺ-യോട് പറഞ്ഞു:

﴿فَلَا تَدْعُ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ فَتَكُونَ مِنَ ٱلْمُعَذَّبِينَ﴾

“ആകയാൽ അല്ലാഹുവോടൊപ്പം മറ്റൊരു ആരാധ്യനെയും നീ വിളിച്ചു പ്രാർത്ഥിക്കരുത്. എങ്കിൽ നീ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും”. (അശ്ശുഅറാഅ് : 213)

ശരിയായ മാർഗത്തിൽ നിന്ന് പിഴച്ച് തിന്മയുടെയും വഴികേടിന്റെയും മാർഗം സ്വീകരിച്ചവരോട് അഖീദ മനസ്സിലാക്കി സന്മാർഗത്തിലേക്ക് കടന്നുവരാൻ അല്ലാഹു ഖുർആനിലൂടെ നിർദേശിച്ചു.

﴿قُلْ يَٰٓأَهْلَ ٱلْكِتَٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ﴾

"(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക്നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക". (ആലു ഇംറാൻ : 64)

വിശ്വാസികളെ , അതിൽ അൽഭുതപ്പെടാനില്ല. കാരണം - അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നത് ഇസ്ലാമിന്റെ അടിത്തറയാണ്. അതിന്മേലാണ് മതവും മതചിന്നങ്ങളും നിലനിൽകുന്നത്. പരിശുദ്ധ ഖുർആനിലെ ആദ്യ കൽപന തൗഹീദും (അല്ലാഹുവെ മാത്രം ആരാധിക്കണം) ആദ്യ വിലക്ക് ശിർക്കുമാണ് (ആരാധനകൾ അല്ലാഹുവിന് പുറമെ ആർക്കും സമർപ്പിക്കരുത്).

﴿يَٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا۟ رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ۞ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ ۖ فَلَا تَجْعَلُوا۟ لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ﴾

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടിയത്രെ അത്.നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്". (അൽ ബഖറ : 21-22)

അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുന്നതിലൂടെയല്ലാതെ ഒരു വ്യക്തി മുസ്ലിമാവുകയില്ല. ഒരു മുസ്ലിം തന്റെ ഇഹലോക ജീവിതത്തിലെ അവസാന വാക്കും അത് ആയിരിക്കാൻ ശ്രമിക്കണം .നബി–ﷺ– പറഞ്ഞു : "മരണം ആസന്നമായവർക്ക് നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറഞ്ഞു കൊടുക്കുക". (മുസ്ലിം)

അതിന് വിപരീതമായ ശിർക്ക് ചെയ്യുക എന്നത് സ്വന്തം മക്കളെ കൊന്നുകളയുന്നതിനെക്കാൾ ഗൗരവമുള്ളതാണ്. ഇബ്നു മസ്ഊദ് -رضي الله عنه- പറയുന്നു : ഞാൻ നബി–ﷺ–യോട് ചോദിച്ചു : "അല്ലാഹുവിനരികിൽ ഏറ്റവും ഗുരുതരമായ പാപം ഏതാണ്?" അവിടുന്ന് പറഞ്ഞു : "നിന്നെ സൃഷ്ടിച്ച അല്ലാഹുവിനോടൊപ്പം മറ്റുള്ളവരെ നീ പങ്കുചേർക്കലാണ്". ഞാൻ ചോദിച്ചു : "പിന്നെ ഏതാണ്?" അവിടുന്ന് പറഞ്ഞു : "ദാരിദ്ര്യം ഭയന്ന് നിന്റെ കുട്ടിയെ നീ കൊന്നു കളയലാണ്". (ബുഖാരി , മുസ്ലിം)

അത് കൊണ്ട് തന്നെ തൗഹീദ് മുറുകെ പിടിക്കാനും , ശിർക്കിനെ സൂക്ഷിക്കാനും പല ഉദാഹരണങ്ങൾ നൽകിയും മറ്റും ഖുർആൻ ആവർത്തിച്ച് കൽപിച്ചതായി കാണാം.

ആരാധന അല്ലാഹുവിന് മാത്രമായി സമർപ്പിക്കുക എന്നതായിരുന്നു പ്രവാചകന്മാരുടെ ആദ്യ പ്രബോധനം. മഹാനായ ഇബ്രാഹീം ഖലീൽ -عليه السلام- തന്റെ പിതാവിനെ ആദ്യം ക്ഷണിച്ചത്

അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന ആദർശത്തിലേക്കാണ്.

﴿يَٰٓأَبَتِ لِمَ تَعۡبُدُ مَا لَا يَسۡمَعُ وَلَا يُبۡصِرُ وَلَا يُغۡنِي عَنكَ شَيۡـٔٗا﴾

"എന്റെ പിതാവേ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു?"(സൂറ മർയം: 42)

മറ്റു ആരാധനാ കർമ്മങ്ങൾ ഈ സമുദായത്തിന് നിർബന്ധമാക്കപ്പെടുന്നതിന് മുന്നെ പത്ത് വർഷത്തോളം തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുക മാത്രമാണ് നബി-ﷺ- ചെയ്തത്.

ഇസ്ലാമിക മത പ്രബോധനത്തിനായി അവിടുന്ന് -ﷺ- നിയോഗിക്കുന്നവരോട് ജനങ്ങളെ ആദ്യം ക്ഷണിക്കേണ്ടത് തൗഹീദിലേക്ക് ആയിരിക്കണം എന്ന് ആഹ്വാനം ചെയ്തിരുന്നു. മുആദ് -رضي الله عنه- നെ യമനിലേക്ക് പ്രബോധനാവശ്യാർത്ഥം നിയോഗിച്ചപ്പോൾ അവിടുന്ന് -ﷺ- പറഞ്ഞു :

"താങ്കൾ കടന്ന് ചെല്ലുന്നത് വേദക്കാരുടെ അടുക്കലേക്കാണ് , അവരെ ആദ്യമായി ക്ഷണിക്കേണ്ടത് അല്ലാഹുവെ മാത്രമേ ആരാധിക്കാവൂ എന്നും ഞാൻ അല്ലാഹുവിന്റെ പ്രവാചകൻ ആകുന്നു എന്ന ആദർശത്തിലേക്കും ആയിരിക്കണം". (ബുഖാരി , ,മുസ്ലിം)

തൗഹീദുള്ളവരുടെ നേതാവായ ഇബ്രാഹീം -عليه السلام- അല്ലാഹുവോട് പ്രാർത്ഥിച്ചു.

﴿وَٱجۡنُبۡنِي وَبَنِيَّ أَن نَّعۡبُدَ ٱلۡأَصۡنَامَ﴾

"എന്നെയും എന്റെ മക്കളെയും വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തേണമേ". (സൂറ ഇബ്റാഹീം : 35)

ഇബ്രാഹീം അതെയ്മി -رحمه الله- പറഞ്ഞു : "ഇബ്രാഹീം -عليه السلام- ശേഷം ആരാണ് ആ വിപത്തിൽ നിന്ന് നിർഭയരായിട്ടുള്ളത് ?"

മരണം വരെ സത്യമതത്തിലും ശുദ്ധമായ വിശ്വാസത്തിലും ഉറച്ചുനിൽക്കാൻ പ്രവാചകന്മാർ അവരുടെ മക്കളോട് വസിയ്യത്ത് ചെയ്യുമായിരുന്നു.

﴿وَوَصَّىٰ بِهَآ إِبْرَٰهِـۧمُ بَنِيهِ وَيَعْقُوبُ يَـٰبَنِىَّ إِنَّ ٱللَّهَ ٱصْطَفَىٰ لَكُمُ ٱلدِّينَ فَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ﴾

"ഇബ്രാഹീമും യഅ്ഖൂബും അവരുടെ സന്തതികളോട് ഇത് തന്നെ (കീഴ്വണക്കം) ഉപദേശിച്ചിരുന്നു."എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്പെടുന്നവരായി (മുസ്ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്".(ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്) (അൽ ബഖറ : 132)

പ്രവാചകൻമാർ മരണക്കിടക്കയിൽ കിടന്ന് അവരുടെ സന്തതികളോട് ചോദിച്ചത് അവരുടെ ദീനിനെ കുറിച്ചായിരുന്നു.

﴿أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى ۖ قَالُوا۟ نَعْبُدُ إِلَـٰهَكَ وَإِلَـٰهَ ءَابَآئِكَ إِبْرَٰهِـۧمَ وَإِسْمَـٰعِيلَ وَإِسْحَـٰقَ إِلَـٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ﴾

"എനിക്ക് ശേഷം എന്തിനെയാണ് നിങ്ങൾ ആരാധിക്കുക?' എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: "താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും". (അൽ ബഖറ : 133)

**അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)**

**സന്മാർഗം ലഭിക്കുക എന്നത് ഏറ്റവും വലിയ സൗഭാഗ്യമാണ്. സത്യസന്ധമായ വിശ്വാസമാണ് ഒരു വിശ്വാസിക്ക് പ്രതികൂല സാഹചര്യങ്ങളിലും സുരക്ഷിതമായ അഭയസ്ഥാനം.**

﴿ٱلَّذِينَ ءَامَنُواْ وَلَمْ يَلْبِسُوٓاْ إِيمَٰنَهُم بِظُلْمٍ أُوْلَٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ﴾

**"വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ". (അൽ ആൻആം : 82 )**

**പ്രയാസങ്ങളുടെയും കഷ്ടപ്പാടുകളുടെയും വ്യസനങ്ങളുടെയും കൂമ്പാരം നമ്മുടെ മേൽ വരുമ്പോൾ അല്ലാഹുവെ മാത്രം ആശ്രയിക്കുക എന്നതാണ് ഏക പോംവഴി.**

﴿وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ
أَن لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ ۞
فَٱسْتَجَبْنَا لَهُۥ وَنَجَّيْنَٰهُ مِنَ ٱلْغَمِّ ۚ وَكَذَٰلِكَ نُۨجِى ٱلْمُؤْمِنِينَ﴾

**"ദുന്നൂനിനെയും(ഓർക്കുക.) അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു : നീയല്ലാതെ യാതൊരു ആരാധനക്കർഹനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.**

**അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു". (അൽ അമ്പിയാഅ് : 87 , 88 )**

വിശ്വാസത്തിന്റെ വിശുദ്ധി ഹൃദയങ്ങളുടെ ഉദ്ദേശങ്ങളെ നന്നാക്കുകയും ദേഹേച്ഛയെ കടിഞ്ഞാണിടുകയും ചെയ്യുന്നു. അതിലൂടെ കർമങ്ങളിൽ അനുഗ്രഹം ലഭിക്കാൻ കാരണമാവുകയും, നമ്മെ കുറിച്ച് നല്ലവർ എന്ന സ്മരണ നിലനിർത്തപ്പെടുകയും ചെയ്യുന്നു.

-അബൂബകറിന്റെ ചരിത്രം പ്രസിദ്ധമാണ് എന്നാൽ അബൂജഹലിന്റെ ജീവചരിത്രം എവിടെ?

-സാധാരണക്കാരനായ ബിലാലിന്റെ ചരിത്രം നമുക്കറിയാം എന്നാൽ അന്ന് വലിയ കുടുംബ മഹിമ വാദിച്ചിരുന്ന അബൂ ലഹബിന്റെ ചരിതം എവിടെ ?

അതെ ! ദീനിൽ സംഭവിക്കുന്ന നഷ്ടങ്ങൾ അതിന് പകരം വെക്കാൻ മറ്റൊന്നുമില്ല. അത് തീരാ നഷ്ടമാണ്.

﴿إِنَّ ٱلَّذِينَ كَفَرُواْ وَمَاتُواْ وَهُمۡ كُفَّارٌ

فَلَن يُقۡبَلَ مِنۡ أَحَدِهِم مِّلۡءُ ٱلۡأَرۡضِ ذَهَبًا وَلَوِ ٱفۡتَدَىٰ بِهِۦٓۗ﴾

“അവിശ്വസിക്കുകയും അവിശ്വാസികളായിക്കൊണ്ട് മരിക്കുകയും ചെയ്തവരിൽപെട്ട ഒരാൾ ഭൂമി നിറയെ സ്വർണം പ്രായശ്ചിത്തമായി നൽകിയാൽ പോലും അത് സ്വീകരിക്കപ്പെടുകയില്ല”. (ആലു ഇംറാൻ : 91)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹുവിനെ മാത്രം ആരാധിക്കാൻ വേണ്ടി പുരാതനഭവനമായ കഅ്ബാലയം നിർമ്മിക്കപ്പെട്ടു. തലമുറകളായി അവ ലക്ഷ്യമാക്കികൊണ്ട് ആളുകൾ കടന്നുവരികയും ആ പുണ്യഗേഹത്തിലെത്താൻ വിശ്വാസികൾ മൽസരിക്കുകയും ചെയ്യുന്നു. അതിന്റെ ചാരത്ത് വിശ്വാസമുണ്ട് , അവിടെ സമാധാനവും നിർഭയത്വവും ഉണ്ട്.

﴿وَإِذْ بَوَّأْنَا لِإِبْرَٰهِيمَ مَكَانَ ٱلْبَيْتِ أَن لَّا تُشْرِكْ بِى شَيْـًٔا﴾

"ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം(ശ്രദ്ധേയമത്രെ.) യാതൊരു വസ്തുവിനേയും എന്നിലേക്ക് നീ പങ്കുചേർക്കരുത് എന്ന് നിർദേശിക്കുകയും ചെയ്തു". (അൽ ഹജ്ജ്: 26)

ഹജ്ജിന്റെ തൽബിയത്തിൽ തന്നെ അല്ലാഹുവിന് പങ്കുകാരില്ല എന്ന

"لبيك لا شريك لك" (നിന്റെ വിളിക്കിതാ ഉത്തരം നൽകിയിരിക്കുന്നു , നിനക്ക് പങ്കു കാരായി ആരുമില്ല) എന്ന പ്രഖ്യാപനമാണ് ഓരോ വിശ്വാസിയും ഉയർത്തുന്നത്. അറഫാ ദിനം ഏറ്റവും മഹത്വമുള്ള പ്രാർഥന അത് തന്നെ തൗഹീദാണ്. നബി -ﷺ- പറഞ്ഞു: "ഏറ്റവും നല്ല പ്രാർത്ഥന അറഫാ ദിനത്തിലെ പ്രാർത്ഥനയാണ്, ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും മികച്ചത്

لا إلَهَ إلَّا اللَّهُ وحدَهُ لا شريكَ لَهُ، له الملكُ ولَهُ الحمدُ،
بيدِهِ الخيرُ وَهوَ علَى كلِّ شيءٍ قديرٌ

(അല്ലാഹുവിന് പുറമെ ആരാധനക്കർഹൻ ആരുമില്ല , അവൻ ഏകനാണ് , അവന് പങ്കുകാരില്ല , സകല ആധിപത്യവും അവനാകുന്നു , എല്ലാ സ്തുതിയും അവനർഹതപ്പെട്ടതാകുന്നു , എല്ലാ നന്മകളും അവങ്കലാകുന്നു , അവൻ എല്ലാത്തിനും കഴിവുള്ളവനുമാകുന്നു) എന്ന പ്രാർഥന ആകുന്നു". (തിർമിദി)

ശുദ്ധമായ ഏകദൈവ വിശ്വാസമാണ് അല്ലാഹു അവതരിപ്പിച്ച എല്ലാ സന്ദേശങ്ങളുടെ കാതലും അടിത്തറയും. അതിനെ മലിനമാക്കുന്ന എല്ലാ കാര്യങ്ങളിൽ നിന്നും നാം അതിനെ സംരക്ഷിക്കുകയും അതിന് വേണ്ടി നിലകൊള്ളുകയും ചെയ്യണം.അല്ലാഹു പറഞ്ഞു :

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന്” (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) (അന്നഹ്ൽ: 36)

ഇബാദല്ലാഹ് (അല്ലാഹുവിന്റെ അടിമകളെ...)

ഏകദൈവ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവാചകൻ -ﷺ- തന്റെ പ്രബോധനം സ്ഥാപിച്ചത്. ഇബ്രാഹീം നബി-عليه السلام- തന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (തൗഹീദീ പ്രഖ്യാപനത്തെ) അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു. അതെ ! ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിനെക്കാൾ നല്ലൊരു വാക്കില്ല, അതിന്റെ പ്രതിഫലം സ്വർഗമാണ്. തുലാസിന്റെ ഒരു വശത്ത് ആകാശഭൂമികളും മറു വശത്ത് ലാ ഇലാഹ ഇല്ലല്ലാഹ് യും വെച്ചാൽ ലാ ഇലാഹ ഇല്ലല്ലാഹ് യുടെ തട്ട് ആയിരിക്കും മികച്ച് നിൽകുക.

ഇബ്നു ഉയൈന-رحمه الله- പറഞ്ഞു : “അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്ന് അറിയുന്നതിനേക്കാൾ മഹത്തായ ഒരു അനുഗ്രഹവും ഒരടിമക്കും ലഭിക്കാനില്ല”.

ആ വാക്കിന്റെ അർഥം നാം അറിയണം , കേവലം അത് ഉച്ചരിക്കുന്നതിൽ അല്ല , മറിച്ച് അതിന്റെ തേട്ടങ്ങളും നിബന്ധനകളും അറിഞ്ഞ് അതനുസരിച്ച് പ്രവർത്തിച്ച് അതിന് വിരുദ്ധമായ സകല കാര്യങ്ങളിൽ നിന്നും വിട്ടു നിൽകുന്നതിൽ ആണ് കാര്യം.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

തൗഹീദും ശിർക്കും രാവും പകലും പോലെ ഒരു രീതിയിലും ചേർന്ന് പോവാത്ത വിപരീതങ്ങളാണ്. ശിർക്കിൽ അകപ്പെടുന്നതോടെ ഒരു വ്യക്തിയുടെ ഈമാൻ നഷ്ടമാകുന്നു. നിങ്ങളുടെ റബ്ബ് നിങ്ങളെ ആദരിക്കുകയും നിങ്ങളുടെ ഹൃദയത്തെയും മുഖത്തെയും

മറ്റുള്ളവർക്ക് മുന്നിൽ കീഴ്പ്പെട്ട് അപമാനിക്കുന്നതിൽ നിന്ന് നിങ്ങളെ സംരക്ഷിക്കുകയും അവനിലേക്ക് മുന്നിട്ട് വരാൻ ക്ഷണിക്കുകയും ചെയ്യുന്നു.

അത് കൊണ്ട് നീ അവനിലേക്ക് മാത്രം തിരിയുക, അവനോടല്ലാതെ നിന്റെ ആവശ്യങ്ങൾ നീ തേടാതിരിക്കുക. മറ്റുള്ളവരിൽ അവലംബമർപ്പിച്ച് നീ നിന്നെ ഇകഴ്ത്താതിരിക്കുക. എന്നെന്നും ജീവിക്കുന്ന ഒരിക്കലും മരണമില്ലാത്ത അല്ലാഹുവിനോട് ദുആ ചെയ്യുന്നവനും മരണപ്പെട്ട് അവരുടെ കുഴിമാടങ്ങളിൽ എല്ലുകൾ ദ്രവിച്ച് പോയവരോട് ദുആ ചെയ്യുന്നവരും ഒരു പോലെയാണോ?

അയ്യുഹൽ മുസ്ലിം (മുസ്ലിം സഹോദരാ..)

അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലിയറുപ്പിക്കുന്നതിനെ നീ സൂക്ഷിക്കുക , ബലിയർപ്പണം എന്നത് അല്ലാഹുവിന് വേണ്ടി മാത്രം സമർപ്പിക്കേണ്ട ആരാധനയാണ്. അവനല്ലാത്തവരുടെ പേരിൽ ബലിയറുക്കൽ ഇസ്ലാമിൽ നിന്ന് പുറത്ത് പോകുന്ന വൻപാപമായ ശിർക്കാകുന്നു.

നിന്നെ സൃഷ്ടിക്കുകയും നിനക്ക് അറവിനുള്ള ബലിമൃഗത്തെ നൽകുകയും ചെയ്തവനാണ് നിന്റെ റബ്ബ്, ബലിയർപ്പിക്കുകയാണെങ്കിൽ നീ അവന് വേണ്ടി മാത്രം ബലിയർപ്പിക്കുക. നീ നിന്റെ രക്ഷിതാവിന് വേണ്ടി നിസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

﴿فَصَلِّ لِرَبِّكَ وَٱنۡحَرۡ﴾

“ആകയാൽ നീ നിൻറെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക”. (അൽ കൗഥർ :2)

അല്ലാഹുവിന്റെ പേരിൽ അല്ലാതെ നീ ശപഥം ചെയ്യരുത്. നിനക്ക് സംസാരശേഷി നല്കിയവൻ അവനാണ്, അവനോട് നീ നന്ദി കാണിക്കാൻ ബാധ്യസ്ഥനാണ്. ഒരു നബിയുടെയോ, വലിയ്യുടെയോ, ഏതെങ്കിലും അനുഗ്രഹത്തിന്റെ പേരിലോ തുടങ്ങി ഒരു സൃഷ്ടിയുടെ

പേരിലും നീ സത്യം ചെയ്യരുത്. മറിച്ച് അല്ലാഹുവിന്റെ പേരിൽ മാത്രമേ നീ സത്യം ചെയ്യാവൂ. നബി -ﷺ- പറഞ്ഞു : "അല്ലാഹു അല്ലാത്തവരിൽ സത്യം ചെയ്യുന്നവൻ അവിശ്വാസിയോ ബഹുദൈവരാധകനോ ആയിരിക്കുന്നു". (തിർമിദി)

ഏലസുകളും നൂലുകളും ചരടുകളും ജീവനില്ലാത്ത സൃഷ്ടികളാണ്. നീയാവട്ടെ ജീവനുള്ള മനുഷ്യനും , അതിനാൽ അല്ലാഹു നിന്നെ ബഹുമാനിക്കുകയും പ്രതാപമുള്ളവനും ആകിയതിന് ശേഷം നിന്റെ പദവി നീ തന്നെ താഴ്ത്തി കെട്ടുന്നതിനെ തൊട്ട് നീ സൂക്ഷിക്കുക. നിർജീവമായ ഈ വസ്തുക്കൾ നിങ്ങളുടെ കഴുത്തിലും കൈത്തണ്ടയിലും കെട്ടി അവ നിനക്ക് നന്മ നൽകും അല്ലെങ്കിൽ നിന്നെ തിന്മയെ തൊട്ട് തടയും, കണ്ണേറിനെ തടയും എന്നൊക്കെയുള്ള തെറ്റായ വിശ്വാസത്തിലേക്ക് നീ പോകരുത്. അല്ലാഹു പറയുന്നു :

﴿وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ ۖ وَإِن يُرِدْكَ بِخَيْرٍ فَلَا رَآدَّ لِفَضْلِهِۦ ۚ يُصِيبُ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦ ۚ وَهُوَ ٱلْغَفُورُ ٱلرَّحِيمُ﴾

"നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവൻറെ അനുഗ്രഹം തട്ടിമാറ്റാൻ ഒരാളുമില്ല. തൻറെ ദാസൻമാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണ ചൊരിയുന്നവനുമത്രെ". (ഹൂദ്: 107)

നബി -ﷺ- പറഞ്ഞു : "ഏലസ്സ് കെട്ടിയവൻ ശിർക്ക് ചെയ്തിരിക്കുന്നു" (അഹ്മദ്) അത് കൊണ്ട് നിന്റെ കാര്യങ്ങൾ അല്ലാഹുവിലേക്ക് മാത്രം സമർപ്പിക്കുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

ചില ആളുകൾ തങ്ങൾ സൃഷ്ടിക്കപ്പെട്ട ലക്ഷ്യത്തെ കുറിച്ച് പോലും അജ്ഞരാണ്, ദേഹേച്ചകളും മനസ്സിനെ മലിനമാക്കുന്ന രോഗങ്ങളും

അവരെ പിടികൂടിയിരിക്കുന്നു. മറ്റു ചിലരാകട്ടെ , അദൃശ കാര്യങ്ങൾ അറിയാം എന്ന് വാദിക്കുകയും ഭാവി പ്രവചിക്കുകയും ചെയ്യുന്ന മാരണക്കാരുടെയും ദുർമന്ത്രവാദികളുടെയും കെണിയിൽ അകപ്പെട്ടിരിക്കുന്നു, ഇവരുടെ സമ്പാദ്യവും മറ്റും തെറ്റായ മാർഗത്തിൽ ഈ പിഴച്ചവർ കൈകാലക്കുന്നു എന്നല്ലാതെ മറ്റൊരു ഫലവും അവർക്ക് ഇതിലൂടെ ലഭിക്കുന്നില്ല. പരിശുദ്ധ ഖുർആൻ വളരെ വ്യക്തമായി നമ്മോട് പറയുന്നു :

﴿قُل لَّا يَعۡلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ ٱلۡغَيۡبَ إِلَّا ٱللَّهُۚ وَمَا يَشۡعُرُونَ أَيَّانَ يُبۡعَثُونَ﴾

"നബിയേ, പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ." (അന്നംല്: 65)

നബി -ﷺ- പറഞ്ഞു : "ജ്യോത്സ്യനെയോ ഭാവി പ്രവചിക്കുന്നവനെയോ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്യുന്നവൻ മുഹമ്മദിന് അവതരിച്ചതിൽ അവിശ്വസിച്ചിരിക്കുന്നു". (അഹ്മദ്)

മറ്റു ചിലരാവട്ടെ അവരുടെ ജാതകത്തിലും രാശിയിലും ഭാഗ്യത്തിലും വിശ്വാസമർപ്പിക്കുക , കൈനോക്കുന്നവരെ സമീപിച്ച് തന്റെ ഭാവി അറിയാൻ ശ്രമിക്കുക , ആത്മാക്കളെ സന്നിഹിതരാക്കി അവരോട് ആവശ്യങ്ങൾ ചോദിക്കുക, തുടങ്ങിയ അനേകം അന്ധവിശ്വാസങ്ങളിൽ വിശ്വസിച്ച് തെറ്റായ മാർഗത്തിൽ അകപ്പെട്ടിരിക്കുകയാണ്. അല്ലാഹു ചോദിക്കുന്നു :

﴿أَمۡ عِندَهُمُ ٱلۡغَيۡبُ فَهُمۡ يَكۡتُبُونَ﴾

"അതല്ല, അവർക്ക് അദൃശ്യജ്ഞാനം കരഗതമാവുകയും, അത് അവർ രേഖപ്പെടുത്തിവെക്കുകയും ചെയ്യുന്നുണ്ടോ?" (അൽ ഖലം : 47)

ഇബാദല്ലാഹ് (അല്ലാഹുവിന്റെ അടിമകളെ..)

കർമങ്ങൾ നിർവഹിക്കുമ്പോൾ അല്ലാഹുവിന് വേണ്ടി മാത്രം

ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. അല്ലാഹുവിൽ പങ്ക് ചേർക്കുന്ന രീതിൽ ഒരു കർമം അവന് ആവശ്യമില്ല. അവനൊരിക്കലും അത് തൃപ്തിപ്പെടുകയുമില്ല. ആളുകളെ കാണിക്കാൻ കർമങ്ങൾ ചെയ്യുന്നവർക്ക് നാശം ‼. പരലോകത്തിന് വേണ്ടി ചെയ്തതുമില്ല ഇഹ ലോകത്ത് അവർക്ക് ഒന്നും ലഭിച്ചതുമില്ല. നബി -ﷺ- പറഞ്ഞു : "ലഭിക്കാത്തത് ലഭിക്കുന്നുണ്ടെന്ന് പറയുന്നവൻ വഞ്ചനയുടെ ഇരട്ടവേഷം അണിഞ്ഞവനെപ്പോലെയാണ് ". (ബുഖാരി ,മുസ്ലിം)

ആളുകളെ കാണിക്കാൻ നന്മകൾ ചെയ്യുന്നവന്റെ മോഹങ്ങൾ ഒരിക്കലും സാക്ഷാൽകരിക്കപ്പെടാത്തതാണ്, അവരുടെ പരിശ്രമങ്ങൾ പാഴായിപോവുകയും ഈ ലോകത്ത് അവർ വഷളാക്കപ്പെടുകയും ചെയ്യും , പരലോകത്താവട്ടെ അവർക്ക് ഒരു പ്രതിഫലവും ലഭിക്കില്ല.അത് കൊണ്ട് ജനങ്ങളെ കാണിക്കലും അവരെ കേൾപ്പിക്കളും നിന്റെ ലക്ഷ്യം ആകുന്നതിനെ നീ സൂക്ഷിക്കുക, നരകത്തിൽ ആദ്യം പ്രവേശിക്കപ്പെടുന്നവർ അവരുടെ പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ കാണിക്കാനും അവരുടെ ശ്രദ്ധ നേടാനും ശ്രമിച്ചവരാണ്.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ﴾

"കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം". (അൽ ബയ്യിന : 5)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ.

## രണ്ടാം ഖുതുബ

സർവ സ്തുതികളും അല്ലാഹുവിനാകുന്നു, സന്മാർഗം ലഭിക്കുന്നവർക്ക് അത് ലഭിക്കുന്നത് അവന്റെ അനുഗ്രഹം കൊണ്ട് മാത്രമാകുന്നു , വഴിപിഴച്ചവരോട് അവൻ അനീതി പ്രവർത്തിച്ചിട്ടില്ല. അക്രമികൾ അല്ലാഹുവെ കുറിച്ച് പറയുന്ന എല്ലാ അപവാദങ്ങളിൽ നിന്നും ഞാൻ അവനെ പരിശുദ്ധിപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്യുന്നു.

അല്ലാഹു അല്ലാതെ ആരാധനക്കർഹൻ ആരുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം അർശിന്റെ ഉടമസ്ഥനായ അല്ലാഹു എത്രയോ പരിശുദ്ധൻ ആകുന്നു.

വിശ്വസ്തനും സത്യസന്ധനുമായ നബി -ﷺ- അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു . അല്ലാഹു അവിടുത്തേയും അവിടുത്തെ ചര്യ മുറുകെ പിടിക്കുകയും അതിൽ സഞ്ചരിക്കുകയും ചെയ്യുന്ന കുടുംബത്തിന്റെയും സ്വഹാബത്തിന്റെയും മേൽ സ്വലാത്തും സലാമും വർഷിപ്പിക്കട്ടെ.

അമ്മാ ബഅ്ദ്: അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

വിശ്വാസമെന്നാൽ വിലകുറഞ്ഞ വല്ല വസ്തുവോ അല്ലെങ്കിൽ വെറും വാദം പറയലോ സ്ഥാനപേരുകൾ നൽകലോ അല്ല. മറിച്ച് യഥാർത്ത വിശ്വാസം എന്നത് കലർപ്പില്ലാത്ത ആദർശവും യഥാവണ്ണമുള്ള പ്രവർത്തിയും , അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ബന്ധവും ബന്ധവിഛേദനവും, പ്രത്യക്ഷമായതും പരോക്ഷമായതുമായ പ്രവർത്തനങ്ങളും , നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലുമാകുന്നു.

തൗഹീദ് സാക്ഷാത്കരിക്കാൻ എപ്പോഴും നാം ഉണർവിലായിരിക്കുകയും അതിൽ പ്രതേക ശ്രദ്ധ കാണിക്കുകയും വേണം. അല്ലാഹുവിനോടുള്ള കടമകളിൽ കോട്ടം സംഭവിക്കുന്ന ഒരു കാര്യവും നമ്മിൽ ഉണ്ടാവാതെ സൂക്ഷിക്കുക എന്നത് നമ്മുടെ

കടമയാണ്.

ആരെങ്കിലും ശിർക്കാകുന്ന മഹാ അപകടത്തിൽ പതിക്കുകയും മരിച്ചവരോട് പ്രയാസം നീങ്ങാനോ രോഗം മാറാനോ നന്മ ചെയ്തു തരാനോ സന്താനവും സമ്പത്തും നൽകാനോ, അതല്ലെങ്കിൽ മൺമറഞ്ഞ് പോയവരുടെ ഖബററികിൽ പ്രദക്ഷിണം ചെയ്യുകയോ , അവർക്ക് വേണ്ടി ബലിയർപ്പിക്കുകയോ, അവർക്ക് നേർച്ച നേരുകയോ , അങ്ങനെയുള്ള വല്ലതും ചെയ്താൽ അവൻ അല്ലാഹു അവന്റെ റബ്ബാണെന്ന വിശ്വാസത്തെ തകർത്തവനും , ആരാധന അല്ലാഹുവിന് മാത്രം നൽകണം എന്ന ആദർശത്തിന് എതിര് പ്രവർത്തിച്ചവനും അഖില ലോകങ്ങളുടെയും റബ്ബിനെ കുറിച്ച് മോശമായ ചിന്ത വച്ച് പുലർത്തിയവനുമാണ്. മാത്രമല്ല , അല്ലാഹുവിനടുക്കൽ നരകം ഉറപ്പാക്കുന്നതും സ്വർഗ്ഗം നിഷിദ്ധമാക്കുന്നതുമായ പ്രവർത്തിയിൽ അവൻ ഏർപ്പെടുകയും ചെയ്തിരിക്കുന്നു.

﴿إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ﴾

“അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല” (അൽ മാഇദ : 72)

അത് കൊണ്ട് സത്യമാർഗ്ഗത്തിൽ പ്രവേശിക്കുകകയും സന്മാർഗ്ഗം സ്വീകരിക്കുകയും വിശ്വാസത്തെ കാത്ത് സൂക്ഷിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് മോചനം കരസ്ഥമാക്കാൻ അല്ലാഹു ഉദ്ദേശിച്ചാലല്ലാതെ സാധിക്കുകയില്ല. അല്ലാഹുവിന്റെ അരികിലുള്ളത് കരസ്ഥമാക്കാനും അവനോട് സാമീപ്യം നേടുവാനും അവൻ നമുക്ക് പഠിപ്പിച്ച പ്രവർത്തങ്ങൾ അവന് വേണ്ടി മാത്രം സമർപ്പിക്കൽ അനിവാര്യമാണ് .

അന്തകാര നിപുടമായ ജീവിതത്തിൽ നമുക്ക് പ്രതീക്ഷയുടെ വക

**നൽകുന്നത് തൗഹീദാണ്. നമ്മുടെ ജീവിത ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ ആരാധനകളുടെ എല്ലാ ഇനവും അവന് മാത്രം സമർപ്പിക്കുക. അവനാണ് നമ്മെ വിചാരണ ചെയ്യുന്നവനും ഉയിർത്തെഴുന്നേൽപ്പിക്കുന്നവനും.**

﴿ أَلَآ إِلَى ٱللَّهِ تَصِيرُ ٱلۡأُمُورُ ﴾

**"ശ്രദ്ധിക്കുക; അല്ലാഹുവിലേക്കാകുന്നു കാര്യങ്ങൾ ചെന്നെത്തുന്നത്". (അശ്ശൂറ: 53)**

**എല്ലാവരും അവനിലേക്ക് മടക്കപ്പെടുകയും ചെയ്യുന്നതാണ്.**

**നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.**

# തൗഹീദിന്റെ ഫലങ്ങൾ[1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കാൻ ആർക്കും സാധ്യമല്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ആർക്കും സാധ്യമല്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹനെന്നും അവൻ ഏകനാണ്, അവന് യാതൊരു പങ്കാളികളുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ്:

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. അല്ലാഹുവോടുള്ള ഭയത്തിൽ ജീവിതം ക്രമീകരിക്കുക എന്നത് സന്മാർഗത്തിന്റെ പാതയാണ് , അവന്റെ കൽപനകൾക്ക് എതിര് പ്രവർത്തിക്കൽ പരാജയത്തിന്റെ പാതയുമാണ്.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹു ഏകനാകുന്നു , അവന് പങ്കുകാരോ സമന്മാരോ തുല്യരോ ആയി ആരും തന്നെ ഇല്ല. ആരാധനകളുടെ വ്യത്യസ്ത ഇനങ്ങൾ അവൻ നമുക്ക് നിയമമാക്കുകയും അവനെ മാത്രമേ ആരാധിക്കാവൂ എന്ന് കൽപ്പിക്കുകയും ചെയ്തു. (തൗഹീദ്)

---

(1) 09/06/1434 മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ആരാധനകൾ അവന് വേണ്ടി മാത്രം നിർവഹിക്കുക എന്നത് ഇസ്ലാമിന്റെ പ്രാഥമിക പാഠവും അടിത്തറയുമാകുന്നു. അത് എല്ലാ നന്മകളെയും ഉൾകൊള്ളുന്ന ആരാധനയാണ്. തൗഹീദില്ലാതെ ഒരു നന്മയും അല്ലാഹു അടിമയിൽ നിന്ന് സ്വീകരിക്കുകയില്ല. തൗഹീദോട് കൂടിയുള്ള സൽകർമം വളരെ കുറച്ചാണെങ്കിലും അതിന്റെ പ്രതിഫലം ഇരട്ടിയായി ലഭിക്കുന്നു, അതില്ലാതെയുള്ള സൽകർമങ്ങൾ പർവത സമാനമാണെങ്കിലും അതൊക്കെ നിഷ്ഫലമാകുന്നു.

പ്രവാചകന്മാർ അവരുടെ പ്രബോധനത്തിൽ ആദ്യം ഉൽബോധനം നൽകിയ വിഷയം അത് തൗഹീദാണ്. അല്ലാഹു അവരെ നിയോഗിച്ചതും അതിന്റെ പ്രഖ്യാപനത്തിനാകുന്നു.

അല്ലാഹു പറഞ്ഞു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ﴾

"ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല". (അമ്പിയാഅ : 25)

പരിശുദ്ധ ഖുർആനിലെ ഓരോ വാക്യവും തൗഹീദിനെ കുറിച്ച് വ്യക്തമായോ സൂചനയായോ പരാമർശിക്കുന്നു. അതിന്റെ നിബന്ധനകൾ, അവയോടുള്ള നമ്മുടെ കടമകൾ, അത് ഉൾകൊള്ളുന്നവർക്കുള്ള പ്രതിഫലം, അതിനെതിരിൽ പ്രവർത്തിക്കുന്നവർക്കുള്ള ശിക്ഷ അങ്ങനെ ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉൾകൊള്ളുന്നതാണ് ഖുർആനിലെ ഓരോ വാക്യവും. അതാണ് ഖുർആനിലെ ആദ്യ കല്പനയും . അല്ലാഹു പറഞ്ഞു :

﴿يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ﴾

"ജനങ്ങളേ, നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ". (അൽ ബഖറ : 21) അഥവാ അവനെ ഏകനാക്കുക.

ഓരോ നിസ്കാരത്തിലും ഒരു വിശ്വാസി തന്റെ റബ്ബിനോട് ഈ

കരാർ പുതുക്കിക്കൊണ്ടിരിക്കുന്നു :

﴿إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ﴾

"അല്ലാഹുവെ നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു , നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു". (അൽ ഫാതിഹ : 4)

അടിമകൾക്ക് അല്ലാഹുവിനോടുള്ള പ്രധാന കടമയും അവൻ അവരുടെ മേൽ നിർബന്ധമാക്കിയ പ്രാഥമിക ഉത്തരവാദിത്വവും അതാകുന്നു. മുആദ് -رضي الله عنه-നെ യമനിലേക്ക് അയക്കുമ്പോൾ അവിടുന്ന് -ﷺ- അദ്ദേഹത്തോട് പറഞ്ഞു : "നീ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുമ്പോൾ ആദ്യം പറയേണ്ട കാര്യം ആരാധന അല്ലാഹുവിന് മാത്രം സമർപ്പിക്കണം എന്നതായിരിക്കണം". (ബുഖാരി,മുസ്ലിം) ഒരടിമ മരണപ്പെട്ട് മറവ് ചെയ്യപ്പെട്ടാൽ ഖബറിൽ നേരിടേണ്ടി വരുന്ന ആദ്യ ചോദ്യം 'നിന്റെ റബ്ബ് ആരാണ്' ? (അഥവാ – നീ നിന്റെ ആരാധന സമർപ്പിച്ചത് ആർക്കാണ്?) എന്ന ചോദ്യമാണ്.

അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അതിലൂടെയല്ലാതെ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുകയില്ല എന്ന വസ്തുത തിരിച്ചറിഞ്ഞ കാരണത്താലാണ് തൗഹീദുള്ളവരുടെ നേതാവായ ഇബ്രാഹീം നബി -عليه السلام- തന്നെയും തന്റെ സന്തതിയെയും അതിൽ ഉറപ്പിച്ചു നിർത്താൻ അല്ലാഹുവിനോട് പ്രാർഥിച്ചത് :

﴿رَبَّنَا وَٱجۡعَلۡنَا مُسۡلِمَيۡنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةٗ مُّسۡلِمَةٗ لَّكَ﴾

"അദ്ദേഹം പറഞ്ഞു : ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ചെയ്യണമേ.."(അൽ ബഖറ: 128)

യൂസഫ് നബി -عليه السلام- അല്ലാഹുവിനോട് പ്രാർഥിച്ചു :

﴿تَوَفَّنِي مُسۡلِمٗا وَأَلۡحِقۡنِي بِٱلصَّٰلِحِينَ﴾

"നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ". (യൂസുഫ് : 101)

നമ്മുടെ നബി -ﷺ- യുടെ പ്രാർഥനയിൽ പെട്ടതാണ് "ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ നീ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ" (അഹ്മദ്)

ഇത് അല്ലാഹുവിന്റെ പ്രവാചകന്മാരുടെ വസിയ്യത്ത് ആകുന്നു.

﴿وَوَصَّىٰ بِهَآ إِبۡرَٰهِـۧمُ بَنِيهِ وَيَعۡقُوبُ يَٰبَنِيَّ إِنَّ ٱللَّهَ ٱصۡطَفَىٰ لَكُمُ ٱلدِّينَ فَلَا تَمُوتُنَّ إِلَّا وَأَنتُم مُّسۡلِمُونَ﴾

"ഇബ്രാഹീമും യഅ്ഖൂബും അവരുടെ സന്തതികളോട് ഇത് (കീഴ്‌വണക്കം) ഉപദേശിക്കുക കൂടി ചെയ്തു. "എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്പെടുന്നവരായി (മുസ്ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്." (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്)" (അൽ ബഖറ : 132)

തങ്ങളുടെ ജീവിതത്തിൽ ഈ ആദർശം തങ്ങളുടെ സന്തതികൾക്ക് പകർന്നു നൽകുന്നതും പഠിപ്പിക്കുന്നതും അവരുടെ ശൈലിയായിരുന്നു, അവരുടെ മരണ സമയത്ത് പോലും അവർ അതിനെ കുറിച്ചായിരുന്നു ചോദിച്ചിരുന്നത് . അല്ലാഹു പറയുന്നു :

﴿أَمۡ كُنتُمۡ شُهَدَآءَ إِذۡ حَضَرَ يَعۡقُوبَ ٱلۡمَوۡتُ إِذۡ قَالَ لِبَنِيهِ مَا تَعۡبُدُونَ مِنۢ بَعۡدِيۖ قَالُواْ نَعۡبُدُ إِلَٰهَكَ وَإِلَٰهَ ءَابَآئِكَ إِبۡرَٰهِـۧمَ وَإِسۡمَٰعِيلَ وَإِسۡحَٰقَ إِلَٰهًا وَٰحِدًا وَنَحۡنُ لَهُۥ مُسۡلِمُونَ﴾

"എനിക്ക് ശേഷം എന്തിനെയാണ് നിങ്ങൾ ആരാധിക്കുക?' എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: "താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും." (അൽ ബഖറ : 133)

സ്വഹാബികളിലെ ചെറിയ കുട്ടികളുടെ മനസ്സിൽ പോലും ഈ ആശയം കൊത്തിവെക്കാൻ നബി -ﷺ- പരിശ്രമിച്ചിരുന്നു. അവിടുന്ന് -ﷺ- ഇബ്നു അബ്ബാസ് -رضي الله عنه-നോട് പറഞ്ഞു : "മകനേ, ഞാൻ നിന്നെ ചില കാര്യങ്ങൾ പഠിപ്പിക്കാം : നീ അല്ലാഹുവെ സൂക്ഷിക്കുക , എന്നാൽ അവൻ നിങ്ങളെ സംരക്ഷിക്കും, നീ അല്ലാഹുവെ സൂക്ഷിക്കുക , നിനക്ക് അവനെ നിന്റെ മുന്നിൽ കണ്ടെത്താം, നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ, അല്ലാഹുവിനോട് സഹായം തേടുക". (തിർമിദി)

ആ ആശയം ഉൾകൊള്ളുന്നവരായി മരണമടയാൻ അല്ലാഹു നമ്മോട് കൽപിച്ചു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (ആലു ഇംറാൻ : 102)

ആരാധന അല്ലാഹുവിന് മാത്രം സമർപ്പിക്കുന്നതിലൂടെ ഹൃദയ വിശാലതയും മനസ്സമാധാനവും ലഭിക്കുന്നു. അടിമകളോടുള്ള അടിമത്വത്തിൽ നിന്ന് മുക്തമായി ഉടമസ്ഥനായ അല്ലാഹുവിന്റെ മാത്രം അടിമയാകുന്നു.

﴿فَمَن يُرِدِ ٱللَّهُ أَن يَهْدِيَهُۥ يَشْرَحْ صَدْرَهُۥ لِلْإِسْلَـٰمِ ۖ﴾

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്". (അൽ അൻആം : 125)

ഈ ആദർശം മനസ്സിലേറ്റുന്നതിലൂടെ നമ്മുടെ പ്രയാസങ്ങളും വിഷമങ്ങളും മറി കടക്കാൻ നമുക്ക് സാധിക്കും. (മഹാനായ യൂനുസ് നബി പ്രയാസത്തിൽ അകപ്പെട്ട സാഹചര്യത്തെ പരിശുദ്ധ ഖുർആൻ പരമാർശിക്കുന്നു ):

﴿ فَنَادَىٰ فِي ٱلظُّلُمَٰتِ أَن لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ ۞ فَٱسۡتَجَبۡنَا لَهُۥ وَنَجَّيۡنَٰهُ مِنَ ٱلۡغَمِّۚ وَكَذَٰلِكَ نُـۨجِي ٱلۡمُؤۡمِنِينَ ﴾

"അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു : നീയല്ലാതെ യാതൊരു ആരാധനക്കർഹനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു". (അൽ അൻബിയാ : 87)

ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : "ഇഹലോകത്ത് സംഭവിക്കുന്ന പ്രയാസങ്ങൾ തടുക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം തൗഹീദിൽ അടിയുറച്ചുള്ള വിശ്വാസമാണ്".

അത് മനസ്സിലെ കറകളെ ശുദ്ധീകരിക്കുകയും ഹൃദയത്തെ നന്നാക്കുകയും ചെയ്യും. നബി -ﷺ- പറഞ്ഞു : "മൂന്ന് കാര്യങ്ങളിലൂടെ വിശ്വാസിയുടെ മനസ്സ് വഞ്ചനയിൽ നിന്നും വൃത്തികേടിൽ നിന്നും മുക്തമാകും – കർമങ്ങൾ അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുക , ഭരണാധികാരികൾക്ക് നന്മ ആഗ്രഹിക്കുക , മുസ്ലിമീങ്ങളുടെ സംഘത്തോടപ്പം നിലകൊള്ളുക - കാരണം അവരുടെ പ്രാർഥന എല്ലാവരെയും ഉൾകൊള്ളുന്നതാകുന്നു". (അഹ്മദ്)

തൗഹീദിലധിഷ്ഠിതമായി ജീവിതം ക്രമീകരിക്കുന്നവർക്ക് അതിലൂടെ സന്തുഷ്ട ജീവിതം നയിക്കാൻ സാധിക്കുന്നു. അതിലൂടെ അല്ലാതെ ഈ ലോകത്ത് യഥാർഥ സന്തോഷമില്ല. അല്ലാഹു പറഞ്ഞു :

﴿مَنۡ عَمِلَ صَٰلِحٗا مِّن ذَكَرٍ أَوۡ أُنثَىٰ وَهُوَ مُؤۡمِنٞ فَلَنُحۡيِيَنَّهُۥ حَيَوٰةٗ طَيِّبَةٗۖ﴾

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്". (അന്നഹ്ൽ : 97)

തൗഹീദില്ലാതെ നിലനിൽപില്ല ,അല്ലാഹു പറയുന്നു :

﴿ فَمَنِ ٱتَّبَعَ هُدَايَ فَلَا يَضِلُّ وَلَا يَشۡقَىٰ ﴾

"എന്റെ മാർഗദർശനം ആര് പിൻപറ്റുന്നുവോ അവൻ

പിഴച്ചുപോകുകയില്ല, ദൗർഭാഗ്യമടയുകയുമില്ല". (ത്വാഹാ : 123)

തൗഹീദാണ് മുസ്ലിമീങ്ങളെ ഒന്നിപ്പിക്കുന്നത് -അറബിയേയും അനറബിയെയും , കിഴക്കുള്ളവരെയും പടിഞ്ഞാറുള്ളവരെയും.

﴿إِنَّ هَٰذِهِۦٓ أُمَّتُكُمۡ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمۡ فَٱعۡبُدُونِ﴾

"(മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ മതം : ഏകമതം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ" (അൻബിയാ : 92)

തൗഹീദിന്റെ വചനം നല്ലൊരു മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു. അത് അല്ലാഹുവിന്റെ പരമോന്നത വചനമാണ്. ആ വചനമാണ് അല്ലാഹു മൂസ നബി -عليه السلام- യോട് ഒരു ഇടനിലക്കാരനുമില്ലാതെ നേരിട്ട് സംസാരിച്ചത്.

﴿إِنَّنِيٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدۡنِي﴾

"തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുക" (ത്വാഹാ : 14)

തൗഹീദിന്റെ വചനത്തെക്കാൾ ഉയർന്ന ഒരു ശാഖയും ഈമാനിനില്ല. നബി -ﷺ- പറഞ്ഞു : " വിശ്വാസത്തിന് എഴുപതിൽ പരം അല്ലെങ്കിൽ അറുപതിൽ പരം ശാഖകളുണ്ട് , അവയിൽ ഏറ്റവും ഉയർന്നത് അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനുമില്ല എന്നതാണ്". (മുസ്ലിം)

ഇത് വാക്കുകളിൽ ഏറ്റവും പുണ്യമുള്ളതും കർമങ്ങളുടെ തുലാസിൽ ഏറ്റവും ഭാരമേറിയതുമായ വാക്കാണ്. ഈ വാക്കുകൾ ഉച്ചരിക്കുന്നത് അടിമകളെ മോചിപ്പിക്കുന്നതിന് തുല്യമാണ് , ഈ വാക്കുകൾ പറയുന്നതിലൂടെ എല്ലാ ദിവസവും പിശാചിൽ നിന്നുള്ള സംരക്ഷണവും ലഭിക്കുകയും ചെയ്യും . നബി -ﷺ- പറഞ്ഞു :

لاَ إِلَهَ إِلَّا اللَّهُ، وَحْدَهُ لاَ شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِير

(അല്ലാഹു അല്ലാതെ ഒരു ആരാധ്യനില്ല , അവനു ഒരു

പങ്കാളിയുമില്ല , അവനാണ് സർവധികാരവും എല്ലാ സ്തുതിയും , അവൻ എല്ലാറ്റിനും മേൽ കഴിവുള്ളവനാണ്) എന്ന് ആരെങ്കിലും ഒരു ദിവസം നൂറു തവണ പറഞ്ഞാൽ അത് പത്ത് അടിമകളെ മോചിപ്പിക്കുന്നതിന് തുല്യമാകുന്നു, അവനുവേണ്ടി നൂറ് സൽകർമങ്ങൾ എഴുതപ്പെടുകയും നൂറ് ദുഷ്കർമങ്ങൾ അവനിൽ നിന്ന് മായ്ച്ചു കളയപ്പെടുകയും ചെയ്യും. അന്നേ ദിവസം വൈകുന്നേരം വരെ അതിലൂടെ അവന് പിശാചിൽ നിന്ന് സംരക്ഷണം ലഭിക്കുകയും ചെയ്യും. അവൻ ചെയ്തതിനെക്കാൾ മികച്ചതൊന്നും ആരും ആ ദിവസം ചെയ്തില്ല , അതിലും കൂടുതൽ ചെയ്ത ഒരാളല്ലാതെ". (അവനെക്കാൾ ഈ ദിക്ർ അധികം പറഞ്ഞവരൊഴികെ എന്നർത്ഥം) (ബുഖാരി , മുസ്ലിം)

നാം പറയുന്ന വാകുകളിൽ لاَ إِلَهَ إِلَّا اللَّهُ എന്നതിനെക്കാൾ സുന്ദരമായ ഒരു വാക്കില്ല , നമ്മുടെ ചുണ്ടുകൾ അതിനേക്കാൾ നല്ലൊരു വാക്ക് ഉച്ചരിച്ചിട്ടില്ല. നബി -ﷺ- പറഞ്ഞു : ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞ ഏറ്റവും നല്ല വാക്ക് ഇതാണ്: لاَ إِلَهَ إِلَّا اللَّهُ، وَحْدَهُ لاَ شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ" (അല്ലാഹു അല്ലാതെ ഒരു ആരാധ്യനില്ല , അവനു ഒരു പങ്കാളിയുമില്ല , അവനാണ് സർവധികാരവും എല്ലാ സ്തുതിയും , അവൻ എല്ലാറ്റിനും മേൽ കഴിവുള്ളവനാണ്) (തിർമിദി)

അനശ്വരമായ ഒരു വാക്ക്, അത് പറയുകയും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും ചെയ്യുന്നവർ ജനങ്ങളുടെ ഇടയിൽ നിലനിൽക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തു.

﴿وَجَعَلَهَا كَلِمَةً بَاقِيَةً فِي عَقِبِهِ﴾

"അദ്ദേഹത്തിൻറെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു". (സുഖ്റുഫ് : 28)

അത് സുസ്ഥിരമായ വചനമാകുന്നു, അത് മുറുകെ പിടിക്കുന്നവരെ ഐഹികജീവിതത്തിലും, പരലോകത്തും അല്ലാഹു

ഉറപ്പിച്ച് നിർത്തും.

﴿يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ﴾

"അല്ലാഹു ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്. ഐഹികജീവിതത്തിലും, പരലോകത്തും". (ഇബ്റാഹീം : 27)

സൃഷ്ടികളിൽ ഏറ്റവും പൂർണമായവൻ അല്ലാഹു ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്വം ഏറ്റവും നന്നായി നിർവഹിക്കുന്നവനാകുന്നു. തൗഹീദ് എത്രത്തോളം ഒരടിമ കൈവരിക്കുന്നുവോ അതിനനുസരിച്ച് അടിമ പരിപൂർണ്ണനാവുകയും അവന്റെ സ്ഥാനം ഉയരുകയും ചെയ്യും. അല്ലാഹു തൗഹീദുള്ളവരെ അവന്റെ ദീനിലും ദുനിയാവിലും സംരക്ഷിക്കുന്നു , അല്ലാഹുവിന്റെ പാപമോചനത്തിന് ഏറ്റവും അർഹരായവർ തൗഹീദ് ഉൾകൊണ്ടവരാകുന്നു. ഖുദ്സിയ്യായ ഹദീഥിൽ അല്ലാഹു പറഞ്ഞതായി വന്നിട്ടുണ്ട് "ഭൂമിയോളം വലിയ പാപങ്ങൾ നീ ചെയ്യുകയും , എന്നിട്ട് എന്നിൽ യാതൊന്നും പങ്കുചേർക്കാതെ എന്നെ കണ്ടുമുട്ടുകയും ചെയ്താൽ, ഞാൻ നിനക്ക് പാപമോചനം നൽകുന്നതാണ്". (തിർമിദി)

ഇബ്നു റജബ് - رحمه الله - പറഞ്ഞു : "തൗഹീദാണ് ഏറ്റവും വലിയ കാര്യം , അത് നഷ്ടപ്പെടുന്നവന് പാപമോചനം നഷ്ടപ്പെട്ടു, അത് സ്വീകരിച്ചവർക്ക് പാപമോചനത്തിനുള്ള ഏറ്റവും വലിയ കാരണം ലഭ്യമായിരിക്കുന്നു".

തൗഹീദുള്ളവരെ സ്വാധീനിക്കുക പിശാചിന് പ്രയാസമാണ്.

﴿إِنَّهُۥ لَيْسَ لَهُۥ سُلْطَٰنٌ عَلَى ٱلَّذِينَ ءَامَنُوا۟ وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ﴾

"വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന്ന് (പിശാചിന്) യാതൊരു അധികാരവുമില്ല; തീർച്ച". (അന്നഹ്ൽ : 99)

തൗഹീദിന്റെ തോതനുസരിച്ച് അടിമക്കായി അല്ലാഹു പ്രതിരോധം ഏർപ്പെടുത്തുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿إِنَّ ٱللَّهَ يُدَٰفِعُ عَنِ ٱلَّذِينَ ءَامَنُوٓاْۗ﴾

“തീർച്ചയായും സത്യവിശ്വാസികൾക്കുവേണ്ടി അല്ലാഹു പ്രതിരോധം ഏർപെടുത്തുന്നതാണ്”. (അൽ ഹജ്ജ് : 38)

തൗഹീദുള്ളവരെ അല്ലാഹു നീചവൃത്തിയിൽ നിന്നും അധാർമിതകളിൽ നിന്നും സംരക്ഷിക്കുന്നതാണ്. യൂസുഫ് നബി عليه-
-السلام നെ കുറിച്ച് അല്ലാഹു പറഞ്ഞു :

﴿ كَذَٰلِكَ لِنَصۡرِفَ عَنۡهُ ٱلسُّوٓءَ وَٱلۡفَحۡشَآءَۚ إِنَّهُۥ مِنۡ عِبَادِنَا ٱلۡمُخۡلَصِينَ ﴾

“അപ്രകാരം (സംഭവിച്ചത്) തിൻമയും നീചവൃത്തിയും അവനിൽ നിന്ന് നാം തിരിച്ചുവിടുന്നതിന് വേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്കരായ അടിമകളിൽ പെട്ടവനാകുന്നു”. (യൂസുഫ് : 24)

ഇബ്നുൽ ഖയ്യിം - رحمه الله - പറഞ്ഞു : “തൗഹീദിൽ ഹൃദയം ദുർബ്ബലമാവുകയും ബഹുദൈവാരാധന വർധിക്കുകയും ചെയ്യുന്നതനുസരിച്ച് നീചവൃത്തി അധികരിക്കും”.

തൗഹീദുള്ളവന് ഇഹ ലോകത്ത് സമാധാനവും ശാന്തിയും ലഭിക്കും , അവന്റെ വിശ്വാസത്തിന്റെ തോതനുസരിച്ച് അവൻ നിർഭയനായിരിക്കും :

﴿ٱلَّذِينَ ءَامَنُواْ وَلَمۡ يَلۡبِسُوٓاْ إِيمَٰنَهُم بِظُلۡمٍ أُوْلَٰٓئِكَ لَهُمُ ٱلۡأَمۡنُ وَهُم مُّهۡتَدُونَ﴾

“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ”. (അൽ അൻആം ; 72)

തൗഹീദുള്ളവരുടെ പ്രാർത്ഥനകളിൽ നിന്ന് മരിച്ചവർക്ക് പ്രയോജനം ലഭിക്കുന്നു, മരണപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകളിൽ തൗഹീദുള്ളവരുടെ പ്രാർത്ഥന മാത്രമേ

സ്വീകരിക്കുകയുള്ളൂ. നബി -ﷺ- പറഞ്ഞു : "ഒരു മുസ്ലിം മരണപ്പെടുകയും അദ്ദേഹത്തിന്റെ ജനാസ നിസ്കാരത്തിൽ അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന നാൽപത് പേര് അവന് വേണ്ടി നിൽകുകയും (പാപമോചനം തേടുകയും) ചെയ്താൽ അവരുടെ ശുപാർശ അല്ലാഹു സ്വീകരിക്കുന്നതാണ്". (മുസ്ലിം)

തൗഹീദുള്ളവർക്ക് മരണം ആസന്നമായാൽ, സ്വർഗത്തെക്കുറിച്ചുള്ള സന്തോഷവാർത്ത അല്ലാഹു അവനു നൽകുന്നു. നബി -ﷺ- പറഞ്ഞു : "ആരുടെ അവസാന വാക്കുകൾ لَا إِلَهَ إِلَّا اللهُ എന്നാണോ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്". (അബൂ ദാവൂദ്)

ഇഹലോകത്ത് അല്ലാഹു തൗഹീദുള്ളവന് പ്രതാപം നൽകിയത് പോലെ പരലോകത്തും അല്ലാഹു അവനെ ബഹുമാനിക്കുകയും അവന്റെ സ്ഥാനം ഉയർത്തുകയും ചെയ്യുന്നതാണ്. അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുകയും അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. ചിലർ ആദ്യ ഘട്ടത്തിൽ തന്നെ സ്വർഗത്തിൽ പ്രവേശിക്കും , ബാക്കിയുള്ളവർ അവരുടെ പാപങ്ങളുടെ ശിക്ഷ അനുഭവിച്ച ശേഷം സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും. തൗഹീദുള്ള ഒരാളും നരകത്തിൽ നിത്യവാസിയാവുകയില്ല. നബി -ﷺ- പറഞ്ഞു : "അല്ലാഹുവിൽ പങ്കു ചേർക്കാതെ മരണപ്പെടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്". (ബുഖാരി, മുസ്ലിം)

തൗഹീദുള്ളവർക്കല്ലാതെ പ്രവാചകൻ -ﷺ- യുടെ ശുപാർശ ലഭിക്കുകയില്ല . അബൂ ഹുറൈറ -رضي الله عنه- ചോദിച്ചു : " "അല്ലാഹുവിന്റെ റസൂലേ , ഉയിർത്തെഴുന്നേൽപിന്റെ നാളിൽ താങ്ങളുടെ ശുപാർശയിലൂടെ ഏറ്റവും സന്തുഷ്ടരാകുന്നത് ആരാണ് ?" അവിടുന്ന് -ﷺ- പറഞ്ഞു : "ആത്മാർഥമായി ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്ന് പ്രഖ്യാപിച്ചവരാണ് എന്റെ ശുപാർശയിലൂടെ ഏറ്റവും സന്തുഷ്ടരാകുന്നത്" . (ബുഖാരി)

തൗഹീദുള്ളവർക്ക് സ്വർഗത്തിന്റെ എട്ടു കവാടങ്ങളിൽ

അവരാഗ്രഹിക്കുന്ന കവാടത്തിലൂടെ പ്രവേശിക്കാൻ സാധിക്കും. നബി -ﷺ- പറഞ്ഞു : "ഒരു വ്യക്തി പരിപൂർണമായി വുളൂഅ ചെയ്യുകയും ശേഷം أَشْهَدُ أَنْ لا إِلَهَ إِلا اللَّهُ وَحْدَهُ لا شَرِيكَ لَهُ ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ (അല്ലാഹു ഏകനാണ് , അവന് പങ്കുകാരില്ല മുഹമ്മദ് നബി അല്ലാഹുവിന്റെ അടിമയും പ്രവാചകനുമാണ്) എന്ന് പറയുകയും ചെയ്താൽ എട്ട് സ്വർഗീയ കവാടങ്ങൾ അവനായി തുറന്നുവെക്കപ്പെടുന്നതാണ്. അവനിഷ്ടമുള്ളത്തിലൂടെ അവന് പ്രവേശിക്കാം". (മുസ്ലിം)

ഇബ്നുൽ ഖയ്യിം - رحمه الله - പറഞ്ഞു : "തൗഹീദിന്റെ പൂർത്തീകരണമനുസരിച്ച് അല്ലാഹു പാപമോചനം നൽകുന്നതാണ്. ഒരു വ്യക്തി ശിർക്കിൽ നിന്നും പൂർണമായി മുക്തമാണെങ്കിൽ അവന്റെ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു നൽകുന്നതാണ്".

എഴുപതിനായിരം ആളുകൾ വിചാരണയും ശിക്ഷയും കൂടാതെ സ്വർഗത്തിൽ പ്രവേശിക്കും, അവരെല്ലാം തൗഹീദുള്ളവർ മാത്രമാകുന്നു. നബി -ﷺ- പറഞ്ഞു : "അവർ മന്ത്രിക്കാൻ അവശ്യപ്പെടാത്തവരും , പക്ഷി ശകുനം നോകാത്തവരും , തീ ഉപയോഗിച്ച് ചികിൽസ നടത്താത്തവരും , അല്ലാഹുവിൽ ഭരമേൽപിക്കുന്നവരുമാകുന്നു". (ബുഖാരി , മുസ്ലിം)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഏറ്റവും വിലപിടിപ്പുള്ളത് തൗഹീദാകുന്നു . അല്ലാഹു തൗഹീദ് എന്ന മഹത്തായ അനുഗ്രഹം നമുക്ക് നല്കിയിട്ടുണ്ട് എങ്കിൽ അണപ്പല്ല് കൊണ്ട് അത് കടിച്ചു പിടിക്കുക. അതിന് കോട്ടം വരുത്തുന്ന കർമങ്ങളെ സൂക്ഷിക്കുക. ആരെങ്കിലും അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുകയോ ഏതെങ്കിലും ഖബർ പ്രദക്ഷിണം ചെയ്യുകയോ അല്ലാഹു അല്ലാത്തവരുടെ പേരിൽ ബലിയർപ്പിക്കുകയോ ചെയ്താൽ തൗഹീദിന്റെ പ്രകാശം അവനിൽ അണഞ്ഞ് പോകുന്നതാണ്.അവന്റെ ഒരു കർമവും പിന്നീട് അല്ലാഹു സ്വീകരിക്കുകയില്ല. നരകത്തിൽ നിത്യവാസിയാകനുള്ള പാപമാകുന്നു അത്.

## അഊദു ബില്ലാഹി മിന ശൈത്വാനി റജീം

﴿قُلۡ إِنَّمَآ أَنَا۠ بَشَرٞ مِّثۡلُكُمۡ يُوحَىٰٓ إِلَيَّ أَنَّمَآ إِلَٰهُكُمۡ إِلَٰهٞ وَٰحِدٞۖ فَمَن كَانَ يَرۡجُواْ لِقَآءَ رَبِّهِۦ فَلۡيَعۡمَلۡ عَمَلٗا صَٰلِحٗا وَلَا يُشۡرِكۡ بِعِبَادَةِ رَبِّهِۦٓ أَحَدَۢا﴾

**"(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ആരാധനകൾക്കർഹൻ ഏക ആരാധ്യൻ (അല്ലാഹു) മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ". (അൽ കഹ്ഫ് : 110)**

**അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ.**

## രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് ﷺ അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നത് അവൻ അടിമക്ക് നൽകുന്ന മഹത്തായ അനുഗ്രഹമാണ്, അവനുദ്ദേശിക്കുന്ന അവന്റെ അടിമകൾക്ക് ആ സൗഭാഗ്യം നൽകുന്നു. ഒരു മുസ്ലിം തന്നിലും തന്റെ സന്തതികളിലും തന്നോട് ഏറ്റവും അടുത്തവരിലും മറ്റു എല്ലാ ആളുകളിലും അത് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കണം.

അല്ലാഹു നൽകിയ ഈ അനുഗ്രഹത്തോട് നന്ദി കാണിക്കുന്നതിൽ പെട്ടതാണ് മറ്റുള്ളവരെ ഈ മാർഗത്തിലേക്ക് ക്ഷണിക്കുകയും അതിനെ ഇല്ലായ്മ ചെയ്യുകയോ അതിന്റെ പൂർണതക്ക് കോട്ടം വരുത്തുകയോ ചെയ്യുന്ന എല്ലാ കാര്യങ്ങളെയും സൂക്ഷിക്കുക എന്നത്.

അതിൽ ഉറച്ചു നിൽക്കാൻ സഹായിക്കുന്ന ചില മാർഗങ്ങളാണ്: അല്ലാഹുവിനോട് ഈ സൗഭാഗ്യം നില നിർത്താൻ ദുആ ചെയ്യുക , ബിദ്അത്ത് (പുത്തനാചാരങ്ങൾ) കളിൽ നിന്നും ശുബുഹത്ത് (അവ്യക്തമായ കാര്യങ്ങൾ) കളിൽ നിന്നും ശഹവത്ത് (ദേഹേച്ഛ) കളിൽ നിന്നും അകന്നു നിൽകുക, നന്മകൾ വർദ്ധിപ്പിക്കുക, മത

വിജ്ഞാനം കരസ്ഥമാക്കുക , സംശയമുള്ള വിഷയങ്ങളിൽ ഇരുത്തം ചെന്ന പണ്ഡിതന്മാരിലേക്ക് മടങ്ങുക തുടങ്ങിയ കാര്യങ്ങൾ.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# കലിമതു തൗഹീദിന്റെ ശ്രേഷ്ടത (1)

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കാൻ ആർക്കും സാധ്യമല്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ആർക്കും സാധ്യമല്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹനെന്നും അവൻ ഏകനാണ്, അവന് യാതൊരു പങ്കാളികളുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.

മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ് :

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

അല്ലാഹുവിനോടുള്ള അനുസരണയിലും അവൻ നിയമമാക്കിയ ആരാധനകളിലും എത്രമാത്രം ഒരു വ്യക്തി ശ്രദ്ധ കാണിക്കുന്നുവോ അത്രമാത്രം അവൻ ശ്രേഷ്ടനാകും. കാരണം , അല്ലാഹു അവന്റെ സൃഷ്ടികളെ പടച്ചതും സംവിധാനിച്ചതും ആ ലക്ഷ്യം നിറവേറ്റാനാണ്. അതിലൂടെ മാത്രമേ ഇഹ-പര ലോക വിജയം നേടാനും

(1) 06/05/1438 മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

സാധിക്കുകയുള്ളൂ.

﴿ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدۡ فَازَ فَوۡزًا عَظِيمًا ﴾

"അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു". (അൽ അഹ്സാബ് : 71)

സന്തോഷവും ആനന്ദവും ജീവിതാസ്വാദനവും മാധുര്യവുമൊക്കെ ഒരടിമക്ക് ലഭിക്കുന്നത് അല്ലാഹുവെ അറിയുന്നതിലും അവനിൽ വിശ്വസിക്കുന്നതിലും ആരാധനകൾ അവന് മാത്രം അർപ്പിക്കുന്നതിൽ കൂടെയുമാണ്.

ഏറ്റവും മഹത്വമുള്ളതും അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളതുമായ വാക്ക് അല്ലാഹുവിനെ പുകഴ്ത്തലും വാഴ്ത്തലുമാകുന്നു. അല്ലാഹുവെ സ്തുതി പറയാൻ ഏറ്റവും നല്ല വാക്ക് അത് لا إله إلا الله (ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു, അവനല്ലാതെ മറ്റാരുമില്ല )എന്നതാകുന്നു.

ആകാശങ്ങളെയും ഭൂമിയെയും അല്ലാഹു സ്ഥാപിച്ചത് ഈ ഒരു വാക്കിന്മേലാണ് , സകല സൃഷ്ടികളെയും അവൻ പടച്ചത് ഈ ലക്ഷ്യം നിറവേറ്റാനാണ്, വേദഗ്രന്ഥനങ്ങൾ അവതരിപ്പിച്ചതും പ്രവാചകന്മാരെ നിയോഗിച്ചതും ഈ ആശയം സ്ഥാപിക്കാനും പ്രചരിപ്പിക്കാനുമാണ്. അല്ലാഹു പറഞ്ഞു :

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ ﴾

"ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (അൽ അമ്പിയാഅ് : 25)

ആ ആശയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതിൽ നിന്ന് പ്രവാചകന്മാർ താക്കീത് ചെയ്തു :

﴿أَنْ أَنذِرُوٓاْ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱتَّقُونِ﴾

"ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. അതിനാൽ നിങ്ങളെന്നെ സൂക്ഷിച്ചുകൊള്ളുവിൻ എന്ന് നിങ്ങൾ താക്കീത് നൽകുക" (അന്നഹ്ൽ : 2)

കലിമത്തു തൗഹീദിന് അല്ലാഹു സ്വയം സാക്ഷ്യം വഹിക്കുകയും , അവന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠരായവരെ അതിന് സാക്ഷികളാക്കുകയും ചെയ്തു.

﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلْمَلَٰٓئِكَةُ وَأُو۟لُوا۟ ٱلْعِلْمِ قَآئِمًۢا بِٱلْقِسْطِ ۚ لَآ إِلَٰهَ إِلَّا هُوَ ٱلْعَزِيزُ ٱلْحَكِيمُ﴾

“താനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ”. (ആലു ഇംറാൻ: 18)

ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : “ഏറെ പ്രധാന്യമർഹിക്കുന്ന വിഷയത്തിന്മേൽ ഏറ്റവും ഉന്നതാരായവർ സാക്ഷ്യം വഹിച്ചിരിക്കുന്ന ഏറ്റവും നീതിയുക്തവും മഹത്ത്വവും സത്യസന്ധവുമായ സാക്ഷ്യമാകുന്നു ഇത്”.

(എല്ലാ പ്രവാചകന്മാർക്കും അല്ലാഹു അവതരിപ്പിച്ചു നൽകിയ) ശരീഅത്തുകളുടെയും അടിസ്ഥാനം കലിമത്തു തൗഹീദാണ്. ദീനിലെ മറ്റു നിയമാവലികളൊക്കെ അതിന്മേൽ അവലംബിച്ച് നിൽക്കുന്നതാണ്. അതനുസരിച്ചാണ് പ്രതിഫലവും ശിക്ഷയും ലഭിക്കുക. ഇസ്ലാമിൽ ഏറ്റവും ഉന്നതവും ശ്രേഷ്ഠതയുമുള്ള ആ വചനത്തിന്മേലാണ് ഇസ്ലാമിന്റെ നിലനിൽപ്പ് തന്നെ. ഇസ്ലാം കാര്യങ്ങളിൽ ഒന്നാമത്തെ കാര്യം ഈ വചനമാകുന്നു, മറ്റു അടിസ്ഥാനങ്ങളൊക്കെ ഈ വചനത്തിന് ശേഷം മാത്രം.

അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ പ്രധാന ഘടകം ഈ വാക്കാണ്, അത് കൂടാതെ ഈമാനിന് നിൽപ്പില്ല.

ആ വചനത്തിൽ ഈ മതം നിർമ്മിക്കപ്പെടുകയും അതിന്റെ സാക്ഷാൽകാരത്തിനായി ഖിബ് ല സ്ഥാപിതമാവുകയും ചെയ്തു, അത് എല്ലാവർക്കും അല്ലാഹുവിനോടുള്ള ബാധ്യതയാണ്. അതാകുന്നു ഇസ്‌ലാമിന്റെ വചനവും സ്വർഗത്തിന്റെ താക്കോലും. ആ വചനം ആളുകളെ നിർഭാഗ്യവാന്മാരും സന്തുഷ്ടരും ആയി വിഭജിക്കുന്നു, അംഗീകരിക്കപ്പെടുന്നവരെയും ആട്ടപ്പെടുന്നവരെയും തീരുമാനിക്കുന്നു. അവിശ്വാസവും ഇസ്ലാമും തമ്മിൽ വേർതിരിക്കുന്നു. അതിനേക്കാൾ നല്ലൊരു വാക്ക് ഉച്ചരിക്കുക സാധ്യമല്ല , അതുൾകൊള്ളുന്ന ആശയമനുസരിച്ച് പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളേക്കാൾ നല്ലൊരു പ്രവർത്തനമില്ല. നബി -ﷺ- പറഞ്ഞു : "അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായത് ഈ നാല് വാക്കുകളാകുന്നു. سبحان الله , والحمد لله , ولا إله إلا الله , والله أكبر (സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധനാകുന്നു ) , അൽ ഹംദുലില്ലാഹ് (സർവ സ്തുതിയും അല്ലാഹുവിനാകുന്നു), ലാ ഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു), അല്ലാഹു അക്ബർ(അല്ലാഹു ഏറ്റവും വലിയവനാകുന്നു)") (മുസ്ലിം)

ആ വചനം മുറുകെ പിടിച്ചതാണ് അല്ലാഹുവിന്റെ ഔലിയാക്കളുടെ പ്രത്യേകത. അല്ലാഹു പറഞ്ഞു :

﴿ وَأَلْزَمَهُمْ كَلِمَةَ التَّقْوَىٰ ﴾

"സൂക്ഷ്മത പാലിക്കാനുള്ള കൽപന സ്വീകരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്തു". (അൽ ഫത്ഹ്: 26)

അതാകുന്നു വിജയത്തിന് നമ്മെ പ്രാപ്തരാക്കുന്ന രക്ഷയുടെ കൈത്താങ്ങ്:

﴿فَمَن يَكْفُرْ بِالطَّاغُوتِ وَيُؤْمِن بِاللَّهِ فَقَدِ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَىٰ لَا انفِصَامَ لَهَا﴾

"ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല". (അൽ ബഖറ: 256)

അതാണ് ഏറ്റവും ഉന്നതമായ എന്നും നില നിൽക്കുന്ന വാക്ക്:

﴿وَكَلِمَةُ ٱللَّهِ هِيَ ٱلۡعُلۡيَاۗ﴾

"അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്". (തൗബ: 40)

അല്ലാഹു പരിശുദ്ധ ഖുർആനിൽ ഈ വചനത്തിന് ഒരു ഉപമ നൽകിയിരിക്കുന്നു :

﴿أَلَمۡ تَرَ كَيۡفَ ضَرَبَ ٱللَّهُ مَثَلٗا كَلِمَةٗ طَيِّبَةٗ كَشَجَرَةٖ طَيِّبَةٍ
أَصۡلُهَا ثَابِتٞ وَفَرۡعُهَا فِي ٱلسَّمَآءِ﴾

"അല്ലാഹു നല്ല വചനത്തിന് എങ്ങനെയാണ് ഉപമ നൽകിയിരിക്കുന്നത് എന്ന് നീ കണ്ടില്ലേ? (അത്) ഒരു നല്ല മരം പോലെയാകുന്നു. അതിന്റെ മുരട് ഉറച്ചുനിൽക്കുന്നതും അതിൻറെ ശാഖകൾ ആകാശത്തേക്ക് ഉയർന്ന് നിൽക്കുന്നതുമാകുന്നു". (ഇബ്റാഹീം: 24)

ആ വചനം ശരിയായി ഉൾകൊള്ളുന്നവർക്ക് മനസ്സിന് വിശാലത ലഭിക്കുന്നു.

﴿فَمَن يُرِدِ ٱللَّهُ أَن يَهۡدِيَهُۥ يَشۡرَحۡ صَدۡرَهُۥ لِلۡإِسۡلَٰمِۖ﴾

"ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്". (അൽ അൻആം : 125)

ഇബ്നു ജുറൈജ് -رحمه الله- പറഞ്ഞു : "لا إله إلا الله (ലാ ഇലാഹ

ഇല്ലല്ലാഹ് : ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു) എന്ന വചനം മുഖേന അല്ലാഹു ഹൃദയ വിശാലത നൽകുകയും ആ വചനത്തിലൂടെ ഹൃദയം ശുദ്ധിയാവുകയും ചെയ്യുന്നു".

﴿يَوۡمَ لَا يَنفَعُ مَالٌ وَلَا بَنُونَ ۞ إِلَّا مَنۡ أَتَى ٱللَّهَ بِقَلۡبٍ سَلِيمٍ﴾

"സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം, കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ". (അശുഅറാഅ് : 88-89)

ഇബ്നു അബ്ബാസ്-رضي الله عنه- പറഞ്ഞു : "കുറ്റമറ്റ ഹൃദയം എന്നാൽ ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു എന്ന് അംഗീകരിച്ച ഹൃദയം".

ഇതാകുന്നു യാതൊരു അസത്യവും വളച്ചൊടിക്കലുമില്ലാത്ത ചൊവ്വായ കളകറഞ്ഞ സത്യ വചനം, യാതൊരു കളവുമില്ലാത്ത സത്യസന്ധമായ സാക്ഷ്യവാക്ക് , അത് അല്ലാഹുവിന് മാത്രമായുള്ള ഏറ്റവും വലിയ വിശേഷണമാകുന്നു. ഇബ്റാഹീം നബിയുടെ പിൻഗാമികൾക്കിടയിൽ നില നിൽക്കുന്ന വചനവും അതാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَجَعَلَهَا كَلِمَةَۢ بَاقِيَةً فِي عَقِبِهِۦ لَعَلَّهُمۡ يَرۡجِعُونَ﴾

"അദ്ദേഹത്തിൻറെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു". (സുഖ്റുഫ് : 28)

ലാ ഇലാഹ ഇല്ലല്ലാഹ് : അടിമകൾക്ക് ലഭിച്ചിരിക്കുന്ന ഏറ്റവും വലിയ അനുഗ്രഹമതാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَأَسۡبَغَ عَلَيۡكُمۡ نِعَمَهُۥ ظَٰهِرَةً وَبَاطِنَةًۗ﴾

"പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അനുഗ്രഹങ്ങൾ

അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു". (ലുഖ്മാൻ: 20)

സുഫ്യാൻ ബിൻ ഉയയ്ന -رحمه الله- പറഞ്ഞു : "'ലാ ഇലാഹ ഇല്ലല്ലാഹ്' മനസ്സിലാക്കാനുള്ള ഭാഗ്യം അല്ലാഹു ഒരടിമക്ക് നൽകുന്നതിനെക്കാൾ വലിയ മറ്റൊരു ഭാഗ്യവും ഇല്ല".

ഈ പ്രപഞ്ചവും അതിലുള്ള സകല വസ്തുക്കളേക്കാളും മഹത്വമുള്ള വചനമാകുന്നു അത്. നബി -ﷺ- പറഞ്ഞു : "(സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധനാകുന്നു ), അൽ ഹംദുലില്ലാഹ് (സർവ സ്തുതിയും അല്ലാഹുവിനാകുന്നു), ലാ ഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു), അല്ലാഹു അക്ബർ(അല്ലാഹു ഏറ്റവും വലിയവനാകുന്നു) എന്നീ വാക്കുകൾ ഞാൻ പറയുന്നതാണ് ഇഹലോകത്തുള്ള എല്ലാതിനേക്കാളും എനിക്ക് ഇഷ്ടപ്പെട്ടത്". (മുസ്ലിം)

ആ വചനം അറിയുകയും അതിനനുഷ്ഠിതമായി ജീവിതം ക്രമീകരിക്കുകയും ചെയ്യുക എന്നതാണ് ഒരടിമയുടെ പ്രാഥമിക ഉത്തരവാദിത്വം. അല്ലാഹു പറഞ്ഞു :

﴿فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ﴾

"അല്ലാഹുവല്ലാതെ യാതൊരു ആരാധനക്കർഹനുമില്ലെന്ന് നീ മനസ്സിലാക്കുക". (മുഹമ്മദ് : 19)

ഇബ്നു തൈമിയ്യ -رحمه الله- പറഞ്ഞു : "ഒരടിമയുടെ പ്രാഥമിക ഉത്തരവാദിത്വം രണ്ട് ശഹാദത്തുകൾ സ്വീകരിക്കുക എന്നതാണെന്നതിൽ മുൻഗാമികളും നമ്മുടെ ഇമാമുമാരും ഏക അഭിപ്രായക്കാരാകുന്നു". ഈ ലോകത്ത് നിന്ന് വേർപിരിയുമ്പോൾ നാം ശ്രദ്ധിക്കേണ്ട അവസാന ഉത്തരവാദിത്ത്വവും അതു തന്നെ. നബി -ﷺ- പറഞ്ഞു : "ആരുടെ അവസാന വാക്ക് ലാ ഇലാഹ ഇല്ലല്ലാഹ് എന്നാകുന്നുവോ അവൻ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു". (അബൂ ദാവൂദ്)

ആ വചനം അറിയുകയും അതിനനുഷ്ഠിതമായി ജീവിതം ക്രമീകരിക്കുകയും ചെയ്യുന്നവനാണ് നേരായ പാത സ്വീകരിച്ചവൻ. അല്ലാഹു പറഞ്ഞു :

﴿إِنَّ ٱلَّذِينَ قَالُوا۟ رَبُّنَا ٱللَّهُ ثُمَّ ٱسْتَقَـٰمُوا۟ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ﴾

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല". (അൽ അഹ്ഖാഫ്: 13)

ഇബ്നു അബ്ബാസ് -رضي الله عنه- പറഞ്ഞു : "ചൊവ്വെ നിലകൊള്ളുന്നവർ എന്നത് കൊണ്ടുള്ള ഉദ്ദേശം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിൽ ഉറച്ചു നിൽക്കുന്നവരാകുന്നു".

സത്യസന്ധമായി ഒരടിമക്ക് ഇത് പ്രാവർത്തികമാക്കാൻ സാധിച്ചാൽ അവന്റെ ഹൃദയം അല്ലാഹുവിന്റെ തൃപ്തി മാത്രമേ തേടുകയുള്ളൂ , അവനെ മാത്രമേ സ്നേഹിക്കുകയുള്ളൂ , അവനെ മാത്രമേ പ്രതീക്ഷിക്കുകയും ഭയപ്പെടുകയും ചെയ്യുകയുള്ളൂ , അവനിൽ മാത്രമേ ഭരമേൽപ്പിക്കുകയുള്ളൂ, അവന്റെ ശരീരത്തിന്റെ താൽപര്യങ്ങളോ ദേഹേച്ഛകളോ അവൻ തേടിപ്പോവുകയില്ല.

ആ വാക്ക് ഉച്ചരിക്കുന്നതിലൂടെ ശരീരവും സമ്പാദ്യവും പവിത്രവും സുരക്ഷിതാവുമാകുന്നു. നബി -ﷺ- പറഞ്ഞു : "ഏതൊരാൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്നുച്ചരിക്കുകയും, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവരെ നിഷേധിക്കുകയും ചെയ്തുവോ അവന്റെ സ്വത്ത് പിടിച്ചെടുക്കലും , രക്തം ചിന്തലും (വധിക്കലും) നിഷിദ്ധമാണ്. അവന്റെ വിചാരണ അല്ലാഹു നിർവഹിക്കുന്നതാണ്". (മുസ്ലിം)

ഇസ്ലാമിക പ്രബോധനം നിർവഹിക്കുമ്പോൾ ആദ്യം ജനങ്ങളെ ക്ഷണിക്കേണ്ടത് ആ വചനത്തിലേക്കാകുന്നു . നബി -ﷺ- അവിടുത്തെ പ്രബോധനം തുടങ്ങിയതും ഈ വചനം പ്രഖ്യാപിച്ചു കൊണ്ടാകുന്നു. ആ വാക്കിൽ ഉറച്ചു നിൽക്കണമെന്നും അതനുസരിച്ച് പ്രവർത്തിക്കണമെന്നും അവിടുത്തെ അനുചരന്മാരോട് പ്രതിജ്ഞ

ചെയ്തു. ആ വാക്കിന്റെ പ്രചാരണത്തിനായി പ്രബോധകരെ എല്ലാ ദിശകളിലേക്കും നിയോഗിച്ചു. അവിടുന്ന് -ﷺ- മുആദ് -رضي الله عنه- വിനെ യമനിലേക്ക് നിയോഗിച്ചപ്പോൾ പറഞ്ഞു : "വേദക്കാരായ ഒരു ജനതയിലേക്കാണ് നീ പോകുന്നത് , അവരെ ആദ്യമായി അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും, ഞാൻ അല്ലാഹുവിന്റെ ദൂതനുമാണെന്നുള്ള സാക്ഷ്യ വാക്യത്തിലേക്ക് നീ ക്ഷണിക്കുക". (ബുഖാരി ,മുസ്ലിം)

അല്ലാഹുവെ മാത്രം ആരാധിക്കണമെന്നുള്ളത് ആളുകളെ ഒരേ ആശയത്തിൽ ഭിന്നിപ്പില്ലാതെ യോജിപ്പിക്കുന്ന ആദർശമാണ്. അതിലൂടെ മാത്രമേ സൃഷ്ടികൾക്ക് യോജിക്കാൻ സാധിക്കുകയുള്ളൂ , അത് ഉപേക്ഷിച്ചാൽ ഭിന്നതയും അഭിപ്രായ വ്യത്യാസവും സംഭവിക്കും. അല്ലാഹു പറഞ്ഞു :

﴿قُلْ يَـٰٓأَهْلَ ٱلْكِتَـٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا﴾

"(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക്നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്)". (ആലു ഇംറാൻ :64)

ആ വചനം സത്യസന്ധമായി ഉച്ചരിക്കുന്നവൻ വിജയിക്കുക തന്നെ ചെയ്യും. നബി -ﷺ- പറഞ്ഞു : "ജനങ്ങളെ !! നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുവിൻ എന്നാൽ നിങ്ങൾക്ക് വിജയിക്കാം". (അഹ്മദ്)

ലാ ഇലാഹ ഇല്ലല്ലാഹ് മുറുകെ പിടിക്കുന്നവൻ ഈമാനിന്റെ ഏറ്റവും ഉന്നതമായ ശാഖയിലാണ് പിടിച്ചിരിക്കുന്നത്. നബി -ﷺ- പറഞ്ഞു : "ഈമാൻ എഴുപതിൽ പരം ശാഖകളാണ്. അവയിൽ

ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവല്ലാതെ മറ്റൊരു ആരാധനക്കർഹനില്ല എന്നതാകുന്നു". (മുസ്ലിം) ആ ആശയം ഉൾകൊള്ളുന്ന ആയത്തുകളാണ് ഖുർആനിലെ ഏറ്റവും മഹത്തമുള്ള ആയത്തുകൾ. പാപമോചനത്തിന്റെ നേതാവ് എന്ന പേരിൽ ഇസ്ലാം നമുക്ക് പഠിപ്പിച്ച പ്രാർഥനയും ഈ ആശയം ഉൾകൊള്ളുന്നതാണ്.

കർമങ്ങളിൽ ഏറ്റവുമധികം പ്രതിഫലം ഇരട്ടിയായി നൽകപ്പെടുന്നത് ഈ വാക്കിന്മേലാണ്. (റസൂൽ -ﷺ- പറഞ്ഞു : )

لا إله إلا الله وحده لا شريك له له الملك وله الحمد وهو على كل شيء قدير

(അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല; അവൻ ഏകനാണ്. യാതൊരു പങ്കുകാരനും അവനില്ല. അവനാണ് എല്ലാ അധികാരങ്ങളും. അവനു തന്നെയാണ് സർവ്വ സ്തുതിയും, അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്.) എന്ന് ആരെങ്കിലും ഒരു ദിവസം നൂറു തവണ പറഞ്ഞാൽ അത് പത്ത് അടിമകളെ മോചിപ്പിക്കുന്നതിന് തുല്യമാകുന്നു, അവനുവേണ്ടി നൂറ് സൽകർമങ്ങൾ എഴുതപ്പെടുകയും നൂറ് ദുഷ്കർമങ്ങൾ അവനിൽ നിന്ന് മായ്ച്ചു കളയപ്പെടുകയും ചെയ്യും. അന്നേ ദിവസം വൈകുന്നേരം വരെ അതിലൂടെ അവന് പിശാചിൽ നിന്ന് സംരക്ഷണം ലഭിക്കുകയും ചെയ്യും. അവൻ ചെയ്തതിനെക്കാൾ മികച്ചതൊന്നും ആരും ആ ദിവസം ചെയ്തില്ല , അതിലും കൂടുതൽ ചെയ്ത ഒരാളല്ലാതെ". (അവനെക്കാൾ ഈ ദിക്ർ അധികം പറഞ്ഞവരൊഴികെ എന്നർത്ഥം) (ബുഖാരി , മുസ്ലിം)

(മറ്റൊരു ഹദീഥിൽ) "ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈയ് ഇൻ ഖദീർ എന്നാരെങ്കിലും ദിവസം പത്ത് പ്രാവശ്യം പറഞ്ഞാൽ ഇസ്മാഈൽ സന്തതികളിലെ നാല് അടിമകളെ മോചിപ്പിച്ചവന് തുല്യമാകുന്നു അവൻ". (മുസ്ലിം)

സമ്പാദ്യം ചിലവഴിക്കാതെയുള്ള ഉന്നതമായ ദാനധർമമാകുന്നു അത്. റസൂൽ -ﷺ- പറഞ്ഞു : "എല്ലാ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാകും സ്വദഖയാകുന്നു". (മുസ്ലിം) ആ വാക്ക് ഖബർ ശിക്ഷയിൽ നിന്ന്

അടിമയെ രക്ഷപ്പെടുത്തുകയും , ഖബറിലെ ചോദ്യങ്ങളിൽ അടിമയെ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നു. നബി -ﷺ- പറഞ്ഞു: "ഒരു മുസ്ലിം ഖബറിൽ ചോദ്യം ചെയ്യപ്പെട്ടാൽ ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ പ്രവാചകനാണെന്നും സാക്ഷ്യം വഹിക്കും. അതാണ് അല്ലാഹു പറഞ്ഞത്:

﴿يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَفِى ٱلْـَٔاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّـٰلِمِينَ ۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ﴾

"ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമാർഗത്തിലാക്കുകയും ചെയ്യും. അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നു". (ഇബ്റാഹീം : 27)

ഈ വചനത്തിന്റെ ഭാരത്താൽ തിന്മകളുടെ ഏടുകൾ വെച്ചിരിക്കുന്ന തുലാസിലെ തട്ടിന്റെ ഭാരം കുറയും. നബി -ﷺ- പറഞ്ഞു : "ഉയിർത്തെഴുന്നേൽപിന്റെ നാളിൽ എല്ലാ സൃഷ്ടികളുടെയും തലയുടെ മുകളിലൂടെ അല്ലാഹു ഒരു വ്യക്തിയെ കൊണ്ടുവരും , ശേഷം ആ വ്യക്തിയുടെ തിന്മകളുടെ തൊന്നൂറ്റി ഒമ്പത് ഏടുകൾ നിരത്തപ്പെടും, ഓരോ ഏടുകളും കണ്ണെത്താദൂരത്ത് പരന്ന് കിടക്കുന്നുണ്ടാകും. ശേഷം ആ വ്യക്തിക്കായി ചെറിയ ഒരു ഏട് നൽകപ്പെടും, അതിൽ ശഹാദത്ത് (ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ പ്രവാചകനാകുന്നു) ഉണ്ടാകും. പിന്നീട് ഈ വ്യക്തിയുടെ തിന്മകളുടെ ഏടുകൾ ഒരു തട്ടിലും ആ ചെറിയ ഏട് മറ്റെ തട്ടിലും വെക്കപ്പെടുകയും ചെറിയ ഏട് വെച്ച തട്ടിന്റെ ഭാരം കൂടുകയും ചെയ്യുന്നതാണ്". (അഹ്മദ്)

നബി -ﷺ- പറഞ്ഞു : "ഏഴ് ആകാശങ്ങളും ഏഴ് ഭൂമികളും ഒരു തട്ടിലും ലാ ഇലാഹ ഇല്ലല്ലാഹ് മറ്റൊരു തട്ടിലും വെച്ചാൽ 'ലാ ഇലാഹ

ഇല്ലല്ലാഹ് യുടെ തട്ട് മികച്ചു നിൽക്കുന്നതാണ് , ഏഴ് ആകാശങ്ങളും ഏഴ് ഭൂമികളും വിടവില്ലാത്ത ഒരു വളയമാണെങ്കിൽ 'ലാ ഇലാഹ ഇല്ലല്ലാഹ് ക്ക് അതിനെ തകർക്കാൻ ശേഷിയുള്ളതാകുന്നു.(അഹ്മദ്)

ആ വാക്ക് മുറുകെ പിടിച്ചവർ മറ്റുള്ളവർക്കുള്ള മദ്ധ്യസ്ഥരാണ്. അവർ അല്ലാഹുവുമായി കരാറിലേർപ്പെട്ടവരാണ്.

﴿لَّا يَمۡلِكُونَ ٱلشَّفَـٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحۡمَـٰنِ عَهۡدٗا﴾

"ആർക്കും ശുപാർശ ചെയ്യാൻ അധികാരമുണ്ടായിരിക്കുകയില്ല. ഏറെ കരുണയുള്ള അല്ലാഹുവുമായി കരാറുണ്ടാക്കിയിട്ടുള്ളവനൊഴികെ". (മർയം: 87)

അന്തിമനാളിൽ നബി -ﷺ- യുടെ ശുപാർശക്ക് ഏറ്റവും അർഹരായവർ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയുന്നതിൽ ആത്മാർഥ കാണിച്ചവരാണ്. നബി -ﷺ- പറഞ്ഞു : "പരലോകത്ത് എന്റെ ശുപാർശ കൊണ്ട് ഏറ്റവും സന്തുഷ്ടമാകുന്നവർ ലാ ഇലാഹ ഇല്ലല്ലാഹ് നിഷ്കളങ്കമായി അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ചു പറയുന്നവരാകുന്നു". (ബുഖാരി)

അടിയുറച്ച വിശ്വാസവുമായി ആ വാക്ക് പ്രഖ്യാപിക്കുന്നവർക്കുള്ള സമ്മാനം സ്വർഗമാണ്. നബി -ﷺ- പറഞ്ഞു : "ഏതെങ്കിലും ഒരടിമ ലാ ഇലാഹ ഇല്ലല്ലാഹ് പറയുകയും പിന്നീട് ആ ആശയത്തിൽ നില നിൽക്കവെ മരണപ്പെടുകയും ചെയ്താൽ അവൻ സ്വർഗത്തിലാകുന്നു". (ബുഖാരി,മുസ്ലിം)

അവർക്കായി സ്വർഗത്തിന്റെ എട്ടു കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. അവർക്കതിൽ ഇഷ്ടമുള്ളതിലൂടെ പ്രവേശിക്കാൻ അല്ലാഹു അനുമതി നൽകുകയും ചെയ്യും. മാത്രമല്ല , ലാ ഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിച്ചവൻ നരകത്തിന് മേൽ നിഷിദ്ധമാണ്. നബി -ﷺ- പറഞ്ഞു : "ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ പ്രവാചകനാണെന്നും സത്യ

സാക്ഷ്യം വഹിക്കുന്നവനെ നരകത്തിന് അല്ലാഹു നിഷിദ്ധമാക്കുന്നതാണ്". (ബുഖാരി,മുസ്ലിം)

ആ വാക്ക് ഉച്ചരിച്ചവർ നരകത്തിൽ പ്രവേശിച്ചാൽ മനസ്സിൽ ഒരണുവോളം ഈമാനുണ്ടെങ്കിൽ അല്ലാഹു നരകത്തിൽ നിന്നും അവരെ പുറത്ത് കൊണ്ടു വരുന്നതാണ്. അല്ലാഹു പറഞ്ഞു : "എന്റെ പ്രതാപവും മഹത്വവും തന്നെ സത്യം , ലാ ഇലാഹ ഇല്ലല്ലാഹ് പറഞ്ഞവനെ ഞാൻ നരകത്തിൽ നിന്ന് മോചിപ്പിക്കുക തന്നെ ചെയ്യും". (ബുഖാരി)

ഒരു വിശ്വാസിയുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും തൗഹീദിന്റെ വചനം ഏറെ പ്രധാനമായതിനാൽ അവന്റെ എല്ലാ സാഹചര്യങ്ങളിലും കാര്യങ്ങളിലും അത് ശ്രദ്ധിക്കാൻ ശരീഅത്ത് അവനെ പ്രേരിപ്പിച്ചു.

നബി -ﷺ- പറഞ്ഞു : "ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, (അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല; അവൻ ഏകനാണ്. യാതൊരു പങ്കുകാരനും അവനില്ല. അവനാണ് എല്ലാ അധികാരങ്ങളും. അവനു തന്നെയാണ് സർവ്വ സ്തുതിയും . അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്) വല്ലവനും ഇപ്രകാരം രാവിലെ പറഞ്ഞാൽ ഇസ്മാഈൽ സന്തതിയിൽ പെട്ട ഒരടിമയെ മോചിപ്പിച്ചതിന് തുല്യമാകുന്നു. അതോടൊപ്പം പത്ത് നന്മകൾ അവന് രേഖപ്പെടുത്തപ്പെടുകയും, പത്ത് തിന്മകൾ മായ്ക്കപ്പെടുകയും , പത്ത് പദവികൾ ഉയർത്തപ്പെടുകയും ചെയ്യും. അന്നേദിവസം സന്ധ്യവരെ പിശാചിൽ നിന്നും അവന് സംരക്ഷണം ലഭിക്കുകയും ചെയ്യും, വൈകുന്നേരം ഒരു വ്യക്തി ഇങ്ങനെ പറഞ്ഞാൽ പ്രഭാതം വരെ അവന് ഈ കാര്യങ്ങൾ ലഭിക്കുന്നതാണ്". (അബൂ ദാവൂദ്)

വുളൂഇന് ശേഷം ഈ വചനം ഒരുവൻ പറയുകയാണെങ്കിൽ അവന് വേണ്ടി സ്വർഗത്തിന്റെ എട്ടു കവാടങ്ങളും തുറക്കപ്പെടുന്നതാണ്. നബി -ﷺ- പറഞ്ഞു : "നിങ്ങളിൽ ഒരാൾ വുദു

ചെയ്യുകയും അവൻ വുദുവിനെ പൂർണ്ണമാക്കുകയും ശേഷം 'അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹു വ അന്ന മുഹമ്മദൻ അബ്ദുല്ലാഹി വ റസൂലുഹു' എന്ന് ചൊല്ലുകയും ചെയ്താൽ സ്വർഗ്ഗത്തിന്റെ എട്ടു വാതിലുകളും അവനു വേണ്ടി തുറക്കപ്പെടുന്നതാണ്. അവൻ ഉദ്ധേശിക്കുന്ന വാതിലിൽ കൂടി അതിൽ പ്രവേശിക്കാം".(മുസ്ലിം)

നിസ്കാരത്തിന് വേണ്ടി വിളിക്കുന്ന ബാങ്കിന്റെ പ്രാരംഭവും ഒടുക്കവുമെല്ലാം അല്ലാഹുവെ പുകഴ്ത്തലും അവനെ മാത്രമേ ആരാധിക്കാവൂ എന്ന കലിമതു തൗഹീദിന്റെ പ്രഖ്യാപനവുമാണ്.

നബി -ﷺ- പറഞ്ഞു : "ബാക് വിളിക്കുന്നവൻ 'അല്ലാഹു അക്ബർ അല്ലാഹു അക്ബർ' എന്ന് പറഞ്ഞാൽ നിങ്ങളിലൊരാൾ അതേ പോലെ പറയുന്നു . പിന്നീട് 'അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുമ്പോൾ നിങ്ങളും അതേ പോലെയും, അനന്തരം 'അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് പറയുമ്പോൾ നിങ്ങളും അതേ പോലെ പറയുന്നു , പിന്നീട് 'ഹയ്യ അല സ്വലാ' എന്ന് പറയുമ്പോൾ നിങ്ങൾ 'ലാ ഹൌലാ വലാ കുവ്വത ഇല്ലാ ബില്ലാഹ്' എന്നും തുടർന്ന് 'ഹയ്യ അലൽ ഫലാഹ്' എന്ന് പറയുമ്പോൾ നിങ്ങളും 'ലാ ഹൌലാ വലാ കുവ്വത ഇല്ലാ ബില്ലാഹ്' പറയുന്നു , പിന്നീട് 'അല്ലാഹു അക്ബർ അല്ലാഹു അക്ബർ' എന്ന് പറഞ്ഞാൽ നിങ്ങളിലൊരാൾ അതേ പോലെയും, പിന്നീട് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുമ്പോൾ അതേ പോലെയും ഹൃദയംഗമായി പറഞ്ഞാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്". (മുസ്ലിം)

നബി -ﷺ- പറഞ്ഞു : "ബാങ്ക് കേൾക്കുന്ന വേളയിൽ ഒരാൾ 'അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ് വഹ്ദഹു ലാ ശരീക ലഹു , വ അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹൂ , റളീതു ബില്ലാഹി റബ്ബൻ , വ ബി മുഹമ്മദിൻ റസൂലൻ വ ബിൽ ഇസ്ലാമി ദീനൻ (അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനാണെന്നും അവന് പങ്കുകാരില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നിശ്ചയം മുഹമ്മദ് നബി അവന്റെ അടിമയും ദൂതനുമാണെന്നും ഞാന് സാക്ഷ്യം വഹിക്കുന്നു. ഞാൻ അല്ലാഹുവെ റബ്ബായും മുഹമ്മദിനെ റസൂലായും

ഇസ്ലാമിനെ ദീനായും തൃപ്തിപ്പെട്ടിരിക്കുന്നു.) എന്ന് പറഞ്ഞാൽ അവന്റെ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്". (മുസ്ലിം)

ഇനി നാം നിസ്കാത്തിലേക്ക് നിന്നാൽ തുടങ്ങുന്നത് തന്നെ തൗഹീദ് പറഞ്ഞു കൊണ്ടാണ്. നിസ്കാരം അത്തഹിയ്യാത് കൂടാതെ ശരിയാവില്ല. നിസ്കാരത്തിൽ സലാം വീട്ടും മുമ്പ് അല്ലാഹുവോട് മുൻനിർത്തി പ്രാർഥിക്കുന്നത് ഇപ്രകാരം ആണ്: "അല്ലാഹുമ്മ ഇഗ്ഫിര് ലീ മാ ഖദ്ദംതു വ മാ അഖർത്തു , വ മാ അസ്റർതു വ മാ അഅലൻതു വ മാ അസ്റഫ്തു , വ മാ അൻത അഅലമു ബിഹി മിന്നി , അൻതൽ മുഖദ്ദിമു വ അൻതൽ മുഅഖിർ , ലാ ഇലാഹ ഇല്ലാ അൻത്".

(അല്ലാഹുവെ , ഞാൻ മുമ്പേ ചെയ്ത പാപവും പിന്തിച്ച പാപവും , ഞാൻ രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതും , ഞാൻ അമിതമായി ചെയ്തതും എന്നെക്കാൾ നിനക്ക് അറിയുന്നതാണ് , എനിക്ക് നീ അത് പൊറുത്തു തരണേ, മുന്തിക്കുന്നവനും പിന്തിക്കുന്നവനും നീയാണ് , നീയല്ലാതെ ഒരു ആരാധ്യനുമില്ല.) (മുസ്ലിം)

എല്ലാ നിസ്കാര ശേഷവും ഇപ്രകാരം പറയുന്നു : "ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈയ് ഇൻ ഖദീർ.

(അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല; അവൻ ഏകനാണ്. യാതൊരു പങ്കുകാരനും അവനില്ല. അവനാണ് എല്ലാ അധികാരങ്ങളും. അവനു തന്നെയാണ് സർവ്വ സ്തുതിയും . അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്) (ബുഖാരി , മുസ്ലിം)

ഈ ദിക്ർ പറഞ്ഞു കൊണ്ടാണ് നിസ്കാര ശേഷം തസ്ബീഹും തഹ്മീദും തകബീറും അവസാനിപ്പിക്കേണ്ടത് , അങ്ങനെ ചെയ്താൽ സമുദ്ര നുരയോളമുണ്ടെങ്കിലും അവന്റെ പാപങ്ങൾ മാപ്പാക്കപ്പെടുന്നതാണ് . (മുസ്ലിം)

ഹജ്ജിന്റെ കർമ്മങ്ങളിലും കലിമത്തു തൗഹീദ് ഉണ്ടാവേണ്ടതുണ്ട്, റസൂൽ -ﷺ- സ്വഫ മർവക്ക് മുകളിൽ കയറിയാൽ

ഖിബ്‌ലിയെ അഭിമുഖീകരിച്ച് കൊണ്ട് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യുമായിരുന്നു. (മുസ്ലിം) അവിടുന്ന് മുസ്ദലിഫയിലേക്ക് വന്നാൽ നബി -ﷺ- മശ്‌അറിലേക്ക് [1] വരികയും അതിന് മുകളിൽ കയറി അല്ലാഹുവെ സതുതിച്ചു കൊണ്ട് അവന്റെ ഏകത്വത്തെ പ്രകീർത്തിക്കുകയും തക്ബീറും തഹ്ലീലും ഉരുവിടുകയും ചെയ്യാറുണ്ടായിരുന്നു.(നസാഈ)

റസൂൽ -ﷺ- യുദ്ധവും ഹജ്ജും ഉംറയുമൊക്കെ കഴിഞ്ഞു തിരികെ വരുമ്പോൾ ഉയർന്ന സ്ഥലങ്ങളിൽ എത്തിയാൽ മൂന്ന് തവണ തക്ബീർ ചൊല്ലുകയും ; പിന്നീട് ലാ ഇലാഹ ഇല്ല അല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈയ്ഇൻ ഖദീർ എന്നും പറയുകയും ചെയ്യാറുണ്ടായിരുന്നു. (ബുഖാരി, മുസ്ലിം)

(ജീവിതത്തിലെ സകല ഘട്ടങ്ങളിലും കലിമത്തു തൗഹീദ് പറയാനും പ്രഖ്യാപിക്കാനും ഇസ്ലാം പ്രോൽസാഹിപ്പിക്കുന്നു). നന്മകൾ കൂടുതൽ ചെയ്യാൻ പ്രോൽസാഹിപ്പിക്കപ്പെട്ട ദിനങ്ങളിൽ -ദുൽഹിജ്ജ ആദ്യ പത്ത് ദിവസങ്ങൾ പോലെ- കലിമത്തു തൗഹീദ് അധികമായി ഉരുവിടുന്നത് ഏറെ പുണ്യമുള്ള കാര്യമാണ്. അതു പോലെ അവിടുന്ന് -ﷺ- ഖുതുബകൾ ആരംഭിക്കുന്നത് കലിമത്തു തൗഹീദ് പറഞ്ഞു കൊണ്ടാണ്, ജനങ്ങളുടെ കൂടെ സദസ്സുകളിൽ നിന്ന് വിരമിക്കുമ്പോൾ തൗഹീദി വചനങ്ങൾ ഉൾകൊള്ളുന്ന പ്രാർഥന ഇസ്ലാം നമുക്ക് പഠിപ്പിച്ചിട്ടുണ്ട്. (നബി-ﷺ-പറഞ്ഞു) "സദസ്സുകളിൽ ഇരിക്കുകയും അനാവശ്യമായ സംസാരങ്ങളിൽ ഏർപ്പെടുകയും ചെയ്താൽ അവൻ അവിടുന്ന് പിരിയുമ്പോൾ 'സുബ്ഹാനക്കല്ലാഹുമ്മ വബിഹംദിക്ക അശ്ഹദു അൻലാ ഇലാഹ ഇല്ല അൻത്ത അസ്തഗ്ഫിറുക്ക വ അതൂബു ഇലയ്ക്ക് എന്ന് പറയുകയാണെങ്കിൽ ആ സദസ്സിൽ വെച്ച് സംഭവിച്ച പാപങ്ങൾ മാപ്പാക്കപ്പെടുന്നതാണ്. (തിർമിദി)

---

[1] ) മുമ്പ് അവിടെ ഒരു മല മാത്രമായിരുന്നു എന്നാൽ , ഇന്നവിടെ മസ്ജിദ് സ്ഥിതി ചെയ്യുന്നു.

രാത്രിയിൽ ഉറക്കിൽ നിന്ന് ഞെട്ടി ഉണർന്നാൽ തൗഹീദിന്റെ വചനമുൾകൊള്ളുന്ന പ്രാർഥന പറയുകയും അല്ലാഹുവോട് ദുആ ചെയ്യുകയും ചെയ്താൽ അവന് ഉത്തരം ലഭിക്കപ്പെടുകയും , അവൻ എഴുന്നേറ്റു വുദു ചെയ്ത് നിസ്കരിച്ചാൽ അത് സ്വീകരിക്കപ്പെടുകയും ചെയ്യുമെന്നും നബി -ﷺ-പഠിപ്പിച്ചു .(ബുഖാരി)

പ്രയാസങ്ങളുടെയും വിഷമങ്ങളുടെയും ഘട്ടത്തിൽ 'ലാഇലാഹ ഇല്ലല്ലാഹുൽ ഹളീമുൽ ഹലീം , ലാഇലാഹ ഇല്ലല്ലാഹു റബ്ബിൽ അർശിൻ അളീം , ലാഇലാഹ ഇല്ലല്ലാഹു റബ്ബു സമാവാത്തി വ റബ്ബുൽ അർളി വ റബ്ബുൽ അർശിൽ കരീം'. (മഹാനും വിവേകമുള്ളവനുമായ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല , ആകാശങ്ങളുടെ നാഥനും ഭൂമിയുടെ നാഥനും മാന്യമായ സിംഹാസനത്തിന്റെ നാഥനുമായ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല) എന്ന കലിമത്തു തൗഹീദ് ഉൾകൊള്ളുന്ന പ്രാർഥന ഇസ്ലാം നിയമമാക്കിത്തന്നു. (ബുഖാരി,മുസ്ലിം)

അല്ലാഹുവോട് തേടുന്നതിന് മുമ്പ് അവനെ സ്തുതിക്കുന്നത് ദുആക്ക് ഉത്തരം ലഭിക്കാനുള്ള ഒരു കാരണമാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقۡدِرَ عَلَيۡهِ فَنَادَىٰ فِي ٱلظُّلُمَٰتِ أَن لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ * فَٱسۡتَجَبۡنَا لَهُۥ وَنَجَّيۡنَٰهُ مِنَ ٱلۡغَمِّۚ﴾

“ദുന്നൂനിനെയും (ഓർക്കുക.) അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു : നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു , അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ

നാം രക്ഷപ്പെടുത്തുകയും ചെയ്തു".(അൽ അമ്പിയാഅ്: 87,88)

നബി -ﷺ- പറഞ്ഞു : "ഒരു വിശ്വാസി ഇത് (ദുന്നൂൻ പറഞ്ഞ പ്രാർഥന) പറഞ്ഞ് പ്രാർത്ഥിക്കുകയാണെങ്കിൽ അതിന് ഉത്തരം ലഭിക്കുക തന്നെ ചെയ്യും". (തിർമിദി)

അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്താലുള്ള പ്രായശ്ചിത്തം കലിമത്തു തൗഹീദ് പ്രഖ്യാപിക്കലാണ്. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും ലാത്തെയുടെയും ഉസ്സയുടെയും പേരിൽ സത്യം ചെയ്താൽ അവൻ അതിന് പകരമായി 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞു കൊള്ളട്ടെ". (ബുഖാരി, മുസ്ലിം)

ആർക്കെങ്കിലും മരണമാസന്നമായാൽ കലിമത്തു തൗഹീദ് പറഞ്ഞു കൊടുക്കാൻ ഇസ്ലാം നിർദേശിച്ചു. നബി -ﷺ- പറഞ്ഞു : "നിങ്ങൾ മരണമാസന്നമായവർക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' പറഞ്ഞ് കൊടുക്കുക".(മുസ്ലിം) ഒരവിശ്വാസി മരണക്കിടക്കയിലാണെങ്കിലും അവനെ കലിമത്തു തൗഹീദിലേക്ക് ക്ഷണിക്കാൻ നാം പരിശ്രമിക്കേണ്ടതുണ്ട്. അബൂ ത്വാലിബിന് മരണമാസന്നമായപ്പോൾ റസൂൽ -ﷺ- പറഞ്ഞു : "അല്ലയോ പിതൃവ്യാ നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുക , എങ്കിൽ അല്ലാഹുവിന് മുന്നിൽ എനിക്ക് നിങ്ങൾക്ക് വേണ്ടി സാക്ഷ്യം വഹിക്കാൻ സാധിക്കും". (ബുഖാരി, മുസ്ലിം)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

നമ്മുടെ പ്രതാപം തൗഹീദിലാണ് , മഹാനായ ഉമർ -رضي الله عنه- പറഞ്ഞു : "അല്ലാഹു നമുക്ക് പ്രതാപം നൽകിയത് ഇസ്ലാമിലൂടെയാണ്". തൗഹീദ് സാക്ഷ്യം വഹിക്കുക എന്നത് അതിന്റെ പ്രഖ്യാപനമാണ്. നമ്മുടെ വാക്കിൽ തൗഹീദും പ്രവൃത്തനങ്ങൾ അതിന് വിരുദ്ധവുമാണ് എങ്കിൽ കേവലം ആ വാക്ക് കൊണ്ട് ഒരു പ്രയോജനവുമില്ല. കലിമത്തു തൗഹീദ് പ്രഖ്യാപിക്കാത്തവർക്ക് ഇഹപരലോക ആസ്വാദനങ്ങൾ നഷ്ടമാകുന്നതാണ്. മുസ്ലിമീങ്ങളുടെ ബലവും ബലഹീനതയും ഈ വാക്കിനോടുള്ള ബാധ്യത

നിറവേറ്റുന്നതിനനുസരിച്ചാണ്. അതാണ് അല്ലാഹുവിനരികിലും ജനങ്ങളുടെ അരികിലും അവരുടെ സ്ഥാനത്തിന്റെ മാനണ്ഡം. അവർക്കിടയിൽ ആ വാക്ക് ശക്തമായി മുറുകെ പിടിച്ചാൽ അല്ലാഹു അവരെ തൃപ്തിപെടുകയും പ്രതാപം നൽകുകയും സ്ഥാനം ഉയർത്തുകയും ചെയ്യും. എനി കാര്യം വിപരീതമാണെങ്കിൽ അവർ ദുർബലരും ബലഹീനരുമായിത്തീരുകയും ചെയ്യും.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسۡتَغۡفِرۡ لِذَنۢبِكَ وَلِلۡمُؤۡمِنِينَ وَٱلۡمُؤۡمِنَٰتِۗ وَٱللَّهُ يَعۡلَمُ مُتَقَلَّبَكُمۡ وَمَثۡوَىٰكُمۡ﴾

“അല്ലാഹുവല്ലാതെ യാതൊരു ആരാധനക്കർഹനുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനംതേടുക.) നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്. (മുഹമ്മദ് : 19)

അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ ..

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് ﷺ അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

കലിമത്തു തൗഹീദിന്റെ അർത്ഥം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അതിന് വിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കുകയും ചെയ്യുക എന്നുള്ളത് അത് കൊണ്ടുള്ള നേട്ടം ലഭിക്കാനുള്ള നിബന്ധനയാണ്.

അതിന്റെ അർത്ഥമെന്നാൽ ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നും ആരാധന അല്ലാഹുവിന് വേണ്ടി മാത്രം സമർപ്പിക്കുക എന്നുള്ളതുമാണ്. അതായിരുന്നു മക്കയിലെ കാഫിരീങ്ങൾ നിഷേധിച്ചത് .അല്ലാഹു പറയുന്നു:

﴿إِنَّهُمْ كَانُوٓا۟ إِذَا قِيلَ لَهُمْ لَآ إِلَٰهَ إِلَّا ٱللَّهُ يَسْتَكْبِرُونَ﴾

“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു”. (അസ്വാഫത്ത് : 35)

അത് കൊണ്ട് തന്നെ കേവലം നമ്മുടെ റബ്ബ് അല്ലാഹുവാണെന്ന

വിശ്വാസം അവരുടെ വിജയത്തിന് മതിയായില്ല.

ഒരു വ്യക്തി എത്രത്തോളം അതിന്റെ അർത്ഥം മനസ്സിലാക്കുകയും അതിന്റെ തേട്ടമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നോ അത്രതോളം അവന്റെ തുലാസിൽ ഭാരമുണ്ടാകുന്നതാണ്. അതിന്റെ നിബന്ധനകൾ പൂർത്തീകരിക്കുന്നതനുസരിച്ച് ആളുകൾ വ്യത്യസ്ത തട്ടുകളിലായിരിക്കും.

ഈ കലിമത്തു തൗഹീദിന്റെ ആത്മാവ് എന്ന് പറയുന്നത് ആരാധനകൾ അല്ലാഹുവിന് മാത്രം നൽകുക എന്നുള്ളതാണ്. അത് കൊണ്ട് തന്നെ ആരെങ്കിലും ആരാധനകളിൽ അല്ലാഹു അല്ലാത്തവരെ പങ്ക് ചേർക്കുകയാണെങ്കിൽ അവൻ ലാ ഇലാഹ ഇല്ലല്ലാഹ് യെ പൊളിച്ചവനാണ് .

യഥാർഥ സൗഭാഗ്യവാൻ തൗഹീദ് സംരക്ഷിക്കുകയും അതിലായി മരണപ്പെടുകയും , അതിനെ മലിനമാക്കുന്ന മാലിന്യങ്ങളിൽ നിന്ന് വിട്ട് നിൽകുകയും , അതിന് കോട്ടം വരുത്തുന്ന പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കുകയും ചെയ്യുന്നവനാണ്. അതാണ് അല്ലാഹുവിന്റെ സച്ചരിതരായ അടിമകളുടെ അഭിലാഷവും.

﴿تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ﴾

“നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ”. (യൂസുഫ് : 101)

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം[1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്** :

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹു അവന്റെ സൃഷ്ടികളെ സൃഷ്ടിക്കുകയും ആകാശ ഭൂമികളിലുള്ളതിനെ അവർക്ക് കീഴ്പ്പെടുത്തി കൊടുക്കുകയും പ്രത്യക്ഷവും പരോക്ഷവുമായ അനേകം അനുഗ്രഹങ്ങൾ അവർക്ക് ചൊരിഞ്ഞു നൽകുകയും ചെയ്തത് അവർ അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാകുന്നു.

---

([1]) 29-09-1431 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

(ആദം നബിയെ അല്ലാഹു പടച്ച ശേഷം) ആദ്യത്തെ പത്ത് നൂറ്റാണ്ടോളം ജനങ്ങൾ അല്ലാഹുവെ മാത്രം ആരാധിച്ചു പോന്നു, പിന്നീട് പിശാച് അവർക്ക് വിഗ്രഹരാധന ഭംഗിയാക്കി തോന്നിപ്പിക്കുകയും അത് മൂലം അവർ വിഗ്രഹാരാധനയിൽ കൂപ്പ് കുത്തുകയും ചെയ്തു. അങ്ങനെയിരിക്കെയാണ് , ആരാധനകൾ അല്ലാഹുവിന് മാത്രമേ സമർപ്പിക്കാവൂ എന്ന ഇസ്ലാമിന്റെ അടിസ്ഥാന ആശയം പ്രബോധനം ചെയ്യാനും അതിലേക്ക് ജനങ്ങളെ തിരികെ കൊണ്ടു വരാനും അല്ലാഹു പ്രവാചകൻമാരെ നിയോഗിക്കുയും ഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയും ചെയ്തത്.

അല്ലാഹു സൃഷ്ടികളോട് ചെയ്തിരിക്കുന്ന കാരുണ്യത്തിൽ പെട്ടതാണ് മനുഷ്യ പ്രകൃതത്തോട് യോജിക്കുന്ന ഒരു മതത്തെ അവർക്ക് നൽകി എന്നുള്ളത്. ഒരോ കുട്ടിയും ഭൂമിയിലേക്ക് ജനിച്ചു വീഴുന്നത് തന്നെ ആരാധനക്കർഹൻ അല്ലാഹു മാത്രമാണ്; അതിനാൽ അവനെ മാത്രമേ ആരാധിക്കാവൂ എന്ന ശുദ്ധ പ്രകൃതത്തിലാണ്. അല്ലാഹു പറഞ്ഞു :

﴿فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا﴾

"അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്". (റൂം: 30)

എന്നാൽ പിശാചാവട്ടെ – അല്ലാഹുവിന്റെ തൃപ്തിയിൽ നിന്ന് അടിമകളെ അകറ്റുവാനും , സച്ചരിതരായ അവന്റെ അടിമകൾക്ക് ഒരുക്കി വെച്ച സ്വർഗ്ഗത്തിൽ നിന്ന് അവരെ വിദൂരമാക്കാനും മനുഷ്യന്റെ ഈ ശുദ്ധ പ്രകൃതത്തെ മലിനമാക്കാനും നശിപ്പിക്കാനും പരിശ്രമിക്കുകയാണ്. നബി-ﷺ- ഒരിക്കൽ അവിടുത്തെ ഖുതുബയിൽ പറഞ്ഞു : "എന്റെ രക്ഷിതാവ് ഈ ദിവസം എന്നെ പഠിപ്പിച്ചതിൽ നിന്നും നിങ്ങൾക്ക് അറിയാത്തത് നിങ്ങൾക്ക് പഠിപ്പിച്ചു തരാൻ എന്നോട് കൽപ്പിച്ചു , ഞാനെന്റെ അടിമകളെ മുഴുവനും ശുദ്ധ പ്രകൃതത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ, പിശാചുക്കൾ അവരുടെ അടുക്കൽ ചെന്ന് അവരുടെ മതത്തിൽ നിന്ന് അവരെ തെറ്റിച്ചു. ഞാൻ അവർക്ക്

അനുവദനീയമാക്കിയത് പിശാചുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കി. എന്റെ കൂടെ പങ്കുചേർക്കാനും പിശാചുക്കൾ അവരോട് കൽപ്പിച്ചു". (മുസ്ലിം)

പിശാച് മനുഷ്യരെ ഏറ്റവും വലിയ പാപത്തിൽ അകപ്പെടുത്താൻ പരിശ്രമിക്കുന്നു. നബി-ﷺ-ചോദിക്കപ്പെട്ടു : "ഏറ്റവും വലിയ പാപം ഏതാകുന്നു?" അവിടുന്നു-ﷺ-പറഞ്ഞു : "അല്ലാഹു നിന്നെ സൃഷ്ടിച്ചിരിക്കെ അവന് തുല്യനായി മറ്റാരെയെങ്കിലും നീ സ്വീകരിക്കലാണ്". (ബുഖാരി, മുസ്ലിം) പിശാചിന്റെ കെണിയിൽ പെട്ട് ധാരാളം പേർ അല്ലാഹുവിന് പുറമെയുള്ളവർക്ക് ആരാധനകൾ അർപ്പിക്കുകയുണ്ടായി. അല്ലാഹു പറഞ്ഞത് പോലെ :

﴿وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يُؤۡمِنُونَ﴾

"ജനങ്ങളിൽ അധികപേരും വിശ്വസിക്കുന്നില്ല" (ഹൂദ് : 17)

ഈമാൻ ഇല്ലാത്ത ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ എത്ര തന്നെ നല്ല പ്രവർത്തനങ്ങൾ ചെയ്താലും അവന് അതിന്റെ പ്രതിഫലം ലഭിക്കുകയില്ല. കാരണം അവന്റെ അടിസ്ഥാനം തന്നെ തകർന്നിരിക്കുകയാണ്. ആഇശ -رضي الله عنها- പറഞ്ഞു : "ഞാൻ ചോദിച്ചു പ്രവാചകരേ -ഇബ്നു ജുദ്ആൻ- അയാൾ ജാഹിലിയ്യ കാലത്ത് കുടുംബബന്ധം ചേർത്തിരുന്നു , അഗതിക്ക് ഭക്ഷണം നൽകിയിരുന്നു , അയാൾക്ക് അത് പ്രയോജനപ്പെടുമോ ?" നബി-ﷺ-പറഞ്ഞു : "അയാൾക്ക് അത് ഫലപ്പെടുകയില്ല. കാരണം, അയാൾ ഒരു ദിവസം പോലും പ്രതിഫലനാളിൽ എന്റെ പാപങ്ങൾ നാഥാ നീ പൊറുത്തു തരേണമേ എന്ന് പറഞ്ഞിരുന്നില്ല". (മുസ്ലിം)

അല്ലാഹുവിൽ പങ്കു ചേർക്കുക എന്നത് അല്ലാഹുവിന്റെ കോപത്തിനും നിന്ദ്യതക്കും അപമാനത്തിനും കാരണമാകുന്നു.

﴿إِنَّ ٱلَّذِينَ ٱتَّخَذُواْ ٱلۡعِجۡلَ سَيَنَالُهُمۡ غَضَبٞ مِّن رَّبِّهِمۡ وَذِلَّةٞ فِي ٱلۡحَيَوٰةِ ٱلدُّنۡيَاۚ﴾

"കാളക്കുട്ടിയെ ദൈവമായി സ്വീകരിച്ചവരാരോ അവർക്കു

**തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള കോപവും, ഐഹികജീവിതത്തിൽ നിന്ദ്യതയും വന്നുഭവിക്കുന്നതാണ്". (അൽ അഅ്റാഫ് : 152)**

**അത്തരക്കാർ എന്നും ആകുലതകളിലും ആശങ്കകളിലും ദുഃഖങ്ങളിലും ആയിരിക്കും.**

﴿ وَمَن يُرِدْ أَن يُضِلَّهُۥ يَجْعَلْ صَدْرَهُۥ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِى ٱلسَّمَآءِ ﴾

**"ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്." (അൽ അൻആം: 125)**

**മാത്രമല്ല അത് അവർക്ക് സ്വർഗ്ഗ പ്രവേശനം തടയുകയും നരകത്തിൽ അവരെ ശാശ്വതമാക്കുകയും ചെയ്യും. അല്ലാഹു പറഞ്ഞു:**

﴿ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ ﴾

**"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻറെ വാസസ്ഥലമായിരിക്കുകയും ചെയ്യും". (അൽ മാഇദ: 72)**

**പിശാചിന്റെ കെണിയിൽ അകപ്പെട്ട് അതിലൂടെ അല്ലാഹുവിന്റെ കോപത്തിനും ശ്വാശ്വതമായ നരകവാസത്തിനും കാരണമാകാതിരിക്കാൻ ശിർക്കിനെ തൊട്ടും, പിശാചിന്റെ കുതന്ത്രങ്ങളെ കുറിച്ചും മുന്നയിപ്പ് നൽകുന്ന പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചു. ഏകനായ റബ്ബിനെ മാത്രമേ ആരാധിക്കാവൂ എന്ന സന്ദേശം അവർ ജനങ്ങളിലേക്ക് എത്തിച്ചു. മാത്രമല്ല , ഈ ആശയം സ്ഥാപിക്കാൻ അല്ലാഹു വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചു, പരിശുദ്ധ ഖുർആനിലെ എല്ലാ വചനങ്ങളും ഈ ആശയത്തിലേക്ക് സൂചന നൽകുന്നുവെങ്കിലും അനേകം ആയത്തുകൾ വ്യക്തമായി ഈ**

വിഷയത്തെ കുറിച്ച് പരാമരാശം നടത്തി. പരിശുദ്ധ ഖുർആനിലെ ആദ്യ കൽപന തന്നെ ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്ന കൽപനയാകുന്നു.

﴿يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ﴾

"ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ". (അൽ ബഖറ : 21)

അഥവാ : അവനെ മാത്രം ആരാധിക്കുക.

പരിശുദ്ധ ഖുർആനിലെ ആദ്യത്തെ നിരോധനം ആരാധനകളിൽ അല്ലാഹുവിന്റെ കൂടെ ആരെയും പങ്കു ചേർക്കരുത് എന്നതാണ് , അല്ലാഹു പറഞ്ഞു :

﴿فَلَا تَجۡعَلُواْ لِلَّهِ أَندَادٗا وَأَنتُمۡ تَعۡلَمُونَ﴾

"അതിനാൽ (ഇതെല്ലാം) അറിഞ്ഞ് കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്". (അൽ ബഖറ : 22)

പരിശുദ്ധ ഖുർആനിലെ വളരെ ചെറിയ സൂറത്ത് ആയ സൂറത്തുൽ ഇഖ്ലാസ് ഖുർആനിലെ മൂന്നിലൊന്നിന് തുല്യമാണെന്ന് ഇസ്ലാം നമ്മെ പഠിപ്പിച്ചു, കാരണം അത് തൗഹീദ് ഉൾക്കൊള്ളുന്നു, അതേപോലെ പരിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്വമുള്ള ആയത്ത് ആയത്തുൽ കുർസിയാണെന്നും ഇസ്ലാം നമുക്ക് പഠിപ്പിച്ചു തരുന്നു , അതിലെ ചർച്ചാവിഷയവും തൗഹീദ് തന്നെയാകുന്നു.

നബി-ﷺ-പ്രബോധനത്തിന്റെ ആദ്യ പത്തുവർഷക്കാലം ജനങ്ങളെ തൗഹീദിലേക്ക് മാത്രം ക്ഷണിച്ചു, പിന്നീടാണ് ഇസ്ലാമിന്റെ മറ്റു നിയമങ്ങൾ നിയമമാക്കപ്പെട്ടത്, ധാരാളം കർമങ്ങൾ പിന്നീട് നിയമമാക്കപ്പെട്ടെങ്കിലും തൗഹീദിന്റെ പ്രാധാന്യം ഒട്ടും കുറക്കാതെ അതിന്റെ കൂടെ മറ്റു കർമങ്ങൾ പഠിപ്പിക്കുകയാണ് അവിടുന്ന് -ﷺ- ജീവിതവസാനം വരെ ചെയ്തത്.

അവിടുന്ന് രാവിലെയും വൈകിട്ടും തൗഹീദ് ഉൾകൊള്ളുന്ന ഈ

ദിക്ർ പറയുമായിരുന്നു : "അസ്ബഹ്നാ അലാ ഫിത്റത്തിൽ ഇസ്ലാം , വ അലാ കലിമത്തിൽ ഇഖ്ലാസ് , വ അലാ ദീനി നബിയ്യിനാ മുഹമ്മദിൻ -ﷺ- , വ അലാ മില്ലത്തി അബീനാ ഇബ്റാഹീം ഹനീഫൻ മുസ്ലിമൻ , വ മാ കാന മിനൽ മുശ്രികീൻ" (ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചു ഇസ്ലാമിന്റെ ശുദ്ധ പ്രകൃതിയിലായി, ഏകദൈവാരാധനയുടെ വചനത്തിലായി, ഞങ്ങളുടെ നബിയായ മുഹമ്മദ് നബി -ﷺ- യുടെ ദീനിലായി , മുസ്ലിമും ഹനീഫു(ശിർക്കിനോട് വിമുഖത കാണിച്ച് തൗഹീദിലേക്ക് തിരിയുന്നവനു)മായ ഞങ്ങളുടെ പിതാവ് ഇബ്രാഹീം - عليه السلام-ന്റെ മാർഗ്ഗത്തിലായി , അദ്ദേഹം ബഹുദൈവരാധകരിൽ പെട്ടവരായിരുന്നില്ല). (അഹ്മദ്)

നബി -ﷺ- അവിടുത്തെ ദിവസം തുടങ്ങുന്നത് തന്നെ തൗഹീദ് കൊണ്ടായിരുന്നു , രാവിലെ ഫജർ നിസ്കാരത്തിന് മുമ്പുള്ള രണ്ട് റക്അത്ത് സുന്നത്ത് നിസ്കാരത്തിൽ തൗഹീദിന്റെ ആശയം പ്രകടമായി നിൽക്കുന്ന സൂറത്തുൽ കാഫിറൂനും സൂറത്തുൽ ഇഖ്ലാസും അവിടുന്ന് -ﷺ- പാരായണം ചെയ്യാറുണ്ടായിരുന്നു. അവിടുത്തെ ഒരു ദിവസം അവസാനിക്കുന്നതും തൗഹീദ് കൊണ്ടായിരുന്നു. അവിടുന്ന് ഒരു ദിവസത്തിലെ അവസാന നിസ്കാരമായ വിത്റിലും സൂറത്തുൽ കാഫിറൂനും സൂറത്തുൽ ഇസ്ലാം ആണ് ഓതിയിരുന്നത്.

തൗഹീദിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്താൻ നബി - -ﷺ വസിയ്യത്ത് ചെയ്തു, സ്വർഗ്ഗ പ്രവേശനത്തിന് കാരണമാകുന്ന സൽകർമ്മം എനിക്ക് പറഞ്ഞു തരണം എന്ന് ആവശ്യപ്പെട്ട വ്യക്തിയോട് അവിടുന്ന് -ﷺ- പറഞ്ഞു : "നീ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവന്റെ കൂടെ മറ്റൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക , നിനക്ക് നിർബന്ധമാക്കപ്പെട്ട നിസ്കാരം നീ നിലനിർത്തുക , നിശ്ചയിക്കപ്പെട്ട സക്കാത്ത് നീ നൽകുക, റമദാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുക ". (ബുഹാരി , മുസ്ലിം)

ആരാധനകൾ അല്ലാഹുവിന് മാത്രമേ സമർപ്പിക്കാവൂ എന്നതിൽ പ്രവാചകൻ അവിടുത്തെ സഹാബത്തിനോട് തനിക്ക് അനുസരണ പ്രതിജ്ഞ നൽകാൻ പറയാറുണ്ടായിരുന്നു. ഔഫ് ബിൻ മാലിക് -رضي الله عنه- പറയുന്നു : ഞങ്ങൾ ഏഴെട്ടൊമ്പത് പേർ പ്രവാചകൻ -ﷺ- യുടെ അടുത്തായിരുന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു : "നിങ്ങൾ അല്ലാഹുവിന്റെ റസൂലിനോട് ഉടമ്പടി ചെയ്യുന്നില്ലേ"? ഞങ്ങൾ പറഞ്ഞു : "ഞങ്ങൾ ഈയിടെ അനുസരണ പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ? ഇനി എന്ത് കാര്യത്തിന്മേലാണ് ഞങ്ങൾ താങ്കളോട് ഉടമ്പടി ചെയ്യേണ്ടത്" ? അവിടുന്ന് പറഞ്ഞു : "നിങ്ങൾ പ്രതിജ്ഞ ചെയ്യേണ്ടത് ; നിങ്ങൾ അല്ലാഹുവിനെ മാത്രമേ ആരാധിക്കുകയുള്ളൂ , അവനിൽ ഒന്നിനെയും പങ്കുചേർക്കുകയില്ല, നിങ്ങൾ അഞ്ച് നേരം നമസ്കാരം നിർവഹിക്കുകയും ചെയ്യും എന്ന കാര്യത്തിലാകുന്നു". (മുസ്ലിം)

ഓരോരോ പ്രദേശങ്ങളിലേക്ക് പ്രബോധകരെ നിയോഗിക്കുമ്പോഴും അവർ ജനങ്ങളെ ആദ്യം ക്ഷണിക്കേണ്ടത് തൗഹീദിലേക്ക് ആയിരിക്കണമെന്ന് പ്രവാചകൻ -ﷺ- കൽപ്പിക്കാറുണ്ടായിരുന്നു. മുആദ് -رضي الله عنه-നെ യമനിലേക്ക് നിയോഗിക്കുമ്പോൾ അവിടുന്ന് -ﷺ- പറഞ്ഞു : "നീ പോകുന്നത് വേദക്കാരുടെ അരികിലേക്ക് ആണ്. അവരെ ആദ്യം ക്ഷണിക്കേണ്ടത് ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും ഞാൻ അല്ലാഹുവിന്റെ പ്രവാചകനുമാണ് എന്ന സാക്ഷ്യവചനത്തിലേക്കായിരിക്കണം".(ബുഖാരി,മുസ്ലിം)

പ്രതിനിധി സംഘങ്ങൾ പ്രവാചകൻ -ﷺ-യെ സമീപിച്ചാൽ ആദ്യം അവർക്ക് ഉൽബോധനം നൽകുക തൗഹീദിനെ കുറിച്ചായിരുന്നു. അബ്ദുൽ ഖൈസ് ഗോത്ര പ്രതിനിധികൾ പ്രവാചകനരികിലേക്ക് വന്നപ്പോൾ അവിടുന്ന് -ﷺ-അവരോട് ചോദിച്ചു : "അല്ലാഹുവിൽ മാത്രം വിശ്വസിക്കുക എന്നാൽ എന്താണെന്നറിയാമോ" ? അവർ പറഞ്ഞു : "അല്ലാഹുവും റസൂലുമാണ് ഏറ്റവും അറിയുന്നവർ" . അവിടുന്ന് -ﷺ- പറഞ്ഞു : "ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുൻ റസൂലുല്ലാഹ് സാക്ഷ്യം

വഹിക്കലാകുന്നു". (ബുഖാരി , മുസ്ലിം)

എല്ലാ പ്രവാചകന്മാരും അവരുടെ സമുദായം വിഗ്രഹാരാധനയിൽ ഏർപ്പെട്ട് പിശാചിന്റെ കെണിയിൽ അകപ്പെടുന്നത് ഭയന്നിരുന്നു. ഇബ്റാഹീം നബി-عليه السلام- പറഞ്ഞു :

﴿وَٱجۡنُبۡنِي وَبَنِيَّ أَن نَّعۡبُدَ ٱلۡأَصۡنَامَ﴾

"എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തേണമേ". (ഇബ്റാഹീം : 35)

നമ്മുടെ നബി -ﷺ- യും തന്റെ സമുദായത്തിൽ ശിർക്ക് കടന്നു വരുന്നത് ഭയന്നിരുന്നു, അവിടുന്ന് -ﷺ- പറഞ്ഞു : "നിങ്ങളുടെ മേൽ ഞാൻ ഏറ്റവും അധികം ഭയപ്പെടുന്നത് ചെറിയ ശിർക്ക് ആകുന്നു". അവിടുന്ന് ചോദിക്കപ്പെട്ടു : "എന്താണ് ചെറിയ ശിർക്ക്" ? അവിടുന്ന്--ﷺ പറഞ്ഞു : "രിയാഅ് (ആളുകളെ കാണിക്കാൻ സൽകർമങ്ങൾ ചെയ്യൽ) ആകുന്നു". (അഹ്മദ്).

അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നുള്ളത് അടിമകളുടെ മേൽ അല്ലാഹുവിനോടുള്ള കടമയാണ്. നബി -ﷺ- മുആദ് - رضي الله عنه-നോട് ചോദിച്ചു: "മുആദേ ; അടിമകൾക്ക് അല്ലാഹുവിനോടുള്ള ബാധ്യത എന്താണെന്ന് താങ്കൾക്കറിയാമോ" ? അദ്ദേഹം പറഞ്ഞു : "അല്ലാഹുവും റസൂലും ആണ് ഏറ്റവും അറിയുന്നവർ". അവിടുന്ന് -ﷺ- പറഞ്ഞു : "അടിമകളുടെ മേൽ അല്ലാഹുവിനോടുള്ള ബാധ്യത ; അല്ലാഹുവിൽ മറ്റൊന്നിനെയും പങ്കുചേർക്കാതെ ആരാധനകൾ അവന് മാത്രം സമർപ്പിക്കുക എന്നതാണ്". (ബുഖാരി,മുസ്ലിം)

തൗഹീദ് അടിമയെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും നരകത്തിൽ നിന്ന് വിദൂരത്താക്കുകയും ചെയ്യുന്നു. നബി -ﷺ- ഒരു യാത്രയിലായിരിക്കെ യാത്രാമദ്ധ്യേ ഒരു ഗ്രാമീണൻ പ്രവാചകൻ -ﷺ- യുടെ അരികിൽ വരികയും (അവിടുത്തെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിക്കുകയും) ഇപ്രകാരം ചോദിക്കുകയും ചെയ്തു : "അല്ലാഹുവിന്റെ

ദൂതരെ , എന്നെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽ നിന്ന് അകറ്റുന്നതുമായ കാര്യം അവിടുന്ന് എനിക്ക് വിശദീകരിച്ചു തന്നാലും". ഉടനെ പ്രവാചകൻ -ﷺ- യാത്ര നിർത്തി. പിന്നെ തന്റെ അനുചരന്മാരെ നോക്കിക്കൊണ്ടു പറഞ്ഞു: "അയാൾക്ക് ഭാഗ്യം ലഭിച്ചിരിക്കുന്നു , അല്ലെങ്കിൽ അയാൾ സന്മാർഗത്തിലേക്ക് നയിക്കപ്പെട്ടിരിക്കുന്നു". ശേഷം പ്രവാചകൻ -ﷺ- അദ്ദേഹത്തോട് ചോദ്യം വീണ്ടും ചോദിക്കാൻ ആവശ്യപ്പെട്ടു. ആ ഗ്രാമീണൻ അത് വീണ്ടും ആവർത്തിച്ചു. അപ്പോൾ പ്രവാചകൻ പറഞ്ഞു : "നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനിൽ ഒന്നും പങ്കുചേർക്കാതിരിക്കുക , നീ നിസ്കാരം നിലനിർത്തുക , സകാത്ത് നൽകുക , കുടുംബ ബന്ധം ചേർക്കുക , (ശേഷം അവിടുന്ന് പറഞ്ഞു : ഒട്ടകത്തിന്റെ മൂക്കുകയർ വിട്ടേക്കുക). (ബുഖാരി മുസ്ലിം)

തൗഹീദ് സ്വീകരിക്കാത്തവന് ഇഹപര ലോകത്ത് വിജയമില്ല. നബി-ﷺ- പറഞ്ഞു : "ജനങ്ങളെ നിങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹ്' പറയുവിൻ എന്നാൽ നിങ്ങൾക്ക് വിജയിക്കാം". ഒരു വ്യക്തിയുടെ 'പര്യവസാനം ആ വാക്കുകളിലാണ് എങ്കിൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. നബി -ﷺ-പറഞ്ഞു: "ആരുടെ അവസാനവാക്ക് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നാണോ അവൻ സ്വർഗത്തിൽ പ്രവേശിച്ചിരിക്കുന്നു". ആ വാക്കിൽ അടിയുറച്ച് വിശ്വസിച്ചവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും നരകത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും. നബി -ﷺ- പറഞ്ഞു : "മറ്റൊന്നിനെയും പങ്കു ചേർക്കാതെ ആരാധനകൾ അല്ലാഹുവിന് മാത്രം അർപ്പിച്ചുകൊണ്ട് മരണപ്പെട്ട വ്യക്തി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. ഇനി അല്ലാഹുവിൽ പങ്കു ചേർത്തുകൊണ്ടാണ് അവൻ മരണപ്പെടുന്നതെങ്കിൽ നരകത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്". (മുസ്ലിം)

തൗഹീദുള്ളവരുടെ പ്രവർത്തനങ്ങളിൽ തന്നെ അവരുടെ മനസ്സിലുള്ള ഈമാനിന്റെയും നിഷ്കളങ്കതയുടെയും അടിസ്ഥാനത്തിൽ ഏറ്റകുറച്ചിൽ വരുന്നതാണ്. ഒരു വിശ്വാസി ഉടമപ്പെടുത്തുന്ന ഏറ്റവും മൂല്യമുള്ള സമ്പാദ്യം അത് തൗഹീദ്

തന്നെയാണ്. അതിനാൽ, അതിനെ നശിപ്പിക്കുന്ന, അല്ലെങ്കിൽ അതിന്റെ പൂർണ്ണതയ്ക്ക് കുറവ് വരുത്തുകയോ അതിന്റെ ശുദ്ധിയെ മലിനമാക്കുകയോ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അതിനെ സംരക്ഷിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്.

ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : "തൗഹീദ് എന്നുള്ളത് വളരെ ലളിതമായ സുന്ദരമായ ഭംഗിയുള്ള പരിശുദ്ധമായ ഒരു ആശയമാണ് . വളരെ ചെറിയ കാര്യങ്ങൾ അതിന് കളങ്കം വരുത്തും. അതൊരു കണ്ണാടിക്ക് അല്ലെങ്കിൽ തൂവെള്ള വസ്ത്രത്തിന് സമാനമാണ്. വളരെ ചെറിയ കറകൾ തന്നെ അതിൽ വ്യക്തമായി പ്രകടമാകും".

പ്രവാചകന്മാരിൽ നിന്ന് ശിർക്ക് സംഭവിക്കുകയാണെങ്കിൽ അവരുടെ സൽകർമ്മങ്ങൾ നിഷ്ഫലമാക്കുമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകി. പ്രവാചകന്മാരുടെ കാര്യം ഇങ്ങനെയാണ് എങ്കിൽ മറ്റുള്ളവരിൽ നിന്ന് ശിർക്ക് സംഭവിച്ചാൽ അത് എത്ര ഗൗരവമുള്ളതാണ്? അല്ലാഹു പറഞ്ഞു :

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَٰسِرِينَ﴾

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും". (സുമർ: 65)

ഈ കാരണങ്ങളാലാണ് ഇബ്റാഹീം നബി -عليه السلام- ശിർക്കിൽ അകപ്പെടുന്നതിനെ ഭയപ്പെട്ടത്. അദ്ദേഹം കഅ്ബ പണിതു കൊണ്ടിരിക്കെ അല്ലാഹുവിനോട് പ്രാർഥിച്ചു :

﴿وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ﴾

"എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക്

ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തേണമേ". (ഇബ്റാഹീം : 35)

അല്ലാഹുവിന്റെ ഖലീലായ ഇബ്റാഹീം നബി -عليه السلام- തന്റെ മേൽ ശിർക്കിൽ അകപ്പെടുന്നത് ഭയപ്പെട്ടിരുന്നുവെങ്കിൽ മറ്റുള്ളവർ എത്ര ഗൗരവത്തോടെ ഈ വിഷയത്തെ നോക്കി കാണണം..?

പരിശുദ്ധമായ ദീനുൽ ഇസ്ലാമിന്റെ അടിസ്ഥാനത്തെക്കുറിച്ച് മക്കൾക്ക് പഠിപ്പിച്ചു കൊടുക്കുകയും അതിനെക്കുറിച്ച് നിരന്തരം അവരോട് ചോദിക്കുക എന്നതും പ്രവാചകന്മാരുടെ രീതിയാണ്. യഅ്ഖൂബ് നബിക്ക് മരണമാസന്നമായപ്പോൾ അദ്ദേഹത്തിന്റെ മക്കളോട് അദ്ദേഹം ചോദിച്ചത് തൗഹീദിനെക്കുറിച്ചാണ്.

﴿أَمْ كُنتُمْ شُهَدَآءَ إِذْ حَضَرَ يَعْقُوبَ ٱلْمَوْتُ إِذْ قَالَ لِبَنِيهِ مَا تَعْبُدُونَ مِنۢ بَعْدِى ۖ قَالُوا۟ نَعْبُدُ إِلَٰهَكَ وَإِلَٰهَ ءَابَآئِكَ إِبْرَٰهِـۧمَ وَإِسْمَٰعِيلَ وَإِسْحَٰقَ إِلَٰهًا وَٰحِدًا وَنَحْنُ لَهُۥ مُسْلِمُونَ﴾

"എനിക്ക് ശേഷം എന്തിനെയാണ് നിങ്ങൾ ആരാധിക്കുക?' എന്ന് യഅ്ഖൂബ് മരണം ആസന്നമായ സന്ദർഭത്തിൽ തന്റെ സന്തതികളോട് ചോദിച്ചപ്പോൾ നിങ്ങളവിടെ സന്നിഹിതരായിരുന്നോ? അവർ പറഞ്ഞു: "താങ്കളുടെ ആരാധ്യനായ, താങ്കളുടെ പിതാക്കളായ ഇബ്രാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും ആരാധ്യനായ ഏക ഇലാഹിനെ മാത്രം ഞങ്ങൾ ആരാധിക്കും. ഞങ്ങൾ അവന്ന് കീഴ്പെട്ട് ജീവിക്കുന്നവരുമായിരിക്കും". (അൽ ബഖറ : 133)

നമ്മുടെ നബി -ﷺ- തന്റെ അരികിൽ വന്ന അടിമസ്ത്രീയോട് ചോദിക്കുന്നു : "അല്ലാഹു എവിടെയാണ് "? അവർ മറുപടി പറഞ്ഞു : "അല്ലാഹു ആകാശത്തിലാകുന്നു". (മുസ്ലിം)

അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ രചിച്ചിരിക്കുന്ന വിശ്വാസ കാര്യങ്ങൾ വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കുകയും അവരുടെ വിജ്ഞാന സദസ്സുകളിൽ പങ്കെടുക്കുകയും ചെയ്യുക എന്നുള്ളത് ദീനിൽ ഉറച്ചുനിൽക്കാൻ നമ്മെ സഹായിക്കുന്ന പ്രധാന ഘടകമാകുന്നു. നബി

-ﷺ-പറഞ്ഞു : "രണ്ട് കാര്യങ്ങൾ ഞാൻ നിങ്ങൾക്കിടയിൽ വിട്ടേച്ച് പോകുന്നു , അവ മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ വഴികേടിലാവില്ല ; അത് പരിശുദ്ധ ഖുർആനും എന്റെ സുന്നത്തുമാകുന്നു".(ഹാകിം )

മുഹമ്മദ് ബിനു അബ്ദുൽ വഹാബ് -رحمه الله- പറയുന്നു : "നിസ്കാരമടക്കമുള്ള എല്ലാ ആരാധനാ കർമ്മങ്ങൾക്ക് മുമ്പായി നീ നന്നായി പഠിച്ചിരിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതും തൗഹീദിനെ കുറിച്ചാകുന്നു".

ദീനിൽ അടിയുറച്ച് നിലകൊള്ളാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക എന്നുള്ളത് പ്രവാചകന്മാരുടെ മാർഗമാണ്. യൂസുഫ് നബി -عليه السلام- ഇപ്രകാരം പ്രാർഥിച്ചു :

﴿تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِٱلصَّٰلِحِينَ﴾

"എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ". (യൂസുഫ്: 101)

തൗഹീദിനെ മഹത്വവൽക്കരിക്കുകയും, അതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും , അതിന് കോട്ടം വരുത്തുന്ന സകല പിഴച്ച വാദങ്ങളിൽ നിന്നും അകന്നു നിൽക്കുകയും ചെയ്യുക എന്നതും സന്മാർഗത്തിലുറച്ച് നിൽക്കാൻ സഹായിക്കുന്ന മാർഗങ്ങളാണ് .

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَٱللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَىٰكُمْ﴾

"അല്ലാഹുവല്ലാതെ യാതൊരു ആരാധനക്കർഹനുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക.) നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ

താമസവും അല്ലാഹു അറിയുന്നുണ്ട്". (മുഹമ്മദ്: 19)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ.

## രണ്ടാം ഖുത്വുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

ആത്മസംസ്കരണത്തിന് ഏറെ ഉപകാരപ്രദമായ കാര്യം തൗഹീദിലുള്ള അടിയുറച്ച വിശ്വാസമാണ്. അല്ലാഹുവിന് പുറമേ ആരാധികപ്പെടുന്ന സകലതും നിഷേധിച്ച് ആരാധനകൾ അല്ലാഹുവിന് മാത്രം അർപ്പിച്ചാൽ അല്ലാതെ തൗഹീദ് സാക്ഷാത്കരിക്കപ്പെടില്ല. അതാണ് കലിമത്തു തൗഹീദിന്റെ തേട്ടവും. നബി -ﷺ- പറഞ്ഞു : "ഏതൊരാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നുച്ചരിക്കുകയും, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന എല്ലാം നിഷേധിക്കുകയും ചെയ്തുവോ അവന്റെ സ്വത്ത് പിടിച്ചെടുക്കലും , രക്തം ചിന്തലും (വധിക്കലും) നിഷിദ്ധമാണ്. അവന്റെ വിചാരണ അല്ലാഹു നിർവഹിക്കുന്നതാണ്". (മുസ്ലിം)

തൗഹീദിലധിഷ്ഠിതമായി ജീവിതം ക്രമീകരിച്ചവരുടെ പ്രയാസങ്ങൾ നീങ്ങുകയും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുകയും ചെയ്യും. അവരുടെ അമലുകൾ സ്വീകരിക്കപ്പെടുകയും അതിന് ഇരട്ടിയായി പ്രതിഫലം നൽകപ്പെടുകയും ചെയ്യും, അവർക്ക് സന്തുഷ്ടമായ ജീവിതം ലഭിക്കുകയും അവരുടെ പാപങ്ങൾ

മാപ്പാക്കപ്പെടുകയും ചെയ്യും, അവസാനം - യാതൊരു വിചാരണയോ ശിക്ഷയോ കൂടാതെ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യും.

പരിശുദ്ധമായ ദീനുൽ ഇസ്ലാമിൽ പ്രവേശിക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നതിനേക്കാൾ വലിയൊരു നേട്ടം ഒരു അടിമക്ക് ലഭിക്കാനില്ല.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവിന്റെ മഹത്വം [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

ഇല്ലായ്മയിൽ നിന്ന് അല്ലാഹു അവന്റെ അടിമകളെ സൃഷ്ടിക്കുകയും അവർക്ക് അനേകം അനുഗ്രഹങ്ങൾ ചൊരിയുകയും അവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നീക്കി കൊടുക്കുകയും ചെയ്തു . ശുദ്ധമായ മനസ്സിന് ഉടമകൾ എന്നും അവർക്ക് അനുഗ്രഹം ചെയ്തവരോട് നന്ദി കാണിക്കുന്നവരായിരിക്കും.

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന റബ്ബിനെ കുറിച്ച് അറിയുക

(1)18/05/1432 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

എന്നത് ഭക്ഷണപാനീയങ്ങളെക്കാൾ നമുക്ക് ആവശ്യമുള്ള കാര്യമാകുന്നു. അല്ലാഹുവെ അറിയുകയും അവനെ സ്നേഹിക്കുകയും അവന് മാത്രം ആരാധനകൾ സമർപ്പിക്കുകയും ചെയ്യുക എന്നതിലൂടെയല്ലാതെ ഇഹ-പര ലോകത്ത് സന്തുഷ്ടരാകാൻ സാധിക്കുകയില്ല. അല്ലാഹുവെ കുറിച്ചുള്ള അടിമയുടെ അറിവിന്റെ തോതനുസരിച്ച് അവൻ അല്ലാഹുവെ മഹത്വപ്പെടുത്തുകയും അവനിൽ വിശ്വസിക്കുകയും ചെയ്യും.

അവയവങ്ങളെ അല്ലാഹുവിന് കീഴ്പ്പെടുത്തുന്നതിനേക്കാളും പ്രാധാന്യമർഹിക്കുന്നത് ഹൃദയത്തെ അല്ലാഹുവിന് കീഴ്പ്പെടുത്തുക എന്നുള്ളതാണ്. അതെന്നും നിലനിൽക്കാൻ നാം നിർബന്ധമായും ശ്രദ്ധ കാണിക്കണം. അവയവങ്ങളുടെ കർമ്മങ്ങൾ തന്നെ ഹൃദയ സംസ്കരണത്തിനു വേണ്ടിയാകുന്നു. ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : "ഒരു അടിമ അല്ലാഹുവിന് നൽകുന്ന സ്ഥാനം എന്താണോ അതായിരിക്കും അല്ലാഹുവിനരികിൽ അടിമയുടെ സ്ഥാനം".

സൃഷ്ടികൾ സൃഷ്ടാവായ റബ്ബിനെ അറിയേണ്ടതുപോലെ അറിയുമ്പോൾ അതിലൂടെ സമാധാനവും ആശ്വാസവും കണ്ടെത്താൻ സാധിക്കുന്നു. അല്ലാഹുവിനെയും അവന്റെ വിശേഷണങ്ങളെയും കുറിച്ച് ഒരു അടിമയുടെ അറിവ് എത്രമാത്രം വിശാലമാണോ അത്രയും അല്ലാഹുവിൽ ഭരമേൽപ്പിക്കാൻ അവന് സാധിക്കും. അല്ലാഹിവിന്റെ നാമ-വിശേഷണങ്ങൾ മനസ്സിലാക്കി അല്ലാഹുവിന് ആരാധനകൾ സമർപ്പിക്കുന്നവരാണ് അടിമകളിൽ ഏറ്റവും പൂർണത കൈവരിച്ചവർ.

അല്ലാഹുവിന് അവന്റെ മഹത്വത്തെ അറിയിക്കുന്ന അത്യുത്തമമായ പേരുകളും അവന്റെ പൂർണ്ണതയെ അറിയിക്കുന്ന ഉന്നതമായ വിശേഷണങ്ങളും ഉണ്ട്. നബി-ﷺ- അവിടുത്തെ റുകൂഇൽ ഇപ്രകാരം പറയാറുണ്ട് : "സുബ്ഹാന ദിൽ ജബറൂത്തി വൽ മലകൂതി വൽ കിബ്രിയാഇ വൽ അളമ" (സർവ്വശക്തിയുള്ളവനും പരമാധികാരമുള്ളവനും പരമാധിപത്യമുള്ളവനും അതീവ മഹത്വമുള്ളവനായ അല്ലാഹുവിനെ ഞാൻ വാഴ്ത്തുന്നു.) (നസാഈ) അവിടുന്ന്

-ﷺ- പറയാറുണ്ട് : "ലാ ഉഹ്സ്വീ സനാഅൻ അലൈക , അൻത കമാ അസ്നൈത അലാ നഫ്സിക" (നീ അർഹിക്കുന്ന സ്തുതിയും നന്ദിയും എനിക്ക് കണക്കാക്കാൻ കഴിയില്ല! നീ നിന്റെ മഹത്വം വാഴ്ത്തിയത് എങ്ങനെയാണോ അങ്ങനെ തന്നെയാണ് നീ". (മുസ്ലിം)

ആകാശഭൂമികളിലുള്ള എല്ലാം അല്ലാഹുവെ എല്ലാ കുറവുകളിൽ നിന്നും ന്യൂനതകളിൽ നിന്നും പരിശുദ്ധിപ്പെടുത്തുന്നു , അല്ലാഹു പറഞ്ഞു :

﴿سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ﴾

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു". (അൽ ഹശ്ർ : 1)

എല്ലാം അല്ലാഹുവിന് വേണ്ടി സുജൂദ് ചെയ്യുന്നു :

﴿وَلِلَّهِ يَسْجُدُ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ مِن دَآبَّةٍ وَٱلْمَلَٰٓئِكَةُ وَهُمْ لَا يَسْتَكْبِرُونَ﴾

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമായ ഏതൊരു ജീവിയും അല്ലാഹുവിന് സുജൂദ് ചെയ്യുന്നു. മലക്കുകളും (സുജൂദ് ചെയ്യുന്നു.) അവർ അഹങ്കാരം നടിക്കുന്നില്ല". (അന്നഹ്ൽ : 49)

സൃഷ്ടിപ്പും നിയന്ത്രണാധികാരവും അല്ലാഹുവിന് മാത്രമാകുന്നു. ഏറ്റവും മികച്ച രൂപത്തിൽ അവൻ എല്ലാം സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്തു. ആകാശഭൂമികളെ സൃഷ്ടിക്കുന്നതിന് അമ്പതിനായിരം വർഷങ്ങൾക്കു മുമ്പ് തന്നെ നടക്കാനിരിക്കുന്ന എല്ലാ കാര്യങ്ങളും അവൻ നിശ്ചയിച്ചു. അവന്റെ വിധി മാത്രമാണ് നടപ്പാക്കപ്പെടുക, അതിൽ ആർക്കും യാതൊരു പങ്കുമില്ല. അവന്റെ തീരുമാനങ്ങളെ തടയുവാനോ തിരുത്തുവാനോ ആർക്കും സാധ്യമല്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമാകുന്നു, സകല സൃഷ്ടികളും അവന്റെ അധികാരത്തിന് കീഴിലാകുന്നു. അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ, ചിരിപ്പിക്കുകയും കരയിപ്പിക്കുകയും

ചെയ്യുന്നവൻ, ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നവൻ, ഗർഭാശയത്തിൽ അവൻ ഉദ്ദേശിക്കുന്ന വിധത്തിൽ സൃഷ്ടിയെ രൂപപ്പെടുത്തുന്നതും അവൻ തന്നെയാകുന്നു.

﴿ مَّا مِن دَآبَّةٍ إِلَّا هُوَ ءَاخِذٌۢ بِنَاصِيَتِهَآ ﴾

“അവൻ നെറുകയിൽ പിടിക്കാത്ത (നിയന്ത്രിക്കാത്ത) ഒരു ജീവിയും ഇല്ല”. (ഹൂദ്: 56)

അവൻ ഉദ്ദേശിക്കുന്ന പോലെ അവൻ കാര്യങ്ങൾ നടപ്പിലാക്കുന്നു, അടിമകളുടെ ഹൃദയങ്ങൾ അവന്റെ രണ്ടു വിരലുകൾക്കിടയിലാണ് ; അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ അതിനെ മാറ്റിമറിക്കുന്നു, അവരുടെ നിയന്ത്രണാധികാരം അവന് മാത്രമാണ്, എല്ലാ കാര്യങ്ങളും അവന്റെ ഖളാ-ഖദർ (വിധിയും തീരുമാനവും) അനുസരിച്ചു മാത്രമാണ് നടക്കുന്നത്.

അല്ലാഹുവിന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യാനോ അവനെ അതിജയിക്കുവാനോ ആർക്കും സാധ്യമല്ല, മനുഷ്യരെല്ലാവരും ഒരുമിച്ചു കൂടുകയും ഏതെങ്കിലും ഒരു വ്യക്തിക്ക് അല്ലാഹു വിധിക്കാത്ത ഒരു ഉപകാരമോ ഉപദ്രവമോ ഉണ്ടാക്കണം എന്ന് കരുതിയാൽ അതൊരിക്കലും സാധിക്കുകയില്ല.

അല്ലാഹു ശിക്ഷ ഇറക്കാൻ തീരുമാനിച്ചാൽ അതിനെ തടുക്കുവാനോ , ഇറക്കിയിരിക്കുന്ന ശിക്ഷയെ തട്ടി മാറ്റുവാനോ ആർക്കും സാധ്യമല്ല. അവൻ ഉദ്ദേശിക്കുന്നതിനെ അവൻ സൃഷ്ടിക്കുകയും അവൻ ഇഷ്ടമുള്ളത് പ്രവർത്തിക്കുകയും ചെയ്യുന്നു.

﴿لَا يُسْـَٔلُ عَمَّا يَفْعَلُ﴾

“അവന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവൻ ചോദ്യം ചെയ്യപ്പെടുകയില്ല”. (അൽ അമ്പിയാഅ്: 23)

എന്നാൽ സൃഷ്ടികൾ എല്ലാവരും ചോദ്യം ചെയ്യപ്പെടുന്നവരാണ്. അവൻ സ്വയം പര്യാപ്തനും എല്ലാത്തിനും അധികാരമുള്ളവനും

ആണ്. അദൃശ്യമായ കാര്യങ്ങളുടെ വിജ്ഞാനം അവന്റെ മാത്രമാണ്. മലക്കുകൾക്ക് പോലും അതിനെക്കുറിച്ച് അവൻ അറിവ് നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ നാളെ ആരൊക്കെ മരണപ്പെടും , അല്ലെങ്കിൽ നാളെ എന്ത് സംഭവിക്കും എന്ന കാര്യങ്ങളൊക്കെ അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

അവനാകുന്നു അടിമകളുടെ ഉടമസ്ഥൻ , അവരുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നതും ; അവരോട് കൽപ്പിക്കുന്നതും വിലക്കുന്നതും, അവർക്ക് നൽകുന്നതും നൽകാതിരിക്കുന്നതും, അവരെ ഉയർത്തുന്നതും താഴ്ത്തുന്നതും എല്ലാം അവന്റെ തീരുമാനപ്രകാരം മാത്രമാകുന്നു. അവന്റെ ഉദ്ദേശം അനുസരിച്ച് അവന്റെ കൽപ്പനകൾ ഇവിടെ നടപ്പാക്കപ്പെടുന്നു. അവൻ ഉദ്ദേശിക്കുന്നത് മാത്രം സംഭവിക്കുന്നു അവൻ ഉദ്ദേശിക്കാത്തതൊന്നും സംഭവിക്കുകയുമില്ല.

﴿يَسْـَٔلُهُۥ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ كُلَّ يَوْمٍ هُوَ فِى شَأْنٍ﴾

"ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു". (അറഹ്മാൻ: 29)

സൃഷ്ടികളുടെ പ്രയാസങ്ങൾ നീക്കുന്നതും, വേദനകൾ അകറ്റുന്നതും, ദരിദ്രർക്ക് ഐശ്വര്യം നൽകുന്നതും, ചോദിക്കുന്നവർക്ക് ഉത്തരം നൽകുന്നതും തുടങ്ങി അടിമകളുടെ എല്ലാ ആവശ്യങ്ങളും എളുപ്പമാക്കുന്നതും അവനാകുന്നു. അവനെ കുറിച്ച് അവൻ പറഞ്ഞു :

﴿وَمَا كُنَّا عَنِ ٱلْخَلْقِ غَـٰفِلِينَ﴾

"സൃഷ്ടിയെ പറ്റി നാം അശ്രദ്ധയിലായിട്ടില്ല". (അൽ മുഅമിനൂൻ: 17)

അവന്റെ അറിവ് എല്ലാം ഉൾക്കൊള്ളുന്നു, എന്തായിരുന്നുവെന്നും എന്തായിരിക്കുമെന്നും അവനറിയാം, അവന്റെ അറിവ് കൊണ്ടല്ലാതെ ഒരു അണു ചലിക്കുകയോ ഒരു ഇല

പൊഴിയുകയോ ഇല്ല, രഹസ്യവും പരസ്യവും അവനു തുല്യമാണ്. അല്ലാഹു പറഞ്ഞു :

﴿سَوَآءٌ مِّنكُم مَّنْ أَسَرَّ ٱلْقَوْلَ وَمَن جَهَرَ بِهِۦ وَمَنْ هُوَ مُسْتَخْفٍۭ بِٱلَّيْلِ وَسَارِبٌۢ بِٱلنَّهَارِ﴾

"നിങ്ങളുടെ കൂട്ടത്തിൽ നിന്ന് രഹസ്യമായി സംസാരിച്ചവനും പരസ്യമായി സംസാരിച്ചവനും രാത്രിയിൽ ഒളിഞ്ഞിരിക്കുന്നവനും പകലിൽ പുറത്തിറങ്ങി നടക്കുന്നവനുമെല്ലാം (അവനെ സംബന്ധിച്ചിടത്തോളം) സമമാകുന്നു". (റഅ്ദ്: 10)

അവൻ തന്റെ അർശിൽ ഇരിക്കുമ്പോഴും അടിമകളുടെ എല്ലാ ശബ്ദങ്ങളും കേൾക്കുന്നു. ആഇശ -رضي الله عنها- പറഞ്ഞു : "എല്ലാ അടിമകളുടെ ശബ്ദങ്ങളും കേൾക്കുന്ന അല്ലാഹുവിനാകുന്നു സർവ സ്തുതിയും. ഭർത്താവിന്റെ കാര്യത്തിൽ പരാതി പറയാൻ പ്രവാചകനെ സമീപിച്ച സ്ത്രീയെ ഞാൻ വീടിന്റെ പരിസരത്തുണ്ടായിരുന്നിട്ടും അവൾ പറയുന്നത് കേൾക്കാൻ എനിക്ക് കഴിഞ്ഞില്ല. പക്ഷേ , അല്ലാഹു അത് കേൾക്കുകയും അവളുടെ വിഷയത്തിൽ ഈ ആയത്ത് അവതരിപ്പിക്കുകയും ചെയ്തു :

﴿قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِى تُجَٰدِلُكَ فِى زَوْجِهَا وَتَشْتَكِىٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ تَحَاوُرَكُمَآ ۚ إِنَّ ٱللَّهَ سَمِيعٌۢ بَصِيرٌ﴾

"(നബിയേ,) തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്. അല്ലാഹു നിങ്ങൾ രണ്ടു പേരുടെയും സംഭാഷണം കേട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്." (അൽ മുജാദല : 1) (അഹ്മദ് -ആഇശ പറഞ്ഞ ഈ സംഭവം ഉദ്ധരിച്ചിട്ടുണ്ട്)

രാത്രിയുടെ ഇരുട്ടിൽ അടിമകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ അവൻ കാണുന്നു . അല്ലാഹു പറഞ്ഞു :

{ٱلَّذِى يَرَىٰكَ حِينَ تَقُومُ ۞ وَتَقَلُّبَكَ فِى ٱلسَّٰجِدِينَ}

"നീ നിന്നു നിസ്കരിക്കുന്ന സമയത്ത് നിന്നെ കാണുന്നവനത്രെ അവൻ. സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലുള്ള നിന്റെ ചലനവും (കാണുന്നവൻ)". (അശ്ശുഅറാഅ് : 219-218)

അവൻ ആകാശത്തിന് മുകളിലാണെങ്കിലും ഇരുണ്ട രാത്രിയിൽ ഉറച്ച പാറകളിൽ ഒരു കറുത്ത ഉറുമ്പ് ഇഴയുന്നത് അവൻ കാണുന്നു.

അവന്റെ നിധികൾ ആകാശത്തും ഭൂമിയിലും നിറഞ്ഞിരിക്കുന്നു, അവന്റെ കൈകൾ ഔദാര്യത്താൽ വിരിച്ചിരിക്കുന്നു , രാത്രിയും പകലുമൊക്കെ (എല്ലാ സമയത്തും) അവൻ ധാരാളം നൽകുന്നു. അവൻ ഇഷ്ടമുള്ളതുപോലെ ചിലവഴിക്കുന്നു, അവൻ സമൃദ്ധമായി നൽകുന്നവനും ഉദാരമതിയുമാണ്. അടികൾക്ക് അവരുടെ പ്രാർഥനകൾക്ക് മുമ്പും ശേഷവും നൽകുന്നത് അവനാകുന്നു. "വാഴ്ത്തപ്പെട്ടവനും അത്യുന്നതനുമായ നമ്മുടെ റബ്ബ് , രാത്രിയുടെ അവസാന മൂന്നിലൊന്ന് ശേഷിക്കുമ്പോൾ, എല്ലാ രാത്രികളിലും ഒന്നാം ആകാശത്തേക്ക് ഇറങ്ങിവരുന്നു ; എന്നിട്ടവൻ പറയും : "ആരാണ് എന്നോട് പ്രാർഥിക്കുക? ഞാൻ അവന് ഞാൻ ഉത്തരം നൽകുന്നതാണ് , ആരാണ് എന്നോട് ആവശ്യങ്ങൾ ചോദിക്കുന്നത് ? ഞാൻ അവന്റെ ആവശ്യം നിറവേറ്റി നൽകുന്നതാണ്". അവനോട് ചോദിക്കാത്തവനോട് അവൻ കോപ്പിക്കുകയും ചെയ്യും.

തന്റെ ദാനത്തിന്റെ വാതിലുകൾ അവൻ തന്റെ സൃഷ്ടികൾക്കായി തുറന്നു വെച്ചിരിക്കുന്നു , അങ്ങനെ അവൻ സമുദ്രങ്ങളെ അവർക്ക് വിധേയമാക്കുകയും , നദികളെ ഒഴുക്കുകയും , സൃഷ്ടികൾക്ക് ഉപജീവനം നൽകുകയും ചെയ്തു. ഭൂമിയുടെ പ്രതലത്തിലൂടെ സഞ്ചരിക്കുന്ന ഉറുമ്പുകൾക്കും വായുവിൽ സഞ്ചരിക്കുന്ന പറവകൾക്കും വെള്ളത്തിൽ ജീവിക്കുന്ന മൽസ്യങ്ങൾക്കും അവൻ ഭക്ഷണം നൽകി.

﴿وَمَا مِن دَآبَّةٍ فِى ٱلْأَرْضِ إِلَّا عَلَى ٱللَّهِ رِزْقُهَا﴾

“ഭൂമിയിൽ യാതൊരു ജീവിയും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല” (ഹൂദ്: 6)

അവന്റെ ഔദാര്യം എല്ലാവർക്കും ലഭിക്കുന്നു. ഉമ്മയുടെ ഗർഭപാത്രത്തിലുള്ള കുട്ടിക്ക് ഭക്ഷണം നൽകുന്നതും , അധികാരവും ആരോഗ്യവുമുള്ള വലിയവർക്ക് ഭക്ഷണം നൽകുന്നതും അവൻ തന്നെയാകുന്നു. അവൻ അങ്ങേയറ്റം ഉദാരതയുള്ളവനാണ്. തന്റെ സൃഷ്ടികൾക്ക് നാൽകാൻ അവൻ ഇഷ്ടപ്പെടുന്നു. അവനോട് തേടുന്നവർക്ക് അവൻ നൽകും , എന്നാൽ - തന്റെ ആവശ്യങ്ങളുമായി മറ്റുള്ളവരിലേക്ക് പോകുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. എല്ലാ നന്മയും അവനിൽ നിന്ന് മാത്രമാകുന്നു.

﴿وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ﴾

“നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു”. (അന്നഹ്ൽ: 53)

അല്ലാഹുവിങ്കൽ ഉള്ളത് എന്നും അവശേഷിക്കുന്നതാണ്. നബി -ﷺ- പറഞ്ഞു : "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതു മുതൽ അവൻ ചിലവഴിച്ചത് നീ കണ്ടിട്ടുണ്ടോ? അവന്റെ വലതുകയ്യിലുള്ളതിന് ഒരു കുറവും സംഭവിച്ചില്ല” (മുസ്ലിം)

അടിമകളെല്ലാവരും അല്ലാഹുവിനോട് അവരവരുടെ ആവശ്യങ്ങൾ ചോദിക്കുകയും അതൊക്കെ അല്ലാഹു അവർക്ക് നൽകുകയും ചെയ്താലും അല്ലാഹുവിന്റെ ഖജനാവിന് ഒരു കുറവും ഉണ്ടാവുകയില്ല. അല്ലാഹുവിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ നബി -ﷺ- പറഞ്ഞു : “എന്റെ അടിമകളെ, നിങ്ങളിലെ ആദ്യത്തവനും അവസാനത്തവനും മനുഷ്യനും ജിന്നും അവരെല്ലാവരും ഒരു പ്രതലത്തിൽ നിൽക്കുകയും എന്നിട്ട് എന്നോട് ചോദിക്കുകയും ചെയ്തു ; അങ്ങനെ ഓരോ മനുഷ്യനും ഞാൻ അവൻ ചോദിച്ചത് നൽകിയാലും അത് എന്റെ അടുക്കൽ ഉള്ളതിന് ഒരു കുറവും വരുത്തുകയില്ല. ഒരു സൂചി കടലിൽ പ്രവേശിപ്പിച്ചാൽ കുറക്കുന്നതല്ലാതെ”. (മുസ്ലിം)

നാം ചെയ്യുന്ന സൽകർമ്മങ്ങൾക്ക് പത്തിരട്ടി മുതൽ എഴുന്നൂറ് ഇരട്ടി വരെ അല്ലെങ്കിൽ അതിനേക്കാൾ അധികം പ്രതിഫലം അല്ലാഹു നൽകും. സൽകർമ്മങ്ങൾ ചെയ്യാൻ പ്രത്യേകമായി പ്രോത്സാഹിപ്പിക്കപ്പെട്ട സുവർണ്ണാവസരങ്ങളിൽ വളരെ ചുരുങ്ങിയ സമയം ചെയ്യുന്ന സൽകർമ്മങ്ങൾക്ക് വളരെ വലിയ പ്രതിഫലം അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. ലൈലത്തുൽ ഖദറിന്റെ ഒരു രാത്രി ആയിരം മാസത്തേക്കാളും പുണ്യമുള്ളതാണെന്ന് അവൻ നമ്മെ പഠിപ്പിച്ചു . എല്ലാ മാസവും മൂന്നുദിവസം നോമ്പ് അനുഷ്ഠിക്കുന്നത് ഒരു വ്യക്തിയുടെ ആയുസ്സ് മുഴുവൻ നോമ്പനുഷ്ഠിക്കുന്നത് പോലെയാണെന്ന് പഠിപ്പിച്ചു. അവന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ സമ്പാദ്യം ചിലവഴിക്കുന്നവർക്ക് അതിന്റെ പതിന്മടങ്ങ് അവൻ തിരിച്ചു നൽകുമെന്ന ഉറപ്പ് നൽകി. അടിമകൾ ആഗ്രഹിക്കുന്നതിലുപരി അവൻ അവർക്ക് നൽകുന്നു, ഒരു കാതും കേൾക്കാത്ത ഒരു കണ്ണും കാണാത്ത ഒരു ഹൃദയത്തിനും ചിന്തിച്ച് ഗ്രഹിക്കാൻ സാധിക്കാത്ത അത്രയും അനുഗ്രഹങ്ങൾ സ്വർഗ്ഗവകാശികൾക്ക് അവൻ തയ്യാറാക്കിയിരിക്കുന്നു. അവന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് വല്ലതും ഉപേക്ഷിക്കുന്നവന് അതിനേക്കാളും നല്ലത് നൽകാമെന്ന് വാഗ്ദാനവും ചെയ്തു.

അവൻ സ്വയം പര്യാപ്തനാണ് , അവന് ആരുടെയും ആവശ്യമില്ല, എന്നാൽ എല്ലാവരും അവനെ ആശ്രയിക്കുന്നു :

﴿يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلْفُقَرَآءُ إِلَى ٱللَّهِ ۖ وَٱللَّهُ هُوَ ٱلْغَنِىُّ ٱلْحَمِيدُ﴾

“മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു”. (ഫാത്വിർ : 15)

അടിമകൾക്ക് അവനെ ഉപദ്രവിക്കാനോ അവന് എന്തെങ്കിലും ഉപകാരം ചെയ്യാനോ സാധ്യമല്ല. അവൻ അത്യുന്നനും വലിയവനുമാകുന്നു.

അല്ലാഹുവിന്റെ ഇരു കാൽപാദങ്ങളും വെക്കുന്ന സ്ഥലത്തിനാണ് 'കുർസിയ്യ്' എന്ന് പറയുക , ഏഴ് ആകാശങ്ങൾ അല്ലാഹുവിന്റെ കുർസ്സിയ്യുമായി താരതമ്യം ചെയ്താൽ ഒരു പരിചയിൽ ഏഴ് ദിർഹം വെച്ചതിന് തുല്യമായിരിക്കും. അല്ലാഹുവിന്റെ കുർസ്സിയ്യ് അർശുമായി താരതമ്യം ചെയ്താൽ കുർസ്സിയ്യിന്റെ വലുപ്പം തുറസ്സായ മരുഭൂമിയിൽ ഒരു ഇരുമ്പു വളയം ഇട്ടതുപോലെയാകുന്നു. അവന്റെ സൃഷ്ടികളിൽ ഏറ്റവും വലുത് താഴ്ഭാഗത്ത് വലിയ സമുദ്രമുള്ള അവന്റെ അർശാകുന്നു. അവന്റെ അർശ് വഹിക്കുന്ന മലക്കുകൾ ; അവരിൽ ഒരാളുടെ ചെവി മുതൽ ചുമൽ വരെയുള്ള വലിപ്പം എഴുന്നൂറ് വർഷത്തെ യാത്ര ദൂരമാണ്. അല്ലാഹു - അവനു യോജിക്കുന്ന രൂപത്തിൽ- ഏഴ് ആകാശത്തിന്റെ മുകളിൽ അർശിന്റെ മുകളിലാണ്.

ആർക്കും അവനെ കുറിച്ച് എല്ലാ കാര്യങ്ങളും അറിയുകയില്ല , എന്നാൽ അവൻ എല്ലാം അറിയുന്നവനാണ് , ഇഹ ലോകത്ത് കണ്ണുകൾക്ക് അവനെ കാണാൻ സാധ്യമല്ല , അവനെല്ലാവരെയും കാണുന്നു , അവന്റെ കഴിവ് എല്ലാവരുടെ കഴിവിനും മുകളിലാകുന്നു. സൃഷ്ടികൾ മറ്റുള്ളവരുടെ മുമ്പിൽ എത്ര ശക്തരാണെങ്കിലും അല്ലാഹുവിന്റെ മുന്നിൽ ദുർബലരാണ്. ഉയർത്തെഴുന്നേൽപിന്റെ നാളിൽ ആകാശങ്ങൾ അവന്റെ വലതു കൈയിൽ ചുരുട്ടിപിടിച്ചു കൊണ്ട് അവൻ ചോദിക്കും. "ഞാനാണ് രാജാവ് സ്വേച്ഛാധിപതികളെവിടെ? അഹങ്കാരികളെവിടെ? പിന്നീട് ഭൂമികളെ അവന്റെ ഇടതു കരം കൊണ്ട് ചുരുട്ടും. പിന്നീടവൻ പറയും ഞാനാണ് രാജാവ് സ്വേച്ഛാധിപതികളെവിടെ? അഹങ്കാരികളെവിടെ?". (മുസ്ലിം)

ഉയർത്തെഴുന്നേൽപിന്റെ നാളിൽ ആകാശങ്ങളെ ഒരു വിരലിൽ പിടിക്കും, ഭൂമികളെ ഒരു വിരലിലും, വെള്ളവും മണ്ണും ഒരു വിരലിലും, മറ്റു സൃഷ്ടികളെ ഒരു വിരലിലും, പിന്നീടവയെ കുലുക്കി കൊണ്ട് പറയും ; "ഞാനാണ് രാജാവ്, ഞാനാണ് രാജാവ്". (ബുഹാരി, മുസ്ലിം)

അല്ലാഹു ഒരു കാര്യത്തിൽ തീരുമാനമെടുത്ത് സംസാരിച്ചാൽ ആകാശത്ത് പ്രകമ്പനം ഉണ്ടാകുകയും ആകാശത്തുള്ളവർ ബോധരഹിതരാവുകയും ചെയ്യും , പിന്നീട് ആദ്യം ബോധം വരുന്നത്

ജിബ്രീലിനായിരിക്കും. ആകാശം അവനെ ഭയപ്പെടുകയും ചെയ്യുന്നു.

﴿تَكَادُ ٱلسَّمَـٰوَٰتُ يَتَفَطَّرْنَ مِن فَوْقِهِنَّ﴾

"ആകാശങ്ങൾ അവയുടെ ഉപരിഭാഗത്ത് നിന്ന് പൊട്ടിപ്പിളരുമാറാകുന്നു". (അശ്ശൂറാ: 90)

ളഹ്ഹാക് -رحمه الله- പറഞ്ഞു : "അല്ലാഹുവിന്റെ വലുപ്പത്തെ ഭയന്ന് അത് ചിന്നഭിന്നമാകുന്നു".

അവനാകുന്നു എല്ലാം നിയന്ത്രിക്കുന്നവൻ , "അവനൊരിക്കലും ഉറങ്ങുകയില്ല , ഉറക്കം അവന് യോജിച്ചതുമല്ല. നീതിയെ അവൻ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു (അടിമകൾക്ക് അവരുടെ ഉപജീവനം ചിലർക്ക് കുടുസ്സാക്കുകയും ചിലർക്ക് വിശാലമാക്കുകയും ചെയ്യുന്നു എന്ന അർഥവും സാധ്യതയുണ്ട്), പകലിലെ പ്രവർത്തനങ്ങൾക്ക് മുമ്പേ രാത്രിയിലെ രാത്രിയിലെ പ്രവർത്തനങ്ങൾ അവനിലേക്ക് ഉയർത്തപ്പെടും. രാത്രിയിലെ പ്രവർത്തനങ്ങൾക്ക് മുമ്പേ പകലിലെ പ്രവർത്തനങ്ങളും അവനിലേക്ക് ഉയർത്തപ്പെടും, അവന്റെ മറ പ്രകാശമാകുന്നു. അവനത് വെളിവാക്കുകയാണെങ്കിൽ അവന്റെ സൃഷ്ടികളിൽ ഏതിന്റെയെല്ലാം അടുക്കൽ അവന്റെ ദൃഷ്ടി എത്തുന്നുവോ അവയെല്ലാം അവന്റെ മഹത്വമുള്ള മുഖത്തിന്റെ പ്രകാശം കരിച്ചു കളയുന്നതാണ്". (മുസ്ലിം)

കാര്യങ്ങൾ നിയന്ത്രിക്കുന്നത് അവനാകുന്നു :

﴿يُدَبِّرُ ٱلْأَمْرَ مِنَ ٱلسَّمَآءِ إِلَى ٱلْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِى يَوْمٍ كَانَ مِقْدَارُهُۥٓ أَلْفَ سَنَةٍ مِّمَّا تَعُدُّونَ﴾

"അവൻ ആകാശത്ത് നിന്ന് ഭൂമിയിലേക്ക് കാര്യങ്ങൾ നിയന്ത്രിച്ചയക്കുന്നു. പിന്നീട് ഒരു ദിവസം കാര്യം അവങ്കലേക്ക് ഉയർന്ന് പോകുന്നു. നിങ്ങൾ കണക്കാക്കുന്ന തരത്തിലുള്ള ആയിരം വർഷമാകുന്നു അതിന്റെ അളവ്". (സജദ: 5)

﴿وَلَوْ أَنَّمَا فِى ٱلْأَرْضِ مِن شَجَرَةٍ أَقْلَـٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ

﴿مَّا نَفِدَتْ كَلِمَٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ﴾

“ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാകുകയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു”. (ലുഖ്മാൻ: 27)

അല്ലാഹു ഖവിയ്യ് (അതി ശക്തൻ) ആകുന്നു, അവനെ അതിജയിക്കാൻ ആർക്കും സാധ്യമല്ല. അവൻ ഒരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുമ്പോഴേക്കും അത് ഉണ്ടാകുന്നു , അവന്റെ കൽപ്പന കണ്ണിമ വെട്ടിയത് പോലെയോ അല്ലെങ്കിൽ അതിനേക്കാൾ വേഗതയുള്ളതോ ആകുന്നു. അല്ലാഹുവിന് വലിയ സൈന്യങ്ങളുണ്ട്, അവന്റെ സൈന്യങ്ങളെക്കുറിച്ച് അവനല്ലാതെ മറ്റാർക്കും അറിയില്ല , ലൂഥ് നബി-عليه السلام-ന്റെ സമുദായത്തിന്റെ വാസസ്ഥലം അല്ലാഹു കീഴ്മേലായി മറിച്ചു, തൗറാത്തിന്റെ അദ്ധ്യാപനങ്ങൾ ജൂതന്മാർ കൈവിട്ടപ്പോൾ അവർക്കു മീതെ പർവതത്തെ ഒരു കുടയെന്നോണം അല്ലാഹു ഉയർത്തി നിർത്തുകയും അതവരുടെ മേൽ വീഴുക തന്നെ ചെയ്യുമെന്ന് അവർ വിചാരിക്കുകയും ചെയ്തു. അവൻ പർവതത്തിന് വെളിപ്പെട്ടപ്പോൾ അത് പൊടിയാവുകയും മൂസ നബി -عليه السلام- ബോധരഹിതനായി വീഴുകയും ചെയ്തു.

ഭൂമിയുടെ അവധി എത്തിയാൽ ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും , പർവ്വതങ്ങൾ പൊടിക്കപ്പെടുകയും ചെയ്യും. ശേഷം , കാഹളത്തിൽ ആദ്യ ഊത്ത് ഊതപ്പെട്ടാൽ സൃഷ്ടികൾ ഭയവിഹ്വലരായിപ്പോവുകയും , രണ്ടാമത്തെ ഊത്തിൽ എല്ലാവരും ബോധരഹിതരാവുകയും , മൂന്നാമത്തെ ഊത്തോടെ അവരെ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും. അല്ലാഹു സൃഷ്ടികൾക്കിടയിൽ ന്യായവിധി നിർണ്ണയിക്കാൻ ഇറങ്ങുമ്പോൾ, അവനോടുള്ള ഭക്തിയും ഭയവും നിമിത്തം ഇറങ്ങുമ്പോൾ ആകാശം പിളരും.

അല്ലാഹു ആരുടെയും വിശേഷണങ്ങളെക്കാളും വിവരണത്തെക്കാലും ഉപരിയിലാണ്. അവനു പങ്കുകരോ സമന്മാരോ തുല്യരോ ആയി ആരുമില്ല. പ്രവാചകന്മാർ തങ്ങളുടെ റബ്ബിനെ അറിയുകയും അതിലൂടെ അവർക്ക് വിനയവും അവനോടുള്ള വിധേയത്വവും അവരിൽ വർദ്ധിക്കുകയും ചെയ്തു .

ദാവൂദ് നബി -عليه السلام- ഓരോ ദിവസം ഇടവിട്ട് നോമ്പനുഷ്ടിക്കുമായിരുന്നു , നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി-ﷺ-യുടെ കാലുകൾ നീര് കെട്ടുന്ന അവസ്ഥയിലെത്തിയിട്ടും രാത്രി നിന്ന് നിസ്കരിക്കുമായിരുന്നു , ഇബ്റാഹീം നബി -عليه السلام- അങ്ങേയറ്റം അനുകമ്പയുള്ളവനും അല്ലാഹുവിലേക്ക് ധാരാളമായി പശ്ചാത്തപ്പിച്ച് മടങ്ങുകയും ചെയ്യുന്നവരായിരുന്നു. ആ പ്രവാചകന്മാരുടെ പാത പിന്തുടരുന്നത്തിലൂടെ സന്തോഷവും സമൃദ്ധിയും കൈവരിക്കാൻ സാധിക്കും.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿وَمَا قَدَرُواْ ٱللَّهَ حَقَّ قَدۡرِهِۦ وَٱلۡأَرۡضُ جَمِيعٗا قَبۡضَتُهُۥ يَوۡمَ ٱلۡقِيَٰمَةِ وَٱلسَّمَٰوَٰتُ مَطۡوِيَّٰتُۢ بِيَمِينِهِۦۚ سُبۡحَٰنَهُۥ وَتَعَٰلَىٰ عَمَّا يُشۡرِكُونَ﴾

“അല്ലാഹുവെ കണക്കാക്കേണ്ട നിലയിൽ അവർ കണക്കാക്കിയിട്ടില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും. അവനെത്ര പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിനെല്ലാം അവൻ അതീതനായിരിക്കുന്നു”. (അസ്സുമർ : 67 )

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ..

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവെക്കാൾ സ്തുതി ഇഷ്ടപ്പെടുന്ന ആരുമില്ല, അതുകൊണ്ടാണ് അവൻ അവനെതന്നെ സ്തുതിച്ചത്, ആളുകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ അടിസ്ഥാനം തന്നെ അവനെ സ്തുതിക്കുന്നതിലും , അവനെക്കുറിച്ചുള്ള അറിവിലും , അവനോടുള്ള സ്നേഹത്തിലുമാകുന്നു. നല്ല മനസ്സോടെ അവനെ അറിഞ്ഞവർ അവനെ ബഹുമാനിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യും, മാത്രമല്ല – അവനെകുറിച്ചുള്ള അറിവ് കൂടുന്തോറും അവനോടുള്ള അനുസരണവും കൂടുന്നതാണ്.

പാപങ്ങൾ അല്ലാഹുവിനോടുള്ള ഭക്തിയെയും ബഹുമാനത്തെയും ദുർബലപ്പെടുത്തുന്നു. അല്ലാഹുവോടുള്ള ഭക്തിയും മഹത്വവും അടിമയുടെ ഹൃദയത്തിൽ ശരിയായ രൂപത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, ആരും അവനെ ധിക്കരിക്കാൻ ധൈര്യപ്പെടില്ല,എല്ലാ അനുസരണക്കേടുകളും അല്ലാഹുവെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നാണ് സംഭവിക്കുന്നത്.

നന്മകൾ ചെയ്യുന്നതിലൂടെ അല്ലാഹുവിനോടുള്ള ബഹുമാനം

അധികരിക്കുന്നു , ഒരു അടിമക്ക് അല്ലാഹുവുമായി ഏറ്റവുമധികം അടുപ്പം ഉണ്ടാകുന്നത് ആരാധനകൾ അവന് മാത്രം സമർപ്പിക്കുന്നതിലൂടെയാണ് ; അവനോട് മാത്രം സഹായം ചോദിക്കുക, ആവശ്യങ്ങൾ അവനോട് മാത്രം പറയുക , ഒരു ആരാധനയും ഒരു കാരണവശാലും അവന് പുറമെ ആർക്കും നൽകാതിരിക്കുക.

ആരെങ്കിലും അല്ലാഹുവോടൊപ്പം മറ്റൊരാളെ ആരാധിച്ചാൽ, അവൻ അല്ലാഹുവെ കണക്കാക്കേണ്ട രീതിയിൽ കണക്കാക്കാത്തവനും , ബഹുദൈവാരാധനയിൽ അകപ്പെട്ട് സ്വയം ദ്രോഹം ചെയ്തവനുമാകുന്നു. അല്ലാഹുവെ മാത്രം ആരാധിക്കാൻ അല്ലാഹു ഭാഗ്യം നൽകിയവർ ആ ആശയത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാൻ ബാധ്യസ്ഥരാകുന്നു.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവെ മഹത്വപ്പെടുത്തുക[1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി-ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

ഓരോ അറിവും മഹത്വപ്പെടുന്നത് അവ ചർച്ച ചെയ്യുന്നത് എന്തിനെ കുറിച്ചാണോ , അതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ ഏറ്റവും ഉന്നതവും പരിശുദ്ധവുമായ വിജ്ഞാനം അല്ലാഹുവിനെ കുറിച്ചുള്ള വിജ്ഞാനമാണ്. ഒരു അടിമയെ സംബന്ധിച്ചിടത്തോളം തന്റെ ഉടമസ്ഥനായ അല്ലാഹുവിനെ കുറിച്ച് അറിയുക എന്നുള്ളത് പ്രാഥമിക ആവശ്യമാണ്. അല്ലാഹു അവന്റെ സൃഷ്ടികളെ പടച്ചത് തന്നെ അവരിൽ അവനോടുള്ള ഇഷ്ടവും അവനെ

(1) 24/05/1437 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

കുറിച്ചുള്ള ധാരണയും നൽകികൊണ്ടാണ്. ഹൃദയത്തെ അല്ലാഹു പടച്ചത് ആ ദൗത്യം നിറവേറ്റാനാണ്.

﴿فِطۡرَتَ ٱللَّهِ ٱلَّتِي فَطَرَ ٱلنَّاسَ عَلَيۡهَاۚ لَا تَبۡدِيلَ لِخَلۡقِ ٱللَّهِۚ﴾

"അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല". (റൂം: 30)

ഓരോ കുട്ടിയും ഭൂമിയിലേക്ക് ജനിച്ചു വീഴുന്നത് ഈ ശുദ്ധ പ്രകൃതിയിലാകുന്നു , എന്നാൽ മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കൾ അവരുടെ ആദർശത്തെ വികലമാക്കാൻ ശ്രമിക്കുന്നു. അല്ലാഹു ഖുദ്സിയ്യായ ഹദീസിൽ പറയുന്നു : "ഞാനെന്റെ അടിമകളെ മുഴുവനും ശുദ്ധ പ്രകൃതത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ, പിശാചുക്കൾ അവരുടെ അടുക്കൽ ചെന്ന് അവരുടെ മതത്തിൽ നിന്ന് അവരെ തെറ്റിച്ചു". (മുസ്ലിം)

ഓരോ വിശ്വാസിയും അല്ലാഹു അവനെ പടച്ചിരിക്കുന്ന ശുദ്ധമായ ആ പ്രകൃതം സൂക്ഷിക്കാൻ ബാധ്യസ്ഥരാണ്, അതിൽ വല്ല പിഴവുകളും വന്നാൽ പെട്ടെന്ന് അത് തിരുത്താൻ തയ്യാറാവണം. അതിലൂടെ വിശ്വാസിയുടെ വിശ്വാസം ബലമുള്ളതാകുന്നു.

അല്ലാഹു മാത്രമാണ് റബ്ബ് എന്നതിനും ആരാധനകൾ അവന് മാത്രമേ സമർപ്പിക്കാവൂ എന്നതിനും അനേകം തെളിവുകളും ദൃഷ്ടാന്തങ്ങളും നമ്മുടെ മുന്നിൽ അവൻ നിരത്തിയിട്ടുണ്ട്. സമുദ്രജലം മഷിയാക്കി അല്ലാഹുവിന്റെ വചനങ്ങളും അവനെ കുറിച്ചുണർത്തുന്ന ദൃഷ്ടാന്തങ്ങളും എഴുതപ്പെട്ടാലും അവ തീരുന്നതിനുമുമ്പായി സമുദ്രജലം തീർന്നുപോകുക തന്നെ ചെയ്യും.

ശുദ്ധമായ ഈ പ്രകൃതം ആണയിട്ട് സൃഷ്ടികളിൽ സ്ഥാപിക്കാനും അതിൽ പരിപൂർണത കൈവരിക്കാൻ അവരെ പ്രാപ്തരാക്കാനുമാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്. അതുകൊണ്ടു തന്നെ പ്രവാചകൻമാർ പഠിപ്പിച്ച ആദർശങ്ങളിൽ

ഏറ്റവും പ്രധാനപ്പെട്ട ഒന്നാകുന്നു ; അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ അവൻ ഏകനാകുന്നു എന്ന അദ്ധ്യാപനം. അതിലുള്ള അടിയുറച്ച വിശ്വാസം ഈമാനിന്റെ അടിസ്ഥാനവും തൗഹീദിന്റെ ഒരു ഇനവുമാകുന്നു. എല്ലാം സൃഷ്ടിക്കാനും പരിപാലിക്കാനും കഴിവുള്ള അവനു മാത്രമേ ആരാധനകളും അർപ്പിക്കാവൂ. അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ പങ്കു ചേർക്കുക എന്നത് ശിർക്കിൽ തന്നെ ഏറെ മോശപ്പെട്ടതാകുന്നു. ആരാധനകൾ അല്ലാഹുവിന് മാത്രം നൽകുന്നതിൽ വീഴ്ചകാണിക്കുന്നവർ അല്ലാഹുവിന് ശരിയായ വില കൊടുക്കാത്തവരാകുന്നു.

അല്ലാഹു അവന്റെ സ്വന്തത്തിലും പ്രവർത്തനങ്ങളിലും വിശേഷണങ്ങളിലും പരിപൂർണ്ണനാണ്. അവന്റെ വിശേഷണങ്ങളിൽ പെട്ടതാണ് ; റുബൂബിയ്യത്ത് (അഥവാ: എല്ലാം സൃഷ്ടിക്കുകയും ഉടമപ്പെടുത്തുകയും അതിനെ പരിപാലിക്കുകയും ചെയ്യുന്നത് അവൻ മാത്രമാണ് എന്ന വിശേഷണം) , ആരാധനകളിൽ അവനു പങ്കുകാരില്ലാത്ത പോലെ ഇതിലും അവന് യാതൊരു പങ്കുകാരുമില്ല. അല്ലാഹു പറഞ്ഞു :

﴿قُلْ أَغَيْرَ ٱللَّهِ أَبْغِى رَبًّا وَهُوَ رَبُّ كُلِّ شَىْءٍ﴾

“പറയുക: രക്ഷിതാവായിട്ട് അല്ലാഹുവല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും റബ്ബാകുന്നു”. **(അൽ അൻആം: 164)**

എല്ലാം സൃഷ്ടിക്കുന്നതും ഉടമപ്പെടുത്തുന്നതും ഉപജീവനം നൽകുന്നതും സർവ്വതും നിയന്ത്രിക്കുന്നതും അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ ഒരു സൃഷ്ടാവുമില്ല. യാതൊരു മുൻ മാതൃകയും ഇല്ലാതെ ആകാശഭൂമികളെ പടച്ചവനാകുന്നു അവൻ. എല്ലാം സൃഷ്ടിക്കുകയും സംവിധാനിക്കുകയും താൻ സൃഷ്ടിച്ച എല്ലാ വസ്തുക്കളെയും വിശിഷ്ടമാക്കുകയും ചെയ്തു, അവൻ എല്ലാത്തിന്റെ സൃഷ്ടാവും എല്ലാം അറിയുകയും ചെയ്യുന്നവനാണ് , സൃഷ്ടിപ്പ് ആരംഭിച്ചത് പോലെ അന്തിമനാളിൽ പിന്നെ അവൻ അത് ആവർത്തിക്കുകയും ചെയ്യുന്നു.

അത് അവനെ സംബന്ധിച്ചിടത്തോളം ഏറ്റവും എളുപ്പമുള്ളതാകുന്നു. അതുകൊണ്ടുതന്നെ ആരാധനക്കർഹൻ അവൻ മാത്രമാകുന്നു. കാരണം , അവൻ മാത്രമാണ് സൃഷ്ടാവ്.

﴿أَفَمَن يَخْلُقُ كَمَن لَّا يَخْلُقُ ۗ أَفَلَا تَذَكَّرُونَ﴾

"അപ്പോൾ, സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവരെപ്പോലെയാണോ?" (അന്നഹ്ൽ: 17)

സകല ആധിപത്യവും ഉള്ള ഉടമസ്ഥനാകുന്നു അവൻ :

﴿ذَٰلِكُمُ ٱللَّهُ رَبُّكُمْ لَهُ ٱلْمُلْكُ ۚ وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ﴾

"അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല". (ഫാതിർ : 13)

എല്ലാ സൃഷ്ടികളുടെയും ഉടമസ്ഥൻ അവൻ തന്നെയാണ്. ആകാശഭൂമികളിലുള്ള സർവ്വതും അവന്റേതാണ്. എല്ലാം അല്ലാഹുവിന് കീഴടങ്ങുകയും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും അവന് സുജൂദ് ചെയ്യുകയും ചെയ്യുന്നു.

അവൻ യജമാനനാണ്, അവന് പങ്കാളികളില്ല, എല്ലാവരും അവന്റെ അടിമകളാണ് :

﴿إِن كُلُّ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ إِلَّآ ءَاتِى ٱلرَّحْمَٰنِ عَبْدًا﴾

"ആകാശങ്ങളിലും ഭൂമിയിലുമുള്ള ഏതൊരാളും ഒരു ദാസനെന്ന നിലയിൽ പരമകാരുണികന്റെ അടുത്ത് വരുന്നവൻ മാത്രമായിരിക്കും" (മർയം: 93)

അവന് പൂർണ്ണവും ശാശ്വതവുമായ ആധിപത്യമുണ്ട്, അവനാണ് ഈ ലോകത്തിന്റെയും ന്യായവിധി ദിനത്തിന്റെയും അധിപൻ. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അവൻ വെളിപ്പെടുകയും ഇപ്രകാരം ചോദിക്കുകയും ചെയ്യും ;

﴿ لِّمَنِ ٱلْمُلْكُ ٱلْيَوْمَ ﴾

"ഈ ദിവസം ആർക്കാണ് രാജാധികാരം?" (ഗാഫിർ : 16)

അവൻ തന്നെ മറുപടി പറയും :

﴿ لِلَّهِ ٱلْوَٰحِدِ ٱلْقَهَّارِ ﴾

"ഏകനും സർവ്വാധിപതിയുമായ അല്ലാഹുവിനാകുന്നു". (ഗാഫിർ : 16)

സർവ്വശക്തനായ അല്ലാഹു മാത്രമാണ് തന്റെ സൃഷ്ടിയുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് , എല്ലാം അവന്റെ കയ്യിൽ മാത്രമാകുന്നു.

﴿ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ﴾

"അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്". (അൽ അഅറാഫ് : 54)

അവൻ ആജ്ഞാപിക്കുകയും വിലക്കുകയും ചെയ്യുന്നു, സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും ചെയ്യുന്നു, അടിമകൾക്ക് നൽകുകയും നൽകാതിരിക്കുകയും ചെയ്യുന്നു, പ്രതാപവും നിന്ദ്യതയും നൽകുന്നു , ജീവിപ്പിക്കുയകയും മരിപ്പിക്കുകയും ചെയ്യുന്നു :

﴿ يُكَوِّرُ ٱلَّيْلَ عَلَى ٱلنَّهَارِ وَيُكَوِّرُ ٱلنَّهَارَ عَلَى ٱلَّيْلِ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ ﴾

"രാത്രിയെക്കൊണ്ട് അവൻ പകലിൻമേൽ ചുറ്റിപ്പൊതിയുന്നു. പകലിനെക്കൊണ്ട് അവൻ രാത്രിമേലും ചുറ്റിപ്പൊതിയുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ നിയന്ത്രണവിധേയമാക്കുകയും ചെയ്തിരിക്കുന്നു". (അസ്സുമർ : 5)

﴿ يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَيُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ﴾

"നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെ അവൻ പുറത്ത് കൊണ്ടു വരുന്നു. ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും

അവൻ പുറത്ത് കൊണ്ടു വരുന്നു. ഭൂമിയുടെ നിർജീവാവസ്ഥയ്ക്കു ശേഷം അതിന്നവൻ ജീവൻ നൽകുകയും ചെയ്യുന്നു". (റൂം : 19)

സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ അധീനതയിൽ കഴിയുന്നവരും അവന്റെ തീരുമാനം അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. അവരും അവരുടെ ഹൃദയങ്ങളും അല്ലാഹുവിന്റെ കരങ്ങളിലാണ്. അവന്റെ തീരുമാനമനുസരിച്ച് മാത്രമാകുന്നു കാര്യങ്ങൾ നടപ്പിലാകുന്നത്. ഓരോ വ്യക്തിയും ചെയ്യുന്ന എല്ലാ കാര്യങ്ങളും അല്ലാഹുവിന്റെ മേൽനോട്ടത്തിൽ മാത്രമാകുന്നു നടക്കുന്നത്. ആകാശഭൂമികൾ നിലനിൽക്കുന്നത് അവന്റെ കൽപന അനുസരിച്ചാകുന്നു.

﴿ وَيُمْسِكُ ٱلسَّمَآءَ أَن تَقَعَ عَلَى ٱلْأَرْضِ إِلَّا بِإِذْنِهِۦٓ ﴾

"അവന്റെ അനുമതി കൂടാതെ ഭൂമിയിൽ വീണുപോകാത്ത വിധം ഉപരിലോകത്തെ അവൻ പിടിച്ചു നിർത്തുകയും ചെയ്യുന്നു". (അൽ-ഹജ്ജ്: 65)

﴿إِنَّ ٱللَّهَ يُمْسِكُ ٱلسَّمَٰوَٰتِ وَٱلْأَرْضَ أَن تَزُولَاۚ ﴾

"തീർച്ചയായും അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും (യഥാർത്ഥ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങാതെ പിടിച്ചു നിർത്തുന്നു". (ഫാതിർ: 41)

ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അല്ലാഹുവിനോട് അവരുടെ ആവശ്യങ്ങൾ ചോദിക്കുന്നു.

﴿كُلَّ يَوْمٍ هُوَ فِي شَأْنٍ﴾

"എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു". (അൽ-റഹ്മാൻ: 29)

അവന്റെ പ്രവർത്തനങ്ങളിൽ പെട്ടതാണ് ; അവൻ പാപങ്ങൾ മാപാക്കുന്നു, വഴികേടിലായവരെ സന്മാർഗത്തിലേക്ക് നയിക്കുന്നു,

പ്രയാസങ്ങൾ ദൂരീകരിക്കുന്നു , വേദനകൾ അകറ്റുന്നു, ദരിദ്രരെ ഐശ്വര്യമുള്ളവരാക്കുന്നു , അടിമകളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു തുടങ്ങി എല്ലാ കാര്യങ്ങളും.

﴿وَمَا كُنَّا عَنِ ٱلۡخَلۡقِ غَٰفِلِينَ﴾

"സൃഷ്ടിയെപ്പറ്റി നാം അശ്രദ്ധനായിരുന്നിട്ടില്ല". (അൽ-മുഅമിനൂൻ: 17)

അവന്റെ കൽപനകൾ തുടർച്ചയായി വരുന്നു , അവന്റെ തീരുമാനങ്ങൾ നടപ്പിലാവുക തന്നെ ചെയ്യും , അവന്റെ അനുമതി ഇല്ലാതെ ഒരു അണു പോലും ചലിക്കുകയില്ല , അവൻ ഉദ്ദേശിക്കുന്നത് മാത്രം സംഭവിക്കുന്നു അവൻ ഉദ്ദേശിക്കാത്ത ഒന്നും സംഭവിക്കുകയുമില്ല , അവനിഷ്ടമുള്ളത് പ്രവർത്തിക്കുകയും ഉദേശിക്കുന്നത് സൃഷ്ടിക്കുകയും ചെയ്യും.

അവന്റെ കൽപന ഖണ്ഡിതമായ ഒരു വിധിയാകുന്നു. അവൻ നൽകിയതിനെ തടയുവാനോ അവൻ തടഞ്ഞതിനെ നൽകുവാനോ ആർക്കും സാധ്യമല്ല. അവന്റെ വിധി ഭേദഗതി ചെയ്യാനും ആരും തന്നെയില്ല. ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുന്നതിന്റെ അമ്പതിനായിരം വർഷങ്ങൾക്കു മുമ്പ് നടക്കാനിരിക്കുന്ന സകല കാര്യങ്ങളും അല്ലാഹു തീരുമാനിച്ചു. അല്ലാഹുവിന്റെ സൃഷ്ടികൾ ഒന്നടങ്കം അല്ലാഹു ഉദ്ദേശിക്കാത്ത ഒരു കാര്യം നടപ്പിലാക്കാൻ പരിശ്രമിച്ചാലും അവർക്കതിന് സാധിക്കുകയില്ല. അതുപോലെ അല്ലാഹു ഉദ്ദേശിച്ച ഒരു കാര്യത്തെ തടയുവാനും അവർക്ക് സാധ്യമല്ല, അവന് ഉപദ്രവം ചെയ്യാനോ ഉപകാരം ചെയ്യുവാനോ സൃഷ്ടികൾ ഒന്നടങ്കം ഒരുമിച്ചു കൂടിയാലും സാധ്യമല്ല , അവൻ ഉദ്ദേശിക്കുന്നവർക്ക് അവന്റെ ഔദാര്യത്താൽ അവൻ സന്മാർഗം നൽകുകയും അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ നീതിയാൽ അതിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുകയും അപ്പോഴേക്കും അത് ഉണ്ടാവുകയും ചെയ്യുന്നു.

﴿لَا يُسْـَٔلُ عَمَّا يَفْعَلُ وَهُمْ يُسْـَٔلُونَ﴾

“അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതുമാണ്”. (അൽ-അമ്പിയാ: 23)

അവന്റെ വചനങ്ങൾ ആകുന്നു ഏറ്റവും വിശിഷ്ടമായ വചനങ്ങൾ, അവന്റെ വചനങ്ങൾക്ക് തുടക്കമോ ഒടുക്കമോ ഇല്ല :

﴿وَلَوْ أَنَّمَا فِى ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ﴾

“ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്രം മഷിയാകുകയും അതിനു പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ തീരുകയില്ല”. (ലുഖ്മാൻ: 27)

അവന്റെ അറിവ് എല്ലാം ഉൾക്കൊള്ളുന്നു, അതിനാൽ സംഭവിച്ചതും ഇനി സംഭവിക്കാനിരിക്കുന്നതും അവനറിയാം, സംഭവിക്കാത്തതും ഇനി സംഭവിക്കാതിരിക്കുന്നതും അവനറിയാം, സൃഷ്ടികൾ എന്താണ് ചെയ്തതെന്നും അവരെന്തു ചെയ്യുമെന്നും അവനറിയാം, കരയിലും കടലിലും ഉള്ളത് അവനറിയാം, അവനറിയാതെ ഒരു ഇല പോലും കൊഴിയുന്നില്ല.

﴿لَا يَعْزُبُ عَنْهُ مِثْقَالُ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ﴾

“ആകാശങ്ങളിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനെക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽ നിന്ന് മറഞ്ഞ് പോകുകയില്ല”. (സബഅ്: 3)

ദൃശ്യമായതും അദൃശ്യമായതും മനസ്സുകൾ മന്ത്രിക്കുന്നതും അവനറിയുന്നു , ഹൃദയങ്ങളിൽ മറച്ചു വെച്ചിരിക്കുന്ന രഹസ്യങ്ങളും ഗർഭപാത്രത്തിലുള്ളതും അവനറിയുന്നു , അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ അവന്റെ പക്കലാകുന്നു . എല്ലാവരുടെയും അറിവ്

അവന്റെ അറിവുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ സമുദ്രത്തിൽ നിന്നുള്ള ഒരു തുള്ളി പോലെയാകുന്നു. സൃഷ്ടികളുടെ അറിവ് തന്നെ അല്ലാഹുവിന്റെ ദാനമാകുന്നു. ഒരിക്കൽ ഒരു കുരുവി സമുദ്രത്തിൽ നിന്ന് ഒരു കൊത്ത് കൊത്തി വെള്ളമെടുത്തു, അത് കണ്ട ഖിദർ നബി മൂസാ നബി -عليها السلام-യോട് പറഞ്ഞു : "ഓ മൂസാ! ഈ കുരുവി സമുദ്രത്തിൽ ചുണ്ടു താഴ്ത്തിയത് കൊണ്ട് എത്ര വെള്ളം കുറഞ്ഞിട്ടുണ്ടോ അത്രയും ജ്ഞാനം മാത്രമേ അല്ലാഹുവിന്റെ ജ്ഞാനത്തിൽ നിന്ന് എനിക്കും നിനക്കും കിട്ടിയിട്ടുള്ളൂ". (ബുഖാരി , മുസ്ലിം)

എല്ലാവരുടെയും ശബ്ദങ്ങൾ യാതൊരു അവ്യക്തതയുമില്ലാതെ അവൻ കേൾക്കുന്നു, ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ വിഷയത്തിൽ അല്ലാഹുവിന്റെ റസൂലിനരികിൽ പരാതി പറയാൻ എത്തിയപ്പോൾ അവിടുത്തെ വീടിന്റെ ഒരു വശത്ത് ഉണ്ടായിരുന്ന ആയിഷ - رضي الله عنها- ആ സംസാരം വ്യക്തമായി കേട്ടില്ല, എന്നാൽ ഏഴ് ആകാശത്തിനു മുകളിൽ നിന്ന് അല്ലാഹു അവരുടെ സംസാരം കേൾക്കുകയും പരിശുദ്ധ ഖുർആനിലെ ഈ വചനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

﴿قَدْ سَمِعَ ٱللَّهُ قَوْلَ ٱلَّتِي تُجَٰدِلُكَ فِي زَوْجِهَا وَتَشْتَكِيٓ إِلَى ٱللَّهِ وَٱللَّهُ يَسْمَعُ تَحَاوُرَكُمَآ﴾

"തന്റെ ഭർത്താവിന്റെ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്". (അൽ മുജാദില: 1)

അല്ലാഹു എല്ലാം കാണുന്നവനാണ്, രാത്രിയുടെ കൂരാക്കൂരിരുട്ടിൽ അടിമകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ പോലും അവൻ അറിയാതിരിക്കുന്നില്ല. തീർച്ചയായും അവരുടെ പ്രവർത്തനങ്ങൾ അവൻ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു.

സ്രഷ്ടികൾ അവന്റെതാകുന്നു , വിധി കൽപ്പിക്കുന്നവൻ അവൻ മാത്രമാകുന്നു. അല്ലാഹു പറഞ്ഞു :

﴿ إِنِ ٱلۡحُكۡمُ إِلَّا لِلَّهِۚ ﴾

"വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു". (യൂസുഫ്: 40)

അവന്റെ വിധികളും നിയമനിർമ്മാണങ്ങളും അവൻ നിശ്ചയിച്ചിരിക്കുന്ന പരിധികളുമാണ് ഏറ്റവും മികച്ചത് .അവനെക്കാൾ നല്ല വിധികർത്താവ് ആരുമില്ല.

﴿وَهُوَ خَيۡرُ ٱلۡحَٰكِمِينَ﴾

"തീർപ്പുകൽപിക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു അവൻ" (യൂനുസ് : 109)

അവൻ കാര്യങ്ങൾ തീരുമാനിക്കും , അതിൽ ഭേദഗതി വരുത്താൻ ആർക്കും സാധ്യമല്ല.

﴿ وَلَا يَظۡلِمُ رَبُّكَ أَحَدًا﴾

"നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല". (അൽ-കഹ്ഫ് : 49)

അവനെക്കാൾ കരുണയുള്ള ആരും തന്നെയില്ല , ഒരു മാതാവിന് തന്റെ കുട്ടിയോടുള്ള കരുണയേക്കാൾ അല്ലാഹു അവന്റെ അടിമകളോട് കരുണയുള്ളവനാണ് , അവന്റെ കരുണ എല്ലാവരിലും വ്യാപിച്ചിരിക്കുന്നു, അവന് നൂറു കരുണയുണ്ട് അതിൽ നിന്ന് ഒരു കരുണ മാത്രമാണ് അവൻ ഭൂമിയിലേക്ക് ഇറക്കിയത്. ബാക്കി തൊണ്ണൂറ്റി ഒൻപതും അവനരികിൽ തന്നെ വച്ചിരിക്കുകയാകുന്നു.

അവൻ കരീം (ഉദാരൻ) ആകുന്നു, അവനെക്കാൾ ഉദാരതയുള്ള ആരും തന്നെയില്ല, തന്റെ സൃഷ്ടികൾക്ക് അനുഗ്രഹം ചൊരിയാനും അവർക്ക് ധാരാളം നൽകുവാനും അവൻ ഇഷ്ടപ്പെടുന്നു , അവർക്കു മുകളിൽ നിന്നും താഴെ നിന്നും അവന്റെ അനുഗ്രഹങ്ങൾ അവൻ നൽകുന്നു. അവന്റെ ഔദാര്യം അതിവിശാലമാണ് , അവനെത്ര നൽകിയാലും അവന്റെ ഖജനാവുകൾക്ക് ഒരിക്കലും കുറവ്

സംഭവിക്കുകയില്ല.

﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ ﴾

“ചോദിക്കുക : ആകാശങ്ങളിൽ നിന്നും നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നവൻ ആരാകുന്നു”? (സബഅ്: 24)

അവന്റെ കൈകൾ ഔദാര്യത്താൽ നിറഞ്ഞിരിക്കുന്നു , എത്ര നൽകിയാലും അത് കുറയുകയില്ല.രാത്രിയും പകലുമൊക്കെ (എല്ലാ സമയത്തും) അവൻ ധാരാളം നൽകുന്നു . നബി -ﷺ- പറഞ്ഞു : “ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതുമുതൽ അവൻ ചിലവഴിച്ചത് നീ കണ്ടിട്ടുണ്ടോ? തന്റെ വലതുകയ്യിലുള്ളതിന് ഒരു കുറവും സംഭവിച്ചില്ല” (ബുഖാരി, മുസ്ലിം)

അടിമകളുടെ പ്രാർഥനകൾക്ക് അവൻ ഉത്തരം നൽകുന്നു. അല്ലാഹു പറഞ്ഞു :

﴿وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ﴾

“നിന്നോട് എന്റെ അടിയാറുകൾ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്”. (അൽ ബഖറ : 186 )

അടിമകളുടെ ആവശ്യം എന്താണെങ്കിലും അത് നൽകുക അവന് പ്രായസമുള്ളതല്ല , മനുഷ്യരും ജിന്നുകളുമടങ്ങുന്ന അവന്റെ സൃഷ്ടികൾ ഒന്നടങ്കം ഒരിടത്ത് ഒരുമിച്ചു കൂടി അവനോട് അവരുടെ ആവശ്യങ്ങൾ ചോദിക്കുകയും അതെല്ലാം അവൻ അവർക്കു നൽകിയാലും വലിയ സമുദ്രത്തിൽ ഒരു സൂചി മുക്കിയത് കൊണ്ട് എത്ര വെള്ളം കുറഞ്ഞിട്ടുണ്ടോ അത്രയേ കുറയുകയുള്ളൂ (അഥവാ അവന്റെ പക്കലുള്ളത്തിന് യാതൊരു കുറവും വരികയില്ല).

മനുഷ്യരും ജിന്നുകളും അടങ്ങുന്ന സകല സൃഷ്ടികളുടെയും ഉപജീവനം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു, അവർ

വിശ്വാസികളാണെങ്കിലും അല്ലെങ്കിലും.

﴿وَمَا مِن دَآبَّةٍ فِى ٱلْأَرْضِ إِلَّا عَلَى ٱللَّهِ رِزْقُهَا﴾

"ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല". (ഹൂദ്: 6)

അല്ലാഹു തന്റെ അടിമകൾക്ക് നന്മയുടെ വാതിലുകൾ തുറന്നു കൊടുത്തു , അവൻ അവർക്കായി സമുദ്രങ്ങളെ കീഴ്പ്പെടുത്തുകയും , നദികളെ ഒഴുക്കുകയും , ഉപജീവനം നൽകുകയും ചെയ്തു. തന്റെ അടിമകൾക്ക് അവർ ആവശ്യപ്പെടാത്ത പല അനുഗ്രഹങ്ങളും , അവർ ആവശ്യപ്പെടുന്ന അനുഗ്രഹങ്ങളും നൽകി. അവനോട് ചോദിക്കാനുള്ള അവസരങ്ങൾ അവൻ ഒരുക്കുകയും ചെയ്തു , എല്ലാ രാത്രിയിലും അവൻ പറയും : "ആരാണോ എന്നോട് ചോദിക്കുന്നത് അവർക്ക് ഞാൻ ഉത്തരം നൽകുന്നതാണ്". (ബുഖാരി ,മുസ്ലിം) എല്ലാ നന്മകളും അവനിൽ നിന്നാകുന്നു.

﴿وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ﴾

"നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു". (അന്നഹ്ൽ : 53)

ഓരോരോ സൃഷ്ടികൾക്കും അവരുടെ ഉപജീവനം അല്ലാഹു അവർക്ക് എത്തിച്ചു. ഉമ്മയുടെ ഗർഭപാത്രത്തിലുള്ള കുട്ടിക്ക് ഉപജീവനം നൽകുന്നതും ഉറുമ്പിൻകൂടിലുള്ള ഉറുമ്പുകൾക്ക് ഭക്ഷണം നൽകുന്നതും അവൻ തന്നെ, അന്തരീക്ഷത്തിൽ പക്ഷികൾക്ക് ആവശ്യമായ സംവിധാനങ്ങൾ തയ്യാറാക്കിയതും സമുദ്രത്തിന്റെ ആഴങ്ങളിലുള്ള മത്സ്യങ്ങൾക്ക് ജീവിതമാർഗം തയ്യാറാക്കിയതും അവൻ മാത്രമാകുന്നു.

﴿وَكَأَيِّن مِّن دَآبَّةٍ لَّا تَحْمِلُ رِزْقَهَا ٱللَّهُ يَرْزُقُهَا وَإِيَّاكُمْ﴾

"സ്വന്തം ഉപജീവനത്തിന്റെ ചുമതല വഹിക്കാത്ത എത്രയെത്ര ജീവികളുണ്ട്.അല്ലാഹുവാണ് അവയ്ക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്". (അൽ അൻകബൂത് : 60)

അവൻ സമീപസ്ഥനും അടിമകളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്നവനുമാണ്, അവനോട് ചോദിക്കാത്തവരോട് അവൻ കോപിക്കുന്നു, അല്ലാഹുവിന് പുറമേ മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ് യഥാർത്ഥ സൗഭാഗ്യം വിലക്കപ്പെട്ടവൻ. അല്ലാഹുവെക്കാൾ ക്ഷമയുള്ള ആരുമില്ല, അവനിൽ മറ്റുള്ളവർ പങ്കു ചേർത്തിട്ടും , അവന് സന്താനങ്ങൾ ഉണ്ടെന്ന് വാദിച്ചിട്ടും അവനവർക്ക് സൗഖ്യം നൽകുകയും അവർക്ക് ഉപജീവനങ്ങൾ നൽകുകയും ചെയ്യുന്നു.

അല്ലാഹു അവനെ അനുസരിക്കുന്നവർക്ക് -അവന്റെ കൃപയാലും ഔദാര്യത്താലും- നന്മയുടെ മാർഗം കാണിച്ചു നൽകുകയും പിന്നീട് അവർക്ക് വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നു. അടിമകളുടെ സൽകർമ്മങ്ങളുടെ പ്രതിഫലം അവന്റെ അരികിൽ പത്തിരട്ടിയോ അല്ലെങ്കിൽ അതിനേക്കാൾ എത്രയോ വർദ്ധിച്ചതോ ആകുന്നു. ഒരു കണ്ണും കാണാത്ത ഒരു കാതും കേൾക്കാത്ത ഒരു മനസ്സു കൊണ്ടും ചിന്തിക്കാൻ സാധിക്കാത്ത അനുഗ്രഹങ്ങൾ സ്വർഗ്ഗത്തിൽ അവന്റെ അടിമകൾക്കായി അവൻ തയ്യാറാക്കിയിരിക്കുന്നു. അവൻ അവരെ തൃപ്തിപ്പെടുത്തി കൊണ്ടേയിരിക്കും. അവൻ അവരോട് ചോദിക്കും "നിങ്ങൾ സംതൃപ്തിയടഞ്ഞോ? അപ്പോൾ അവർ പറയും : റബ്ബേ ഞങ്ങൾ എങ്ങനെ തൃപ്തിപ്പെടാതിരിക്കാൻ ആണ്. നീ ഞങ്ങൾക്ക് നിന്റെ സൃഷ്ടികളിൽ ആർക്കും നൽകാത്തത് നൽകിയിട്ടുണ്ടല്ലോ? അപ്പോൾ അല്ലാഹു ചോദിക്കും : ഞാൻ നിങ്ങൾക്ക് അതിലും ഉത്കൃഷ്ടമായത് നൽകട്ടെയോ? അപ്പോൾ അവർ പറയും : റബ്ബേ ഇതിനേക്കാൾ ഉത്തമമായത് ഇനി എന്താണ്? അപ്പോൾ അല്ലാഹു പറയും : ഞാൻ നിങ്ങളുടെ മേൽ എന്റെ സംതൃപ്തിയിറക്കും അതിനുശേഷം ഒരിക്കലും ഞാൻ നിങ്ങളോട് അസന്തുഷ്ടനാവുകയില്ല". (ബുഖാരി , മുസ്ലിം)

അവൻ സ്വയം പര്യാപ്തനാകുന്നു, എല്ലാ സൃഷ്ടികളും അവരുടെ ആവശ്യങ്ങളിൽ അവനിലേക്ക് തിരിയുന്നു , അവനാകുന്നു പരിപൂർണനായ ഉടമസ്ഥൻ.

﴿لَمۡ يَلِدۡ وَلَمۡ يُولَدۡ ۝ وَلَمۡ يَكُن لَّهُۥ كُفُوًا أَحَدُۢ﴾

"അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല.അവന്ന് തുല്യനായി ആരും ഇല്ലതാനും". (അൽ ഇഖ്ലാസ്: 3 , 4)

﴿مَا ٱتَّخَذَ صَٰحِبَةً وَلَا وَلَدًا﴾

"അവൻ കൂട്ടുകാരിയെയോ, സന്താനത്തെയോ സ്വീകരിച്ചിട്ടില്ല". (അൽ ജിന്ന് : 3 )

﴿وَلَمۡ يَكُن لَّهُۥ شَرِيكٌ فِي ٱلۡمُلۡكِ وَلَمۡ يَكُن لَّهُۥ وَلِيٌّ مِّنَ ٱلذُّلِّۖ﴾

"ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമാകുന്നു അവൻ". (അൽ ഇസ്റാ : 111)

﴿وَمَا كَانَ مَعَهُۥ مِنۡ إِلَٰهٍۚ﴾

"അവനോടൊപ്പം യാതൊരു ആരാധനക്കർഹനുമില്ല". (അൽ മുഅമിനൂൻ : 91)

അല്ലാഹുവേ അനുസരിച്ച് ജീവിക്കുന്നവർ അവൻ നൽകുന്ന ഔദാര്യത്താൽ ആണ് അവനെ അനുസരിക്കുന്നത് , അവന്റെ അറിവോടുകൂടി അല്ലാതെ ആരും അവനെ ധിക്കരിക്കുന്നില്ല. അല്ലാഹു സൃഷ്ടികളുടെ ആശ്രയം ആവശ്യമില്ലാത്തവനും സ്വയം നിലനിൽപ്പുള്ളവനുമാകുന്നു, എന്നാൽ മറ്റുള്ളവർ എല്ലാം അവനെ ആശ്രയിക്കുന്നവരാകുന്നു :

﴿يَٰٓأَيُّهَا ٱلنَّاسُ أَنتُمُ ٱلۡفُقَرَآءُ إِلَى ٱللَّهِۖ وَٱللَّهُ هُوَ ٱلۡغَنِيُّ ٱلۡحَمِيدُ﴾

"മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു". (ഫാത്വിർ : 15)

അവനെ അനുസരിക്കുന്നവരുടെ അനുസരണയോ , ധിക്കരിക്കുന്നവരുടെ ധിക്കാരമോ അവന് എന്തെങ്കിലും പ്രയോജനമോ ദോഷമോ ഉണ്ടാക്കുകയില്ല. മനുഷ്യരും ജിന്നുകളും അവരെല്ലാവരും നിങ്ങളിലെ ഏറ്റവും തഖ്‌വയുള്ളവന്റെ ഹൃദയം ഉള്ളവരായി തീർന്നാലും അല്ലാഹുവിന്റെ ആധിപത്യത്തിൽ യാതൊന്നും വർദ്ധിപ്പിക്കുകയില്ല. അതുപോലെ അവരെല്ലാവരും മോശമായ ഒരു വ്യക്തിയുടെ ഹൃദയം ഉള്ളവരായി തീർന്നാലും അത് അല്ലാഹുവിന്റെ ആധിപത്യത്തിൽ യാതൊരു കുറവും വരുത്തുകയില്ല. അടിമകൾ എന്തു പ്രവർത്തിച്ചാലും അതിലൂടെ അല്ലാഹുവിന് ഉപകാരമോ ഉപദ്രവമോ ഇല്ല.

അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമാണ്. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻ നീതിയെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു : "പകലിലെ പ്രവർത്തനങ്ങൾക്ക് മുമ്പേ രാത്രിയിലെ പ്രവർത്തനങ്ങൾ അവനിലേക്ക് ഉയർത്തപ്പെടും. രാത്രിയിലെ പ്രവർത്തനങ്ങൾക്ക് മുമ്പേ പകലിലെ പ്രവർത്തനവും അവനിലേക്ക് ഉയർത്തപ്പെടും. അവന്റെ മറ പ്രകാശമാകുന്നു. അവൻ അത് വെളിവാക്കുകയാണെങ്കിൽ അവന്റെ സൃഷ്ടികളിൽ ഏതിന്റെയെല്ലാം അടുക്കൽ അവന്റെ ദൃഷ്ടിയെത്തുന്നുവോ അവയെല്ലാം അവന്റെ മഹത്വമുള്ള മുഖത്തിന്റെ പ്രകാശം കരിച്ചു കളയുന്നതാണ്". (അവൻ എല്ലാം കാണുകയും അറിയുകയും ചെയ്യും, എന്നാൽ അവന്റെ മറനീക്കിയാൽ സകലതും കത്തിക്കരിയുമെന്ന് സാരം)

അല്ലാഹു ഉന്നതനും വലിയവനുമാകുന്നു, അവനാകുന്നു പരമാധികാരിയും അതിശക്തനും. പ്രതാപം അവന്റെ തുണിയാകുന്നു ,മഹത്വം അവന്റെ മുണ്ടുമാകുന്നു. അവൻ അത്യുന്നതനാകുന്നു അവന്റെ തിരുമുഖം ഒഴികെ എല്ലാ വസ്തുക്കളും നാശമടയുന്നതാണ്.

അല്ലാഹു എല്ലാത്തിനെയും വലയം ചെയ്യുന്നു , എന്നാൽ ഒന്നും അവനെ വലയം ചെയ്യുന്നില്ല :

﴿لَّا تُدْرِكُهُ ٱلْأَبْصَٰرُ وَهُوَ يُدْرِكُ ٱلْأَبْصَٰرَ﴾

"കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും". (അൽ അൻആം : 103)

﴿وَٱلْأَرْضُ جَمِيعًا قَبْضَتُهُۥ يَوْمَ ٱلْقِيَٰمَةِ وَٱلسَّمَٰوَٰتُ مَطْوِيَّٰتٌۢ بِيَمِينِهِۦ﴾

"ഉയിർത്തെഴുന്നേൽപിൻറെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും". (അസ്സുമർ : 67)

മറ്റുള്ളവരുടെ അരികിൽ അവനെ ശുപാർശകനാക്കാൻ പാടില്ല, അവന്റെ അനുവാദത്തോടെയല്ലാതെ ആരും അവന്റെ പക്കൽ ശുപാർശ ചെയ്യുകയുമില്ല , അവന്റെ കുർസിയ്യ് -കാൽപാദം വെക്കുന്ന സ്ഥലം- ആകാശങ്ങളെക്കാളും ഭൂമിയേക്കാളും വലുതാകുന്നു . "അല്ലാഹുവിന്റെ അർശിനോട് അവന്റെ കുർസിയ്യ് താരതമ്യം ചെയ്യുമ്പോൾ നിരപ്പായ വിശാലമായ ഭൂമിയിൽ ഒരു ഇരുമ്പ് വലയം വെച്ചത് പോലെയാകുന്നു".

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും വലുത് അവന്റെ അർശാകുന്നു , അത് വഹിക്കുന്ന ഒരു മലക്കിന്റെ ചെവി മുതൽ തോള് വരെയുള്ള വലിപ്പം എഴുനൂറ് വർഷത്തെ യാത്ര വഴിദൂരമാകുന്നു.

അല്ലാഹു അവന്റെ അർശിന്റെ മുകളിൽ-അവന്റെ മഹത്വത്തിന് യോജിച്ച രൂപത്തിൽ- ആകുന്നു , അവൻ ആ അർശിലേക്ക് ആവശ്യക്കാരനല്ല താനും.

﴿تَكَادُ ٱلسَّمَٰوَٰتُ يَتَفَطَّرْنَ مِن فَوْقِهِنَّ﴾

"ആകാശങ്ങൾ അവയുടെ ഉപരിഭാഗത്ത് നിന്ന് പൊട്ടിപ്പിളരുമാറാകുന്നു" (ശൂറാ :5 )

അഥവാ അല്ലാഹുവോടുള്ള ഭയം കാരണത്താൽ ആകാശം പൊട്ടിപ്പിളരുന്നതാണ്. അല്ലാഹു ഒരു കാര്യത്തിൽ തീരുമാനമെടുത്ത്

സംസാരിച്ചാൽ ആകാശത്ത് പ്രകമ്പനം ഉണ്ടാകുകയും ആകാശത്തുള്ളവർ ഭയപ്പെടുകയും അവന് വേണ്ടി സുജൂദിൽ വീഴുകയും ചെയ്യും.

അല്ലാഹു അവനാകുന്നു ആദ്യം അവന് മുമ്പ് യാതൊന്നുമില്ല , അവനാണ് അന്ത്യം അവന് ശേഷവും യാതൊന്നുമില്ല. അവനാണ് പ്രത്യക്ഷ്യം അവനുപരിയായി യാതൊന്നുമില്ല , അവനാണ് പരോക്ഷം അവനെ കൂടാതെ മറ്റൊന്നുമില്ല. അവൻ എല്ലാത്തിനും കഴിവുള്ളവനും ശക്തനുമാണ് , ആകാശ ഭൂമികളിലെ ഒന്നിനും അവനെ തോൽപ്പിക്കാനാവില്ല. അവന്റെ കൽപ്പന കണ്ണിമ വെട്ടിയത് പോലെയോ അല്ലെങ്കിൽ അതിനേക്കാൾ വേഗതയുള്ളതോ ആകുന്നു. അല്ലാഹുവിന് വലിയ സൈന്യങ്ങളുണ്ട് അവന്റെ സൈന്യങ്ങളെക്കുറിച്ച് അവനല്ലാതെ മറ്റാർക്കും അറിയില്ല.

ഭൂമിയുടെ അവധി എത്തിയാൽ ഭൂമി കിടുകിടാ വിറപ്പിക്കപ്പെടുകയും പർവ്വതങ്ങൾ പൊടിക്കപ്പെടുകയും ചെയ്യും പിന്നീട് , കാഹളത്തിൽ ആദ്യ ഊത്ത് ഊതപ്പെട്ടാൽ സൃഷ്ടികൾ ഭയവിഹ്വലരായിപ്പോകും , രണ്ടാമത്തെ ഊത്തിൽ എല്ലാവരും ബോധരഹിതരാവും , മൂന്നാമത്തെ ഊത്തോടെ അവരെ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും.

അവൻ സുബ്ബൂഹും ഖുദ്ദൂസും (എല്ലാ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും പരിശുദ്ധനും മുക്തനും) ആകുന്നു. അവന് ഏറ്റവും ഉയർന്ന പൂർണ്ണതയും സമ്പൂർണ്ണമായ ഭംഗിയുമുണ്ട്. അവന് പങ്കുകാരോ തുല്യരോ സമന്മാരോ ഇല്ല.

﴿ لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴾

“അവന് തുല്യമായി യാതൊന്നുമില്ല”. (അശ്ശൂറാ : 11)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

ഈ പ്രവർത്തനങ്ങളും വിശേഷണങ്ങളും ഉള്ള റബ്ബിനെ ഇഷ്ടപ്പെടുകയും, അവനെ സ്തുതിക്കുകയും വാഴ്ത്തുകയും

ആരാധനകൾ അവനു മാത്രം സമർപ്പിക്കുക എന്നുള്ളതും, നമ്മുടെ ബാധ്യതയല്ലേ ?

അല്ലാഹുവെ കുറിച്ച് നന്നായി അറിഞ്ഞവൻ അല്ലാഹുവിനോട് സാമീപ്യം ഉണ്ടാകാൻ പരിശ്രമിക്കുകയും അവന് വഴിപ്പെടുകയും അവന് വിധേയമായി ജീവിക്കുകയും ചെയ്യും , അവനിൽ അവലംബിക്കുകയും അവനിൽ സമാധാനം കണ്ടെത്തുകയും ചെയ്യും, അവനിൽനിന്ന് പ്രതിഫലം ആഗ്രഹിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യും, തന്റെ ആവശ്യങ്ങൾ അവനിൽ അർപ്പിക്കുകയും അവനിൽ ഭരമേൽപ്പിക്കുകയും ചെയ്യും.

അല്ലാഹുവെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്യുന്നവൻ അവനരികിൽ വലിയ സ്ഥാനമുള്ളവനാകുന്നു. അവനെ സ്തുതിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നു. അതുകൊണ്ടുതന്നെ അവനെ കുറിച്ചുള്ള സ്തുതി അവൻ തന്നെ പറഞ്ഞതായി കാണാം, അല്ലാഹുവിനെ ഇഷ്ടപ്പെടുകയും ആരാധനകൾ അവനു മാത്രം സമർപ്പിക്കുകയും ചെയ്തവനെ അല്ലാഹു ഇഷ്ടപ്പെടുകയും അവനെ തൃപ്തിപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്.

## അഊദു ബില്ലാഹി മിന ശൈത്വാനി റജീം

﴿إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَٰذَا صِرَٰطٌ مُّسْتَقِيمٌ﴾

“തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം”. (ആലു ഇംറാൻ : 51)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ ..

## രണ്ടാം ഖുത്വുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു . അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവിന് കൂടെ സൃഷ്ടികളെ പങ്കുചേർത്തവർ അവനെ ഇകഴ്ത്തിയവരും അവനെക്കുറിച്ച് മോശമായ ചിന്താഗതി വെച്ചുപുലർത്തുന്നവരും അവന് സമന്മാരെ സ്വീകരിച്ചവരുമാകുന്നു.

അല്ലാഹുവിൽ പങ്കു ചേർക്കുക എന്നുള്ളത് എല്ലാ അമലുകളെയും നിഷ്ഫലമാക്കുന്ന പ്രവർത്തനമാണ്. അത് ചെയ്യുന്നവർക്ക് അവൻ മാപ്പ് നൽകുകയില്ല. അവർ ഒരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്ന് മാത്രമല്ല കാലാകാലം അവർ നരകത്തിൽ ആയിരിക്കും. മനുഷ്യന്റെ ശുദ്ധമായ പ്രകൃതിക്ക് സംഭവിക്കുന്ന ഏറ്റവും വലിയ വ്യതിയാനം ശിർക്ക് സംഭവിക്കലാണ്. ഏറ്റവും വലിയ തിന്മയും എല്ലാ രോഗങ്ങളുടെയും കൂടാരവും അത് തന്നെ, എല്ലാ പരീക്ഷണങ്ങളുടെയും പ്രഥമ കാരണവും അതാകുന്നു. അതിന്റെ ദോഷം വളരെ വലുതും വിപത്ത് വളരെ കഠിനവുമാകുന്നു.

പാപങ്ങൾ പ്രവർത്തിക്കുക എന്നത് വളരെ മോശപ്പെട്ട ഏർപ്പാടാകുന്നു, അതൊരു അടിമയിൽ ഒരുമിച്ചു കൂടുകയും അവനെ നശിപ്പിക്കുകയും ചെയ്യും. അത് അടിമയുടെയും അവന്റെ

ഹൃദയത്തിനിടയിലും മറയുണ്ടാക്കുന്നു , അടിമകൾ തിന്മകളെ നിസ്സാരമായി കാണുന്നതിനനുസരിച്ച് അല്ലാഹുവിനരികിൽ അത് ഗൗരവമുള്ളതാകുന്നു. അതുകൊണ്ട് തിന്മകളുടെ നിസ്സാരതയിലേക്ക് അല്ല മറിച്ച് ധിക്കരിക്കുന്ന അല്ലാഹുവിന്റെ വലിപ്പത്തെക്കുറിച്ച് നാം ചിന്തിക്കുക.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു

# അല്ലാഹുവെ അറിയുക [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബികൾക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിശ്ചയമായും സന്മാർഗം പിൻപറ്റുന്നതിലാകുന്നു വിജയം , ദേഹേച്ച പിൻപറ്റുന്നതിലാകുന്നു നാശം.

അല്ലാഹു സൃഷ്ടികളെ സൃഷ്ടിച്ചത് അവനെ അനുസരിക്കുവാനും അവന് വിധേയമായി ജീവിക്കാനുമാകുന്നു. അല്ലാഹുവേ അറിയുന്നതിലും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതിലൂടെയാണ് പരിപൂർണ്ണമായ സന്തോഷം ലഭിക്കുന്നത്. ഒരു അടിമ ആദ്യമായി പഠിക്കേണ്ട അറിവ് അല്ലാഹുവിനെ കുറിച്ചായിരിക്കണം . മരണാനന്തരം കബറിൽ ആദ്യമായി അടിമ

---

(1)15/02/1426 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ചോദ്യം ചെയ്യപ്പെടുക അല്ലാഹുവിനെ കുറിച്ചാകുന്നു. ഇല്ലായ്മയിൽ നിന്ന് അല്ലാഹു അവന്റെ സൃഷ്ടികളെ പടക്കുകയും അവർക്ക് അനേകം അനുഗ്രഹങ്ങൾ ചൊരിയുകയും അവർക്ക് ഉപജീവനം വാഗ്ദാനം ചെയ്യുകയും ചെയ്തു :

﴿وَمَا مِن دَآبَّةٍ فِي ٱلۡأَرۡضِ إِلَّا عَلَى ٱللَّهِ رِزۡقُهَا﴾

“ഭൂമിയിൽ യാതൊരു ജന്തുവും അതിന്റെ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായിട്ടല്ലാതെ ഇല്ല”. (ഹൂദ് : 6)

ഇല്ലായ്മയിൽ നിന്ന് അല്ലാഹു മനുഷ്യരെ പടച്ചു :

﴿هَلۡ أَتَىٰ عَلَى ٱلۡإِنسَٰنِ حِينٞ مِّنَ ٱلدَّهۡرِ لَمۡ يَكُن شَيۡـٔٗا مَّذۡكُورًا﴾

“മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ?” (അൽ ഇൻസാൻ : 1)

സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് അവൻ മാത്രമാകുന്നു :

﴿أَلَا لَهُ ٱلۡخَلۡقُ وَٱلۡأَمۡرُۗ تَبَارَكَ ٱللَّهُ رَبُّ ٱلۡعَٰلَمِينَ﴾

“അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു”. (അൽ അഅ്റാഫ് : 54)

അവൻ ഏകനും സർവ്വശക്തനും മഹത്വമുള്ളവനുമാകുന്നു. എല്ലാ കാര്യങ്ങളുടെയും താക്കോലുകൾ അവന്റെ കൈകളിലാണ്. അവൻ അതിശക്തനും ഒരിക്കലും നിലച്ചു പോകാത്ത ശക്തിയുടെ ഉടമയുമാകുന്നു. അടിമകളുടെ മേൽ പരമാധികാരമുള്ളവനാകുന്നു അവൻ. ആരാധനകൾ അവൻ അല്ലാത്തവർക്ക് നൽകുന്നത് ഒരിക്കലും അവൻ തൃപ്തിപ്പെടുകയില്ല.

﴿إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ﴾

“നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങളുടെ ആശ്രയത്തിൽ നിന്ന് മുക്തനാകുന്നു. തന്റെ അടിമകൾ നന്ദികേട് കാണിക്കുന്നത് അവൻ തൃപ്തിപ്പെടുകയില്ല. നിങ്ങൾ നന്ദികാണിക്കുന്ന പക്ഷം നിങ്ങളോട് അത് വഴി അവൻ സംതൃപ്തനായിരിക്കുന്നതാണ്”. (അസ്സുമർ : 7)

എല്ലാ സൃഷ്ടികളിലും അവന്റെ ഏകത്വത്തെ സൂചിപ്പിക്കുന്ന അടയാളം അവൻ സ്ഥാപിച്ചു. അതുവഴി ഹൃദയത്തിന് അതിന്റെ റബ്ബിനോടുള്ള അടുപ്പം വർദ്ധിക്കുന്നു, തുടർച്ചയായ രണ്ട് ദൃഷ്ടാന്തങ്ങൾ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് നമ്മെ നിത്യമായും ഓർമ്മിപ്പിക്കുന്നു : ഇരുൾ മൂടുന്ന രാത്രിയും വിടർന്ന് വരുന്ന പ്രഭാതവും, അവ ഒന്നിന് പിറകെ ഒന്നായി വേഗത്തിൽ വരുന്നു:

﴿يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا﴾

“രാത്രിയെക്കൊണ്ട് അവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു”.(അൽ-അഅ്റാഫ് : 54)

സൂര്യനും ചന്ദ്രനും ഒരു കൃത്യമായ പാതയിലൂടെ സഞ്ചരിക്കുന്നു , ബുദ്ധിയുള്ളവരെ അമ്പരപ്പിക്കുന്ന സഞ്ചാരം , ഒന്ന് ഉദിക്കുകയും മറ്റൊന്ന് അസ്തമിക്കുകയും ചെയ്യുന്നു, ഒന്ന് മുന്നോട്ടോ പിന്നോട്ടോ ആവാതെ വളരെ സൂക്ഷ്മമായ ഒരു രീതി പിന്തുടരുന്നു .

﴿لَا ٱلشَّمْسُ يَنۢبَغِى لَهَآ أَن تُدْرِكَ ٱلْقَمَرَ وَلَا ٱلَّيْلُ سَابِقُ ٱلنَّهَارِ ۚ وَكُلٌّ فِى فَلَكٍ يَسْبَحُونَ﴾

“സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ (നിശ്ചിത) ഭ്രമണപഥത്തിൽ നീന്തികൊണ്ടിരിക്കുന്നു”. (യാസീൻ : 40)

നമുക്ക് ഒരിക്കലും ഒഴിച്ചുകൂടാനാവാത്ത നമ്മെ താങ്ങുന്ന ഈ ഭൂമിയും നമുക്ക് തണലേകുന്ന ഈ ആകാശവും എത്ര തികഞ്ഞ സൃഷ്ടിപ്പും അതിശയകരമായ പദ്ധതിയുമാണ് .

﴿هَٰذَا خَلْقُ ٱللَّهِ فَأَرُونِى مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦ﴾

**"ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ". (ലുഖ്മാൻ : 11)**

**ഈ മഹത്തായ പ്രപഞ്ചത്തിന്റെ അധിപന്റെ അടിമയാണെന്നതിൽ ഓരോ മുസ്ലിമിനും അഭിമാനിക്കാം.**

﴿قُلْ إِنَّنِى هَدَىٰنِى رَبِّىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ﴾

**"പറയുക: തീർച്ചയായും എന്റെ റബ്ബ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു". (അൽ അൻആം : 161)**

**ഒരു വിശ്വാസി ഈ പ്രപഞ്ചത്തിന്റെ ഉടമസ്ഥനെയല്ലാതെ മറ്റാരെയും ആരാധിക്കുന്നില്ല, തന്റെ ആരാധനകൾ മറ്റാർക്കും അർപ്പിക്കുന്നില്ല, ആപത് ഘട്ടങ്ങളിൽ അവൻ അവനെ മാത്രം ആശ്രയിക്കുന്നു, തുറന്നതും മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങളിൽ അവനെ മാത്രം ഭയപ്പെടുകയും ചെയ്യുന്നു :**

﴿وَإِن يَمْسَسْكَ ٱللَّهُ بِضُرٍّ فَلَا كَاشِفَ لَهُۥٓ إِلَّا هُوَ﴾

**"(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല". (യൂനുസ് : 107)**

**മരിച്ചു പോയവർ തന്നെ ഉപദ്രവിക്കുമെന്ന ഭയമോ അവർ വല്ല ഉപകാരവും ചെയ്യുമെന്ന പ്രതീക്ഷയോ അവനുണ്ടാവുകയില്ല. എപ്പോഴും അല്ലാഹുവെ മാത്രം ആശ്രയിക്കുക എന്നത് മനസ്സിന് ശക്തി പകരുകയും ഹൃദയത്തിന് സുരക്ഷിതത്വം നൽകുകയും ആത്മാവിന് ആശ്വാസമേൽകുകയും ചെയ്യുന്നതാണ്. തന്റെ റബ്ബിനെ ഭയപ്പെടുന്നവനെ ഭയപ്പെടുത്താൻ ആർക്കുമാവില്ല. മറിച്ച്, അവർ ഹൃദയത്തിൽ സ്ഥിരതയുള്ളവനും സമാധാനം ആസ്വദിക്കുന്നവനുമായിരിക്കും. അല്ലാഹുവിന്റെ കൂടെ ആശ്വാസം**

കണ്ടെത്തുന്നവർ എത്ര ഭാഗ്യവാന്മാരാണ്..!!

﴿فَلَا تَخَافُوهُمْ وَخَافُونِ إِن كُنتُم مُّؤْمِنِينَ﴾

"അതിനാൽ നിങ്ങളവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ". (ആലു ഇംറാൻ : 175)

അബൂ സുലൈമാൻ അദ്ദാറാനി -رحمه الله- പറഞ്ഞു : "ഭയം ഒരു ഹൃദയത്തെ വിട്ടുപോയാൽ അത് നശിച്ചിരിക്കുന്നു". അല്ലാഹുവിനോട് ഏറ്റവും അടുത്ത അടിമകൾ അവനെ കൂടുതൽ ഭയപ്പെടുന്നവരാണ്, പ്രവാചകൻ -ﷺ- പറയുന്നു : "തീർച്ചയായും ഞാൻ അല്ലാഹുവിനെ കുറിച്ച് ഏറ്റവും അറിവുള്ളവനും അവനെ ഏറ്റവും ഭയപ്പെടുന്നവനുമാകുന്നു". (ബുഖാരി,മുസ്ലിം) ഇത് വിശ്വാസത്തിന്റെ പ്രധാന ഭാഗവും നമ്മുടെ മേൽ അനിവാര്യമായ കടമയുമാകുന്നു. ആരെങ്കിലും തന്റെ റബ്ബിനെ ഭയപ്പെടുന്നുവെങ്കിൽ, അവനുവേണ്ടി സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്:

﴿وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ﴾

"തൻറെ രക്ഷിതാവിൻറെ സന്നിധിയെ ഭയപ്പെട്ടവന്ന് രണ്ട് സ്വർഗത്തോപ്പുകളുണ്ട്". (അറഹ്മാൻ : 46)

പണ്ഡിതന്മാർ പറഞ്ഞു : "അല്ലാഹു ഒരടിമക്ക് രണ്ട് ഭയങ്ങൾ നൽകുകയില്ല, ഈ ലോകത്ത് അല്ലാഹുവിനെ ഭയപ്പെടുന്നവൻ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സുരക്ഷിതനായിരിക്കും, ഈ ലോകത്ത് സുരക്ഷിതനായിരിക്കുകയും തന്റെ രക്ഷിതാവിനെ ഭയപ്പെടാതിരിക്കുകയും ചെയ്താൽ അവനെ അല്ലാഹു ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭയപ്പെടുത്തും". അതിനാൽ നിങ്ങളുടെ റബ്ബിനെ നിരീക്ഷിക്കുകയും സ്രഷ്ടാവിനെ ഭയപ്പെടുകയും ചെയ്യുക, എന്നാൽ - നിങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സൃഷ്ടികളിൽ ഏറ്റവും സന്തുഷ്ടരാകുന്നതാണ്.

അല്ലാഹുവല്ലാതെ മറ്റാരും നിങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിക്കുമെന്നോ, പ്രയാസങ്ങൾ നീക്കുമെന്നോ

പ്രതീക്ഷിക്കരുത്. രോഗശമനം നൽകുന്നതും ഉപജീവനം നൽകുന്നതും സൗഖ്യം നൽകുന്നതുമൊക്കെ അവൻ മാത്രമാകുന്നു. മനുഷ്യർ സ്വതസിദ്ധമായി ബലഹീനരാണ്, മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നത് പോട്ടെ , തങ്ങൾക്ക് തന്നെ സ്വന്തം കഴിവ് കൊണ്ട് ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തവരാണ്. അത് കൊണ്ട് സൃഷ്ടികളിൽ പ്രതീക്ഷ അർപ്പിക്കുന്നവർക്ക് നിരാശയാണ് ലഭിക്കുക. നിങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും അല്ലാഹുവിലല്ലാതെ മറ്റാരിലും അർപ്പിക്കരുത്. കാരണം, സൃഷ്ടികളിൽ അവലംബിക്കുമ്പോൾ അത് ലഭിക്കുകയില്ല എന്ന് മാത്രമല്ല നിങ്ങൾ അവഹേളിക്കപ്പെടുകയും നിന്ദ്യരാവുകയും ചെയ്യും. അതിനാൽ അല്ലാഹുവിന്റെ അനുഗ്രങ്ങളിലും അവന്റെ ദാനത്തിലും സമൃദ്ധമായ ഔദാര്യത്തിലും പ്രതീക്ഷ വെക്കുക. അവനിൽ പ്രതീക്ഷിക്കുക എന്നത് തന്നെ ആരാധനയാണ് , അവന്റെ മുന്നിൽ താഴ്മ കാണിക്കുന്നത് നമുക്ക് പ്രതാപമാണ് , അതിലൂടെ നമ്മുടെ പദവികൾ ഉയർത്തപ്പെടുകയും ആഗ്രഹങ്ങൾ സഫലീകരിക്കപ്പടുകയും ചെയ്യുന്നു.

മനസ്സിന് യഥാർഥ സമാധാനം ലഭിക്കുന്നത് തന്റെ കാര്യങ്ങൾ സൃഷ്ടാവായ അല്ലാഹുവിൽ ഏൽപിക്കുമ്പോഴാകുന്നു. തന്റെ റബ്ബ് തന്റെ അവസ്ഥ അറിയുന്നുവെന്നും തന്നോട് കരുണയുള്ളവനും, പ്രയാസം നീക്കാൻ കഴിവുള്ളവനാണെന്നും മനസ്സിലാക്കുമ്പോൾ ഹൃദയം അല്ലാഹുവുമായി കൂടുതൽ അടുക്കുന്നു. അങ്ങനെയുള്ള റബ്ബ് ഉണ്ടായിരിക്കെ എന്തിനാണ് ബലഹീനരായ സൃഷ്ടികളെ നാം സമീപിക്കുന്നത് ?!! എല്ലാത്തിനും മതിയായവനാകുന്നു നിന്റെ റബ്ബ് , അവനിൽ ഭരമേൽപ്പിക്കുന്നവരുടെ കാര്യം അവൻ നോക്കുന്നതാണ്.

﴿وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ﴾

“വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്”. (അത്തലാഖ് : 3)

അല്ലാഹുവിന്റെ കാരുണ്യം കാംക്ഷിക്കുന്നവനും, അവന്റെ ശിക്ഷയെ ഭയപ്പെടുന്നവനും, തന്റെ നാഥനോടുള്ള ആരാധനയിൽ

കീഴ്പെടുന്നവനും വിധേയനാകുന്നവനുമാണ് യഥാർഥ സന്തുഷ്ടൻ. ആ മഹത്തായ സ്തുതികൾ പ്രവാചകന്മാരുടെ സവിശേഷതയാണ്. അല്ലാഹു സകരിയ്യ നബി -عليه السلام-നെ യും അദ്ദേഹത്തിന്റെ കൂടെയുള്ളവരെയും കുറിച്ച് പറഞ്ഞു :

﴿إِنَّهُمْ كَانُوا۟ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَٰشِعِينَ﴾

“തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ചുകൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു”. (അൽ അമ്പിയാ : 90)

അല്ലാഹുവിന്റെ പക്കലുള്ളത് നേടാൻ ഏറ്റവുമധികം പരിശ്രമിക്കുന്നത് പ്രവാചകന്മാരാണ്. അല്ലാഹു മുഹമ്മദ് നബി-ﷺ-യോട് പറഞ്ഞു :

﴿وَإِلَىٰ رَبِّكَ فَٱرْغَب﴾

“നിന്റെ രക്ഷിതാവിലേക്ക് തന്നെ നിന്റെ ആഗ്രഹം നീ സമർപ്പിക്കുകയും ചെയ്യുക”. (അശർഹ് : 8)

അല്ലാഹുവിങ്കലുള്ളത് ആഗ്രഹിക്കുക എന്നത് ഒരടിമയിൽ അവന്റെ പാപങ്ങളുടെ വ്യാപ്തി അനുസരിച്ച് കുറയുകയും അവന്റെ വിശ്വാസം വർദ്ധിക്കുന്നതനുസരിച്ച് വർദ്ധിക്കുകയും ചെയ്യുന്നു. ഇബ്നുൽ ഖയ്യിം -رحمه الله- പറഞ്ഞു : “അല്ലാഹു തന്റെ അടിമക്ക് നന്മ ഉദ്ദേശിച്ചാൽ , അടിമയുടെ പ്രയത്നവും പരിശ്രമവും അല്ലാഹുവിന്റെ പക്കലുള്ള അനുഗ്രഹങ്ങൾ ആഗ്രഹിക്കാനും അവന്റെ ശിക്ഷയെ ഭയപ്പെടാനുമുള്ള മനസ്സ് എളുപ്പമാക്കി കൊടുക്കും, അവ രണ്ടും വിജയത്തിനുള്ള മാനദണ്ഡങ്ങളാണ്, അതിനാൽ ഒരടിമയുടെ ഹൃദയത്തിൽ ആഗ്രഹവും ഭയവും ഉള്ളടത്തോളം അവൻ വിജയം കൈ വരിക്കുക തന്നെ ചെയ്യും”.

സൃഷ്ടികളെ ഭയക്കുക എന്നത് അപമാനവും നിന്ദ്യതയുമാണ്. എന്നാൽ സൃഷ്ടാവിനെ ഭയക്കുന്നതിലൂടെ പ്രതാപവും സന്തുഷ്ടമായ ജീവിതവും ലഭിക്കുന്നു. അല്ലാഹു അവരുടെ ഉൾകാഴ്ച പ്രകാശിപ്പിക്കുകയും ചെയ്യുന്നതാണ്.

﴿سَيَذَّكَّرُ مَن يَخْشَىٰ﴾

"ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചു കൊള്ളുന്നതാണ്". (അൽ അഅലാ : 10)

അത്തരക്കാരിൽ ഉപദേശങ്ങളും ഗുണപാഠങ്ങളും ഉപകാരം ചെയ്യും. അല്ലാഹു പറഞ്ഞു :

﴿إِنَّ فِي ذَٰلِكَ لَعِبْرَةً لِّمَن يَخْشَىٰٓ﴾

"തീർച്ചയായും അതിൽ ഭയപ്പെടുന്നവർക്ക് ഒരു ഗുണപാഠമുണ്ട്". (അന്നാസിആത്ത് : 26)

അല്ലാഹുവിന്റെ പരിശുദ്ധമായ ഖുർആൻ അവർക്ക് സന്തോഷവും ഉൽബോധനവുമായിരിക്കും.

﴿مَآ أَنزَلْنَا عَلَيْكَ ٱلْقُرْءَانَ لِتَشْقَىٰٓ ۞ إِلَّا تَذْكِرَةً لِّمَن يَخْشَىٰ﴾

"നിനക്ക് നാം ഖുർആൻ അവതരിപ്പിച്ചുതന്നത് നീ കഷ്ടപ്പെടാൻ വേണ്ടിയല്ല , ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകാൻ വേണ്ടി മാത്രമാണത്". (താഹാ : 2-3)

അല്ലാഹുവെ ഭയന്നുള്ള ജീവിതം അവനിൽ നിന്നുള്ള പാപമോചനത്തിനും സമൃദ്ധമായ പ്രതിഫലത്തിനും കാരണമാകുന്നു.

﴿إِنَّ ٱلَّذِينَ يَخْشَوْنَ رَبَّهُم بِٱلْغَيْبِ لَهُم مَّغْفِرَةٌ وَأَجْرٌ كَبِيرٌ﴾

"തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെ അദൃശ്യനിലയിൽ ഭയപ്പെടുന്നവരാരോ അവർക്ക് പാപമോചനവും വലിയ പ്രതിഫലവുമുണ്ട്".(അൽ മുൽക് : 12)

അതിനാൽ നിങ്ങളുടെ റബ്ബിനെ നിങ്ങളുടെ കൺമുമ്പിൽ ഉള്ളത് പോലെ സൂക്ഷിക്കുക, അവന്റെ തന്ത്രത്തിൽ നിന്നും ശിക്ഷയിൽ നിന്നും നിങ്ങൾ നിർഭയരാവതിരിക്കുക, നിങ്ങളുടെ ഉപജീവനം മുടങ്ങുന്നതിലോ സുഖം പ്രാപിക്കാൻ വൈകുന്നതിലോ ദുരിതം വരുന്നതിലോ അല്ലാഹുവെ അല്ലാതെ മറ്റാരെയും ഭയപ്പെടരുത്.

﴿فَلَا تَخْشَوْهُمْ وَٱخْشَوْنِى وَلِأُتِمَّ نِعْمَتِى عَلَيْكُمْ وَلَعَلَّكُمْ تَهْتَدُونَ﴾

“എന്നാൽ നിങ്ങൾ അവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തരുവാനും, നിങ്ങൾ സൻമാർഗം പ്രാപിക്കുവാനും വേണ്ടിയാണിതെല്ലാം”. (അൽ ബഖറ : 150)

എല്ലാവരും സ്വയം ബലഹീനരും ശക്തനായ അല്ലാഹുവിന്റെ സഹായം ആവശ്യമുള്ളവരുമാകുന്നു. അല്ലാഹുവോട് സഹായം ചോദിക്കുന്നവർക്ക് വേറെ സൃഷ്ടികളോട് ചോദിക്കേണ്ട ആവശ്യമില്ല. താൻ ആഗ്രഹിക്കുന്നത് നേടിയെടുക്കാൻ അല്ലാഹുവിന്റെ സഹായമില്ലാതെ ഒരുവൻ പരിശ്രമിച്ചാൽ അവന് മുന്നിൽ മാർഗങ്ങൾ കൊട്ടിയടക്കപ്പെടുകയും നേട്ടങ്ങൾ അവന് പ്രായസമാവുകയും ചെയ്യും. നബി -ﷺ- ഇബ്നു അബ്ബാസ് -رضي الله عنه- നോട് പറഞ്ഞു : “മകനെ , നീ ഞാൻ നിന്നെ ചില വാക്കുകൾ പഠിപ്പിക്കാം : നീ അല്ലാഹുവെ സൂക്ഷിക്കുക, എന്നാൽ അവൻ നിന്നെ സംരക്ഷിക്കും, നീ അല്ലാഹുവെ സൂക്ഷിക്കുക, എന്നാൽ അവനെ നിന്റെ മുമ്പിൽ കണ്ടെത്തും, നീ ചോദിക്കുമ്പോൾ അല്ലാഹുവോട് ചോദിക്കുക, സഹായം തേടുകയാണെങ്കിൽ അവനോട് മാത്രം സഹായം തേടുക”. (തിർമിദി)

അല്ലാഹുവിനോട് മാത്രമേ സഹായം ചോദിക്കാവൂ എന്നത് ഇസ്ലാമിന്റെ അടിത്തറയാണ്.

﴿إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ﴾

“നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം

**ഞങ്ങൾ സഹായം തേടുന്നു" (അൽ ഫാത്തിഹ : 4 )**

**എല്ലാ പ്രവാചകരും അവരുടെ സമൂഹത്തോട് സഹായതേട്ടം അല്ലാഹുവിനോട് മാത്രമായിരിക്കണം എന്നു കൽപ്പിച്ചു.**

﴿قَالَ مُوسَىٰ لِقَوْمِهِ ٱسْتَعِينُوا۟ بِٱللَّهِ وَٱصْبِرُوٓا۟﴾

**"മൂസാ തന്റെ ജനങ്ങളോട് പറഞ്ഞു: നിങ്ങൾ അല്ലാഹുവോട് മാത്രം സഹായം തേടുകയും ക്ഷമിക്കുകയും ചെയ്യുക".(അൽ അഅ്റാഫ്: 128)**

**ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ -رحمه الله- പറഞ്ഞു : "അല്ലാഹുവെ അല്ലാതെ മറ്റാരെയും ആരാധിക്കാതിരിക്കുകയും അവനോട് അല്ലാതെ മറ്റാരോടും സഹായം തേടുകയും ചെയ്യാതിരിക്കുക എന്നതാണ് മതം".**

**ഒരു അടിമയുടെ പൂർണത അവന്റെ നാഥനോടുള്ള അവന്റെ അടുപ്പത്തിലാണ്, അവനോട് അടുപ്പമുള്ളവരെ അവൻ സഹായിക്കും. അവനെ അനുസരിക്കുകയും അവനോട് സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നവർക്ക് അവൻ ഉപജീവനം സുഗമമാക്കി നൽകുന്നു. അവനിൽ ആശ്രയിക്കുകയും ഭരമേൽപിക്കുകയും ചെയ്യുന്നതിലൂടെ ഉപജീവനത്തിൽ അഭിവൃദ്ധിയുണ്ടാകുന്നു. അല്ലാഹു പറഞ്ഞു :**

﴿وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا * وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ﴾

**"അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കികൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്". (അത്തലാഖ് : 3,4)**

**ജീവിതം കഷ്ടപ്പാടുകളും ദുരിതങ്ങളും നിറഞ്ഞതാണ്, അല്ലാഹു പറഞ്ഞു :**

﴿لَقَدْ خَلَقْنَا ٱلْإِنسَٰنَ فِى كَبَدٍ﴾

"തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു". (അൽ ബലദ് : 4)

എല്ലാ സൃഷ്ടികൾക്കും ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ശത്രുക്കളുണ്ട്, അവരിൽ പ്രധാനിയാണ് ഇബലീസ് -അവന് നാശം ഉണ്ടാകട്ടെ- അല്ലാഹു പറഞ്ഞു :

﴿إِنَّ ٱلشَّيْطَٰنَ لَكُمْ عَدُوٌّ فَٱتَّخِذُوهُ عَدُوًّا﴾

"തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക". (ഫാതിർ : 6)

അല്ലാഹുവിൽ അഭയം പ്രാപിക്കുകയും, തിന്മകളിൽ നിന്ന് അവനോട് സംരക്ഷണം ആവശ്യപ്പെടുകയും, അവനോട് കാവൽ ചോദിക്കുകയുമല്ലാതെ മറ്റൊരു മാർഗം ഒരു അടിമക്കുമില്ല. അല്ലാഹു ശക്തനും പ്രതാപമുള്ളവനുമാണ് ; എല്ലാ സൗകര്യങ്ങൾ ഒത്തു വന്നാലും അവനിൽ അഭയം പ്രാപിക്കുന്നവനെ ദ്രോഹിക്കാൻ ആർക്കും സാധിക്കുകയില്ല. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും വല്ല സ്ഥലത്ത് ഇറങ്ങുകയും ഇപ്രകാരം പറയുകയും ചെയ്താൽ : "അഊദു ബികലിമാതില്ലാഹി അത്താമ്മാത്തി മിൻ ശരി മാ ഖലഖ്" (അവൻ സൃഷ്ടിച്ചതിന്റെ തിന്മയിൽ നിന്ന് പരിപൂർണ്ണമായ അല്ലാഹുവിന്റെ വചനങ്ങളാൽ അഭയം തേടുന്നു) അവൻ ആ പ്രദേശത്ത് നിന്ന് പോകുന്നതുവരെ ഒന്നും അവനെ ഉപദ്രവിക്കില്ല". (മുസ്ലിം)

ഇമാം ഖുർതുബി -رحمه الله- പറഞ്ഞു : "ഈ ഹദീസ് അറിഞ്ഞതത് മുതൽ ഞാൻ സ്ഥിരമായി ഈ ദിക്ർ പറയാറുണ്ടായിരിന്നു , എനിക്ക് അപ്പോഴൊന്നും ഒരു ദോഷവും ഉണ്ടാകാറുമില്ല , അങ്ങനെ ഒരു രാത്രി എന്നെ തേള് കുത്തിയപ്പോഴാണ് എനിക്ക് ഓർമ വന്നത് ; ആ ദിവസം ആ ദിക്ർ പറയാൻ ഞാൻ മറന്നിരുന്നു എന്ന കാര്യം".

സൃഷ്ടികൾ പല ഉപദ്രവങ്ങൾക്കും പ്രായസങ്ങൾക്കും

വിധേയമാകുന്നു, അല്ലാഹുവെ മുറുകെ പിടിക്കുകയും അവനിൽ അഭയം തേടുകയും ചെയ്യാതെ ഒരടിമയുടെയും ജീവിതം സന്തോഷകരമാവില്ല, എല്ലാ ഉപദ്രവവും ഉപകാരവും അവന്റെ കൈകളിലാണ്, അല്ലാഹുവിന്റെ തീരുമാനമില്ലാതെ നിനക്ക് ഒരുപദ്രവവും ഉണ്ടാക്കാൻ ആർക്കും സാധിക്കുകയുമില്ല. നബി -ﷺ- പറഞ്ഞു : "എല്ലാവരും ഒരുമിച്ചു കൂടി നിന്നെ ഉപദ്രവിക്കാൻ തീരുമാനിച്ചാലും അല്ലാഹു നിനക്ക് വിധിക്കാത്ത ഒരു കാര്യവും ചെയ്യാൻ അവർക്ക് സാധ്യമല്ല" . (തിർമിദി)

എല്ലാ സൃഷ്ടികളുടെ തിന്മയിൽ നിന്നും, ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും , അസൂയയുള്ളവന്റെ തിന്മയിൽ നിന്നും , പ്രപഞ്ചത്തിൽ നിന്ന് ഈ അന്ധകാരത്തെ അകറ്റാൻ കഴിവുള്ള പ്രഭാതത്തിന്റെ സ്രഷ്ടാവിനോട് അഭയം തേടാൻ അല്ലാഹു തന്റെ പ്രവാചകനോട് കൽപിച്ചിട്ടുണ്ട്. അവനിൽ അഭയം തേടുന്നവൻ ഭയപ്പെടുന്നത് എന്താണെങ്കിലും അത് നീക്കം ചെയ്യാൻ കഴിവുള്ളവനാകുന്നു അവൻ. എല്ലാ കാര്യങ്ങളിലും അവനിൽ അഭയം തേടുന്നവൻ ദുഷ്ടന്മാരിൽ നിന്നും വഞ്ചകരിൽ നിന്നും ശക്തമായ ഒരു കോട്ടയിലാണ്. അവനെ ഉപദ്രവിക്കാൻ സാധിക്കുകയില്ല.

നമുക്ക് പ്രായസങ്ങളിൽ മടങ്ങാൻ നമ്മുടെ റബ്ബല്ലാതെ വേറെ ആരുമില്ല. അവനിലല്ലാതെ ഒരു അഭയ സ്ഥാനമില്ല. അവനിൽ നിന്ന് സഹായവും സംരക്ഷണം തേടുന്നവൻ ഏറ്റവും ഉന്നതമായ ആരാധനയാണ് നിർവഹിക്കുന്നത്. കാരണം ; പ്രതികൂല സമയങ്ങളിലും ബുദ്ധിമുട്ടുകളിലും മഹാനായ റബ്ബിൽ നിന്ന് മാത്രം സഹായം തേടുന്നത് പ്രവാചകന്മാരുടെയും സച്ചരിതരായ അവന്റെ അടിയാറുകളുടെയും പാതയാണ്. അല്ലാഹു പറഞ്ഞു :

﴿إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ﴾

"നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന്

അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി". (അൽ അൻഫാൽ : 9)

അല്ലാഹു പറഞ്ഞു :

﴿أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ﴾

"അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുന്നവനോ.." (അഥവാ-ഉത്തരം നൽകുന്നവൻ അവനാകുന്നു) (അന്നംല് : 62)

മരിച്ചവരെ വിളിച്ചു തേടുന്നവരുടെ വിളി കേൾക്കപ്പെടുകയില്ല, അവന്റെ ആവശ്യങ്ങൾ പരിഹരിക്കപ്പെടുകയുമില്ല. അല്ലാഹു പറഞ്ഞു:

﴿وَٱلَّذِينَ تَدْعُونَ مِن دُونِهِۦ مَا يَمْلِكُونَ مِن قِطْمِيرٍ ۞ إِن تَدْعُوهُمْ لَا يَسْمَعُوا۟ دُعَآءَكُمْ وَلَوْ سَمِعُوا۟ مَا ٱسْتَجَابُوا۟ لَكُمْ﴾

"അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല.നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല". (ഫാതിർ :13,14)

നിങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുകയും, വിഷമങ്ങൾ സങ്കീർണമാവുകയും ചെയ്താൽ, അദൃശ്യ കാര്യങ്ങൾ അറിയുന്ന അല്ലാഹുവിനോട് സഹായം ചോദിക്കുക.

﴿إِنَّمَآ أَمْرُهُۥٓ إِذَآ أَرَادَ شَيْـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ﴾

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു". (യാസീൻ : 82 )

ആരാധകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കുക എന്നത് വിശ്വാസത്തിലെ വിശുദ്ധിയും, സമൂഹത്തിൽ സന്തോഷം

നിലനിൽക്കാനുള്ള കാരണവും, മനസ്സിന് സമാധാനം നൽകുന്ന പ്രവർത്തനവുമാകുന്നു.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ۞ ٱلَّذِي جَعَلَ لَكُمُ ٱلۡأَرۡضَ فِرَٰشٗا وَٱلسَّمَآءَ بِنَآءٗ وَأَنزَلَ مِنَ ٱلسَّمَآءِ مَآءٗ فَأَخۡرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزۡقٗا لَّكُمۡۖ فَلَا تَجۡعَلُواْ لِلَّهِ أَندَادٗا وَأَنتُمۡ تَعۡلَمُونَ﴾

“ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടിയത്രെ അത്.നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ് കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്”. (അൽ ബഖറ : 21,22 )

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ..

## രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അമ്മാ ബഅ്ദ്: അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവുമായുള്ള ബന്ധം ദൃഢമാകുന്നതിലൂടെ സന്തോഷത്തിന്റെയും നന്മയുടെയും വാതിലുകൾ തുറക്കപ്പെടുന്നു, പാപമോചനവും അല്ലാഹുവിലേക്കുള്ള ഖേദിച്ചുള്ള മടക്കവും കാരണത്താൽ തിന്മകളുടെ വാതിലുകൾ അടക്കപ്പെടുന്നു. ഹൃദയം സമാധാനമടയുന്നത് പാപങ്ങൾ ഉപേക്ഷിക്കുമ്പോഴാണ്. ഈ ലോകത്ത് നമുക്ക് ആനന്ദം കണ്ടെത്താനാവുക അല്ലാഹുവോടുള്ള സ്നേഹത്തിലും അവനോടുള്ള ഭയത്തിലും അവന്റെ ഔദാര്യത്തിലുള്ള പ്രതീക്ഷയിലുമാണ്. അല്ലാഹുവിനോടുള്ള ഭയം നിങ്ങളെ അനുസരണക്കേടു കാണിക്കുന്നതിൽ നിന്ന് അകറ്റിനിർത്തുന്നു. അവനിലുള്ള പ്രതീക്ഷ അവനെ അനുസരിക്കാൻ പ്രേരിപ്പിക്കുകയും അവനോടുള്ള സ്നേഹം പൂർണ്ണമായും അവനിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങളുടെ എല്ലാ പ്രവൃത്തികളും അവന് വേണ്ടി ആത്മാർത്ഥതയുള്ളതാക്കുക, കർമങ്ങളുടെ അകവും പുറവും ഏറ്റവും മികച്ച നിലയിലായിരിക്കാൻ പ്രയത്നയിക്കുക , അല്ലാഹു രഹസ്യങ്ങളെയും ഉദ്ദേശ്യങ്ങളെയും അറിയുന്നവനാണെന്നും

മറഞ്ഞിരിക്കുന്ന കാര്യങ്ങൾ കാണുകയും അറിയുകയും ചെയ്യുന്നുണ്ടെന്ന് കാര്യം മറക്കാതിരിക്കുക.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# മുസ്ലിമിന്റെ വിശ്വാസം [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. അല്ലാഹുവെ ഭയന്ന് ജീവിച്ചവൻ വിജയിച്ചിരിക്കുന്നു. അവനിൽ ഉറച്ച് വിശ്വസിക്കുന്നവർക്ക് ഒരു ദോഷവും സംഭവിക്കുകയില്ല. അവനിൽ പ്രതീക്ഷ അർപ്പിക്കുന്നവർക്ക് പ്രതീക്ഷ അർപ്പിക്കാൻ അവനെത്ര നല്ലവൻ.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

ഇസ്ലാം മതം പരിപൂർണ്ണവും സൃഷ്ടികൾക്ക് വേണ്ട എല്ലാവിധ ഇഹ-പര നന്മകളും ഉൾക്കൊള്ളുന്നതുമാണ്. ആരാധനകളും ഇടപാടുകളും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷകളും വ്യക്തികളെയും സമൂഹത്തെയും സംസ്കരിക്കുന്ന മര്യാദ പഠിപ്പിക്കുന്ന ശിക്ഷാ രീതികളും അതിൽ ഉൾകൊള്ളുന്നുണ്ട്. (ഇസ്ലാം) സമൂഹത്തെ

---

(1)14/12/1421 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

അരക്ഷിതാവസ്ഥയിൽ നിന്നും തമ്മിൽ പോരടിക്കുന്നതിൽ നിന്നും സംരക്ഷിക്കുകയും മനുഷ്യ മനസ്സുകളെ തെറ്റുകളും കുറ്റകൃതങ്ങളും ചെയ്യുന്നതിൽ നിന്നും തടുക്കുകയും വിലകുറഞ്ഞ കാര്യങ്ങളിൽ നിന്നും തരംതാഴ്ന്ന സ്വഭാവങ്ങളിൽ നിന്നും അവരെ ഉയർത്തിക്കൊണ്ടു വരികയും ചെയ്യുന്നു. ഈ ദീൻ മുറുകെ പിടിക്കാതെ ഒരാൾക്കും തന്നെ അവന്റെ ജീവിതത്തിൽ സന്തോഷം കണ്ടെത്തുക സാധ്യമല്ല. വിശ്വാസവും ഇഖ്‌ലാസും വർദ്ധിക്കുന്നതിനനുസരിച്ച് നന്മയുടെ പ്രതിഫലവും മഹത്വവും വർധിക്കുന്നതാണ്. എന്നാൽ ശിർക്ക് സംഭവിക്കുന്നതിലൂടെ പ്രവർത്തനങ്ങളുടെ പ്രതിഫലങ്ങളെല്ലാം നിഷ്ഫലമായി തീരുന്നു.

ഖുറൈശികളിൽ ഇബാദത്തുകളിൽ മുഴുകുകയും ഹജ്ജും ഉംറയും നിർവ്വഹിക്കുകയും ദാനധർമ്മം നൽകുകയും കുടുംബന്ധം ചേർക്കുകയും അതിഥികളെ സൽക്കരിക്കുകയും അല്ലാഹു മാത്രമാണ് സ്രഷ്ടാവും നിയന്താവുമെന്ന് മനസ്സിലാക്കുകയും ആപൽ ഘട്ടങ്ങളിൽ അവനോട് മാത്രം സഹായം തേടുകയും ചെയ്യുന്നവരുണ്ടായിരുന്നു. എന്നിരുന്നാലും അവർ തങ്ങൾക്കും അല്ലാഹുവിനുമിടയിൽ മധ്യവർത്തികളെ നിശ്ചയിക്കുകയും അവരോട് പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി ബലിയും നേർച്ചയും സമർപ്പിക്കുകയും അല്ലാഹുവിന്റെയടുക്കൽ അവർക്ക് ശുപാർശ ലഭിക്കാനായി അവരോട് പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിലേക്ക് അടുക്കുവാൻ അവരാകുന്നു ഏറ്റവും അടുത്ത മാർഗ്ഗമെന്ന് അവർ വിശ്വസിച്ചു .

അങ്ങനെ അവരുടെ പിതാവായ ഇബ്റാഹീം നബിയുടെ ദീൻ പരിഷ്കരിച്ചു കൊണ്ട് മുഹമ്മദ് നബി -ﷺ- യെ അല്ലാഹു നിയോഗിക്കുകയുണ്ടായി. ആരാധനകൾ എല്ലാം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണെന്നും നിങ്ങളുടെ ഈ പ്രവർത്തനം എല്ലാ ഇബാദത്തുകളെയും നശിപ്പിച്ച് കളയുമെന്നും അദ്ദേഹം അവരെ ബോധ്യപ്പെടുത്തി. ഇബാദത്തിന്റെ ഇനങ്ങളായ പ്രാർത്ഥന, ബലി, നേർച്ച, സഹായതേട്ടം എന്നിങ്ങനെ തുടങ്ങി എല്ലാം അല്ലാഹുവിന്

വേണ്ടി മാത്രമാക്കുവാൻ അവരോട് യുദ്ധം ചെയ്യുകയും ചെയ്തു.

രോഗങ്ങൾ സുഖപ്പെടുത്തുക, പാപങ്ങൾ പൊറുക്കുക പോലുള്ള അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യങ്ങൾ അവനോട് മാത്രമേ ചോദിക്കുവാൻ പാടുള്ളൂ. മക്ബറകളുടെയും ജാറങ്ങളുടെയും അരികിൽ പ്രാർത്ഥിക്കുവാനോ നിസ്കരിക്കുവാനോ വേണ്ടി അതിനെ ലക്ഷ്യം വെക്കാൻ പാടില്ല. ക്വബ്റുകൾ കേവലം മരണപ്പെട്ടവരുടെ ഭവനങ്ങളാണ്; ഒന്നുകിൽ അവർ അവിടെ സുഗാനുഭൂതിയിലോ അല്ലെങ്കിൽ നരകത്തിലെ ഒരു കുഴിയിലോ ആയിരിക്കും.

മരണപ്പെട്ടവരെ വിളിച്ച് സഹായം തേടലും സൃഷ്ടികളോട് അവരുടെ കഴിവിൽ പെടാത്ത കാര്യങ്ങളിൽ സഹായമർത്ഥിക്കലുമാണ് പാപങ്ങളിൽ വെച്ച് ഏറ്റവും ഗൗരവമേറിയത്. വെള്ളത്തിൽ മുങ്ങിത്താഴുന്നവൻ തന്നെപ്പോലുള്ള മറ്റൊരാളോട് സഹായം ചോദിക്കുന്നത് പോലെയാണ് ഇത്. ഒരു വ്യക്തി മറ്റൊരു വ്യക്തിയിൽ പൂർണ്ണമായ നിലക്ക് പ്രതീക്ഷയർപ്പിച്ചാൽ അതിലവൻ പരാജയപ്പെടും. അതിനാൽ നീ അല്ലാഹുവിലേക്ക് തിരിയുക; അവൻ നിനക്കറിയാവുന്ന കാരണം മുഖേനയും നീ പ്രതീക്ഷിക്കാത്ത രൂപത്തിലും നിനക്ക് ഉപജീവനം നൽകുന്നവനാണ്. സത്യവിശ്വാസികൾക്ക് രക്ഷകനും സഹായിയുമായി അല്ലാഹു മതിയായവനാണ്.

തൗഹീദാകുന്നു ശിർക്കിനുള്ള പ്രായശ്ചിത്തം; നന്മകൾ തിന്മകളെ മായ്ച്ചു കളയുന്നതാണ്. ആരെങ്കിലും തന്റെ ആവശ്യ നിർവ്വഹണത്തിനായി അല്ലാഹു അല്ലാത്തവരിൽ പ്രതീക്ഷയർപ്പിക്കുകയും അല്ലാഹുവുമായുള്ള ബന്ധത്തിൽ നിന്ന് ഹൃദയത്തെ തിരിക്കുകയും ചെയ്താൽ അവൻ അഹങ്കാരിയായാണ് കഴിഞ്ഞുകൂടുന്നത്. അവൻ തേടുന്നതാകട്ടെ അസാധ്യമായ കാര്യവുമാകുന്നു.

തിന്മകളെ തടുക്കുവാൻ അല്ലാഹുവിന് പുറമെ ശിർക്കൻ

മന്ത്രങ്ങളിലും ഏലസ്സിലും സഹായം തേടുന്നത് അല്ലാഹുവിന് പുറമെ അവയുമായി ബന്ധം സ്ഥാപിക്കലാണ്. നബി -ﷺ- പറഞ്ഞു : "**നിശ്ചയം (ശിർക്കൻ) മന്ത്രങ്ങളും ഏലസ്സുകളും നൂലുകളും ശിർക്കാകുന്നു**". ഏലസ് നിർജ്ജീവമായ ഒരു വസ്തുവാണ്; അതിന് അല്ലാഹുവിന്റെ തീരുമാനങ്ങളിൽ യാതൊന്നിനെയും തടുക്കുവാനോ വിപത്തുകളിൽ നിന്ന് രക്ഷപ്പെടുത്തുവാനോ പ്രയാസങ്ങൾ തടുക്കുവാനോ ആഗ്രഹങ്ങൾ സഫലീകരിക്കുവാനോ കഴിയുകയില്ല. ആരെങ്കിലും കുട്ടികളുടെയോ സ്ത്രീകളുടെയോ മറ്റ് വല്ലവരുടെയും കഴുത്തിൽ അത് ബന്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അല്ലാഹു അതിലേക്ക് തന്നെ അവനെ ഏൽപ്പിക്കുകയും അവനെ നിന്ദിക്കുകയും ചെയ്യുന്നതാണ്. അതിനാൽ അല്ലാഹുവുമായി നീ നിന്റെ ഹൃദയത്തെ ബന്ധിപ്പിച്ച് കൊള്ളുക. നിന്റെ ആവശ്യങ്ങൾ അവന്റെ മുന്നിലിറക്കിവെക്കുകയും അവനിലേക്ക് നീ അഭയം പ്രാപിക്കുകയും നിന്റെ കാര്യങ്ങൾ അവനിലേക്ക് നീ ഏൽപ്പിക്കുകയുമാണെങ്കിൽ നിന്റെ ആവശ്യങ്ങൾക്ക് അവൻ മതിയായവനാകുന്നു , നിന്റെ ഹൃദയത്തിന് അവൻ സമാധാനം നൽകുകയും ചെയ്യും.

﴿وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ﴾

"വല്ലവനും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്". (അത്തലാഖ് : 3)

അല്ലാഹുവിൽ ഭരമേൽപ്പിച്ചവന് അവൻ മതിയായവനാണ് , അവനെ അല്ലാഹു സംരക്ഷിക്കും , അവനെ ദ്രോഹിക്കാൻ ഒരു ശത്രുവിനും സാധിക്കുകയില്ല. നിന്റെ തവക്കുലിനെ നീ കഴിവ് കേടായും നിന്റെ കഴിവ് കേടിനെ നീ തവക്കുലായും കാണരുത്.

ജോത്സ്യന്മാരെയും കൈനോട്ടക്കാരെയും സമീപിക്കുകയും അവർ പറയുന്നത് സത്യപ്പെടുത്തുകയും, അദൃശ്യമായ കാര്യങ്ങളെക്കുറിച്ചും വരാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ചും അവരോട് ചോദിക്കുകയും, ഭാര്യ-ഭർത്താക്കന്മാരെ തമ്മിൽ ഇണക്കുവാനും പിണക്കുവാനും അവരോട് ആവശ്യപ്പെടുകയും,

അവർ പറയുന്നത് തൃപ്തിപ്പെടുകയും ചെയ്യുക എന്നത് വിശ്വാസത്തിലേൽക്കുന്ന പുഴുക്കുത്തും തവക്കുലിലുള്ള പോരായ്മയും അല്ലാഹു മുന്നേ എഴുതി വെച്ച് നിശ്ചയിച്ച കാര്യങ്ങളോട് കോപം പ്രകടിപ്പിക്കലുമാകുന്നു. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും ഒരു ജ്യോത്സനെയോ അല്ലെങ്കിൽ ഭാവി പ്രവചിക്കുന്നവനെയോ സമീപിക്കുകയും എന്നിട്ട് അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ മുഹമ്മദ് നബി-ﷺ-ക്ക് അവതരിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു". ( അഹ്മദ് )

ഒരു പരിശ്രമശാലിയുടെ പരിശ്രമവും വെറുക്കുന്നവന്റെ വെറുപ്പും അല്ലാഹു നൽക്കുന്ന ഉപജീവനത്തെ വേഗത്തിലാക്കുകയോ അതിനെ തടുക്കുകയോ ഇല്ല. ഇമാം ഹസനുൽ ബസ്വരി -رحمه الله- പറഞ്ഞു : "അല്ലാഹു എനിക്ക് നിശ്ചയിച്ച ഭക്ഷണം മറ്റൊരാളും ഭക്ഷിക്കില്ലെന്നറിഞ്ഞപ്പോൾ എന്റെ ഹൃദയം ശാന്തമായി".

ജോത്സ്യന്മാരെ സമീപിച്ചാൽ നമുക്കുള്ള ഉപജീവനം വേഗത്തിലാക്കുകയോ നമ്മുടെ ആയുസ്സ് പിന്തിപ്പിക്കുകയോ ചെയ്യുന്നതല്ല. ഇമാം ഖുർതുബി -رحمه الله- പറഞ്ഞു : "കഴിവുള്ളവർ ജാലവിദ്യക്കാരെയും മന്ത്രവാദികളെയും അവരുടെ അടുക്കൽ വരുന്നവരെയും കഠിനമായി എതിർക്കണം".

അല്ലാഹുവെ മഹത്വപ്പെടുത്തുകയും അവനെ സത്യപ്പെടുത്തുകയും ചെയ്യുന്നവനാണ് നീയെങ്കിൽ നിന്റെ ശപഥം നീ സൂക്ഷിക്കുക. അല്ലാഹുവിന്റെ നാമ - ഗുണ വിശേഷണങ്ങൾ കൊണ്ടല്ലാതെ നീ സത്യം ചെയ്യരുത്. അവന് പുറമെ കഅ്ബ, നബി, അമാനത്ത്, വലിയ്യ് എന്നിങ്ങനെ തുടങ്ങി ഒന്നിന്റെ പേരിലും നീ സത്യം ചെയ്യാൻ പാടില്ല.

അല്ലാഹുവിന്റെ വിധിയിലും സൃഷ്ടിപ്പിലും നിയന്ത്രണത്തിലും നീ ഉറച്ച് വിശ്വസിക്കുക. അവന്റെ പരീക്ഷണങ്ങളിലും തീരുമാനങ്ങളിലും നീ ക്ഷമിക്കുകയും അവന്റെ കൽപനകൾക്ക് നീ കീഴൊതുങ്ങുകയും ചെയ്യുക. ദുനിയാവിലെ ജീവിതം പ്രയാസങ്ങളാലും ബുദ്ധിമുട്ടിനാലും

ഊട്ടപ്പെട്ടതാകുന്നു. അതിനാൽ അല്ലാഹുവിന്റെ വിധിയിൽ നീ ഉറച്ച് വിശ്വസിക്കുക, അതിലുള്ള വിശ്വാസം ഈമാനിന്റെ അടിസ്ഥാന സ്തംഭങ്ങളിൽ പെട്ടതാകുന്നു. നീ ആഗ്രഹിക്കുന്നതെല്ലാം നിനക്കിവിടെ ലഭിക്കണമെന്നില്ല, എന്നാൽ അല്ലാഹുവോട് നിരന്തരമായി ചോദിക്കുകയും അവനിലേക്ക് പൂർണ്ണമായി നീ തിരിയുകയും ചെയ്താൽ നിനക്ക് നന്മയുടെ കവാടങ്ങൾ തുറക്കപ്പെടുകയും നിന്റെ ലക്ഷ്യങ്ങൾ നടപ്പിലാവുകയും ചെയ്യും.

ഒരു സത്യവിശ്വാസിയുടെ അല്ലാഹുവിലുള്ള പ്രതീക്ഷയും അവനിലുള്ള ഭയവും ഒരേ അളവിലായിരിക്കണം; അതിൽ ഏതെങ്കിലുമൊന്ന് മറ്റൊന്നിനെ കവച്ച് വെച്ചാൽ അവൻ നശിച്ചത് തന്നെ. അല്ലാഹുവിലുള്ള ഭയം മാത്രമാണ് ഒരാളിൽ അതിജയിക്കുന്നതെങ്കിൽ അവന് നിരാശ ബാധിച്ചിരിക്കുന്നു. ഇനി അവനിലുള്ള പ്രതീക്ഷയുടെ വശമാണ് അതിജയിക്കുന്നതെങ്കിൽ അവൻ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും നിർഭയനായി കഴിയുകയാണ്. അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നിന്നും നമ്മെ തടഞ്ഞ് നിർത്തുന്ന ഭയമാണ് സ്തുത്യർഹമായത്.

ഇബാദത്തുകൾ നിർവ്വഹിക്കുമ്പോൾ നിന്റെ ഹൃദയത്തിൽ അതിന്റെ ആസ്വാദനം കാണുന്നില്ലെങ്കിൽ നീ നിന്നെ ആക്ഷേപിച്ച് കൊള്ളുക; നിശ്ചയം നിന്റെ റബ്ബ് നന്ദിയുള്ളവനാകുന്നു. ദുനിയാവിൽ ഒരു പൂന്തോട്ടമുണ്ട് അതിൽ പ്രവേശിക്കാത്തവർ പരലോകത്തെ പൂന്തോട്ടത്തിലും പ്രവേശിക്കുകയില്ല. അല്ലാഹുവെക്കുറിച്ച് അറിയാതെ ഹൃദയം മൂടപ്പെട്ടവനാണ് യഥാർത്ഥത്തിൽ നന്മകൾ തടയപ്പെട്ടവൻ, സ്വന്തം ദേഹേച്ഛകൾ കീഴ്പ്പെടുത്തിയവനാണ് യഥാർത്ഥത്തിൽ നന്മകളിൽ നിന്ന് വിലക്കപ്പെട്ടവൻ.

നിർബന്ധ നിസ്കാരങ്ങൾ പള്ളികളിൽ വെച്ച് സംഘടിതമായി നമസ്കരിക്കുന്നത് ഒരാളുടെ ഈമാൻ വർദ്ധിപ്പിക്കുകയും അവന്റെ മുഖത്തെ പ്രശോഭിപ്പിക്കുകയും തിന്മകളിൽ നിന്നും അവനെ തടുക്കുകയും ചെയ്യും. അല്ലാഹു പറഞ്ഞു :

﴿وَأَقِمِ ٱلصَّلَوٰةَ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ﴾

**"നിശ്ചയം നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു". (അൽ അൻഖബൂത് : 45)**

അന്ന-പാനീയങ്ങളുടെ ഉറവിടം ഹലാലായ സമ്പാദ്യമാവുക എന്നത് ഒരു അടിമയുടെ കുറ്റമറ്റ ഈമാനിന്റെ അടയാളവും പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുവാനുള്ള കാരണവുമാകുന്നു. നബി -ﷺ- പറഞ്ഞു : "സഅദേ - താങ്കളുടെ ഭക്ഷണത്തിന്റെ ( ഉറവിടം ) ശുദ്ധമാക്കുക, എങ്കിൽ താങ്കൾ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നവനായിരിക്കും". പലിശ ഇടപാടുകളും ദീനിൽ നിഷിദ്ധമായ ക്രയവിക്രയങ്ങളും ഉപേക്ഷിക്കുന്നതിലൂടെ നിന്റെ ശരീരം ശുദ്ധമാകുന്നതാണ്.

മറ്റുള്ളവരുമായുള്ള നിന്റെ ഇടപാടുകളുടെ അടിസ്ഥാനം അല്ലാഹുവിന്റെ മാർഗത്തിലുള്ള സ്നേഹവും കോപവുമായിരിക്കണം. ആരെങ്കിലും അല്ലാഹുവിന്റെ പ്രീതിക്കായി ജനങ്ങളുടെ കോപം ഏറ്റുവാങ്ങിയാൽ അല്ലാഹു അവന് മതിയായവനാകുന്നു.

സൃഷ്ടികളോട് അക്രമം ചെയ്യുന്നത് നീ സൂക്ഷിച്ച് കൊള്ളുക; കാരണം, അക്രമം അവസാന നാളിൽ അന്ധകാരങ്ങളായിരിക്കും. അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നതും അവന്റെ തേട്ടങ്ങൾ നടപ്പിലാകുന്നതുമാണ്. അതിനാൽ മറ്റുള്ളവരുടെ അവകാശങ്ങൾ നീ തടയരുത്, അവരോട് നീ അനീതി പ്രവർത്തിക്കരുത്. അതിക്രമം പ്രവർത്തിക്കുന്നവൻ ഒന്നുകിൽ ഒരു നന്മ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ ഒരു തിന്മ പ്രവർത്തിക്കുകയോ ചെയ്യാതെയില്ല. അല്ലാഹു പറഞ്ഞു :

﴿وَمَن يَظْلِم مِّنكُمْ نُذِقْهُ عَذَابًا كَبِيرًا﴾

**"അതിനാൽ നിങ്ങളിൽ നിന്ന് അക്രമം ചെയ്തവരാരോ അവന് നാം ഗുരുതരമായ ശിക്ഷ ആസ്വദിപ്പിക്കുന്നതാണ്". (അൽ ഫുർഖാൻ : 19)**

നിശ്ചയം , ബുദ്ധിമാൻ മറ്റുള്ളവരുടെ ന്യൂനതകൾ ചികഞ്ഞ് അന്വേഷിക്കാതെ സ്വന്തം പോരായ്മകൾ പരിശോധിക്കുന്നവനും തന്റെ റബ്ബിനുള്ള ആരാധനകളിൽ നന്നായി മുഴുകുന്നവനുമായിരിക്കും. അല്ലാഹുവിലേക്കുള്ള മാർഗത്തിൽ പ്രവേശിച്ചവന് ആ യാത്ര എളുപ്പമാകാൻ നല്ല താൽപര്യവും ആ മാർഗത്തെക്കുറിച്ച് ജ്ഞാനവുമുണ്ടായിരിക്കണം. അല്ലാഹു നിനക്ക് നൽകിയ അനുഗ്രഹങ്ങൾ ദർശിച്ചും സ്വന്തം ന്യൂനതകൾ പരിശോധിച്ചും അവനിലേക്ക് നീ സഞ്ചരിച്ച് കൊള്ളുക. പരദൂഷണവും അപവാദ പ്രചാരണങ്ങളുമായി മുസ്‌ലിമീങ്ങളുടെ അഭിമാനത്തെ കളങ്കപ്പെടുത്തുന്നത് നീ സൂക്ഷിക്കണം. നബി -ﷺ- പറഞ്ഞു : “നിങ്ങളുടെ രക്തവും ധനവും അഭിമാനവും ഈ ദിവസവും നാടും മാസവും പോലെ പവിത്രമായതാണ്”. ( ബുഖാരി , മുസ്‌ലിം )

അസൂയയും ദേഹേച്ഛയും മറ്റൊരാളിൽ അപവാദം കെട്ടിച്ചമക്കാൻ നിന്നെ പ്രേരിപ്പിക്കരുത്. അസൂയയുടെ പര്യവസാനം വളരെ മോശമാണ്. മനുഷ്യൻ തന്റെ സഹജീവികളേക്കാൾ ഉയർന്നവനാകണമെന്ന് ആഗ്രഹിക്കുന്നവനാണ്. അല്ലാഹുവിന്റെ തീരുമാനങ്ങളോട് കോപിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്നവർക്കാണ് ദീനിൽ ആക്ഷേപം വന്നിട്ടുള്ളത്. അതിനാൽ ഈ ഒരാക്ഷേപം സ്വന്തത്തെ ബാധിക്കുന്നത് നീ സൂക്ഷിക്കണം. മറിച്ച് തഖ്‌വയോടെ നീ ജീവിക്കുക.

ആരെങ്കിലും അല്ലാഹുവെ സൂക്ഷിക്കുകയും ക്ഷമയവലംബിക്കുകയും ചെയ്താൽ ആ സൂക്ഷ്മത അവന് ഉപകാരം പ്രദമായതാണ്. നീ ഏറ്റവും ഉൽകൃഷ്ടമായ സ്വഭാവത്തിനുടമയാവുകയും ഇബാദത്തുകൾ പതിവാക്കുകയും ചെയ്യണം, ധാരാളം ഇബാദത്തുകൾ തുടർച്ചയായി നിർവ്വഹിക്കുമ്പോൾ അത് ലോകമാന്യതയെ തടുക്കുന്നതാണ്. അല്ലാഹുവോട് സഹായം ചോദിക്കുന്നത് അഹങ്കാരത്തെ തടയുന്നതാണ്. നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യൽ വിപത്തുകളെ ചെറുക്കുന്നതാണ്. ചെറുതും വലുതുമായ തെറ്റുകൾ നീ പാടെ ഉപേക്ഷിക്കുക; നിശ്ചയം

അത് ഹൃദയത്തെയും ശരീരത്തെയും ദുർബലമാക്കുന്നതും അനുഗ്രഹങ്ങളെ എടുത്തു കളയുന്നതും ശിക്ഷയെ ക്ഷണിച്ച് വരുത്തുന്നതുമാണ്.

പിശാച് തെറ്റുകളെ മനുഷ്യർക്ക് ഭംഗിയായി കാണിച്ചു കൊടുക്കുകയും അതിന്റെ മോശമായ പര്യവസാനത്തെക്കുറിച്ച് അവരെ മറപ്പിക്കുകയും അല്ലാഹുവിന്റെ വിശാലമായ കാരുണ്യത്തെക്കുറിച്ച് അവരെ ചിന്തിപ്പിക്കുകയും അങ്ങനെ ഒന്നിന് പിറകെ ഒന്നായി അവരെ തെറ്റുകളിൽ വീഴ്ത്തുകയും ചെയ്യും. തത്ഫലമായി അല്ലാഹുവിലേക്കുള്ള അവന്റെ യാത്രയെ അത് ദുർബലപ്പെടുത്തുകയും ചെയ്യും. മനുഷ്യർക്ക് വേണ്ടി അവൻ പലവിധ കുതന്ത്രങ്ങൾ മെനയുകയും കെണികൾ ഒരുക്കുകയും ചെയ്യും. അതിനാൽ അവന്റെ മാർഗങ്ങൾ നിങ്ങൾ പിന്തുടരരുത്, മറിച്ച് , പിന്തിരിയാതെ അവനുമായി പോരാടുക. നിങ്ങൾ ഇബാദത്തുകൾ അധികരിപ്പിക്കുക. ഒരു നന്മ അല്ലാഹു സ്വീകരിച്ചു എന്നതിന്റെ അടയാളമാണ് അതിന് പിറകെ മറ്റൊരു നന്മ ചെയ്യൽ.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿وَأَنَّ هَٰذَا صِرَٰطِى مُسْتَقِيمًا فَٱتَّبِعُوهُ ۖ وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ﴾

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്". (അൽ അൻആം : 153)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ.

## രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

നിശ്ചയമായും ഈ ജീവിതത്തിന് ഒരന്ത്യമുണ്ട്, അതിന് ശേഷം മരണാനന്തര ജീവിതവും. എല്ലാം നിരീക്ഷിക്കപ്പെടുകയും കണക്കാക്കപ്പെടുകയും തുടർന്ന് സൽകർമങ്ങൾക്ക് പ്രതിഫലവും ദുഷ്കർമങ്ങൾക്ക് ശിക്ഷയും ഒരുക്കപ്പെട്ടിരിക്കുന്നു, എല്ലാം നിശ്ചയിക്കപ്പെട്ട സമയത്ത് സംഭവിക്കുക തന്നെ ചെയ്യുന്നതാണ്.

നീ മരണപ്പെട്ട ശേഷം നിന്റെ കൂടെ ഖബറിലേക്ക് ജീവനോടെ വരുന്ന സഹയാത്രികനെ നിർബന്ധമായും നീ കരുതണം.ആ സഹയാത്രികൻ നല്ലവനാണെങ്കിൽ നിനക്ക് അവനിൽ നിന്ന് നന്മ ലഭിക്കുകയും മോശപ്പെട്ടവനാണെങ്കിൽ തിന്മ ലഭിക്കുകയും ചെയ്യും. പിന്നീട് ആ സഹയാത്രികന്റെ കൂടെയാണ് നീ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുയയും ഒരുമിച്ച് കൂട്ടപ്പെടുകയും ചെയ്യുക. അവൻ നല്ലവനാണെങ്കിൽ അതിലൂടെ നിനക്ക് സമാധാനം ലഭിക്കുകയും മോശമാണെങ്കിൽ നിനക്ക് പ്രായസമാവുകയും ചെയ്യും. ആ സഹയാത്രികൻ നിന്റെ അമലുകൾ (കർമങ്ങൾ) ആകുന്നു.

അതിനാൽ , നീ സൽകർമങ്ങൾ അധികരിപ്പിക്കുകയും ദീനിന്റെ

പാതയിൽ നേരായി നിലകൊള്ളുകയും ചെയ്യുക. അതിനെ ബലപ്പെടുത്താൻ നീ പരിശ്രമിക്കുകയും അല്ലാഹുവെ ധിക്കരിക്കുന്നത് ഉപേക്ഷിക്കുകയും അവന്റെ കൽപനകൾ അനുസരിക്കുകയും ചെയ്യുക. ദീൻ മുറുകെ പിടിക്കുകയും അതിന്റെ തേട്ടങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക. വിശ്വാസവും അറിവും സൽ കർമങ്ങളും നീ ആയുധമാക്കുക. ഖുർആനിലെ ഗുണപാഠങ്ങളിലും ഉൽബോധങ്ങളിലും ചിന്തിക്കുക , കാരണം – അത് സത്യമായ വിവരങ്ങൾ മാത്രമാകുന്നു.

അല്ലാഹുവെ സ്മരിക്കുന്ന ഒരു ശീലം നിനക്കുണ്ടാവുക ,അതിൽ നിന്ന് ഒരിക്കലും ഒരു വിശ്വാസി വിരമിക്കുന്നില്ല , നമ്മുടെ കുറവുകൾ നികത്തപ്പെടാൻ പാപമോചനം ചോദിക്കുന്നത് വർദ്ധിപ്പിക്കുക. അല്ലാഹു നൽകിയ അനുഗ്രഹത്തിന് അവന് നന്ദി പറയുകയും ചെയ്യുക.

അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ടനായ മുഹമ്മദ് ബിൻ അബ്ദില്ലാഹ് -ﷺ- യുടെ മേൽ ശാന്തിയും സമാധാനവുമുണ്ടാവാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവെ കുറിച്ച് നല്ല വിചാരം (1)

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

സൃഷ്ടികളുടെ മേൽ അല്ലാഹുവിനോടുള്ള ബാധ്യതയാണ് തൗഹീദ് (ആരാധനകൾ അവന് മാത്രം സമർപ്പിക്കൽ), അതിനാണ് അവൻ പ്രവാചകന്മാരെ നിയോഗിച്ചതും ഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും. ആരാധനകളിൽ അല്ലാഹുവിനെ ഏകനാക്കുക എന്നതാകുന്നു അതിന്റെ യഥാർത്ഥ്യം. 'അല്ലാഹു ഇഷ്ടപ്പെടുന്നതും അവൻ തൃപ്തിപ്പെടുന്നതുമായ ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങൾക്കും സംസാരങ്ങൾക്കുമാണ് ഇബാദത്ത് അഥവാ

(1) 18/04/1439 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ആരാധന എന്ന് പറയുക.

ഹൃദയങ്ങൾ കൊണ്ട് മാത്രം നിർവഹിക്കുന്ന അനേകം ആരാധനകളുണ്ട്, അവ ബാഹ്യമായ അവയവങ്ങൾ കൊണ്ട് നിർവ്വഹിക്കുന്ന ആരാധനയെക്കാൾ മഹത്വമേറിയതാകുന്നു. കാരണം,ഹൃദയം കൊണ്ട് നിർവ്വഹിക്കുന്ന ആരാധനകൾ അവയവങ്ങൾ കൊണ്ട് ചെയ്യുന്ന ആരാധനകളേക്കാൾ ഈമാനുമായി ബന്ധമുള്ളതാണ്.

ശരിയായ അറിവിന്റെ വെളിച്ചത്തിൽ മനസ്സിൽ ഈമാൻ ഉറപ്പിക്കുക എന്നതാണ് ഏറ്റവും മുഖ്യം. ബാഹ്യമായി നിർവ്വഹിക്കുന്ന ആരാധനകൾ ഹൃദയത്തിലുള്ള ഈമാനിന്റെ പൂർത്തീകരണവും അതിന്റെ പിന്തുടർച്ചയുമാകുന്നു. ഹൃദയത്തിൽ നിന്ന് ഈമാൻ നഷ്ടപ്പെട്ടാൽ ഒരു ഇബാദത്തും സ്വീകരിക്കപ്പെടില്ല. അതാകുന്നു ആരാധനകളുടെ ആത്മാവും അകക്കാമ്പും. ഹൃദയത്തിൽ ഈമാനിന്റെ അംശം ഇല്ലാതെയുള്ള ബാഹ്യമായ കർമങ്ങൾ ജീവനില്ലാത്ത ചേതനയറ്റ ശരീരത്തിന് തുല്യമാണ്. ഹൃദയ വിശുദ്ധി കൈവരിക്കുന്നതിലൂടെയാണ് ശരീരം മുഴുവനായും നന്നാകുന്നത്. നബി-ﷺ-പറഞ്ഞു : "അറിയുക.! ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാൽ ശരീരം മുഴുവനും ചീത്തയായി. അത് ഹൃദയമാകുന്നു ". ( ബുഖാരി , മുസ്‌ലിം )

ഹൃദയത്തിലുള്ള വിശ്വാസത്തിനും ഉദ്ദേശത്തിനുമനുസരിച്ച് അടിമകൾക്കിടയിൽ ഏറ്റ വ്യത്യാസമുണ്ടാകും. അതിലുള്ള ഏറ്റ വ്യത്യാസം അവരുടെ പ്രവർത്തനങ്ങളിലും പ്രകടമാകും. അതത്രെ അല്ലാഹുവിന്റെ നോട്ടം പതിക്കുന്ന സ്ഥലം. നബി-ﷺ-പറഞ്ഞു : "നിശ്ചയം അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ രൂപങ്ങളിലേക്കോ അല്ല നോക്കുന്നത് ; മറിച്ച് നിങ്ങളുടെ ഹൃദയത്തിലേക്കും നിങ്ങളുടെ പ്രവർത്തനങ്ങളിലേക്കുമാണ്". " ( മുസ്‌ലിം )

ഹൃദയത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ഉത്തമമായതിൽ

പെട്ടതാണ് അല്ലാഹുവെക്കുറിച്ചുള്ള സദ് വിചാരം. അത് ഇസ്‌ലാമിന്റെ ഒഴിച്ച് കൂടാൻ പറ്റാത്ത കാര്യങ്ങളിൽ പെട്ടതും തൗഹീദിന്റെ നിർബന്ധ ബാധ്യതകളിൽ പെട്ടതുമാകുന്നു. അല്ലാഹുവിനും അവന്റെ നാമ - ഗുണ വിശേഷണങ്ങൾക്കും യോജിക്കുന്ന നിലക്ക് അവനെക്കുറിച്ച് സദ് വിചാരങ്ങൾ വെച്ച് പുലർത്തുക എന്നതാണ് അതിന്റെ ഉദ്ദേശം.

അവനെക്കുറിച്ചും അവന്റെ വിശാലമായ കാരുണ്യം, പ്രതാപം, നന്മ, കഴിവ്, അറിവ്, അവന്റെ തിരഞ്ഞെടുക്കൽ എന്നിവയെക്കുറിച്ചുമൊക്കെ ഒരടിമക്ക് അറിവ് ഉണ്ടാകുമ്പോൾ അവന്റെ റബ്ബിനെ കുറിച്ച് നല്ല വിചാരങ്ങൾ അവന്റെ മനസ്സിൽ സ്ഥാനം പിടിക്കുന്നു. ഇതിനെക്കുറിച്ചുള്ള വിജ്ഞാനം ഒരടിമയിൽ പൂർത്തിയായാൽ അല്ലാഹുവെക്കുറിച്ചുള്ള സദ്‌വിചാരം അവനിലുണ്ടാകുമെന്നതിൽ സംശയമില്ല. അതുപോലെ അല്ലാഹുവിന്റെ ചില നാമ-ഗുണ വിശേഷങ്ങൾ അറിയുന്നതിലൂടെയും ഇത് നേടിയെടുക്കാവുന്നതാണ്.

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷങ്ങളുടെ ശരിയായ അർത്ഥം ഹൃദയത്തിൽ പ്രവേശിച്ചാൽ ഒരോ നാമ-ഗുണ വിശേഷണങ്ങൾക്കും യോജിച്ച നിലയിൽ അവനെക്കുറിച്ചുള്ള സദ്‌വിചാരം നമ്മിലുണ്ടാകും. അല്ലാഹുവിന്റെ എല്ലാ വിശേഷങ്ങളും പ്രത്യേകമായ ചില ആരാധനകളെ ഉൾകൊള്ളുകയും ആ വിശേഷണം അറിയിക്കുന്ന നല്ല വിചാരം അവനെ കുറിച്ച് നമുക്ക് അറിയിച്ച് നൽകുകയും ചെയ്യുന്നു.

അല്ലാഹുവിന്റെ പൂർണ്ണതയും ഗാംഭീര്യവും ഭംഗിയും സൃഷ്ടികൾക്ക് മേലുള്ള അവന്റെ മഹത്വവുമെല്ലാം അവനെക്കുറിച്ച് സദാ സദ്‌വിചാരം വെച്ച് പുലർത്താൻ നമ്മെ നിർബന്ധിതരാക്കുന്നു. അത് കൊണ്ടാണ് അല്ലാഹു അവന്റെ അടിമകളോട് അത് കൽപ്പിച്ചത്. അവൻ പറഞ്ഞു :

﴿وَأَحْسِنُوٓا۟ ۛ إِنَّ ٱللَّهَ يُحِبُّ ٱلْمُحْسِنِينَ﴾

“നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു തീർച്ച”. (അൽ ബഖറ : 195)

സുഫ്‌യാൻ അസൗരി-رحمه الله-പറഞ്ഞു : “അല്ലാഹുവെക്കുറിച്ചുള്ള വിചാരം നിങ്ങൾ നന്നാക്കുക”. നബി-ﷺ-അവിടുത്തെ അവസാന ദിനങ്ങളിൽ ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഈ കാര്യം പ്രത്യേകം ഉണർത്തുകയുണ്ടായി. ജാബിർ - رضي الله عنه - പറഞ്ഞു : നബി -ﷺ- മരണപ്പെടുന്നതിന് മൂന്ന് ദിവസം മുമ്പ് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് : “അല്ലാഹുവെക്കുറിച്ച് സദ്‌വിചാരം പുലർത്തുന്ന അവസ്ഥയിലല്ലാതെ നിങ്ങളിലൊരാളും മരണപ്പെടാൻ ഇടയാകരുത്”. ( മുസ്‌ലിം )

അല്ലാഹുവെക്കുറിച്ച് നല്ല വിചാരം വെച്ച് പുലർത്തിയത് കാരണത്താൽ ഭയഭക്തിയോട് കൂടി ജീവിക്കുന്ന അവന്റെ അടിമകളെ അവൻ പ്രശംസിച്ചതായി കാണാം. അവർക്ക് ഇബാദത്തുകൾ നിർവ്വഹിക്കാൻ അല്ലാഹു എളുപ്പം നൽകുകയും അവരെ സഹായിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു :

﴿وَٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ وَإِنَّهَا لَكَبِيرَةٌ إِلَّا عَلَى ٱلْخَـٰشِعِينَ ۝ ٱلَّذِينَ يَظُنُّونَ أَنَّهُم مُّلَـٰقُوا۟ رَبِّهِمْ وَأَنَّهُمْ إِلَيْهِ رَٰجِعُونَ﴾

“സഹനവും നമസ്കാരവും മുഖേന അല്ലാഹുവിന്റെ സഹായം തേടുക. അത് (നമസ്കാരം) ഭക്തൻമാരല്ലാത്തവർക്ക് വലിയ (പ്രയാസമുള്ള) കാര്യം തന്നെയാകുന്നു. തങ്ങളുടെ റബ്ബുമായി കണ്ടുമുട്ടേണ്ടിവരുമെന്നും അവങ്കലേക്ക് തിരിച്ചു പോകേണ്ടി വരുമെന്നും വിചാരിച്ചു കൊണ്ടിരിക്കുന്നവരത്രെ അവർ”. (അൽ ബഖറ : 45,46)

അല്ലാഹുവെക്കുറിച്ച് ശരിയാം വിധം മനസ്സിലാക്കിയത് കാരണമാണ് പ്രവാചകന്മാർക്ക് ഉന്നത പദവികൾ കരസ്ഥമാക്കാൻ കഴിഞ്ഞത്. തങ്ങളുടെ റബ്ബിനെക്കുറിച്ച് സദ്‌വിചാരം പുലർത്തുന്നതിന്റെ ഭാഗമായി കാര്യങ്ങളെല്ലാം അവനിലേക്ക് അവർ

ഏൽപ്പിക്കുകയുമുണ്ടായി. ഇബ്റാഹീം നബി -عليه السلام- ന്റെ ചരിത്രമൊന്ന് നോക്കൂ ..ഭാര്യയായ ഹാജറയെയും അവരുടെ മകനായ ഇസ്മാഈലിനെയും ആൾ താമസവും വെള്ളവുമില്ലാത്ത മക്കയിൽ കഅ്ബയുടെ അടുക്കലാക്കി അദ്ദേഹം തിരിഞ്ഞ് പോകവെ ഹാജറ അവരെ പിന്തുടർന്ന് ചോദിച്ചു : “അല്ലയോ ഇബ്റാഹീം ആരുമില്ലാത്ത ഈ താഴ്‌വരയിൽ ഞങ്ങളെ ഉപേക്ഷിച്ച് താങ്കൾ എവിടേക്കാണ് പോകുന്നത്..?” അവർ പലതവണ ആവർത്തിച്ച് ചോദിച്ചിട്ടും അദ്ദേഹം അവരിലേക്ക് തിരിഞ്ഞു നോക്കുക പോലും ചെയ്തില്ല. അവസാനമായി അവർ അദ്ദേഹത്തോട് ചോദിച്ചു : “അല്ലാഹു താങ്കളോട് കൽപ്പിച്ചിട്ടാണോ ഇപ്രകാരം ചെയ്യുന്നത്..?” അപ്പോൾ അദ്ദേഹം ' അതെ ' എന്ന് മറുപടി നൽകേണ്ട താമസം അവർ പറഞ്ഞു : “എങ്കിൽ അവൻ നമ്മെ കൈയ്യൊഴിയുകയില്ല”. ( ബുഖാരി )

അല്ലാഹുവെപ്പറ്റി സദ്‌വിചാരം പുലർത്തിയതിന്റെ പര്യാവസാനമായി അവർക്ക് അനുഗ്രഹീതമായ വെള്ളം ഉറവയായി ലഭിക്കുകയും ജനങ്ങളാൽ കഅ്ബ ജീവസുറ്റതാവുകയും അവരുടെ ഓർമ്മ എന്നെന്നും നിലനിൽക്കുന്നതാവുകയും ഇസ്മാഈൽ എന്ന അവരുടെ കുട്ടി നബിയാവുകയും അവരുടെ സന്താന പരമ്പരയിൽ അന്ത്യപ്രവാചകനും അമ്പിയാക്കന്മാരുടെ ഇമാമുമായ മുഹമ്മദ് നബി-ﷺ-യെ അല്ലാഹു നിശ്ചയിക്കുകയും ചെയ്തു.

യഅ്ഖൂബ് നബി -عليه السلام-ന് അദ്ദേഹത്തിന്റെ രണ്ട് മക്കളെ നഷ്ടപ്പെടുകയുണ്ടായി, എന്നാൽ അദ്ദേഹം ക്ഷമയവലംബിക്കുകയും കാര്യങ്ങൾ അല്ലാഹുവിലേക്ക് ഏൽപ്പിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു.

﴿إِنَّمَآ أَشۡكُواْ بَثِّي وَحُزۡنِيٓ إِلَى ٱللَّهِ﴾

“എന്റെ വേവലാതിയും വ്യസനവും ഞാൻ അല്ലാഹുവോട് മാത്രമാണ് ബോധിപ്പിക്കുന്നത്”. (യൂസുഫ് : 86)

എന്നാൽ , അദ്ദേഹത്തിന്റെ ഹൃദയം അല്ലാഹു ആണ് ഏറ്റവും

നല്ല സംരക്ഷകൻ എന്ന നല്ല വിചാരത്തിൽ നിറഞ്ഞിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു :

﴿عَسَى ٱللَّهُ أَن يَأۡتِيَنِي بِهِمۡ جَمِيعًاۚ إِنَّهُۥ هُوَ ٱلۡعَلِيمُ ٱلۡحَكِيمُ﴾

"അവരെല്ലാവരെയും അല്ലാഹു എന്റെ അടുത്ത് കൊണ്ടുവന്നു തന്നേക്കാവുന്നതാണ്. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു". (യൂസുഫ് : 83)

അദ്ദേഹം തന്റെ മക്കളോടും ഇതുതന്നെയാണ് കൽപ്പിച്ചത് , അദ്ദേഹം പറഞ്ഞു :

﴿يَٰبَنِيَّ ٱذۡهَبُواْ فَتَحَسَّسُواْ مِن يُوسُفَ وَأَخِيهِ وَلَا تَاْيۡـَٔسُواْ مِن رَّوۡحِ ٱللَّهِۖ
إِنَّهُۥ لَا يَاْيۡـَٔسُ مِن رَّوۡحِ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡكَٰفِرُونَ﴾

"എന്റെ മക്കളേ, നിങ്ങൾ പോയി യൂസുഫിനെയും അവന്റെ സഹോദരനെയും സംബന്ധിച്ച് അന്വേഷിച്ച് നോക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. അവിശ്വാസികളായ ജനങ്ങളല്ലാതെ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല". (യൂസുഫ് : 87)

ബനൂ ഇസ്റാഈലുകാർ അവരുടെ പ്രവാചകന്മാരെ അതികഠിനമായ ദ്രോഹങ്ങൾ ഏൽപ്പിച്ചപ്പോഴും അവർ അല്ലാഹുവെക്കുറിച്ച് സദ്വിചാരം വെച്ച് പുലർത്തിയിരുന്നു. അതിലായിരുന്നു അവരുടെ മുഴുവൻ പ്രതീക്ഷയും. മൂസ നബി عليه-السلام- തന്റെ സമുദായത്തോട് പറഞ്ഞു :

﴿ٱسۡتَعِينُواْ بِٱللَّهِ وَٱصۡبِرُوٓاْۖ إِنَّ ٱلۡأَرۡضَ لِلَّهِ يُورِثُهَا مَن يَشَآءُ مِنۡ عِبَادِهِۦۖ
وَٱلۡعَٰقِبَةُ لِلۡمُتَّقِينَ﴾

"നിങ്ങൾ അല്ലാഹുവോട് സഹായം തേടുകയും ക്ഷമിക്കുകയും

ചെയ്യുക. തീർച്ചയായും ഭൂമി അല്ലാഹുവിന്റെതാകുന്നു. അവന്റെ അടിമകളിൽ നിന്നും അവനുദ്ദേശിക്കുന്നവർക്ക് അവൻ അത് അവകാശപ്പെടുത്തി കൊടുക്കുന്നു. പര്യവസാനം ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും" (അൽ അഅ്റാഫ്: 128)

മൂസാ നബി -عليه السلام-നും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും അതി കഠിനമായ പ്രയാസങ്ങൾ നേരിടേണ്ടിവന്നു. കൺമുന്നിൽ കടലും തൊട്ടു പിന്നിൽ ഫിർഔനും അവന്റെ പടയാളികളും എന്ന സാഹചര്യം വന്നു , ആ സമയം അവർ പറഞ്ഞു :

﴿ قَالَ أَصۡحَٰبُ مُوسَىٰٓ إِنَّا لَمُدۡرَكُونَ ﴾

"മൂസാ നബിയിൽ വിശ്വസിച്ചവർ പറഞ്ഞു : തീർച്ചയായും നാം പിടിയിലകപ്പെടാൻ പോവുകയാണ്" (അശ്ശുഅറാഅ്: 61)

അല്ലാഹുവിലുള്ള ഉറച്ച വിശ്വാസവും അവനെക്കുറിച്ചുള്ള സദ്വിചാരവും വെച്ച് പുലർത്തിയ പ്രവാചകനായ മൂസാ നബി - عليه السلام- ഇപ്രകാരം മറുപടി നൽകി :

﴿قَالَ كَلَّآۖ إِنَّ مَعِيَ رَبِّي سَيَهۡدِينِ ﴾

"അദ്ദേഹം (മൂസ) പറഞ്ഞു : ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ റബ്ബുണ്ട്. അവൻ എനിക്ക് വഴി കാണിച്ചു തരും". (അശുഅറാ : 61)

അപ്പോൾ തന്നെ അവരുടെ ചിന്തയിൽ ഉദിക്കാത്ത കാര്യവുമായി വഹ്‌യ് വന്നു :

﴿فَأَوۡحَيۡنَآ إِلَىٰ مُوسَىٰٓ أَنِ ٱضۡرِب بِّعَصَاكَ ٱلۡبَحۡرَۖ فَٱنفَلَقَ فَكَانَ كُلُّ فِرۡقٖ كَٱلطَّوۡدِ ٱلۡعَظِيمِ * وَأَزۡلَفۡنَا ثَمَّ ٱلۡأٓخَرِينَ * وَأَنجَيۡنَا مُوسَىٰ وَمَن مَّعَهُۥٓ أَجۡمَعِينَ * ثُمَّ أَغۡرَقۡنَا ٱلۡأٓخَرِينَ ﴾

"അപ്പോൾ നാം മൂസായ്ക്ക് ബോധനം നൽകി; നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കൂ എന്ന്. അങ്ങനെ അത് (കടൽ )

പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പർവ്വതം പോലെ ആയിത്തീരുകയും ചെയ്തു. മറ്റവരെ(ഫിർഔനിന്റെ പക്ഷം)യും നാം അതിന്റെ അടുത്തെത്തിക്കുകയുണ്ടായി. മൂസായെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും മുഴുവൻ നാം രക്ഷപ്പെടുത്തി. പിന്നെ മറ്റവരെ നാം മുക്കി നശിപ്പിച്ചു". (അശുഅറാ : 63-66)

അല്ലാഹുവിനുള്ള ഇബാദത്തിലും അവനെക്കുറിച്ച് സദ്‌വിചാരം വെച്ച് പുലർത്തുന്നതിലും ഏറ്റവും ഉന്നതൻ നമ്മുടെ നബി മുഹമ്മദ് -ﷺ- ആകുന്നു. തന്റെ സമൂഹം അതി കഠിനമായി ഉപദ്രവിച്ചപ്പോഴും അല്ലാഹുവിന്റെ വാഗ്ദാനവും അവൻ തന്റെ ദീനിനെ സഹായിക്കുമെന്ന ഉറച്ച വിശ്വാസവും അവിടുന്ന് മറുകെ പിടിച്ചു. പർവ്വതങ്ങളുടെ നിയന്ത്രണാധികാരം ഉണ്ടായിരുന്ന മലക്ക് ഒരിക്കൽ നബി-ﷺ-യോട് പറഞ്ഞു : "താങ്കൾ സമ്മതിക്കുകയാണെങ്കിൽ രണ്ട് വലിയ പർവ്വതങ്ങൾക്കിടയിൽ അവരെ ഞാൻ ഞെരുക്കി നശിപ്പിക്കാം", അപ്പോൾ റസൂൽ -ﷺ- പറഞ്ഞു : "വേണ്ട, അവരിൽ നിന്നും അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ യാതൊന്നും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്നവരെ അല്ലാഹു പുറത്ത് കൊണ്ടുവരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു". ( ബുഖാരി , മുസ്‌ലിം)

പ്രയാസത്തിന്റെ മൂർദ്ധന്യാവസ്ഥയിലും അല്ലാഹുവെക്കുറിച്ചുള്ള സദ്‌വിചരം അവിടുന്ന് ഉപേക്ഷിച്ചിരുന്നില്ല. മക്കയിൽ നിന്ന് ആട്ടിപ്പുറത്താക്കപ്പെട്ടപ്പോൾ ( മദീനയിലേക്കുള്ള ) വഴിയിൽ ഹിറാ ഗുഹയിൽ അവിടുന്ന് അഭയം പ്രാപിച്ചു. അങ്ങനെ അദ്ദേഹത്തെ തേടി കാഫിറുകൾ അവിടെയെത്തിയപ്പോൾ തന്റെ സന്തത സഹചാരിക്ക് മനോധൈര്യം നൽകിക്കൊണ്ട് അവിടുന്ന് പറഞ്ഞു :

﴿لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا﴾

"ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്".(തൗബ : 40)

അബൂബക്കർ - رضي الله عنه - പറഞ്ഞു : "നബിയുടെ കൂടെ ഹിറാ ഗുഹയിലായിരിക്കെ അവിടുത്തോട് ഞാൻ പറഞ്ഞു: അവരിലാരെങ്കിലും ഒരാൾ തങ്ങളുടെ കാലിലേക്ക് നോക്കിയാൽ അവർ നമ്മെ കാണും . അപ്പോൾ അവടുന്ന് പറഞ്ഞു : "മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളുകളെക്കുറിച്ചുള്ള താങ്കളുടെ വിചാരമെന്താണ് അബൂബക്കർ..?" ( ബുഖാരി , മുസ്‌ലിം )

നാനാ വശത്ത് നിന്നും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവിടുന്ന് നേരിടേണ്ടി വന്നപ്പോഴും അല്ലാഹുവിന്റെ ഈ ദീൻ കാലക്രമേണ ലോകത്തിന്റെ സർവ്വ ദിക്കുകളിലേക്കും വ്യാപിക്കുമെന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അവിടുന്ന് -ﷺ- ഇപ്രകാരം പറയുമായിരുന്നു : "രാപ്പകലുകൾ ഉദിക്കുത്തുന്നിടത്തെല്ലാം ഈ മതം (ഇസ്ലാം) എത്തുക തന്നെ ചെയ്യും, പട്ടണമെന്നോ ഗ്രാമമെന്നോ മരുഭൂമിയെന്നോ വ്യത്യാസമില്ലാതെ സർവ്വ വീടുകളിലും അത് പ്രവേശിക്കുന്നതാണ് , അങ്ങനെ ഇത് സ്വീകരിച്ചവർ പ്രതാപമുള്ളവരും അത് തള്ളിയവർ നിന്ദ്യരാകുന്നതുമാണ്". (അഹ്മദ്)

ഒരിക്കൽ നബി -ﷺ- ഉറങ്ങിക്കിടക്കവെ ഒരു ഗ്രാമീണൻ തന്റെ വാൾ അതിന്റെ ഉറയിൽ നിന്നും ഊരിയെടുക്കുകയും പ്രവാചകൻ -ﷺ-ക്ക് നേരെ ഓങ്ങുകയും ചെയ്തു . നബി -ﷺ- പറഞ്ഞു : "ഞാൻ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റപ്പോൾ കൈയ്യിൽ ഊരിപ്പിടിച്ച വാളുമായി അദ്ദേഹം ഇപ്പോൾ എന്നിൽ നിന്നും താങ്കളെ ആരാണ് രക്ഷിക്കുക.? എന്ന് ചോദിക്കുകയുണ്ടായി, അല്ലാഹു എന്ന് മൂന്ന് തവണ ഞാൻ ആവർത്തിച്ച് പറഞ്ഞപ്പോൾ അദ്ദേഹം ഉപദ്രവിക്കാതെ അവിടെ ഇരുന്നു". (ബുഖാരി , മുസ്‌ലിം) ഇമാം അഹ്മദിന്റെ രിവായത്തിൽ കാണാം : "അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും വാൾ നിലത്തേക്ക് വീഴുകയുണ്ടായി".

പ്രവാചകന്മാർക്ക് ശേഷം സ്വഹാബികളാണ് അല്ലാഹുവെക്കുറിച്ച് നല്ല വിചാരം വെച്ച് പുലർത്തുന്നവരിൽ മുൻപന്തിയിലുള്ളവർ. അല്ലാഹു പറഞ്ഞു :

﴿ٱلَّذِينَ قَالَ لَهُمُ ٱلنَّاسُ إِنَّ ٱلنَّاسَ قَدْ جَمَعُوا۟ لَكُمْ فَٱخْشَوْهُمْ فَزَادَهُمْ إِيمَـٰنًا وَقَالُوا۟ حَسْبُنَا ٱللَّهُ وَنِعْمَ ٱلْوَكِيلُ﴾

"ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനാകുന്നു". (ആലു ഇംറാൻ : 173)

ഒരിക്കൽ ഇബ്നു ദഗിന്ന അബൂബകർ -رضي الله عنه- ന്റെ അരികിൽ വരികയും ഒന്നുകിൽ താങ്കൾ നിസ്കാരവും ഖുർആൻ പാരായണവും രഹസ്യമായും പതുക്കെയുമാക്കണം , അല്ലെങ്കിൽ മക്കാ മുശ്രികീങ്ങളുടെ മുമ്പാകെ ഞാൻ താങ്കൾക്ക് പ്രഖ്യാപിച്ച സംരക്ഷണം പിൻവലിക്കും എന്ന് പറഞ്ഞപ്പോൾ അബൂബകർ - رضي الله عنه- പറഞ്ഞു : "എനിക്ക് നിന്റെ സംരക്ഷണം വേണ്ട , എന്റെ റബ്ബിന്റെ സംരക്ഷണം എനിക്ക് മതിയായതാകുന്നു". (ബുഖാരി)

ഉമർ - رضي الله عنه - പറഞ്ഞു : " ഒരിക്കൽ റസൂൽ -ﷺ- ഞങ്ങളോട് ദാനം ചെയ്യാനായി കൽപ്പിക്കുകയുണ്ടായി, അന്നേ ദിവസം എന്റെ പക്കൽ പണമുണ്ടായിരുന്നു. അബൂബക്കർ -رضي الله عنه- വിനെ സൽകർമങ്ങൾ ചെയ്യുന്നതിൽ ഞാൻ മുൻകടക്കുമെങ്കിൽ അത് ഇന്നേ ദിവസമായിരിക്കുമെന്ന് ഞാൻ ആത്മഗതം ചെയ്തു. അങ്ങനെ എന്റെ സമ്പത്തിന്റെ പകുതിയുമായി ഞാൻ റസൂൽ -ﷺ- യുടെ അടുക്കലേക്ക് ചെന്നപ്പോൾ അവിടുന്ന് ചോദിച്ചു : "താങ്കളുടെ കുടുംബത്തിനായി എന്താണ് ബാക്കി വെച്ചത്" ? ഇത് പോലുള്ള മറ്റൊരു പകുതിയെന്ന് ഞാൻ മറുപടി നൽകി . അപ്പോഴതാ അബൂബക്കർ - رضي الله عنه - തന്റെ മുഴുവൻ സമ്പാദ്യവുമായി റസൂലിന്റെ അടുക്കലേക്ക് കടന്ന് വരുന്നു , അവിടുന്ന് ചോദിച്ചു : "താങ്കളുടെ കുടുംബത്തിനായി എന്താണ് ബാക്കി വെച്ചത്" ? അദ്ദേഹം

പറഞ്ഞു : "അവർക്കായി അല്ലാഹുവെയും അവന്റെ റസൂലിനെയും ഞാൻ ബാക്കി വെച്ചിട്ടുണ്ട്". ( അബൂ ദാവൂദ് )

ലോക സ്ത്രീകളുടെ നേതാവായ ഖദീജ - رضي الله عنها -യുടെ അടുക്കലേക്ക് വഹ്‌യിന്റെ ആരംഭത്തിൽ റസൂൽ -ﷺ- പരിഭ്രാന്തനായി വന്ന് പറഞ്ഞു : "എനിക്ക് വഹ് യ് താങ്ങാൻ കഴിയില്ലെന്ന് ഞാൻ സ്വയം ഭയപ്പെട്ടു". അപ്പോൾ ഖദീജ - رضي الله عنها - അവരെ സമാശ്വസിപ്പിച്ച് കൊണ്ട് ഇപ്രകാരം പറഞ്ഞു : "താങ്കൾ സന്തോഷിച്ച് കൊള്ളുക..! അല്ലാഹുവാണെ സത്യം, അവൻ ഒരിക്കലും താങ്കളെ നിന്ദിക്കുകയില്ല, താങ്കൾ കുടുംബ ബന്ധം ചേർക്കുകയും സത്യം മാത്രം പറയുകയും മറ്റുള്ളവരുടെ പ്രയാസങ്ങൾ ഏറ്റെടുക്കുകയും പാവങ്ങളെ സഹായിക്കുകയും അതിഥിയെ ആദരിക്കുകയും വിപത്തുകളിൽ സഹായിക്കുകയും ചെയ്യുന്നവരാകുന്നു". ( ബുഖാരി , മുസ്‌ലിം )

ഇതായിരുന്നു സച്ചരിതരായ മുൻഗാമികളുടെ ചര്യ. സുഫ്‌യാൻ - رحمه الله - പറഞ്ഞു : "എന്റെ നന്മ - തിന്മകളുടെ കണക്ക് നോക്കുന്നത് എന്റെ മാതാപിതാക്കളെ ഏൽപ്പിക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടം അല്ലാഹു നോക്കുന്നതിലാണ് .കാരണം, അവരെക്കാൾ എനിക്ക് ഇഷ്ടം എന്റെ റബ്ബിനെയാകുന്നു". സഈദ് ബിൻ ജുബൈർ - رحمه الله - ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു : "അല്ലാഹുവേ നിന്നിൽ സത്യസന്ധമായി ഭരമേൽപ്പിക്കുവാനും നിന്നെക്കുറിച്ച് സദ്‌വിചാരം പുലർത്താനുമുള്ള തൗഫീഖ് ഞാൻ നിന്നോട് ചോദിക്കുന്നു".

അല്ലാഹുവെക്കുറിച്ച് സദ്‌വിചാരം പുലർത്തുകയും അവന്റെ ശക്തിയെക്കുറിച്ചും അറിവിനെക്കുറിച്ചും ദൃഢമായ ബോധ്യമുള്ളവരുമായിരുന്നു സ്വാലിഹീങ്ങളായ ജിന്നുകൾ. അവരുടെ സംസാരം വിശുദ്ധ ഖുർആനിൽ കാണാം.

﴿وَأَنَّا ظَنَنَّآ أَن لَّن نُّعۡجِزَ ٱللَّهَ فِي ٱلۡأَرۡضِ وَلَن نُّعۡجِزَهُۥ هَرَبٗا﴾

"ഭൂമിയിൽ വെച്ച് അല്ലാഹുവെ ഞങ്ങൾക്ക് തോൽപിക്കാനാവില്ല എന്നും, ഓടി മാറിക്കളഞ്ഞിട്ട് അവനെ തോൽപിക്കാനാവില്ലെന്നും

ഞങ്ങൾക്ക് ഉറച്ച ബോധ്യമായിരിക്കുന്നു". (അൽ ജിന്ന് : 12)

സൃഷ്ടികളിൽ ചിലരുണ്ട്, അവർ അല്ലാഹുവിന്റെ പേരിൽ ഒരു കാര്യം സത്യം ചെയ്താൽ അവനത് നിറവേറ്റി കൊടുക്കുന്നതാണ്. സത്യം ചെയ്തതിന്റെ പേരിലല്ല മറിച്ച് അല്ലാഹുവിലുള്ള സദ്വിചാരത്തിന്റെ ഫലമത്രെ അത്. ഒരു സത്യ വിശ്വാസി ജീവിതത്തിന്റെ എല്ലാ സന്ദർഭങ്ങളിലും തന്റെ റബ്ബിനെക്കുറിച്ച് സദ്വിചാരം പുലർത്തുന്നവനായിരിക്കും. ഇത് ഏറ്റവുമധികമായി ഉണ്ടാവേണ്ടത് തന്റെ റബ്ബിനോട് അവൻ പ്രാർത്ഥിക്കുന്ന അവസരങ്ങളിലാണ്; അവൻ സമീപസ്ഥനാണെന്നും പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം നൽകുമെന്നും അവനിൽ പ്രതീക്ഷയർപ്പിച്ചവരെ കൈ വിടില്ലെന്നുമുള്ള സദ്വിചാരം ഉണ്ടായിരിക്കണം.

ഒരടിമയുടെ തൗബ അല്ലാഹു സ്വീകരിക്കാനുള്ള പ്രധാന കാരണങ്ങളിൽ പെട്ടതാണ് അവനെക്കുറിച്ച് സദ്വിചാരം പുലർത്തുക എന്നത്. ഖുദ്സിയായ ഒരു ഹദീസിൽ കാണാം : "എന്റെ അടിമ ഒരു തെറ്റ് ചെയ്യുകയും അങ്ങനെ അവന് പാപങ്ങൾ പൊറുക്കുകയോ അല്ലെങ്കിൽ അതിന്റെ പേരിൽ ശിക്ഷിക്കുകയോ ചെയ്യുന്ന ഒരു റബ്ബുണ്ടെന്ന് അവൻ മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നീ ഉദ്ദേശിക്കുന്നത് നീ പ്രവർത്തിച്ച് കൊള്ളുക. ഞാൻ നിനക്ക് പൊറുത്തു തന്നിരിക്കുന്നു". ( ബുഖാരി , മുസ്‌ലിം )

കഠിനമായ പരീക്ഷണങ്ങളും വിപത്തുകളും ബാധിക്കുമ്പോഴാണ് നല്ല വിചാരവും മോശമായ വിചാരവും പ്രകടമാവുക. ഉഹ്ദ് യുദ്ധത്തിൽ ഉറച്ച വിശ്വാസത്തിനുടമകളായവർ ഉറച്ചു നിന്നു. മറ്റുള്ളവർ അല്ലാഹുവെപ്പറ്റി ധരിച്ചിരിക്കുന്നത് മോശമായ ധാരണയായിരുന്നു. അഹ്സാബ് യുദ്ധത്തിൽ അല്ലാഹുവെപ്പറ്റി പല ധാരണകളും പലരും ധരിച്ചു. അവരിൽ ചിലരെക്കുറിച്ച് അല്ലാഹു പറഞ്ഞു :

﴿هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا ۞ وَإِذْ يَقُولُ ٱلْمُنَـٰفِقُونَ وَٱلَّذِينَ فِى

﴿قُلُوبِهِم مَّرَضٌ مَّا وَعَدَنَا ٱللَّهُ وَرَسُولُهُۥٓ إِلَّا غُرُورًا﴾

"അവിടെ വെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവർ കിടുകിടാ വിറപ്പിക്കപ്പെടുകയും ചെയ്തു. , നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണെന്ന് കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം". (അൽ അഹ്സാബ് 11-12)

എന്നാൽ പ്രയാസങ്ങൾ അല്ലാഹുവിൽ നിന്നുള്ള പരീക്ഷണങ്ങളാണെന്നും അതിന് പിറകെ വിജയവും അല്ലാഹുവിങ്കൽ നിന്നുള്ള സഹായവും സുനിശ്ചിതമാണെന്നും സ്വഹാബികൾക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. അല്ലാഹു പറഞ്ഞു :

﴿وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ وَصَدَقَ ٱللَّهُ وَرَسُولُهُۥ ۚ وَمَا زَادَهُمْ إِلَّآ إِيمَٰنًا وَتَسْلِيمًا﴾

"സത്യവിശ്വാസികൾ സംഘടിതകക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ". (അൽ അഹ്സാബ് : 22)

അല്ലാഹുവെക്കുറിച്ചുള്ള സദ്വിചാരം മുഖേന പ്രയാസം, ഞെരുക്കം,വ്യസനം പോലുള്ളവയിൽ നിന്നും മോചനം ലഭിക്കുന്നു. തബൂക് യുദ്ധത്തിൽ നിന്നും പിന്മാറിയ മൂന്ന് പേർക്കും ബാധിച്ച പ്രായസം നീങ്ങിയത് അല്ലാഹുവെപ്പറ്റിയുള്ള അവരുടെ സദ്വിചാരം കൊണ്ടായിരുന്നു. അല്ലാഹു പറഞ്ഞു :

﴿وَعَلَى ٱلثَّلَٰثَةِ ٱلَّذِينَ خُلِّفُوا۟ حَتَّىٰٓ إِذَا ضَاقَتْ عَلَيْهِمُ ٱلْأَرْضُ بِمَا رَحُبَتْ وَضَاقَتْ عَلَيْهِمْ أَنفُسُهُمْ وَظَنُّوٓا۟ أَن لَّا مَلْجَأَ مِنَ ٱللَّهِ إِلَّآ إِلَيْهِ ثُمَّ تَابَ عَلَيْهِمْ لِيَتُوبُوٓا۟ ۚ إِنَّ ٱللَّهَ هُوَ ٱلتَّوَّابُ ٱلرَّحِيمُ﴾

“പിന്നേക്ക് മാറ്റിവെക്കപ്പെട്ട ആ മൂന്ന് പേരുടെ നേരെയും (പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് അല്ലാഹു കനിഞ്ഞ് മടങ്ങിയിരിക്കുന്നു) അങ്ങനെ ഭൂമി വിശാലമായിട്ടുകൂടി അവർക്കത് ഇടുങ്ങിയതായിത്തീരുകയും, തങ്ങളുടെ മനസ്സുകൾ തന്നെ അവർക്ക് ഞെരുങ്ങിപ്പോകുകയും, അല്ലാഹുവിങ്കൽ നിന്ന് രക്ഷതേടുവാൻ അവങ്കലല്ലാതെ അഭയസ്ഥാനമില്ലെന്ന് അവർ (ഉറപ്പിച്ച്) മനസ്സിലാക്കുകയും ചെയ്തപ്പോൾ അവൻ വീണ്ടും (പശ്ചാത്താപം സ്വീകരിച്ചുകൊണ്ട്) അവരുടെ നേരെ കനിഞ്ഞു മടങ്ങി. അവർ ഖേദിച്ചുമടങ്ങുന്നവരായിരിക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അല്ലാഹു ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണ ചൊരിയുന്നവനുമാകുന്നു”. (തൗബ : 118 )

അല്ലാഹു ശക്തനും എല്ലാത്തിനും കഴിവുള്ളവനുമാകുന്നു. അവൻ അവന്റെ അടിമകളെയും അവനോട് അടുത്തവരെയും സഹായിക്കുന്നു. അവനെ തോൽപ്പിക്കാൻ ആരുമില്ല. അല്ലാഹു അവന്റെ അടിമകളെ സഹായിക്കുമെന്നത് ദൃഢമുള്ള കാര്യമാകുന്നു. അല്ലാഹു പറഞ്ഞു :

﴿إِن يَنصُرْكُمُ ٱللَّهُ فَلَا غَالِبَ لَكُمْ ۖ وَإِن يَخْذُلْكُمْ فَمَن ذَا ٱلَّذِى يَنصُرُكُم مِّنۢ بَعْدِهِۦ ۗ﴾

“നിങ്ങളെ അല്ലാഹു സഹായിക്കുന്ന പക്ഷം നിങ്ങളെ തോൽപിക്കാനാരുമില്ല. അവൻ നിങ്ങളെ കൈവിട്ടുകളയുന്ന പക്ഷം അവന്നു പുറമെ ആരാണ് നിങ്ങളെ സഹായിക്കാനുള്ളത്?” (ആലു ഇംറാൻ : 160)

അല്ലാഹു ഏറെ കരുണയുള്ളവനും കരുണാനിധിയുമാകുന്നു. ആര് അവനിൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവൃത്തിക്കുകയും അവന്റെ കാരുണ്യം കാംക്ഷിക്കുകയും ചെയ്തുവോ അതവന് ലഭിക്കുന്നതാണ്. നബി -ﷺ- പറഞ്ഞു : “അല്ലാഹു സൃഷ്ടികളെയെല്ലാം പടച്ചപ്പോൾ അവൻ ഒരു രേഖയിൽ ഇപ്രകാരം എഴുതി അർശിനു മുകളിൽ വെച്ചു , നിശ്ചയം എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു”. (ബുഖാരി ,

മുസ്‌ലിം)

ജീവിത ഞെരുക്കമനുഭവിക്കുന്നവർക്ക് അല്ലാഹുവെപ്പറ്റിയുള്ള നല്ല ധാരണ അതിൽ നിന്നുള്ള ഒരു രക്ഷാ മാർഗമാകുന്നു. നബി -ﷺ- പറഞ്ഞു : "ആർകെങ്കിലും ദാരിദ്ര്യം ബാധിക്കുകയും അങ്ങനെ അത് ഉയർത്തുന്നതിനായി അവൻ ജനങ്ങളെ അവലംബിക്കുകയും ചെയ്താൽ അവന്റെ ആവശ്യങ്ങൾ നിറവേറുകയില്ല. ഇനി ആർകെങ്കിലും ദാരിദ്ര്യം ബാധിക്കുകയും അങ്ങനെ അത് നീക്കുന്നതിനായി അവൻ അല്ലാഹുവെ അവലംബിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ ആവശ്യം എളുപ്പമാക്കി നൽകുന്നതാണ്".(തിർമിദി) സുബൈർ ബിൻ അവ്വാം മകനായ അബ്ദുല്ല - رضي الله عنهما - യോട് പറഞ്ഞതായി കാണാം : "പൊന്നു മകനേ, നിനക്ക് (എന്റെ) കടം വീട്ടാൻ വല്ല ബുദ്ധിമുട്ടും നേരിടുകയാണെങ്കിൽ നീ എന്റെ റബ്ബിനോട് സഹായം തേടണം. (അബ്ദുല്ല) പറഞ്ഞു : അദ്ദേഹം എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്ക് മനസ്സിലായില്ല, അങ്ങനെ ഞാൻ ചോദിച്ചു : ഉപ്പാ.. ആരാണ് താങ്കളുടെ രക്ഷിതാവ്.? അദ്ദേഹം പറഞ്ഞു : അല്ലാഹു. (അബ്ദുല്ല) പറഞ്ഞു : അല്ലാഹുവാണെ സത്യം, അദ്ദേഹത്തിന്റെ കടം വീട്ടുന്നതിൽ എനിക്ക് വല്ല പ്രയാസവും നേരിട്ടാൽ ഞാൻ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു : സുബൈറിന്റെ രക്ഷിതാവായ അല്ലാഹുവേ., അദ്ദേഹത്തിന്റെ കടം നീ വീട്ടി നൽകേണമേ. അങ്ങനെ അത് വീടുമായിരുന്നു. " ( ബുഖാരി )

അല്ലാഹു അങ്ങേയറ്റം പൊറുക്കുന്നവനും ധാരാളമായി നൽകുന്നവനുമാണ്. അവന്റെ ധന്യതയിലും ഔദാര്യത്തിലും പാപമോചനത്തിലുമെല്ലാം അവനെപ്പറ്റി നല്ല ധാരണ പുലർത്തിയാൽ ചോദിക്കുന്നതെല്ലാം അവൻ നൽകുന്നതാണ്. എല്ലാ രാത്രിയിലും മൂന്നിലൊരു ഭാഗം അവശേഷിക്കുമ്പോൾ ഭൂമിയോടടുത്ത ആകാശത്തേക്ക് അല്ലാഹു ഇറങ്ങി വരികയും എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യും : "ആരുണ്ട് എന്നോട് പ്രാർത്ഥിക്കാൻ ഞാനവന് ഉത്തരം നൽകാം , ആരുണ്ട് എന്നോട് ചോദിക്കാൻ ഞാനവന് നൽകാം , ആരുണ്ട് എന്നോട് പാപമോചനം തേടാൻ ഞാനവന്

പൊറുത്തു നൽകാം". (ബുഖാരി , മുസ്‌ലിം) അല്ലാഹുവിന്റെ ഇരു കരങ്ങളും നിറഞ്ഞതാകുന്നു. രാപ്പകലുകൾ മുഴുവൻ ചിലവഴിച്ചാലും അതിൽ നിന്ന് ഒന്നും തന്നെ കുറയുകയില്ല.

അല്ലാഹു ധാരാളമായി പാപങ്ങൾ പൊറുക്കുന്നവനാകുന്നു. അടിമകൾ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുമ്പോൾ അവൻ അതിയായി സന്തോഷിക്കുന്നു. പകലിൽ തെറ്റ് ചെയ്തവർക്ക് പശ്ചാത്തപിക്കുന്നതിനായി രാത്രിയും രാത്രികളിൽ തെറ്റുകളിലേർപ്പെട്ടവർക്ക് പശ്ചാത്തപിക്കുന്നതിനായി പകലിലും കരങ്ങൾ നീട്ടുന്നവനാണവൻ. അല്ലാഹുവിന്റെ പരിപൂർണ്ണമായ വിശേഷണത്തിൽ പെട്ടതാകുന്നു അവനോട് തേടുന്നവരെ അവൻ തിരിച്ചയക്കുകയില്ല എന്നത്.

ഒരടിമ തന്റെ അവധി അടുക്കും തോറും ; ദുനിയാവിനോട് യാത്ര പറയാനുള്ള സമയമാകും തോറും അല്ലാഹുവെക്കുറിച്ച് സദ്‌വിചാരം പുലർത്തി ജീവിക്കാൻ അങ്ങേയറ്റം ആവശ്യക്കാരനാണ്. നബി -ﷺ- പറഞ്ഞു : "അല്ലാഹുവെക്കുറിച്ച് സദ്‌വിചാരം പുലർത്തുന്ന അവസ്ഥയിലല്ലാതെ നിങ്ങളിലൊരാളും മരണപ്പെടാൻ ഇടയാകരുത്". ( മുസ്‌ലിം )

അല്ലാഹുവെപ്പറ്റി സദ്‌വിചാരം പുലർത്തുക എന്നത് അല്ലാഹു നമ്മോട് കൽപിച്ച ഒരു ആരാധനയാണ്. കാരണം , ഒടിമ തന്റെ റബ്ബിനെ കുറിച്ച് വിചാരിക്കുന്നത് പോലെയാണ് അല്ലാഹു അവനെ സമീപിക്കുക. നബി -ﷺ- പറഞ്ഞു : "അല്ലാഹു പറഞ്ഞിരിക്കുന്നു : എന്നെക്കുറിച്ച് എന്റെ അടിമ വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ" (ബുഖാരി, മുസ്‌ലിം). ഇബ്നു മസ്ഊദ് - رضي الله عنه - പറഞ്ഞു : "ഒരടിമ അല്ലാഹുവെക്കുറിച്ചുള്ള ധാരണ നന്നാക്കിയാൽ അവന്റെ ധാരണക്കനുസരിച്ച് അല്ലാഹു നൽകുന്നതാണ്; കാരണം നന്മകളെല്ലാം അവന്റെ കരങ്ങളിലാണല്ലോ".

അല്ലാഹുവെക്കുറിച്ച് നല്ലത് വിചാരിക്കാൻ ഒരടിമക്ക് അവൻ തൗഫീഖ് നൽകിയാൽ അല്ലാഹു അവന് നന്മയുടെ കവാടങ്ങൾ

തുറന്നു നൽകുന്നതാണ്. ഇബ്നു മസ്ഊദ് - رضي الله عنه - പറഞ്ഞു : “അല്ലാഹുവാണെ സത്യം, അവനെക്കുറിച്ച് സദ്വിചാരം പുലർത്തുന്നതിനെക്കാൾ ഉത്തമമായ മറ്റൊന്നും സത്യവിശ്വാസിയായ ഒരടിമക്ക് നൽകപ്പെടുന്നില്ല”.

മനുഷ്യരുടെ കർമങ്ങൾ അവരുടെ റബ്ബിനെക്കുറിച്ചുള്ള ധാരണയുടെ അടിസ്ഥാനത്തിലായിരിക്കും. സത്യവിശ്വാസിയാണെങ്കിൽ അല്ലാഹുവെപ്പറ്റിയുള്ള വിചാരം നന്നാക്കുകയും തുടർന്ന് അവന്റെ പ്രവർത്തനം നന്നാക്കുകയും ചെയ്യും. എന്നാൽ അവിശ്വാസിയാകട്ടെ , അല്ലാഹുവെക്കുറിച്ച് മോശം വിചാരിക്കുകയും തുടർന്ന് അവന്റെ പ്രവർത്തനം മോശമാക്കുകയും ചെയ്യും.

അല്ലാഹുവെ കുറിച്ചുള്ള നല്ല വിചാരം ഒരടിമയുടെ ഇസ്ലാമിന്റെ മികവും ഈമാനിന്റെ പൂർത്തീകരണവുമാകുന്നു. അതിലൂടെ അത്തരക്കാർക്ക് സ്വർഗത്തിലേക്കുള്ള മാർഗം തുറക്കപ്പെടുന്നു. ഹൃദയം കൊണ്ട് നിർവഹിക്കുന്ന ഈ ആരാധനയിലൂടെ എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കുവാനും അവനിൽ വിശ്വാസമർപ്പിക്കാനും സാധിക്കുന്നു. ഇമാം ഇബ്നുൽ ഖയ്യിം - رحمه الله - പറഞ്ഞു : “റബ്ബിനെക്കുറിച്ചുള്ള സദ്വിചാരത്തിന്റെയും അവനിലുള്ള പ്രതീക്ഷയുടെയും തോതനുസരിച്ചായിരിക്കും നിനക്ക് അവനിൽ തവക്കുൽ ചെയ്യാൻ സാധിക്കുക. അതുകൊണ്ടാണ് ചിലർ തവക്കുലിനെ അല്ലാഹുവിലുള്ള സദ്വിചാരമായി വ്യാഖ്യാനിച്ചത്. അല്ലാഹുവെക്കുറിച്ചുള്ള സദ്വിചാരം അടിമയെ അവനിൽ ഭരമേൽപ്പിക്കാൻ പ്രേരിപ്പിക്കുന്നു എന്നതാണ് യാഥാർഥ്യം. അല്ലാഹുവെക്കുറിച്ച് മോശം വിചാരിക്കുകയും അവനിൽ യാതൊരു പ്രതീക്ഷയുമർപ്പിക്കാതിരിക്കുകയും ചെയ്യുന്നവൻ ഒരിക്കലും അവനിൽ ഭരമേൽപിക്കുകയില്ല”.

ഈയൊരു ഇബാദത്തിന്റെ ഫലങ്ങളിൽ പെട്ടതാണ്; അല്ലാഹുവെ കുറിച്ച് നല്ല വിചാരം പുലർത്തുന്നതിലൂടെ ഹൃദയത്തിന് സമാധാനം

ലഭിക്കുകയും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങാൻ നമുക്ക് പ്രചോദനമാവുകയും അവനിലേക്ക് മുന്നിടാൻ മനസ്സ് ഒരുങ്ങുകയും ചെയ്യും എന്നത്. ഈമാനിന് ശേഷം ഹൃദയത്തിന് ഏറ്റവും വിശാലത ലഭിക്കുന്നത് അല്ലാഹുവെ കുറിച്ചുള്ള സദ് വിചാരത്തിലാകുന്നു. നബി -ﷺ- പറഞ്ഞു : "രോഗപ്പകർച്ചയും ശകുനം നോക്കാളും ഇല്ല , എന്നാൽ ശുഭലക്ഷണം നോക്കി നല്ലത് പറയൽ എനിക്കിഷ്ടമാണ്". ( ബുഖാരി , മുസ്‌ലിം) ഹലീമി - رحمه الله - പറഞ്ഞു : "ദുശകുനമെന്നാൽ അല്ലാഹുവെക്കുറിച്ച് മോശമായി ചിന്തിക്കലും, ശുഭലക്ഷണമെന്നാൽ അല്ലാഹുവെ കുറിച്ച് നല്ല വിചാരം പുലർത്തലുമാകുന്നു".

അല്ലാഹുവെക്കുറിച്ചുള്ള സദ്‌വിചാരം അടിമയെ അവന്റെ മർഗത്തിൽ ഉദാരനാകാനും ധൈര്യത്തോടെ മുന്നോട്ട് പോകാനും സഹായിക്കുന്നു. അതവനെ ശക്തനാക്കും.

അബു അബ്ദില്ലാഹ് അസ്സാജി - رحمه الله - പറഞ്ഞു : "ആർ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചുവോ അവൻ തന്റെ ഉപജീവനം സുരക്ഷിതമാക്കിയിരിക്കുന്നു. അതത്രെ ഏറ്റവും ഉത്തമമായ വിഭവവും വിശിഷ്ഠമായ ഭക്ഷണവും". താങ്കളുടെ സമ്പാദ്യമെന്താണെന്ന് സലമത്ത് ബിൻ ദീനാർ - رحمه الله - യോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു : "അല്ലാഹുവിലുള്ള വിശ്വാസവും ജനങ്ങളുടെ കരങ്ങളിലുള്ളതിനോട് വിരക്തിയും".

ആരെങ്കിലും തന്റെ റബ്ബിനെക്കുറിച്ച് നല്ല ധാരണ പുലർത്തിയാൽ അവൻ അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള ദൃഢമായ വിശ്വാസം കാരണത്താൽ അവന്റെ ശരീരവും സമ്പത്തും അല്ലാഹുവിന്റെ മാർഗത്തിൽ നന്നായി ചിലവഴിക്കുന്നതായിരിക്കും. അല്ലാഹു പറഞ്ഞു:

﴿وَمَآ أَنفَقْتُم مِّن شَيْءٍ فَهُوَ يُخْلِفُهُۥ﴾

"നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്".(സബഅ് : 39)

സുലൈമാൻ അദ്ദാറാനീ - رحمه الله - പറഞ്ഞു : "ആരെങ്കിലും

തന്റെ ഉപജീവനത്തിന്റെ കാര്യത്തിൽ അല്ലാഹുവിൽ വിശ്വാസമർപ്പിച്ചാൽ അവന്റെ സ്വഭാവം ഏറെ നന്നാവുകയും അവനിൽ അവധാനതയെന്ന സൽഗുണമുണ്ടാവുകയും ചെയ്യും , അതിലൂടെ അല്ലാഹുവിന്റെ മാർഗത്തിൽ ധാരാളമായി സമ്പത്ത് ചെലവഴിക്കാനും നിസ്കാരത്തിൽ അവനുണ്ടാകുന്ന വസ്വാസുകൾ കുറക്കാനും സാധിക്കുന്നതാണ്".

അവന്റെ കൃപ കാംഷിക്കുന്നതിലും അവന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നതിലും, നന്മകൾ ചെയ്യുന്നതിലും അത്തരക്കാർ അതീവ തൽപരായിരിക്കും. അല്ലാഹു പറയുന്നു :

﴿وَمَا يَفْعَلُواْ مِنْ خَيْرٍ فَلَن يُكْفَرُوهُ﴾

“അവർ ഏതൊരു നല്ല കാര്യം ചെയ്താലും അതിന്റെ പ്രതിഫലം അവർക്ക് നിഷേധിക്കപ്പെടുന്നതല്ല”. (ആലു ഇംറാൻ : 115)

അല്ലാഹുവെക്കുറിച്ചുള്ള വിചാരത്തിന്റെ തോതനുസരിച്ചായിരിക്കും അവൻ തന്റെ അടിമകളോട് വർത്തിക്കുക. പ്രവർത്തനത്തിന്റെ അതേ ഗണത്തിൽ നിന്നായിരിക്കും പ്രതിഫലവും ലഭിക്കുക. സദ്വിചാരം പുലർത്തിയവർക്ക് നന്മയും മോശം വിചാരിച്ചവർക്ക് നഷ്ടവുമാണ് ലഭിക്കുക. നബി -ﷺ- പറഞ്ഞു : “അല്ലാഹു പറഞ്ഞു : ഒരടിമ എന്നെക്കുറിച്ച് വിചാരിക്കുന്നതിനനുസരിച്ചാണ് ഞാനവനോട് വർത്തിക്കുക; അതിനാൽ എന്നെക്കുറിച്ച് നിങ്ങൾ ഉദ്ദേശിക്കുന്നത് വിചാരിച്ച് കൊള്ളുക. നല്ലത് വിചാരിക്കുന്നവർക്ക് അതും മോശം വിചാരിക്കുന്നവർക്ക് അതിനനുസരിച്ചും ലഭിക്കുന്നതായിരിക്കും”. (അഹ്മദ്) ഒരടിമ അല്ലാഹുവെക്കുറിച്ചുള്ള ധാരണ നന്നാക്കിയാൽ അല്ലാഹു അവനെ ഒരിക്കലും കൈയ്യൊഴിയുകയില്ല. ഖിയാമത്ത് നാളിൽ അത്തരക്കാർ പറയുന്നതായി കാണാം :

﴿هَاؤُمُ ٱقْرَءُواْ كِتَٰبِيَهْ﴾

“ഇതാ എൻറെ ഗ്രന്ഥം വായിച്ചുനോക്കൂ” (അൽ ഹാഖ: 19)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹു ഉദാരനും ഏറ്റവും വലിയവനും ശക്തിയുള്ളവനും മഹത്വമുള്ളവനുമാകുന്നു. അവൻ എന്തെങ്കിലുമൊന്ന് ഉദ്ദേശിക്കുകയാണെങ്കിൽ അതിനോട് നീ ഉണ്ടാകൂ എന്ന് പറയേണ്ട താമസം അതുണ്ടാകും. ഖുർആനിനെ സംരക്ഷിക്കുമെന്നും ദീനിനെ സഹായിക്കുമെന്നും സൂക്ഷ്മത പാലിക്കുന്നവർക്കാണ് നല്ല പര്യവസാനമെന്നും അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അവനുദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ അവൻ ഉപജീവനം നൽകുകയും അവനിലേക്ക് അഭയം തേടി വന്നവരുടെ പ്രയാസങ്ങൾ അവൾ നീക്കി കൊടുക്കുകയും ചെയ്യും.

അല്ലാഹുവെക്കുറിച്ചുള്ള വിജ്ഞാനം വർദ്ധിക്കുന്നതിനനുസരിച്ച് അവനിലുള്ള വിശ്വാസം ദൃഢമാകുന്നതാണ്. ഇനി അവനെക്കുറിച്ച് മോശമായി വിചാരിച്ചാൽ അത് അവന്റെ പരിപൂർണ്ണമായ നാമ - ഗുണ വിശേഷണങ്ങളെക്കുറിച്ചുള്ള അജ്ഞത കൊണ്ടാണ്. അത് ജാഹിലിയ്യ കാലക്കാരുടെ വിശേഷണങ്ങളിൽ പെട്ടതുമാണ്. അല്ലാഹു പറഞ്ഞു :

﴿ يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ ٱلْجَٰهِلِيَّةِ ﴾

"അല്ലാഹുവെപ്പറ്റി അവർ ധരിച്ചിരുന്നത് സത്യവിരുദ്ധമായ ജാഹിലിയ്യ ധാരണയായിരുന്നു". (ആലു ഇംറാൻ: 154)

അല്ലാഹുവിന്റെ നാമ-ഗുണ വിശേഷങ്ങളിലുള്ള വിശ്വാസത്തിലൂടെ അവനെക്കുറിച്ച് സദ്വിചാരം പുലർത്താനും അവനെ അവലംബ ക്രേന്ദമാക്കാനും എല്ലാം കാര്യങ്ങൾ അവനിലേക്ക് ഏൽപ്പികക്കാനും സാധിക്കുന്നു .

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿فَمَا ظَنُّكُم بِرَبِّ ٱلْعَٰلَمِينَ ﴾

അപ്പോൾ ലോകരക്ഷിതാവിനെപ്പറ്റി നിങ്ങളുടെ വിചാരമെന്താണ്? (അസ്സാഫാത്ത് : 87 )

**അല്ലാഹു ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ..**

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവെകുറിച്ചുള്ള നല്ല വിചാരം പ്രകടമാകുക സൽകർമങ്ങൾ ഏറ്റവും നല്ല അവസ്ഥയിൽ പ്രവർത്തിക്കുന്നതിലൂടെയാണ്. ജനങ്ങളിൽ ഏറ്റവും ഉത്തമർ അല്ലാഹുവോട് കൂടുതൽ അനുസരണയുള്ളവരാണ്. അടിമക്ക് അല്ലാഹുവിലുള്ള വിചാരണ എത്രത്തോളം മെച്ചപ്പെടുന്നുവോ അത്രത്തോളം മെച്ചമായിരിക്കും അവന്റെ പ്രവൃത്തികൾ, അവന്റെ പ്രവൃത്തികൾ മോശമാണെങ്കിൽ അവന് റബ്ബിനെ കുറിച്ചുള്ള ചിന്തകൾ മോശമായ കാരണത്താലാണ്.

അല്ലാഹുവെ കുറിച്ചുള്ള നല്ല വിചാരം ഒരു അടിമയെ പാപം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെങ്കിൽ അതിന് കാരണം അവൻ അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടാത്ത കാരണത്താലാണ്. എന്നാൽ, അല്ലാഹുവെകുറിച്ചുള്ള നല്ല വിചാരം അടിമയെ നന്മ ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും അതിന് സഹായിക്കുകയും ചെയ്യുന്നുവെങ്കിൽ അതാണ് ഉപകാരപ്രദമായത്. യഥാർത്ഥത്തിൽ, റബ്ബിനെ കുറിച്ചുള്ള നല്ല വിചാരം ഹൃദയത്തിൽ നിന്ന് കുറയുമ്പോഴാണ്

**അടിമകൾ പാപങ്ങളിൽ ഏർപ്പെടുന്നത്.**

**നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.**

# തൗഹീദിന് വിള്ളലുണ്ടാക്കുന്ന കാര്യങ്ങൾ [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. തന്റെ റബ്ബിനെ ഭയപ്പെടുന്നവൻ രക്ഷപ്പെടുകയും,അവന്റെ സ്മരണയിൽ നിന്ന് തിരിഞ്ഞുകളയുന്നവൻ വഴിപിഴച്ചുപോവുകയും ചെയ്യുന്നതാണ്.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

അല്ലാഹുവിന് പൂർണമായി കീഴ്പെടുന്നത്തിലാണ് ഒരു അടിമക്ക് യഥാർഥ സന്തോഷം ; ആരാധനകളെല്ലാം അല്ലാഹുവിന് വേണ്ടി മാത്രം സമർപ്പിക്കുകയും പ്രവാചക ചര്യ പിന്തുടരുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇത് സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. അല്ലാഹുവിവിന് വേണ്ടി മാത്രം സമർപ്പിക്കുന്നതിന് പകരം അവനിൽ പങ്ക് ചേർത്താണ് ഒരടിമ ആരാധന നിർവ്വഹിക്കുന്നതെങ്കിൽ അവന്റെ

(1) 28/12/1426 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ആ ഇബാദത്ത് ചിന്നി ചിതറിയ ധൂളികൾ കണക്കെയാകും. അല്ലാഹു പറഞ്ഞു :

﴿وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَـٰهُ هَبَآءً مَّنثُورًا﴾

"അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും" (അൽ-ഫുർഖാൻ : 23)

ഇനി ഒരുവൻ ആരാധനകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കുകയും പ്രവാചക ചര്യ അവഗണിക്കുകയും ചെയ്താൽ അവന്റെ ആരാധനകൾ നിഷ്ഫലമായി പോകും. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും നമ്മുടെ കൽപ്പനയില്ലാത്ത (ദീനിൽ ഇല്ലാത്ത) ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടുന്നതാണ്". (മുസ്‌ലിം) എന്നാൽ ഒരു ഇബാദത്ത് അല്ലാഹുവിന് വേണ്ടി മാത്രവും നബിചര്യ പിന്തുടർന്നുമാണ് നിർവ്വഹിക്കപ്പെടുന്നതെങ്കിൽ അത് അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെടുന്നുതായിരിക്കും. അല്ലാഹു പറഞ്ഞു :

﴿إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ كَانَتْ لَهُمْ جَنَّـٰتُ ٱلْفِرْدَوْسِ نُزُلًا﴾

"തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ" (അൽ-കഹ്ഫ് : 107)

ഈ ദീൻ നിലകൊള്ളുന്നത് ചിലത് നിഷേധിക്കുന്നതിലൂടെയും മറ്റ് ചിലത് സ്ഥിതീരീകരിക്കുന്നതിലൂടെയുമാണ്. അവ രണ്ടും ഒരു വ്യക്തിയിൽ ഒരുമിക്കുമ്പോളാണ് അവന്റെ ഇസ്‌ലാം ശരിയാകുന്നത്. അഥവാ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയിൽ നിന്നും അതിന്റെ ആളുകളിൽ നിന്നും പൂർണ്ണമായും വേറിട്ട് നിൽക്കുകയും ആരാധനകളെല്ലാം അല്ലാഹുവിന് മാത്രം സ്ഥിരപ്പെടുത്തുകയും ചെയ്യുക എന്നർത്ഥം. അല്ലാഹു പറഞ്ഞു :

﴿فَمَن يَكْفُرْ بِٱلطَّـٰغُوتِ وَيُؤْمِنۢ بِٱللَّهِ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ لَا ٱنفِصَامَ لَهَا

﴿وَٱللَّهُ سَمِيعٌ عَلِيمٌ﴾

"ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോവുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു". (അൽ-ബഖറ : 256 )

നബി -ﷺ- പറഞ്ഞു : "' ലാ ഇലാഹ ഇല്ലല്ലാഹ് ' പ്രഖ്യാപിക്കുകയും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നതിനെയെല്ലാം നിഷേധിക്കുകയും ചെയ്തവരുടെ ധനവും രക്തവും പവിത്രമാക്കപ്പെട്ടിരിക്കുന്നു. പിന്നീട് അവന്റെ വിചാരണ അല്ലാഹുവിനാകുന്നു". (മുസ്ലിം)

തൗഹീദാകുന്നു ഇസ്‌ലാമിലെ ഏറ്റവും പ്രധാന കൽപ്പന ; ഏറ്റവും വലിയ നിരോധനം അതിന്റെ വിപരീതമായ ശിർക്കുമാകുന്നു. ഒരിക്കൽ നബി -ﷺ- യോട് ഏറ്റവും വലിയ പാപമേതാണെന്ന് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് -ﷺ- പറഞ്ഞു : "അല്ലാഹുവാണ് നിന്നെ സൃഷ്ടിച്ചതെന്നിരിക്കെ അവന് നീ സമന്മാരെ നിശ്ചയിക്കലാകുന്നു". (ബുഖാരി, മുസ്‌ലിം) എല്ലാ പ്രവാചകന്മാരും ഇബാദത്തുകൾ അല്ലാഹുവിന് മാത്രം സമർപ്പിക്കണമെന്നും ശിർക്കിൽ നിന്നും അതിലകപ്പെടാൻ സാധ്യതയുള്ള വഴികളിൽ നിന്നും വിട്ടു നിൽക്കണമെന്നും അവരുടെ സമുദായങ്ങളോട് കൽപ്പിച്ചു.

﴿وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ﴾

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.)" (അന്നഹ്‌ൽ : 36)

അല്ലാഹു കൽപ്പിച്ചത് പ്രകാരം അവനുള്ള ഇബാദത്തുകളുമായി കഴിഞ്ഞ് കൂടുന്നവർക്ക് സ്വന്തത്തിലും തന്റെ സമ്പത്തിലും മക്കളിലും

പാർപ്പിടത്തിലും നിർഭയത്വമുണ്ടാകുന്നതാണ്. കൂടാതെ അവന്റെ ഖബ്റിലും വിചാരണ നാളിലും അവർക്കത് നിർഭയത്വമേകുന്നതായിരിക്കും. അല്ലാഹു പറഞ്ഞു :

﴿ٱلَّذِينَ ءَامَنُوا۟ وَلَمْ يَلْبِسُوٓا۟ إِيمَـٰنَهُم بِظُلْمٍ أُو۟لَـٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ﴾

“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ”.(അൽ-അൻആം : 82)

യഥാർത്ഥ തൗഹീദ് പാപങ്ങളെ ശുദ്ധീകരിക്കുന്നതും തെറ്റുകളെ മായ്ച്ച് കളയുന്നതും ശാശ്വതമായ നരക പ്രവേശനത്തെ തടുക്കുന്നതുമാണ്. നബി -ﷺ- പറഞ്ഞു : “അല്ലാഹുവിന്റെ വജ്ഹ് ഉദ്ദേശിച്ചുകൊണ്ട് 'ലാ ഇലാഹ ഇല്ലല്ലാഹ്' പ്രഖ്യാപിച്ചവർക്ക് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു”. (ബുഖാരി, മുസ്‌ലിം) തൗഹീദ് പൂർണ്ണമായ രൂപത്തിൽ സാക്ഷാത്കരിക്കുന്നവർ വിചാരണ കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവരുടെ വിശേഷണമായി നബി -ﷺ- പറഞ്ഞു : “അവർ മന്ത്രിക്കാൻ ആവശ്യപ്പെടാത്തവരും , തീ ഉപയോഗിച്ച് ചികിത്സ നടത്താത്തവരും, ശകുനം നോക്കാത്തവരും, തങ്ങളുടെ റബ്ബിൽ മാത്രം ഭരമേൽപ്പിക്കുകയും ചെയ്യുന്നവരാണ്”. (ബുഖാരി,മുസ്‌ലിം) അവരുടെ ഹൃദയങ്ങൾ അല്ലാഹുമായി ബന്ധപ്പെട്ടിരിക്കുന്നു, അവരുടെ കാര്യങ്ങളെല്ലാം അവനിലേക്കാണവർ ഏൽപ്പിച്ചിരിക്കുന്നത്.

ശിർക്കിന്റെ പര്യാവസാനം വളരെ മോശമാണ്; അത് സൽപ്രവർത്തനങ്ങളെ പൊളിച്ച് കളയുന്നതും റബ്ബിനെ കോപിപ്പിക്കുന്നതുമാണ്. അല്ലാഹു പറഞ്ഞു :

﴿وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ
وَلَتَكُونَنَّ مِنَ ٱلْخَـٰسِرِينَ﴾

“തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും”. (അസ്സുമർ : 65)

നബി -ﷺ- പറഞ്ഞു : “അല്ലാഹുവിന് പുറമെ ആരോടെങ്കിലും പ്രാർത്ഥിക്കുന്നവനായിട്ടാണ് ഒരുവൻ മരണപ്പെടുന്നതെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്”. ( ബുഖാരി ) മാത്രമല്ല, അത് ഒരു വ്യക്തിയെ നരകത്തിൽ ശാശ്വതനാക്കുകയും ചെയ്യും ; അല്ലാഹു പറഞ്ഞു :

﴿إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ﴾

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്”. (അന്നിസാഅ് : 48)

നിശ്ചയം, ശിർക്ക് ചെയ്യുന്നത് ഇഹപര ജീവിതത്തിൽ പരാജയത്തിന് കാരണമാകുന്നു. ഇബ്റാഹീം നബി - عليه السلام - ശിർക്കിൽ നിന്ന് രക്ഷ തേടിക്കൊണ്ട് അല്ലാഹുവോട് ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി :

﴿وَٱجْنُبْنِى وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ﴾

“എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ”. (ഇബ്റാഹീം : 35)

ഇബ്റാഹീം അത്തൈമി - رحمه الله - പറഞ്ഞു : “ഇബ്റാഹീം നബി - عليه السلام - ന് ശേഷം സ്വന്തത്തിൽ ശിർക്ക് സംഭവിക്കുന്നതിൽ നിന്നും ആർക്കാണ് നിർഭയത്വമുള്ളത്..?!”

ഒരു പ്രബോധകൻ ചെയ്യുന്ന ഏറ്റവും പുണ്യമുള്ള കാര്യം

തൗഹീദിലേക്കുള്ള പ്രബോധനമാണ്. മുആദ് - رضي الله عنه - വിനോട് നബി -ﷺ- പറഞ്ഞു : "നിശ്ചയം; താങ്കൾ പോകുന്നത് വേദഗ്രന്ഥം നൽകപ്പെട്ട ജന വിഭാഗത്തിന്റെ അടുക്കലേക്കാണ്. അതിനാൽ നീ ആദ്യമായി അവരെ ക്ഷണിക്കേണ്ടത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സാക്ഷ്യവചനത്തിലേക്കായിരിക്കണം". ( ബുഖാരി, മുസ്‌ലിം )

അല്ലാഹുവിന് പുറമെ മറ്റ് വല്ലതിനെയും വിളിച്ച് പ്രാർത്ഥിക്കുന്നവർ സ്വന്തത്തോട് അക്രമം ചെയ്തിരിക്കുന്നു. അല്ലാഹു പറഞ്ഞു :

﴿وَلَا تَدۡعُ مِن دُونِ ٱللَّهِ مَا لَا يَنفَعُكَ وَلَا يَضُرُّكَۖ فَإِن فَعَلۡتَ فَإِنَّكَ إِذٗا مِّنَ ٱلظَّٰلِمِينَ﴾

"അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും".(യൂനുസ് : 106)

വിഗ്രഹത്തിന്റെയടുക്കൽ ഭവ്യതയോടെ മുട്ട് കുത്തി നിൽക്കുകയോ അല്ലെങ്കിൽ ഖബ്റിന്റെയരികിൽ ചെന്ന് വിനയാന്വിതനായി അതിൽ നിന്നും ഉപകാരം പ്രതീക്ഷിക്കുകയും ചെയ്യുന്നവർ അംസംഭവ്യമായ ഒന്നാണ് തേടിക്കൊണ്ടിരിക്കുന്നത്. അവൻ മരീചിക വെള്ളമാണെന്ന് കരുതിയവനാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَمَنۡ أَضَلُّ مِمَّن يَدۡعُواْ مِن دُونِ ٱللَّهِ مَن لَّا يَسۡتَجِيبُ لَهُۥٓ إِلَىٰ يَوۡمِ ٱلۡقِيَٰمَةِ وَهُمۡ عَن دُعَآئِهِمۡ غَٰفِلُونَ ۝ وَإِذَا حُشِرَ ٱلنَّاسُ كَانُواْ لَهُمۡ أَعۡدَآءٗ وَكَانُواْ بِعِبَادَتِهِمۡ كَٰفِرِينَ﴾

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ

നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും". (അൽ-അഹ്ഖാഫ് : 5-6)

മരണപ്പെട്ടവരോടുള്ള പ്രാർത്ഥനയും സഹായ തേട്ടവും അവർ കേൾക്കുകയില്ല , അവരോട് തേടുന്നവരുടെ പ്രയാസങ്ങൾ അവർ ദൂരീകരിക്കുകയുമില്ല. അല്ലാഹു പറഞ്ഞു :

﴿وَٱلَّذِينَ تَدۡعُونَ مِن دُونِهِۦ مَا يَمۡلِكُونَ مِن قِطۡمِيرٍ﴾

"അവനു (അല്ലാഹുവിനു) പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല". (ഫാതിർ : 13)

മരണപ്പെട്ടവരുടെയും സ്വാലിഹീങ്ങളുടെയും കാര്യത്തിൽ അതിര് കടന്നതാണ് മനുഷ്യർ കുഫ്റിലും ദീൻ ഉപേക്ഷിക്കുന്നതിലും അകപ്പെടാനുള്ള പ്രധാന കാരണം. ഈ പ്രവണതിയിൽ നിന്നും നബി -ﷺ- താക്കീത് നൽകിയതായി കാണാം ; അവിടുന്ന് -ﷺ- പറഞ്ഞു : "മതത്തിൽ പരിധി വിടുന്നത് നിങ്ങൾ സൂക്ഷിക്കുക. കാരണം, നിങ്ങളുടെ മുൻഗാമികളെ നശിപ്പിച്ചത് മതത്തിലുള്ള അവരുടെ അതിരുകവിയലാകുന്നു". (നസാഈ) ഖബറിന്റെ അരികിൽ ഭജനമിരിക്കുകയും അല്ലാഹുവിന് പുറമെ അവരെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നവരാണ് സൃഷ്ടികളിൽ വെച്ച് ഏറ്റവും ദുഷിച്ചവർ. നബി -ﷺ- ഉമ്മു സലമ: - رضي الله عنها - യോട് പറഞ്ഞു : "അവരിൽ നിന്നും സ്വാലിഹായ ഒരു വ്യക്തി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ ഖബറിൻ മേൽ ഒരു പള്ളി പണിയുകയും അവിടെ ആ ചിത്രങ്ങൾ അവർ കൊത്തിവെക്കുകയും ചെയ്യും. അവരാണ് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും നീചന്മാരായ സൃഷ്ടികൾ". (ബുഖാരി , മുസ്‌ലിം )

സിഹ്ർ (മാരണം ചെയ്യൽ) ഈമാനിന്റെ പ്രകാശത്തെ കെടുത്തുകയും ഇസ്‌ലാമിനെ തകർക്കുകയും ചെയ്യുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَلَقَدۡ عَلِمُواْ لَمَنِ ٱشۡتَرَىٰهُ مَا لَهُۥ فِي ٱلۡأٓخِرَةِ مِنۡ خَلَٰقٖ﴾

"അത് (ആ വിദ്യ) ആർ വാങ്ങി (കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്". (അൽ-ബഖറ: 102)

തന്റെ ദീനിന്റെ കാര്യത്തിൽ വഴികേടിലാവുകയും തന്റെ ബുദ്ധിയെ ശരിയായി ഉപയോഗിക്കാത്തവരുമാണ് ജോത്സ്യന്മാരെ സമീപിക്കുക. അല്ലാഹു പറഞ്ഞു :

﴿قُل لَّا يَعْلَمُ مَن فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ﴾

"(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ". (അന്നംല് : 65)

നബി -ﷺ- പറഞ്ഞു : "ആരെങ്കിലും ഒരു ജോത്സ്യനെയോ ലക്ഷണം പറയുന്നവനെയോ സമീപിച്ച് വല്ലതും ചോദിക്കുകയും അവനെ സത്യപ്പെടുത്തുകയും ചെയ്താൽ മുഹമ്മദ് നബി -ﷺ- ക്ക് അവതരിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു". ( അഹ്മദ് )

ഏലസുകളും നൂലുകളും ചരടുകളും ശംഖുകളും ഒക്കെ കെട്ടുന്നതിലൂടെ അടിമ കൂടുതൽ ബലഹീനമാവുകയും , അത് മുഖേന അല്ലാഹുവിലുള്ള തവക്കുൽ ദുർബലമാവുകയും ചെയ്യുന്നതാണ്. ഒരിക്കൽ നബി -ﷺ- ഒരാളുടെ കൈയ്യിന്മേൽ പിച്ചള കൊണ്ടുള്ള ഒരു വളയം കാണാനിടയായി. അപ്പോൾ അവിടുന്ന് ചോദിച്ചു : "നിനക്ക് നാശം.! ഇതെന്താണ്.?" അയാൾ പറഞ്ഞു : "വാഹിന (കൈയ്യിൽ ബാധിക്കുന്ന ഒരസുഖം) സുഖപ്പെടാൻ വേണ്ടിയുള്ളതാണ്". അപ്പോൾ അവിടുന്ന് പറഞ്ഞു : "തീർച്ചയായും അത് നിന്റെ അസുഖം വർധിപ്പിക്കുകയേ ഉള്ളൂ. നീ അത് ഊരിയെറിയുക. നിന്റെ ദേഹത്ത് അത് ഉണ്ടായിരിക്കെ മരണപ്പെട്ടാൽ ഒരിക്കലും നീ വിജയം പ്രാപിക്കുകയില്ല". (അഹ്മദ്).

ഏലസ്സുകൾ ധരിക്കൽ അല്ലാഹുവിൽ പങ്ക് ചേർക്കലാകുന്നു. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും വല്ല ഏലസ്സും കെട്ടിയാൽ അവൻ അല്ലാഹുവിൽ പങ്കു ചേർത്തിരിക്കുന്നു". (അഹ്മദ്) ആരെങ്കിലും വല്ലതും അങ്ങനെ ഉപയോഗിക്കുന്ന പക്ഷം അല്ലാഹു അവനെ

അതിലേക്ക് ഏൽപ്പിക്കുകയും അങ്ങനെ അവൻ നശിക്കുകയും ചെയ്യും. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും വല്ലതും (ഏലസുകളോ ചരടുകളോ) ധരിച്ചാൽ അവൻ അതിലേക്ക് ഏൽപിക്കപ്പെടുന്നതാണ്". ( തിർമിദി )

മരങ്ങളിൽ നിന്നോ കല്ലുകളിൽ നിന്നോ അനുഗ്രഹം പ്രതീക്ഷിക്കാവതല്ല; അതുപോലെ അവ മുഖേന അനുഗ്രഹങ്ങൾ ലഭിക്കുമെന്നും കരുതാൻ പാടില്ല. അവ യാതൊരു ഉപകാര-ഉപദ്രവങ്ങളും ഉടമപ്പെടുത്താത്ത കേവലം ചില സൃഷ്ടികൾ മാത്രമാകുന്നു.

അല്ലാഹുവിന് വേണ്ടിയല്ലാതെ പുണ്യം പ്രതീക്ഷിച്ച് ബലി നടത്താൻ പാടില്ല. ആരെങ്കിലും അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലി നടത്തിയാൽ അവൻ ശിർക്കിന്റെ ചെളിക്കുണ്ടിലാണ് പതിച്ചിരിക്കുന്നത്. നബി -ﷺ- പറഞ്ഞു : "അല്ലാഹുവല്ലാത്തവർക്കായി ബലി നടത്തിയവനെ അല്ലാഹു ശപിച്ചിരിക്കുന്നു". ( മുസ്‌ലിം )

നേർച്ച ഒരു ആരാധനയാണ്; അല്ലാഹുവല്ലാത്തവരിലേക്ക് അത് തിരിച്ചു വിടരുത്. നബി -ﷺ- പറഞ്ഞു : "ആരെങ്കിലും അല്ലാഹുവിനെ അനുസരിക്കുമെന്ന് നേർച്ചയാക്കിയിട്ടുണ്ടെങ്കിൽ അവനത് നിർവ്വഹിച്ചു കൊള്ളട്ടെ, ഇനി ആരെങ്കിലും അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിൽ നേർച്ചയാക്കിയിട്ടുണ്ടെങ്കിൽ അവൻ ആ നേർച്ച നടപ്പിലാക്കരുത്". ( ബുഖാരി )

ആരെങ്കിലും അല്ലാഹുവിനോട് അഭയം തേടിയാൽ അവൻ അവർക്ക് അഭയം നൽകുന്നതാണ്. എന്നാൽ അവനല്ലാത്തവരിലേക്കാണ് ആരെങ്കിലും അഭയം തേടി ചെല്ലുന്നതെങ്കിൽ അല്ലാഹു അവരെ കൈവെടിയുന്നതാണ്. നബി-ﷺ- പറഞ്ഞു : "ആരെങ്കിലും ഒരു സ്ഥലത്ത് വന്നിറങ്ങുകയും ശേഷം 'അഊദു ബി കലിമാതില്ലാഹി അത്താമ്മാത്തി മിൻ ശർരി മാ ഖലഖ്' (അല്ലാഹുവിന്റെ പരിപൂർണ്ണ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചതിന്റെ തിന്മയിൽ നിന്നും ഞാൻ അഭയം തേടുന്നു) എന്ന് പ്രാർത്ഥിക്കുകയും ചെയ്താൽ അവിടെ നിന്നും അവൻ

യാത്രയാകുന്നത് വരെ ഒന്നും തന്നെ അവന് യാതൊരു ഉപദ്രവവും വരുത്തുകയില്ല". ( മുസ്‌ലിം )

കഠിനമായ പരീക്ഷണങ്ങൾ നിന്നെ ബാധിച്ചാലും അല്ലാഹു അല്ലാത്തവരോട് നീ സഹായം തേടാനോ പ്രാർത്ഥിക്കാനോ പാടില്ല. ക്വബ്റിൽ മറമാടപ്പെട്ടവരുടെ മുന്നിൽ വിനായാന്വിതനായി നീ കീഴ്പ്പെടരുത്; മറിച്ച് ആകാശങ്ങൾക്ക് മുകളിലുള്ളവനിലേക്ക് നിന്റെ ആവശ്യങ്ങൾ നീ ഉയർത്തുക. അവിടെ നിന്നും നിനക്ക് ഉത്തരം ലഭിക്കുന്നതാണ്.

﴿أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ﴾

"കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും ചെയ്യുന്നവനോ?". (അഥവാ അല്ലാഹുവാണ് ഉത്തരം നൽകുന്നത്) (അന്നംല് : 62)

അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ നിന്നും ഓടിയകലുക ഒരാൾക്കും സാധ്യമല്ല.അല്ലാഹു പറഞ്ഞു :

﴿أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ﴾

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ..?" (അൽ-അൻകബൂത് : 2)

ഇനി വല്ല വിപത്തും നിന്നെ ബാധിക്കുകയാണെങ്കിൽ പൂർണ്ണ തൃപ്തിയോടെ അതിന് നീ കീഴൊതുങ്ങുക. അല്ലാഹു പറഞ്ഞു :

﴿وَمَن يُؤْمِنۢ بِٱللَّهِ يَهْدِ قَلْبَهُۥ﴾

"വല്ലവനും അല്ലാഹുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ഹൃദയത്തെ അവൻ നേർവഴിയിലാക്കുന്നതാണ്". (അത്തഗാബുൻ : 11)

( ഈ ആയത്തിന്റെ വിശദീകരണത്തിൽ ) അൽഖമ: - رحمه الله - പറഞ്ഞു : "വിപത്ത് ബാധിക്കുമ്പോൾ അത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കി അത് തൃപ്തിപ്പെടുകയും ( അവന്റെ

തീരുമാനത്തിന് ) കീഴൊതുങ്ങുകയും ചെയ്യുന്നവനത്രെ അവൻ".

അല്ലാഹു മുന്നേ വിധിച്ച കാര്യങ്ങളോട് നീ വെറുപ്പ് പ്രകടിപ്പിക്കരുത്; കാരണം, അത് വിധിയെ മാറ്റുന്നതല്ല. അല്ലാഹുവിന്റെ വിധി സംഭവിക്കുന്നതിന് മുമ്പ് വേണ്ട മുൻകരുതലുകൾ എടുത്തില്ലല്ലോ എന്ന വിഷമം പ്രകടിപ്പിച്ചുകൊണ്ട് 'ലൗ' (അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ) എന്ന് പറയുന്നത് നീ സൂക്ഷിക്കുക , കാരണം അത് പിശാചിന്റെ പ്രേരണയിൽ നിന്നുണ്ടാവുന്നതാണ്.

നബി-ﷺ-പറഞ്ഞു : "നിനക്ക് ( ഇരു ലോകത്തും ) ഉപകാരപ്രദമായ കാര്യങ്ങളിൽ പരിശ്രമിക്കുന്നതോടൊപ്പം (അത് നിറവേറ്റാനായി) അല്ലഹുവോട് നീ സഹായം തേടുക. നീ അലസത കാണിക്കരുത്. നിനക്ക് വല്ല വിപത്തും ബാധിച്ചാൽ "ഞാൻ അങ്ങനെ പ്രവർത്തിച്ചിരുന്നെങ്കിൽ അതിങ്ങനെ ആകുമായിരുന്നു" എന്നിങ്ങനെ നീ പറയരുത്. മറിച്ച്, അതെല്ലാം അല്ലാഹു വിധിച്ചതാണെന്നും അവൻ ഉദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നവനാണെന്നും നീ പറഞ്ഞ് കൊള്ളുക. കാരണം, (ചെയ്തിരുന്നെങ്കിൽ, ആയിരുന്നെങ്കിൽ.... എന്നിങ്ങനെയുള്ള) വാക്കുകൾ ശൈത്വാനിന്റെ ചെയ്തികളിലേക്കുള്ള കവാടം തുറക്കുന്നതാണ്". ( മുസ്ലിം )

നിന്റെ കാര്യങ്ങളെല്ലാം അല്ലാഹുവിലേക്ക് നീ ഏൽപ്പിക്കുക. ദുനിയാവിൽ അവൻ നിനക്ക് വിധിച്ച ഓഹരിയല്ലാതെ മറ്റൊന്നും ലഭിക്കുകയില്ല. അല്ലാഹു പറഞ്ഞു :

﴿قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا﴾

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല". (തൗബൻ : 51)

ഉബാദ: ബിൻ സ്വാമിത് - رضي الله عنه - തന്റെ മകനോട് പറഞ്ഞു : "പൊന്നു മകനേ , നിശ്ചയം; നിന്നെ ബാധിച്ചത് നിന്നിൽ നിന്നും തെറ്റിപ്പോവുകയില്ല; നിനക്ക് കിട്ടാതെ പോയത് നിനക്ക് ലഭിക്കേണ്ടതുമല്ല എന്ന് നീ ഉറച്ച് മനസ്സിലാക്കുവോളം ഈമാനിന്റെ

മാധുര്യം നിനക്ക് ആസ്വദിക്കുക സാധ്യമല്ല".

അല്ലാഹു നിശ്ചയിച്ച കാരണങ്ങളിൽ മാത്രം അവലംബിക്കൽ തൗഹീദിലുള്ള പോരായ്മയും അവൻ നിശ്ചയിച്ച കാരണങ്ങളെ പാടെ നിഷേധിക്കൽ കഴിവില്ലായ്മയുമാണ്. മറിച്ച്, ഹൃദയം അല്ലാഹുവിൽ അവലംബിച്ച് അവൻ അനുവദിച്ച് നൽകിയ കാരണങ്ങളുമായി ബന്ധപ്പെടുകയാണ് ഓരോരുത്തരുടെയും കടമ.(കാര്യങ്ങൾ നടത്തിത്തരുന്നവൻ അവനാകുന്നു)

അല്ലാഹുവിൽ ഭരമേൽപ്പിച്ചാൽ പ്രയാസങ്ങൾ എളുപ്പമാവുകയും ഉപജീവനം വിശാലമാക്കപ്പെടുകയും കഷ്ടതകളിൽ നിന്ന് പോംവഴി ലഭിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരായി കഴിയുക എന്നത് വഞ്ചനയാണ്.അല്ലാഹു പറഞ്ഞു :

﴿أَفَأَمِنُوا۟ مَكْرَ ٱللَّهِ ۚ فَلَا يَأْمَنُ مَكْرَ ٱللَّهِ إِلَّا ٱلْقَوْمُ ٱلْخَـٰسِرُونَ﴾

"അപ്പോൾ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി തന്നെ അവർ നിർഭയരായിരിക്കുകയാണോ? എന്നാൽ നഷ്ടം പറ്റിയ ഒരു ജനവിഭാഗമല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരായിരിക്കുകയില്ല" (അൽ-അഅ്റാഫ് : 99)

അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയില്ലാതിരിക്കൽ നിരാശയാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَمَن يَقْنَطُ مِن رَّحْمَةِ رَبِّهِۦٓ إِلَّا ٱلضَّآلُّونَ﴾

"അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: തന്റെ റബ്ബിന്റെ കാരുണ്യത്തെപ്പറ്റി ആരാണ് നിരാശപ്പെടുക? വഴിപിഴച്ചവരല്ലാതെ". (അൽ-ഹിജ്ർ : 56)

അല്ലാഹുവെ സ്നേഹിക്കുന്നതോടൊപ്പം അവനിലുള്ള പ്രതീക്ഷയും ഭയവും ഒരുപോലെ സംയോജിപ്പിക്കലാണ് ഏറ്റവും ശരിയായ മാർഗം.

ശിർക്കിന് ചില ഗോപ്യമായ കവാടങ്ങളുണ്ട്. മനുഷ്യരെ അത് വഴി

ശിർക്കിലേക്കെത്തിക്കാൻ പിശാച് അതിയായി പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. നബി -ﷺ- പറഞ്ഞു : "ചെറിയ ശിർക്കിനെക്കുറിച്ചാണ് നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവും ഭയപ്പെടുന്നത്. അപ്പോൾ അതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു : ജനങ്ങളെ കാണിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണത്". (അഹ്മദ്) ഇബാദത്തുകൾ നിർവ്വഹിക്കുന്നവരെ ബാധിക്കുന്ന രോഗമത്രെ രിയാഅ് (ലോക മാന്യത). അത് ഇബാദത്തുകളെ പൊളിച്ച് കളയുന്നതും അല്ലാഹുവെ കോപിപ്പിക്കുന്നതുമാണ്. സച്ചരിതരായ അല്ലാഹുവിന്റെ അടിമകളുടെ മേൽ ദജ്ജാലിനെക്കാൾ ഭയപ്പെടേണ്ടത് ലോക മാന്യതെയാകുന്നു. നബി -ﷺ- പറഞ്ഞു : "മസീഹുദജ്ജാലിനെക്കാൾ നിങ്ങളുടെ കാര്യത്തിൽ ഞാൻ ഭയക്കുന്ന കാര്യത്തെപ്പറ്റി നിങ്ങൾക്ക് ഞാൻ അറിയിച്ച് തരട്ടെയോ.? സ്വഹാബികൾ 'അതെ' എന്ന് പ്രതികരിച്ചപ്പോൾ അവിടുന്ന് പറഞ്ഞു : "ഗോപ്യമായ ശിർക്കത്രെ അത്. അഥവാ; ഒരു വ്യക്തി നമസ്കരിക്കാൻ നിൽക്കുന്നത് മറ്റൊരാൾ വീക്ഷിക്കുന്നതിനാൽ അവൻ ആ നമസ്കാരം ഭംഗിയാക്കാൻ ശ്രമിക്കുന്നു". ( ഇബ്നു മാജ: )

സൽ പ്രവർത്തനങ്ങൾ മുഖേന അല്ലാഹുവിന്റെ പ്രതിഫലം മാത്രമേ കാംക്ഷിക്കാവൂ. ദുനിയാവിന്റെ അലങ്കാരങ്ങൾ അത് മുഖേന ലക്ഷ്യം വെക്കാവതല്ല. ഇനി ആരെങ്കിലും അപ്രകാരം ചെയ്താൽ അവന്റെ പ്രവർത്തനങ്ങൾ നിഷ്ഫലമാവുകയും പരലോകത്തവൻ നഷ്ടക്കാരിൽ ഉൾപ്പെടുകയും ചെയ്യും.അല്ലാഹു പറഞ്ഞു :

﴿مَن كَانَ يُرِيدُ ٱلْحَيَوٰةَ ٱلدُّنْيَا وَزِينَتَهَا نُوَفِّ إِلَيْهِمْ أَعْمَـٰلَهُمْ فِيهَا وَهُمْ فِيهَا لَا يُبْخَسُونَ ۞ أُو۟لَـٰٓئِكَ ٱلَّذِينَ لَيْسَ لَهُمْ فِى ٱلْـَٔاخِرَةِ إِلَّا ٱلنَّارُ ۖ وَحَبِطَ مَا صَنَعُوا۟ فِيهَا وَبَـٰطِلٌ مَّا كَانُوا۟ يَعْمَلُونَ﴾

"ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം

നിറവേറ്റികൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ". (ഹൂദ് : 15-16)

ഒരു മുസ്‌ലിമിന് അല്ലാഹുവെക്കാൾ പ്രിയപ്പെട്ടതായി ഒന്നുമില്ല, വിശ്വാസിയുടെ ഹൃദയത്തിൽ അവനെക്കാൾ മഹത്വവും ഗാംഭീര്യവും വലിപ്പവുമുള്ള മറ്റൊന്നുമില്ല. അവനോടുള്ള സ്നേഹത്തിൽ സത്യസന്ധത പുലർത്തുന്നവനാണെങ്കിൽ അവന്റെ പേരിലല്ലാതെ ശപഥം ചെയ്യുകയില്ല. അല്ലാഹുവിന് പുറമെ കഅ്ബ , നബി-ﷺ- , അമാനത്ത് , വലിയ്യ് പോലുള്ളവയെക്കൊണ്ട് സത്യം ചെയ്യൽ ശിർക്കാകുന്നു. നബി -ﷺ- പറഞ്ഞു : "അല്ലാഹു അല്ലാത്തവരെക്കൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അവൻ കാഫിറായിരിക്കുന്നു അല്ലെങ്കിൽ അല്ലാഹുവിൽ പങ്ക് ചേർത്തിരിക്കുന്നു". ( തിർമിദി )

അല്ലാഹുവിൽ ധാരാളമായി സത്യം ചെയ്യൽ അവന്റെ ഗാംഭീര്യത്തിന് യോജിക്കാത്തതാകുന്നു. സത്യം നിന്റെയടുക്കലാണെങ്കിലും അമിതമായി ശപഥം ചെയ്യുന്നത് നീ സൂക്ഷിച്ച് കൊള്ളുക.അല്ലാഹു പറഞ്ഞു :

﴿ وَٱحۡفَظُوٓاْ أَيۡمَٰنَكُمۡ ﴾

"നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ സൂക്ഷിച്ച് കൊള്ളുക". (അൽ-മാഇദ : 89)

കള്ള സത്യം ചെയ്യുന്നത് നീ സൂക്ഷിച്ച് കൊള്ളുക. ആരെങ്കിലും അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്താൽ അവന്റെ വാക്ക് വിശ്വസിക്കുക എന്നത് അല്ലാഹുവെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാകുന്നു. സത്യമിടുന്നവൻ കള്ളനാണെന്ന് കേൾക്കുന്നവന് അറിയാമെങ്കിലും ശരി. നബി -ﷺ- പറഞ്ഞു : "നിങ്ങൾ നിങ്ങളുടെ പിതാക്കളെക്കൊണ്ട് സത്യം ചെയ്യരുത്. ആരെങ്കിലും

അല്ലാഹുവെക്കൊണ്ട് സത്യം ചെയ്യുന്നുവെങ്കിൽ അവനതിൽ സത്യസന്ധത പുലർത്തട്ടെ. ആരോടെങ്കിലും അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യപ്പെട്ടാൽ അവനതിൽ തൃപ്തിപ്പെടട്ടെ. ആർ അത് തൃപ്തിപ്പെടുന്നില്ലയോ അവന് അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല". ( ഇബ്നു മാജ: )

അല്ലാഹുവിന്റെ പേരിൽ ചോദിച്ചവനെ മടക്കി അയക്കാതിരിക്കൽ അവനെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാകുന്നു. നബി -ﷺ- പറഞ്ഞു : "അല്ലാഹുവിന്റെ പേരിൽ ആരെങ്കിലും അഭയം തേടിയാൽ അയാൾക്ക് നിങ്ങൾ അഭയം നൽകുക. അല്ലാഹുവിന്റെ പേരിൽ ആരെങ്കിലും വല്ലതും ചോദിച്ചാൽ അവന് നിങ്ങൾ നൽകുക. ആരെങ്കിലും നിങ്ങളെ ക്ഷണിച്ചാൽ അവന് നിങ്ങൾ ഉത്തരം നൽകുക". ( അബൂ ദാവൂദ് )

ചൂട്, തണുപ്പ് പോലെ മാറി വരുന്ന കാലാവസ്ഥയെയും പഴിക്കൽ അല്ലാഹുവെ ഉപദ്രവിക്കലാകുന്നു. അല്ലാഹു പറഞ്ഞു : "ആദം സന്തതി എന്നെ ദ്രോഹിക്കുന്നു. കാലം ഞാനായിരിക്കെ അവനതിനെ ചീത്ത പറയുന്നു. ഞാനാണതി (കാലത്തി) ന്റെ രാപ്പകലുകളെ മാറ്റി മറിക്കുന്നത്". ( ബുഖാരി, മുസ്‌ലിം) ഈ മതത്തിന് വേണ്ടിയാണ് ആകാശ - ഭൂമികൾ സൃഷ്ടിക്കപ്പെട്ടതും സ്വർഗ - നരകങ്ങൾ ഒരുക്കി വെക്കപ്പെട്ടതും.

ഇസ്‌ലാമിനെയോ അതിലെ മതവിധികളെയോ അതിന്റെ വക്താക്കളെയോ പരിഹസിക്കുന്നവൻ ദീനിൽ നിന്ന് പുറത്താകുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَلَئِن سَأَلْتَهُمْ لَيَقُولُنَّ إِنَّمَا كُنَّا نَخُوضُ وَنَلْعَبُ ۚ قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ ۞ لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ ۚ﴾

"നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവൻറെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? '

നിങ്ങൾ ഒഴിവുകഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു". (തൗബ: 65-66)

അല്ലാഹുവെക്കുറിച്ച് നീ മോശമായ ചിന്ത വെച്ച് പുലർത്തരുത് ; നിനക്ക് അവൻ നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെക്കാൾ നീ അർഹിക്കുന്നു എന്ന തോന്നലോ , അല്ലെങ്കിൽ മറ്റാർക്കെങ്കിലും റബ്ബ് നൽകിയ അനുഗ്രഹങ്ങൾ നീ നിസാരമായി കാണുകയോ ചെയ്യരുത്. അതൊക്കെ ജാഹിലിയ്യാ സ്വഭാവങ്ങളാകുന്നു. ഈ പ്രപഞ്ചത്തിലെ എല്ലാം അവന്റെ കൽപനയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലാകുന്നു.

﴿يَظُنُّونَ بِٱللَّهِ غَيْرَ ٱلْحَقِّ ظَنَّ ٱلْجَٰهِلِيَّةِ ۖ يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن شَىْءٍ ۗ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ ۗ﴾

"അല്ലാഹുവെപ്പറ്റി അവർ ധരിച്ചിരുന്നത് സത്യവിരുദ്ധമായ അനിസ്ലാമിക ധാരണയായിരുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടോ? (നബിയേ) പറയുക : കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു". (ആലു ഇംറാൻ : 154)

ആത്മാവുള്ളവയുടെ രൂപം നിർമ്മിക്കൽ വൻ പാപങ്ങളിൽ പെട്ടതാകുന്നു. നബി -ﷺ- പറഞ്ഞു : "(ആത്മാവുള്ളവയുടെ) രൂപമുണ്ടക്കുന്നവരെല്ലാം നരകത്തിലാണ്. അവനുണ്ടാക്കിയ എല്ലാ രൂപങ്ങൾക്കും ഒരാത്മാവ് നൽകപ്പെട്ടും. എന്നിട്ട് അവ കൊണ്ട് അവൻ നരകത്തിൽ ശിക്ഷിക്കപ്പെടുന്നതാണ്". (ബുഖാരി, മുസ്ലിം)

നിന്റെ റബ്ബിനെ കണക്കാക്കേണ്ട മുറപ്രകാരം നീ കണക്കാക്കുക, അവനാകുന്നു ഏറ്റവും വലിയവനും അധികാരമുള്ളവനും, അവൻ അർശിന് മുകളിളാകുന്നു. അവന്റെ നിയമാവലികളിൽ അങ്ങേയറ്റം യുക്തിമാനുമാകുന്നു.

അവൻ നിന്റെ മേൽ നിർബന്ധമാക്കിയ നിസ്കാരങ്ങൾ അതിന്റെ യഥാ സമയങ്ങളിൽ നീ നിർവഹിക്കുക, അതിൽ ഒരു കുറവും വരാതിരിക്കാൻ നീ ശ്രദ്ധിക്കുക, അതാകുന്നു ഈ മതത്തിന്റെ

നെടുംതൂൺ. നബി -ﷺ- പറഞ്ഞു : "നമുക്കും അവർക്കും (അവിശ്വാസികൾ) ഇടയിലുള്ള കരാർ അത് നിസ്കാരമാകുന്നു, അത് ഉപേക്ഷിച്ചവൻ കാഫിറായിത്തീരുന്നതാണ്".(തിർമിദി)

നിന്റെ എല്ലാ അവസ്ഥകളിലും നിന്റെ റബ്ബിനെ നീ സമീപിക്കുക , എന്നാൽ നിന്റെ കർമങ്ങൾ നന്നാകുന്നതാണ്.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ ٱلْعَٰلَمِينَ * لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ﴾

"പറയുക: തീർച്ചയായും എന്റെ നിസ്കാരങ്ങളും ,ബലികർമ്മങ്ങളും, എൻറെ ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു.അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്". (അൽ-അൻആം : 162-163)

അല്ലാഹു പരിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രങ്ങൾ ചൊരിയട്ടെ

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

നീ ഉടമപ്പെടുത്തുന്നതിൽ ഏറ്റവും വിലപിടിപ്പുള്ളത് നിന്റെ മതമാകുന്നു , അതിനാൽ ഫിത്നകളിൽ നിന്ന് അകലം പാലിച്ച് നിന്റെ മതത്തെ നീ സുരക്ഷിതമാക്കുക. കാരണം , ഫിത്ന മതത്തെ നശിപ്പിക്കുകയും ദേഹേച്ഛയെയും തിന്മകളെയും നിന്നിലേക്ക് എത്തിക്കുകയും ചെയ്യുന്നു. നബി -ﷺ- പറഞ്ഞു : "ഏതൊരുവൻ ഫിത്നയെ സമീപിക്കുന്നുവോ അവനെ ഫിത്ന പിടികൂടുക തന്നെ ചെയ്യുന്നതാണ്". (ബുഖാരി)

അന്യ സ്ത്രീകൾക്ക് നേരെ കണ്ണടയ്ക്കുന്നത് ആത്മാവിന്റെ ശുദ്ധീകരണവും,അല്ലാഹുവോടുള്ള അനുസരണവും, അല്ലാഹുവിങ്കൽ പദവി ഉയരാനുള്ള കാരണവുമാകുന്നു. അല്ലാഹു പറഞ്ഞു :

﴿قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ﴾

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്". (അന്നൂർ :

**30)**

ഒരു സ്ത്രീയുടെ അലങ്കാരം അവളുടെ ആവരണത്തിലാണ്, അവളുടെ സൗന്ദര്യം അവളുടെ ഹിജാബിലാണ്, അവളുടെ അലങ്കാരം അവളുടെ മതത്തോട് ചേർന്നുനിൽക്കുന്നതിലാണ്, സ്വഹാബികളിലെ സ്ത്രീകൾ ഹിജാബിലും മൂടുപടത്തിലും മാന്യതയിലും പിന്തുടരപ്പെടേണ്ട മാതൃകയാണ് .അല്ലാഹു പറഞ്ഞു :

﴿يَٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزۡوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلۡمُؤۡمِنِينَ يُدۡنِينَ عَلَيۡهِنَّ مِن جَلَٰبِيبِهِنَّۚ ذَٰلِكَ أَدۡنَىٰٓ أَن يُعۡرَفۡنَ فَلَا يُؤۡذَيۡنَۗ﴾

“നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്”. (അൽ അഹ്സാബ് : 59)

പാട്ടുകൾ കേൾക്കുന്നത് ഹൃദയത്തെ ഇരുണ്ടതാക്കുകയും ഖുർആൻ കേൾക്കുന്നതിൽ നിന്ന് തടയുകയും ചെയ്യുന്ന പാപമാണ്.നബി -ﷺ- പറഞ്ഞു : “വ്യഭിചാരം, പട്ട്, വീഞ്ഞ്, സംഗീതോപകരണങ്ങൾ എന്നിവ അനുവദനീയമാക്കുന്ന ആളുകൾ എന്റെ സമൂഹത്തിൽ വരും”.(ബുഖാരി) ഒരടിമ കേൾക്കുന്നതിൽ ഏറ്റവും പുണ്യമായത് ലോകം നിയന്ത്രിക്കുന്ന അല്ലാഹുവിന്റെ വചനമാണ്. അതിൽ പ്രകാശവും സന്മാർഗവും ശമനവുമുണ്ട്.

ഹലാലായ സമ്പാദ്യം ; ദീനിനെ നിലനിർത്തുന്നതിൽ സഹായിക്കുന്നതോടപ്പം ശരീരത്തിന് ബലം നൽകുകയും, സന്താനങ്ങളെ നല്ല ദിശയിൽ വഴി നടത്താൻ സഹായിക്കുകയും ചെയ്യുന്നു, അത് മറ്റുള്ളവർക്ക് നൽകുന്നതിലൂടെ വർദ്ധിക്കുകയും പ്രാർഥനകൾക്ക് ഉത്തരം ലഭിക്കാൻ കാരണമാവുകയും ചെയ്യുന്നു. ഹലാലായ സമ്പാദ്യം മാത്രം സ്വീകരിക്കുക എന്നത് പ്രവാചകന്മാരുടെ

മാർഗമാകുന്നു .അല്ലാഹു പറഞ്ഞു :

﴿يَٰٓأَيُّهَا ٱلرُّسُلُ كُلُواْ مِنَ ٱلطَّيِّبَٰتِ وَٱعۡمَلُواْ صَٰلِحًا﴾

"ഹേ; ദൂതൻമാരേ, വിശിഷ്ടവസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ" (അൽ-മുഅ്മിനൂൻ : 51)

നിഷിദ്ധമായ സമ്പാദ്യം അനുഗ്രഹത്തെ ഇല്ലാതാക്കുന്നു. അതിന്റെ ദോഷങ്ങളും വളരെ വലുതാണ് , അത് ഉപയോഗിക്കുന്നവർ ധാരാളം ഖേദിക്കേണ്ടി വരുമെന്ന് മാത്രമല്ല അവരുടെ പ്രാർഥന സ്വീകരിക്കപ്പെടുകയും ചെയ്യില്ല.

നിങ്ങൾ അറിയുക , നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവിന്റെ അത്യുത്തമമായ നാമങ്ങൾ [1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. തന്റെ റബ്ബിനെ ഭയപ്പെടുന്നവൻ രക്ഷപ്പെടുകയും, അവന്റെ സ്മരണയിൽ നിന്ന് തിരിഞ്ഞുകളയുന്നവൻ വഴിപിഴച്ചുപോവുകയും ചെയ്യുന്നതാണ്.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ..)

അല്ലാഹുവെ കുറിച്ചുള്ള അറിവ് വിശ്വാസത്തിന്റെ നെടും തൂണുകളിൽ ഒന്നാണ് , അതാണ് അടിസ്ഥാനം. അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ അറിയുന്നതിനേക്കാൾ ഹൃദയത്തിനും ആത്മാവിനും മനസ്സിനും പ്രിയപ്പെട്ടതും ശ്രേഷ്ഠവുമായ മറ്റൊന്നില്ല.ഇബ്നുൽ ഖയ്യിം - رحمه الله- പറഞ്ഞു : “ഈ ദുനിയാവിലെ

(1) 23/10/1426 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

ഏറ്റവും വലിയ ആനന്ദം അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ അറിയുന്നതിലാണ്".

അല്ലാഹുവിന്റെ നാമ-വിശേഷണങ്ങൾ മനസ്സിലാക്കാനും അറിയാനും പരിശുദ്ധ ഖുർആൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുന്നു. ഇബ്നു തൈമിയ്യ - رحمه الله- പറഞ്ഞു: "ഭക്ഷണ പാനീയങ്ങളെ കുറിച്ച് പരമാർശിച്ചതിനെക്കാൾ ഖുർആൻ പരമാർശിച്ചത് അല്ലാഹുവിന്റെ നാമ-വിശേഷണങ്ങളെ കുറിച്ചാകുന്നു".

അല്ലാഹുവിന്റെ വിശേഷണങ്ങൾ പറയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. സൂറത്തുൽ ഇഖ്‌ലാസ് (എല്ലാ റകഅത്തിന്റെ അവസാനത്തിലും) പാരായണം ചെയ്ത വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെടുന്നു എന്ന് നബി -ﷺ- സന്തോഷവാർത്ത നൽകി. പ്രവാചകൻ -ﷺ- പറഞ്ഞു: "എന്തുകൊണ്ടാണ് അവൻ അങ്ങനെ ആ സൂറത്ത് പാരായണം ചെയ്യുന്നത് എന്ന് അദ്ദേഹത്തോട് ചോദിക്കുക". അവർ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "കാരണം അത് പരമകാരുണികനായ അല്ലാഹുവിന്റെ വിശേഷണമുള്ള സൂറത്താണ്. ഞാൻ അത് പാരായണം ചെയ്യാൻ ആഗ്രഹിക്കുന്നു". പ്രവാചകൻ -ﷺ- പറഞ്ഞു, "അല്ലാഹു അവനെയും സ്നേഹിക്കുന്നുവെന്ന് അവനോട് പറയുക". (ബുഖാരി,മുസ്ലിം)

അവന്റെ നാമങ്ങൾ ഏറ്റവും ഉത്തമമായതും വിശേഷണങ്ങൾ ഏറ്റവും പരിപൂർണമായതുമാകുന്നു.

﴿لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ﴾

"അവന് തുല്യമായി യാതൊന്നുമില്ല, അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു". (അശ്ശൂറാ: 11)

ഓരോ മുസ്ലിമും നിർബന്ധമായും അതിന്റെ അർത്ഥം അറിയാൻ പരിശ്രമിക്കേണ്ടതുണ്ട്.

അല്ലാഹു അറഹ്മാനും അറഹീമും (വിശാലമായ കാരുണ്യമുള്ളവനും സൃഷ്ടികളോട് കരുണ കാണിക്കുന്നനും) ആകുന്നു.

അവന്റെ കാരുണ്യം എല്ലാത്തിലും ഉണ്ട് , അവന്റെ ഏറ്റവും വിശാലമായ വിശേഷണം തന്നെ അവന്റെ കരുണയാണ്. നബി-ﷺ- പറഞ്ഞു : "അല്ലാഹു നൂറ് കരുണയെ സൃഷ്ടിക്കുകയും , അതിൽ നിന്ന് ഒന്ന് ജിന്നുകൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കും ഇടയിൽ വീതിക്കുകയും ചെയ്തു, ഒരു കാട്ടുമൃഗം (മനുഷ്യരുമായി പൊതുവെ ഇണങ്ങാത്തത്) തന്റെ കുട്ടികളോട് കാണിക്കുന്ന കരുണ ആ ഒരു അംശത്തിൽ നിന്നുള്ളതാണ്. അവശേഷിക്കുന്ന തൊന്നൂറ്റി ഒമ്പത് കാരുണ്യവും പരലോകത്തേക്ക് അവന്റെ അടിമകൾക്കായി മാറ്റി വെച്ചിരിക്കുന്നു". (ബുഖാരി ,മുസ്ലിം)

എല്ലാവരും അല്ലാഹുവിന്റെ കാരുണ്യം ആസ്വദിക്കുന്നവരാണ്, എല്ലാ അനുഗ്രഹങ്ങളും അവന്റെ കാരുണ്യത്തിൽ നിന്നുള്ളതാണ്, സൃഷ്ടികളെ തൊട്ട് തടയപ്പെടുന്ന എല്ലാ വിപത്തുകളും അവന്റെ കാരുണ്യത്തിന്റെ ഫലമാകുന്നു. ഇബ്നുൽ ഖയ്യിം - رحمه الله-പറഞ്ഞു : "എന്റെ കാരുണ്യം കോപത്തെ അതിജയിച്ചിരിക്കുന്നു എന്ന് അല്ലാഹു എഴുതിയ വചനം അത് അവൻ സൃഷ്ടികളോട് ചെയ്ത ഉടമ്പടി പോലെയാണ്. അവന്റെ കരുണ ഇല്ലായിരുന്നുവെങ്കിൽ എല്ലാവരുടെയും കാര്യം മറ്റൊന്നാകുമായിരുന്നു. അല്ലാഹുവിനോടുള്ള സാമീപ്യത്തിന്റെ തോതനുസരിച്ച് അവന്റെ കാരുണ്യം ലഭിക്കുകയും ചെയ്യുന്നു.

അവൻ അൽ-മലിക് (എല്ലാത്തിനും അധികാരമുള്ളവൻ) ആകുന്നു. അവൻ തന്റെ സൃഷ്ടികളെ അവന്റെ ഇഷ്ടപ്രകാരം വിനിയോഗിക്കുന്നു, അവന്റെ അറിവോടെയും ഇച്ഛയോടെയും അല്ലാതെ യാതൊന്നും ചലിക്കുകയോ നിശ്ചലനമാവുകയോ ചെയ്യുന്നില്ല, അവൻ കൽപ്പിക്കുകയും വിലക്കുകയും ചെയ്യുന്നു, അവൻ അവന്റെ തീരുമാനപ്രകാരം പ്രതാപം നൽകുകയും നൽകാതിരിക്കുകയും ചെയ്യുന്നു, അതിനാൽ നിങ്ങളുടെ കാര്യങ്ങൾ ഉടമസ്ഥനായ അല്ലാഹുവെ ഏൽപ്പിക്കുക, എല്ലാം അവന്റെ കൈകളിലാകുന്നു, അതിനാൽ, നിങ്ങളുടെ എല്ലാ കാര്യങ്ങളിലും അവനെ ആശ്രയിക്കുക, എന്നാൽ നിങ്ങൾ അവനെ അടുത്ത്

കണ്ടെത്തുന്നതാണ്.

അവൻ അൽ-ഖുദ്ദൂസ് (എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധൻ) ആകുന്നു. പോരായ്മകളില്ലാത്തവനും എല്ലാ പൂർണതയെ അറിയിക്കുന്ന വിശേഷണങ്ങൾക്ക് ഉടമയുമാണവൻ. അവന്റെ കൂടെ പ്രാർഥിക്കപ്പെടാനോ തേടപ്പെടാനോ ആരും തന്നെയില്ല.

അവൻ അസ്സലാം (എല്ലാ കുറവുകളിൽ നിന്നും സുരക്ഷിതൻ) ആകുന്നു. എല്ലാ സൃഷ്ടികളും അവനെ കുറവുകളിൽ നിന്ന് പരിശുദ്ധനായി പ്രകീർത്തിച്ച് കൊണ്ടിരിക്കുന്നു.

﴿يُسَبِّحُ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ﴾

“ആകാശങ്ങളുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തിക്കുന്നു” (അത്തഗാബുൻ : 1)

അവൻ അൽ-മുഅ്മിൻ (ശിക്ഷയിൽ നിന്ന് നിർഭയത്വം നൽകുന്നവൻ, അടിമകൾക്ക് വാഗ്ദാനമേകിയത് സത്യമായി പാലിക്കുന്നവൻ) ആകുന്നു. അവന്റെ സൃഷ്ടികൾ അന്യായം ചെയ്യപ്പെടുകയോ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ ചെയ്യാതെ സുരക്ഷിതരാണ്. അത്കൊണ്ട് , അല്ലാഹുവോടുള്ള ഭയത്തിൽ ജീവിതം ക്രമീകരിക്കുക , കാരണം – നിങ്ങൾ ചെയ്യുന്ന കർമങ്ങളെല്ലാം ഇരട്ടിയായി സംരക്ഷിക്കപ്പെടുന്നതാകുന്നു.

അവൻ അൽ-മുഹൈമിൻ (എല്ലാം അറിയുന്നവൻ, എല്ലാത്തിനും സാക്ഷ്യം വാഹിക്കുന്നവൻ) ആകുന്നു. ഹൃദയങ്ങളിൽ മറഞ്ഞിരിക്കുന്നതും ജീവിത രഹസ്യങ്ങളും അവൻ അറിയുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവോട് അനുസരണക്കേട് കാണിച്ചാൽ അവന്റെ ശിക്ഷയിൽ നിന്ന് നിങ്ങൾക്ക് സുരക്ഷിതരാകാൻ കഴിയില്ല.

അവൻ അശ്ശഹീദ് (സാക്ഷി) ആകുന്നു. അടിമകളുടെ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും അവൻ സാക്ഷിയാകുന്നു.

﴿وَمَا ٱللَّهُ بِغَٰفِلٍ عَمَّا تَعْمَلُونَ﴾

“നിങ്ങൾ പ്രവർത്തിക്കുന്ന യാതൊന്നിനെ പറ്റിയും അല്ലാഹു ആശ്രദ്ധനല്ല” (അൽ ബഖറ : 74)

അവൻ അൽ-അസീസ് (പ്രതാപമുള്ളവനും സ്വയം പര്യാപ്തനും അതി ശക്തനും) ആകുന്നു. അവനെ അതിജയിക്കാൻ ആർക്കും സാധ്യമല്ല. അവന്റെ അധികാരം എല്ലാത്തിനെയും കീഴ്പ്പെടുത്തിയിരിക്കുന്നു. എത്ര വലിയ കാര്യമാണെങ്കിലും അവന്റെ പ്രതാപത്തിന് മുന്നിൽ അത് നിസാരമാകുന്നു , എത്ര വലിയ പ്രയാസങ്ങളും അവന്റെ ശക്തിയുടെ മുന്നിൽ ലളിതമാകുന്നു. അനുസരണയോടെ അവനെ സമീപിക്കുന്നവരെ അവൻ പ്രതാപമുള്ളവരാക്കുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿مَن كَانَ يُرِيدُ ٱلْعِزَّةَ فَلِلَّهِ ٱلْعِزَّةُ جَمِيعًا﴾

“ആരെങ്കിലും പ്രതാപം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതാപമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു”.(ഫാതിർ : 10)

അനുസരണക്കേട് കാണിക്കുന്നവൻ അപമാനിക്കപ്പെടും. നിങ്ങൾ കാണിക്കുന്ന അനുസരണക്കേടിന്റെ നിസാരതയിലേക്കും വലിപ്പത്തിലേക്കും അല്ല ,മറിച്ച് നിങ്ങൾ ആരോടാണ് അനുസരണക്കേട് കാണിക്കുന്നത് എന്ന് ചിന്തിക്കുക.

അവൻ അൽ-അലിയ്യും അൽ-അഅ്ലയും (ഉന്നതനും ഉന്നതിയുടെ പരിപൂർണമായ ആശയങ്ങൾ ഒന്നിച്ചവനും) ആകുന്നു.

﴿إِلَيْهِ يَصْعَدُ ٱلْكَلِمُ ٱلطَّيِّبُ وَٱلْعَمَلُ ٱلصَّٰلِحُ يَرْفَعُهُۥ﴾

“അവങ്കലേക്കാണ് ഉത്തമ വചനങ്ങൾ കയറിപോകുന്നത്. നല്ല പ്രവർത്തനത്തെ അവൻ ഉയർത്തുകയും ചെയ്യുന്നു”.(ഫാതിർ : 10)

അവൻ അൽ-ജബ്ബാർ (പരമാധികാരിയും ഉന്നതനും) ആകുന്നു . അവന്റെ സൃഷ്ടികളിൽ അവനുദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കുന്നു.

﴿إِنَّمَآ أَمۡرُهُۥٓ إِذَآ أَرَادَ شَيۡـًٔا أَن يَقُولَ لَهُۥ كُن فَيَكُونُ﴾

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു". (യാസീൻ :82)

ആകാശത്തോടും ഭൂമിയോടും അവൻ പറഞ്ഞു :

﴿ٱئۡتِيَا طَوۡعًا أَوۡ كَرۡهًا قَالَتَآ أَتَيۡنَا طَآئِعِينَ﴾

"നിങ്ങൾ അനുസരണപൂർവ്വമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു". (ഫുസ്സിലത് : 11)

തകർന്നിരിക്കുന്നവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം നൽകുന്നവൻ അവനാകുന്നു.

അവൻ അൽ-കബീർ (ഏറ്റവും മഹത്വവും വലിപ്പവുമുള്ളവൻ) ആകുന്നു. അവൻ ഏറ്റവും വലിയവനാണ്, എല്ലാം അവനെക്കാൾ ചെറുതാകുന്നു , അവനെക്കാൾ വലുപ്പമോ മഹത്വമോ ഉള്ള യാതൊന്നും ഇല്ല.

﴿وَٱلۡأَرۡضُ جَمِيعًا قَبۡضَتُهُۥ يَوۡمَ ٱلۡقِيَٰمَةِ وَٱلسَّمَٰوَٰتُ مَطۡوِيَّٰتُۢ بِيَمِينِهِۦۚ﴾

"ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഭൂമി മുഴുവൻ അവന്റെ ഒരു കൈപിടിയിൽ ഒതുങ്ങുന്നതായിരിക്കും. ആകാശങ്ങൾ അവന്റെ വലതുകൈയ്യിൽ ചുരുട്ടിപിടിക്കപ്പെട്ടവയുമായിരിക്കും". (അസ്സുമർ : 67)

നബി -ﷺ- പറഞ്ഞു: "ഉയർത്തെഴുന്നേൽപിന്റെ നാളിൽ ആകാശങ്ങളെ അവൻ ഒരു വിരലിൽ അവൻ വെക്കും , ഭൂമിയെ ഒരു വിരലിലും, പർവതങ്ങളെയും വൃക്ഷങ്ങളെയും ഒരു വിരലിലും, വെള്ളവും മണ്ണും ഒരു വിരലിലും, മറ്റു സൃഷ്ടികളെ ഒരു വിരലിലും വെക്കും". (ബുഖാരി,മുസ്ലിം)

അവൻ അൽ-മുതകബ്ബിർ (എല്ലാ മോശമായതിൽ നിന്നും

പരിശുദ്ധൻ, എല്ലാത്തിനെക്കാളും ഔന്നിത്യമുള്ളവൻ, മഹത്വമുള്ളവൻ) ആകുന്നു. ഔന്നിത്യവും അഹങ്കാരവും അവനു മാത്രമുള്ളതാകുന്നു , അവന്റെ പടപ്പുകൾക്ക് അതൊന്നും ഉചിതമല്ല, പടപ്പുകളിൽ നിന്ന് അഹങ്കരിക്കുന്നവർകുള്ള വാസസ്ഥലം സഖർ എന്ന നരകമാണ്. അല്ലാഹു പറഞ്ഞു :

﴿أَلَيۡسَ فِي جَهَنَّمَ مَثۡوٗى لِّلۡمُتَكَبِّرِينَ﴾

"നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം!". (അസ്സുമർ : 60)

സൃഷ്ടികൾ താഴ്മയോടെയും കീഴ് വണക്കത്തോടെയും റബ്ബിന്റെ മുന്നിൽ നിൽക്കാനും വിനയത്തോടെ മറ്റു സൃഷ്ടികളോട് വർത്തിക്കാനും ബാധ്യസ്ഥരാണ്.

അവൻ അൽ-ഖാലിഖ് (സ്രഷ്ടാവ്) ആകുന്നു , ചിന്തിക്കുന്നവർക്ക് അൽഭുതം ജനിപ്പിക്കുന്ന രൂപത്തിൽ ഇല്ലായ്മയിൽ നിന്ന് അവൻ ഈ പ്രപഞ്ചത്തെ പടച്ചു. അവൻ അൽ-ഖല്ലാഖും (മുൻ മാതൃക ഇല്ലാതെ ഏറ്റവും നല്ല രൂപത്തിൽ സ്രഷ്ടിക്കുന്നവൻ) ആകുന്നു.

﴿فَتَبَارَكَ ٱللَّهُ أَحۡسَنُ ٱلۡخَٰلِقِينَ﴾

"അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു". (അൽ മുഅ്മിനൂൻ : 14)

അവൻ അൽ-ബാരി (നിർമിക്കുന്നവൻ) ആകുന്നു, ഇല്ലായ്മയിൽ നിന്നും അവനെല്ലാം പടച്ചു, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തുടങ്ങി ചക്രവാളങ്ങളിലെ എല്ലാം അവൻ നിർമിച്ചു:

﴿كُلّٞ فِي فَلَكٖ يَسۡبَحُونَ﴾

"ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തി (സഞ്ചരിച്ചു) ക്കൊണ്ടിരിക്കുന്നു". (അൽ അമ്പിയാഅ് : 33)

അവന്റെ സൃഷ്ടിപ്പ് ചിന്തിക്കുന്നവർക്ക് അത്ഭുതമുണ്ടാക്കുന്നതാണ്.

അവൻ അൽ-മുസവ്വിർ (രൂപം നൽകുന്നവൻ) ആകുന്നു . അവൻ

തന്റെ സൃഷ്ടികളെ അവൻ ഉദ്ദേശിച്ച പോലെ വ്യത്യസ്ത സ്വഭാവങ്ങളിലും രൂപങ്ങളിലും രൂപപ്പെടുത്തി :

﴿فَمِنْهُم مَّن يَمْشِي عَلَىٰ بَطْنِهِۦ وَمِنْهُم مَّن يَمْشِي عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِي عَلَىٰٓ أَرْبَعٍۚ﴾

"അവരുടെ കൂട്ടത്തിൽ ഉദരത്തിൽമേൽ ഇഴഞ്ഞ് നടക്കുന്നവരുണ്ട്. രണ്ട് കാലിൽ നടക്കുന്നവരും അവരിലുണ്ട്. നാലുകാലിൽ നടക്കുന്നവരും അവരിലുണ്ട്". (അന്നൂർ : 45)

മനുഷ്യനെ അവൻ ഏറ്റവും നല്ല ഘടനയിൽ സൃഷ്ടിച്ചു :

﴿لَقَدْ خَلَقْنَا ٱلْإِنسَٰنَ فِيٓ أَحْسَنِ تَقْوِيمٍ﴾

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു". (അത്തീൻ : 4)

അവൻ അൽ-മുസവ്വിർ (രൂപം നൽകുന്നവൻ) ആകുന്നു , രൂപമുണ്ടാക്കുന്നതിനെ തൊട്ട് അടിമകളെ അവൻ വിലക്കുകയും ശിക്ഷയെ തൊട്ട് മുന്നറിയിപ്പ് നൽകുകയും ചെയ്തു. നബി -ﷺ- ചിത്രമുണ്ടാക്കുന്നവരെ ശപിക്കുകയും ചെയ്തു. (ബുഖാരി) അവിടുന്ന് പറഞ്ഞു : "എല്ലാ ചിത്രമുണ്ടാക്കുന്നവരും നരകത്തിലാണ്". (ബുഖാരി , മുസ്ലിം)

അവൻ അൽ-ഗഫൂർ (ഏറെ പൊറുക്കുന്നവൻ)ആകുന്നു . അവനിലേക്ക് തിരിയുന്ന ഏത് ഒരു അടിമയുടെയും പാപങ്ങൾ എത്ര അധികമാണെങ്കിലും അവനത് മായ്ച്ചു കളയുന്നു. ഫിർഔനിന്റെ കൂടെയുണ്ടായിരുന്ന ജാലവിദ്യക്കാർ അല്ലാഹുവവെ നിഷേധിക്കുകയും, അവന്റെ പ്രവാചകനെ വെല്ലുവിളിക്കുകയും ചെയ്തു. പക്ഷേ (സത്യം മനസ്സിലാക്കി) തൗബയോടൊപ്പം ഒരു സുജൂദ് ചെയ്ത കാരണത്താൽ അല്ലാഹു അവർക്ക് പാപമോചനം നൽകി.

﴿وَإِنِّي لَغَفَّارٌ لِّمَن تَابَ وَءَامَنَ وَعَمِلَ صَٰلِحًا ثُمَّ ٱهْتَدَىٰ﴾

"പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും, പിന്നെ നേർമാർഗത്തിൽ നിലകൊള്ളുകയും ചെയ്തവർക്ക് തീർച്ചയായും ഞാൻ ഏറെ പൊറുത്തുകൊടുക്കുന്നവനത്രെ".(ത്വാഹാ :82)

അവൻ അൽ-ഖഹാർ (സർവ്വാധികാരി) ആകുന്നു , സൃഷ്ടികൾ അവന്റെ അധികാരത്തിന് കീഴിലും കൈപിടിയിലുമാകുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ഉദ്ദേശിക്കുന്ന സമയം മരിപ്പിക്കുന്നു. അടിമ എത്രയൊക്കെ പരിശ്രമിച്ചാലും അല്ലാഹുവിന്റെ അനുമതിയില്ലാതെ യാതൊന്നും ഈ പ്രപഞ്ചത്തിൽ സംഭവിക്കുകയില്ല.

അവൻ അൽ-ഫത്താഹ് (അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കുന്നവൻ, നന്മകൾ നൽകുന്നവൻ) ആകുന്നു , ഉപജീവനത്തിന്റെയും കാരുണ്യത്തിന്റെയും കവാടങ്ങൾ അടിമകൾക്ക് മുമ്പിൽ അവൻ തുറന്നു കൊടുക്കുന്നു, അടിമകൾക്ക് മുന്നിൽ അടയപ്പെട്ട വാതിലുകൾ തുറന്നു കൊടുക്കുന്നവൻ അവൻ മാത്രമാകുന്നു.

അവൻ അറസ്സാഖ് (ഉപജീവനം നൽകുന്നവൻ) ആകുന്നു , അടിമകൾക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അവൻ ഉപജീവനം നൽകുന്നു.

﴿قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قُلِ ٱللَّهُ ۖ﴾

“ചോദിക്കുക: ആകാശങ്ങളിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നവൻ ആരാകുന്നു? നീ പറയുക: അല്ലാഹുവാകുന്നു”. (സബഅ്: 24)

എല്ലാവർക്കും ഉപജീവനം നൽകുന്നത് അവനാകുന്നു. മാതാക്കളുടെ ഉദരങ്ങളിലുള്ള കുട്ടികൾക്കും , ഒഴിഞ്ഞ പ്രദേശങ്ങളിൽ വിരഹിക്കുന്ന വന്യമൃഗങ്ങൾക്കും , ഉയരങ്ങളിലുള്ള കൂടുകളിലെ പക്ഷികൾക്കും , സമുദ്രത്തിന്റെ ആഴിയിലെ മത്സ്യങ്ങൾക്കും ഉപജീവനം നൽകുന്നവൻ അവനാകുന്നു.

അവൻ അൽ-വഹാബ് (അത്യധികം ഔദാര്യവാൻ) ആകുന്നു , അവൻ ഉദ്ദേശിക്കുന്നവർക്ക് അവനുദ്ദേശിക്കുന്നത് അവൻ നൽകുന്നു, ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ അവങ്കലാകുന്നു.

വാർദ്ധക്യത്താൽ ചുക്കിച്ചുളിഞ്ഞ അവസ്ഥയിലെത്തിയ ശേഷവും പ്രവാചകന്മാർക്ക് അവൻ സന്താനങ്ങളെ നൽകി.

സുലൈമാൻ നബി -عليه السلام- വഹാബായ തന്റെ റബ്ബിനോട് തനിക്ക് ശേഷം ഒരാൾക്കും ലഭിക്കാത്ത രാജവാഴ്ച്ച എനിക്ക് നൽകണമേ എന്ന് പ്രാർഥിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന് അനേകം അനുഗ്രഹങ്ങൾ നൽകി , ജിന്നുകളെയും കാറ്റിനെയും ചെമ്പിന്റെ ഒരു ഉറവയും അല്ലാഹു അദ്ദേഹത്തിന് കീഴ്പ്പെടുത്തി കൊടുത്തു.

അവൻ അൽ-അലീം (എല്ലാം അറിയുന്നവൻ) ആകുന്നു , അവൻ രഹസ്യങ്ങളും മറഞ്ഞിരിക്കുന്ന കാര്യങ്ങളും അറിയുന്നു, അവന്റെ അടിമകളുടെ വാക്കോ പ്രവൃത്തിയോ അവനിൽ നിന്ന് മറയുകയില്ല.

﴿إِنَّ ٱللَّهَ بِكُلِّ شَيۡءٍ عَلِيمٌۢ﴾

“നിശ്ചയമായും അല്ലാഹു എല്ലാം അറിയുന്നവനാകുന്നു” (അൽ-അൻഫാൽ : 75)

അവൻ അസ്സമീഅ് (എല്ലാം കേൾക്കുന്നവൻ) ആകുന്നു , രഹസ്യവും പരസ്യവുമായ എല്ലാ സംഭാഷണങ്ങളും അവൻ കേൾക്കുന്നു, മറഞ്ഞിരിക്കുന്നതും പതുക്കെയുള്ള കാര്യങ്ങളും അവൻ കേൾക്കുന്നു, നീ ഉറക്കെ പറഞ്ഞാലും നിന്റെ സുഹൃത്തിന്റെ കാതിൽ പതുക്കെ പറഞ്ഞാലും അവൻ കേൾകും, നിന്റെ മനസ്സിനകത്ത് ആരുമറിയാതെ സൂക്ഷിച്ചുവെക്കുന്നത് അവൻ അറിയുകയും ചെയ്യുന്നു.

അവൻ അൽ-ബസ്വീർ (എല്ലാം കാണുന്നവൻ) ആകുന്നു , മറഞ്ഞിരിക്കുന്ന കാര്യങ്ങൾ എത്ര സൂക്ഷ്മമാണെങ്കിലും അവൻ കാണുന്നു, ഒരു അണുവിന്റെ തൂക്കമുള്ളതോ അതിനേക്കാൾ ചെറുതോ വലുതോ ആയ യാതൊന്നും അവനിൽ നിന്ന് മറഞ്ഞ് പോവുകയില്ല, രാത്രിയുടെ ഇരുട്ടിൽ ഭൂമിക്ക് താഴെയുള്ളതും , കൂരാകൂരിരുട്ടിൽ കടലിന്റെ അടിത്തട്ടിലുള്ളതും അവൻ കാണുന്നു.

അവൻ അള്ളാഹിർ, അൽ-ബാതിൻ (എല്ലാത്തിനും മുകളിലുള്ളവൻ, ഏറ്റവും അടുത്തുള്ളവൻ) ആകുന്നു. രാത്രിയുടെ ഇരുട്ടിൽ കറുത്ത പാറയിലൂടെ നടന്നു നീങ്ങുന്ന ഉറുമ്പിന്റെ ചലനം അവനിൽ നിന്ന് മറയുന്നില്ല, നീ പരസ്യമായി ചെയ്യുന്നതാണെങ്കിലും

നിന്റെ വീട്ടിനകത്തു വച്ച് ചെയ്യുന്നതാണെങ്കിലും അല്ലാഹു നിന്നെ കാണുന്നു.

﴿إِنَّ رَبَّكَ لَبِٱلۡمِرۡصَادِ﴾

"തീർച്ചയായും നിന്റെ റബ്ബ് പതിയിരിക്കുന്ന സ്ഥാനത്തു തന്നെയുണ്ട്" (അൽ-ഫജ്ർ :14)

അല്ലാഹു തന്നെ കാണുന്നു എന്ന ബോധമുള്ളവന് റബ്ബ് അവനെ പാപം ചെയ്യുന്ന അവസ്ഥയിൽ കാണുന്നതിൽ നിന്ന് ലജ്ജയുണ്ടാകും.

അവൻ അൽ-ഹകീം (യുക്തിമാൻ) ആകുന്നു , അവന്റെ വിധികളിലോ നിയമനിർമ്മാണങ്ങളിലോ തെറ്റോ പിഴവുകളോ ഇല്ല, അല്ലാഹുവിന്റെ വിധികളെ പുനഃപരിശോധിക്കാനോ അവയെ നിസാരമായി കാണാനോ അവയിൽ തർക്കിക്കാനോ ആർക്കും അവകാശമില്ല,

﴿وَٱللَّهُ يَحۡكُمُ لَا مُعَقِّبَ لِحُكۡمِهِۦۚ﴾

"അല്ലാഹു വിധിക്കുന്നു. അവന്റെ വിധി ഭേദഗതി ചെയ്യാൻ ആരും തന്നെയില്ല". (അറഅ്ദ് : 41)

പകരം,അവയ്ക്ക് കീഴടങ്ങുകയും അനുസരിക്കുകയും ചെയ്യണം.

﴿إِنَّ ٱللَّهَ يَحۡكُمُ مَا يُرِيدُ﴾

"തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് വിധിക്കുന്നു". (അൽ-മാഇദ : 1)

അവന്റെ പരിശുദ്ധമായ നിയമമല്ലാതെ മറ്റൊന്നും അവന്റെ സൃഷ്ടികൾക്ക് ശരിയാവുകയില്ല, ആരെങ്കിലും അവന്റെ മതത്തെയോ അവന്റെ നിയമങ്ങളെയോ പരിഹസിച്ചാൽ അല്ലാഹു അവനെ അപമാനിക്കുന്നതാണ്.

അവൻ അല്ലതീഫ് (നിഗൂഢരഹസ്യങ്ങൾ അറിയുന്നവൻ, അടിമകൾക്ക് ദയയോടെ അവരുടെ ആവശ്യങ്ങൾ എത്തിച്ചു നൽകുന്നവൻ) ആകുന്നു , അവൻ അടിമകളോട് ദയ കാണിക്കുകയും അവരറിയാതെ അവർക്ക് ഉപജീവനം നൽകുകയും ചെയ്യുന്നു.

അവൻ അൽ-ഹബീർ (സൂക്ഷ്മജ്ഞാനി) ആകുന്നു ,

അടിമകളുടെ എല്ലാ പ്രവർത്തനങ്ങളും അവനറിയുന്നു. ഒന്നും അവനിൽ നിന്ന് മറയുന്നില്ല.

﴿فَسْـَٔلْ بِهِۦ خَبِيرًا﴾

“ആകയാൽ ഇതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനോട് തന്നെ നീ ചോദിക്കുക”.(അൽ-ഫുർഖാൻ : 59)

അവൻ അൽ-ഹലീം (സഹനശീലൻ) ആകുന്നു , തന്റെ അടിമകളുടെ പാപങ്ങൾക്കുള്ള ശിക്ഷ നൽകുന്നതിൽ അവൻ തിടുക്കം കൂട്ടുന്നില്ല, അവരുടെ പാപങ്ങൾ നിമിത്തം അവന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും അവരിൽ നിന്ന് തടയുന്നതുമില്ല, അവർ അവനെ ധിക്കരിക്കുകയും അവൻ അവർക്ക് ഉപജീവനം നൽകുകയും ചെയ്യുന്നു, അവർ പാപം ചെയ്യുകയും അവൻ അവർക്ക് അവധി നീട്ടി നൽകുകയും ചെയ്യുന്നു, അവർ പാപങ്ങൾ പരസ്യമാക്കുകയും അവൻ അവരെ മറക്കുകയും ചെയ്യുന്നു. അതിനാൽ അല്ലാഹുവിന്റെ ക്ഷമയും നിങ്ങളോടുള്ള ഔദാര്യവും കണ്ട് തെറ്റിൽ തുടരരുത്, കാരണം പൊടുന്നനെ നിങ്ങളെ ശിക്ഷ പിടികൂടിയേക്കാം.

﴿يَٰٓأَيُّهَا ٱلْإِنسَٰنُ مَا غَرَّكَ بِرَبِّكَ ٱلْكَرِيمِ﴾

“ഹേ; മനുഷ്യാ, ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചു കളഞ്ഞതെന്താണ്?” (അൽ-ഇൻഫിതാർ : 6)

അവൻ അൽ-അളീം (മഹത്വമുള്ളവൻ) ആകുന്നു , അവൻ ഒരു കാര്യം തീരുമാനിച്ച് സംസാരിച്ചാൽ, അവനോടുള്ള ഭയത്താൽ ആകാശം കുലുങ്ങുകയും ശക്തമായി ഇടിമുഴക്കം സംഭവിക്കുകയോ ചെയ്യും.അത് കേൾക്കുമ്പോൾ ആകാശവാസികൾ ഞെട്ടുകയും അല്ലാഹുവിന് വേണ്ടി സുജൂദിൽ വീഴുകയും ചെയ്യും.

അവൻ അശ്ശകൂർ (നന്ദിയുള്ളവൻ) ആകുന്നു ,ചെറിയ കർമങ്ങൾക്ക് അവൻ വലിയ പ്രതിഫലം നൽകുന്നു. അടിമകളിൽ നിന്ന് സംഭവിക്കുന്ന ധാരാളം വീഴ്ചകൾ അവൻ മാപ്പാക്കുന്നു, അതിനാൽ , ഒരു നന്മയെയും നീ നിസാരമായി കാണരുത് , അതെത്ര

ചെറുതാണെങ്കിലും. കാരണം, അല്ലാഹുവിങ്കൽ നന്മകൾ ഇരട്ടിയാക്കപ്പെടും. അല്ലാഹു പറഞ്ഞു :

﴿وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُۥ فِيهَا حُسْنًا ۚ إِنَّ ٱللَّهَ غَفُورٌ شَكُورٌ﴾

“വല്ലവനും ഒരു നൻമ പ്രവർത്തിക്കുന്ന പക്ഷം അതിലൂടെ അവന്ന് നാം ഗുണം വർദ്ധിപ്പിച്ചു കൊടുക്കുന്നതാണ്”. (അശ്ശൂറാ : 23)

അവൻ അൽ-ഹഫീള് (സംരക്ഷിക്കുന്നവൻ) ആകുന്നു , അവൻ തന്റെ അടിമകളുടെ കർമങ്ങൾ കാത്തുസൂക്ഷിക്കുകയും വാക്കുകൾ തിട്ടപ്പെടുത്തുകയും ചെയ്യുന്നു :

﴿لَّا يَضِلُّ رَبِّى وَلَا يَنسَى﴾

“എൻറെ രക്ഷിതാവ് പിഴച്ചുപോവുകയില്ല. അവൻ മറന്നുപോവുകയുമില്ല”. (ത്വാഹാ : 52)

അവൻ അടിമകളെ ആപത്തുകളിൽ നിന്നും നിർഭാഗ്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നു, സമുദ്രത്തിന്റെ ആഴത്തിൽ തിമിംഗലത്തിന്റെ വയറ്റിൽ ആയിരുന്നപ്പോൾ അവൻ യൂനുസ് നബി-عليه السلام-നെ സംരക്ഷിച്ചു, ശിശുവായിരുന്ന മൂസാ നബി-عليه السلام-നെ കടലിൽ അവൻ സംരക്ഷിച്ചു. അതിനാൽ നിങ്ങളെയും നിങ്ങളുടെ കുട്ടികളെയും സംരക്ഷണം അല്ലാഹുവിൽ ഏൽപ്പിക്കുക. ബഹുദൈവരാധകരുടെ പ്രവർത്തനങ്ങളിലോ ഏലസുകളിലോ മന്ത്രവാദികളിലോ ജ്യോത്സ്യന്മാരിലോ നിങ്ങൾ സംരക്ഷണം തേടി പോകരുത്.

അവൻ അൽ-ഖവിയ്യ് (അതി ശക്തൻ) ആകുന്നു , അവന് അസാധ്യമായി ഒന്നുമില്ല, അവന്റെ പിടുത്തത്തിലും ശിക്ഷയിലും അവൻ ശക്തനാണ്. ഇബ്നു ജരീർ -رحمه الله- പറഞ്ഞു : “അല്ലാഹു വല്ലതും ശക്തമായി പിടിച്ചാൽ അത് നശിക്കുക തന്നെ ചെയ്യും”. അനാചാരങ്ങളും അധാർമികതയും നിറഞ്ഞ ലൂഥ് നബി-عليه السلام-ന്റെ സമൂഹം വസിച്ചിരുന്ന ഗ്രാമത്തെ കീഴ്മേലായി അട്ടിമറിക്കാൻ

അല്ലാഹു ജിബ്രീലിനോട് ആജ്ഞാപിച്ചു. ജിബ്രീൽ ചിറകിന്റെ അറ്റം കൊണ്ട് അത് പ്രവർത്തിക്കുകയും ചെയ്തു. അല്ലാഹു അതിനെ പിന്നീട് നൂറ്റാണ്ടുകളിലുടനീളം വരുന്നവർക്ക് ഗുണപാഠമാക്കിത്തീർക്കുകയും ചെയ്തു.

﴿وَإِنَّكُمْ لَتَمُرُّونَ عَلَيْهِم مُّصْبِحِينَ * وَبِاللَّيْلِ أَفَلَا تَعْقِلُونَ﴾

“തീർച്ചയായും നിങ്ങൾ രാവിലെ അവരുടെ അടുത്തു കൂടി കടന്നു പോവാറുണ്ട്.രാത്രിയിലും. എന്നിട്ടും നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്നില്ലേ?” (അസ്സാഫാത്ത് : 137,138)

നാം ധിക്കാരം പ്രവർത്തിക്കുന്ന റബ്ബിന്റെ ശക്തി ചിന്തിച്ചിരുന്നുവെങ്കിൽ അത് പാപങ്ങളിൽ നിന്ന് നമ്മെ തടയുക തന്നെ ചെയ്യും.

അവൻ അശ്ശാഫി (രോഗശമനം നൽകുന്നവൻ) ആകുന്നു , രോഗങ്ങളിൽ നിന്നും അസുഖങ്ങളിൽ നിന്നും സൗഖ്യം നൽകുകയും സുഖം നൽകുകയും ചെയ്യുന്നത് അവൻ മാത്രമാണ്.

﴿وَإِذَا مَرِضْتُ فَهُوَ يَشْفِينِ﴾

“ഞാൻ രോഗിയായാൽ ശമനം നൽകുന്നത് അല്ലാഹുവാകുന്നു”. (അശ്ശുഅറാഅ് : 80)

മരുന്നുകൾ കേവലം ശമനത്തിനുള്ള കാരണങ്ങളാണ് , ഹൃദയത്തെ മരുന്നുമായി ബന്ധപ്പെടുത്തരുത്. (അല്ലാഹുവുമായി ബന്ധപ്പെടുത്തുക)

അവൻ അൽ-മന്നാൻ (അനുഗ്രഹങ്ങൾ ചൊരിയുന്നവൻ) ആകുന്നു , അടിമകളുടെ ആവശ്യങ്ങൾ അവനോട് ചോദിക്കുന്നതിനു മുമ്പ് അവർക്ക് അവൻ നൽകുന്നു.

അവൻ അൽ-മുഹ്സിൻ (നന്മ ചെയ്യുന്നവൻ) ആകുന്നു , അവൻ തന്റെ ദയയും കൃപയും കൊണ്ട് സൃഷ്ടികളെ പൊതിഞ്ഞിരിക്കുന്നു.

അവൻ അൽ-കരീം (ഉദാരൻ) ആകുന്നു , അവൻ ധാരാളമായി നൽകുന്നു , അവനും അവന്റെ സൃഷ്ടികൾക്കുമിടയിൽ ഒരു മറയുമില്ല, അതിനാൽ ഏറെ ഉദാരനായ നിന്റെ റബ്ബിനോട് ചോദിക്കുക, അവൻ തന്റെ ദാസന് നൽകാൻ തീരുമാനിച്ചാൽ ആർക്കും അവനെ തടയുക സാധ്യമല്ല.

﴿مَّا يَفْتَحِ ٱللَّهُ لِلنَّاسِ مِن رَّحْمَةٍ فَلَا مُمْسِكَ لَهَا﴾

"അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം അത് പിടിച്ചു വെക്കാനാരുമില്ല". (ഫാതിർ : 2)

അവൻ അൽ-ഹയിയ്യ് (ലജ്ജയുള്ളവൻ) ആകുന്നു , "തന്റെ അടിമ തന്റെ കൈകൾ അവനിലേക്ക് ഉയർത്തിയാൽ, അവ വെറുംകൈയോടെ തിരികെ അയക്കാൻ അവൻ ലജ്ജിക്കുന്നു" (അബൂദാവൂദ്)

അവൻ അറഖീബ് (എല്ലാം നിരീക്ഷിക്കുന്നവൻ) ആകുന്നു , അവൻ തന്നെ സൃഷ്ടികളെ അവഗണിക്കുകയോ പാഴാക്കുകയോ ചെയ്യുന്നില്ല.

﴿وَمَا كُنَّا عَنِ ٱلْخَلْقِ غَٰفِلِينَ﴾

"സൃഷ്ടിയെപ്പറ്റി നാം അശ്രദ്ധനായിരുന്നിട്ടില്ല".(അൽ-മുഅ്മിനൂൻ : 17)

അവരുടെ ഹൃദയങ്ങളിൽ അടങ്ങിയിരിക്കുന്നത് അവൻ കാണുന്നു . ഹസനുൽ ബസ്വരി പറഞ്ഞു : "ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചാൽ അതിനെക്കുറിച്ച് ചിന്തിക്കുകയും അല്ലാഹു തൃപ്തിപ്പെടുന്ന കാര്യമാണെങ്കിൽ ചെയ്യുകയും, അല്ലാത്തതാണെങ്കിൽ ഉപേക്ഷിക്കുകയും ചെയ്യുന്നവന് അല്ലാഹുവിന്റെ കരുണ ഉണ്ടാകട്ടെ". അതുകൊണ്ട് നീ ഒരു കാര്യം ചെയ്യാൻ തീരുമാനിച്ചാൽ ഒരു നിമിഷം ചിന്തിക്കുക, അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടുള്ളതാണെങ്കിൽ നീ മുന്നോട്ടുപോവുക, അല്ലെങ്കിൽ നീ ആ പ്രവർത്തനം ഉപേക്ഷിക്കുകയും ചെയ്യുക.

അവൻ അൽ-വദൂദ് (ഏറെ സ്നേഹമുള്ളവൻ) ആകുന്നു , അടിമകൾക്ക് അനുഗ്രഹം നൽകിയും അവരെ തെറ്റുകളിൽ നിന്ന് അകറ്റിയും അവന്റെ സ്നേഹം പ്രകടിപ്പിക്കുന്നു. അവന്റെ തൃപ്തി ആഗ്രഹിച്ച് വല്ലതും ഉപേക്ഷിക്കുന്നവന് അതിന് പകരമായി അവൻ ധാരാളം നൽകുന്നതാണ്.

സച്ചരിതരായ തന്റെ അടിയാറുകളോട് ഇഷ്ടമുള്ളവനാകുന്നു അവൻ , പശ്ചാത്തപ്പിച്ച് അവനിലേക്ക് മടങ്ങുന്നവരെയും അവനിൽ ഭരമേൽപ്പിക്കുന്നവരെയും ക്ഷമ കൈകൊള്ളുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു.

അവൻ അൽ-മജീദ് (മഹത്വമേറിയവൻ) ആകുന്നു , അവൻ മഹത്വവും സ്തുതിയും ഉദാരതയും ഉള്ളവനാണ്. അവന്റെ മഹത്വമല്ലാതെ മറ്റൊരു മഹത്വവുമില്ല, മറ്റുള്ളവർക്കുള്ള എല്ലാ മഹത്വവും അല്ലാഹുവിന്റെ ദാനവും അനുഗ്രഹവുമാണ്.

അവൻ അൽ-ഹമീദ് (സ്തുത്യർഹൻ) ആകുന്നു , അവന്റെ പ്രവർത്തനങ്ങളാൽ അവൻ സ്തുതിക്കപ്പെടാനും പ്രശംസിക്കപ്പെടാനും അർഹനാകുന്നു , സന്തോഷത്തിലും വ്യസനത്തിലും അവനെ സ്തുതിക്കണം , അവനെ സ്തുതിക്കുക എന്നത് വളരെ പുണ്യമുള്ള കർമമാകുന്നു. നബി -ﷺ- പറഞ്ഞു : “അൽ ഹംദുലില്ലാഹ് (എല്ലാ സ്തുതിയും അല്ലാഹുവിനാകുന്നു) എന്ന വചനം അമലുകൾ തൂക്കപ്പെടുന്ന തുലാസ് നിറക്കുന്നതാണ്, സുബ്ഹാനല്ലാഹ് ,അൽ ഹംദുലില്ലാഹ് എന്നീ രണ്ട് വചനങ്ങൾ ആകാശഭൂമികൾക്കിടയിൽ നിറക്കുന്നതാണ്”. (മുസ്ലിം)

അവൻ അൽ-ഹയ്യ് (എന്നെന്നും ജീവിച്ചിരിക്കുന്നവൻ) അൽ-ഖയ്യൂം (എല്ലാം നിയന്ത്രിക്കുന്നവൻ) ആകുന്നു. സൃഷ്ടികളുടെ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് അവനാകുന്നു .

﴿يَسْـَٔلُهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ كُلَّ يَوْمٍ هُوَ فِى شَأْنٍ﴾

“ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചു

കൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു". (അറഹ്മാൻ : 29)

അവൻ അഹദ് (ഏകൻ) ആകുന്നു , അവൻ എന്നെന്നും അപ്രകാരമായിരിക്കും, അവന്റെ കൂടെ മറ്റ് പങ്കുകാരില്ല , സമ്പൂർണ്ണതയുടെ മുഴുവൻ വിശേഷണങ്ങളാലും ഏകനാണവൻ, അതിലൊരാളും അവനോട് പങ്ക് ചേരുകയില്ല.

അവൻ അസ്സമദ് (പരാശ്രയൻ) ആകുന്നു , സൃഷ്ടികളെല്ലാം അവരുടെ ആവശ്യ നിർവ്വഹണത്തിനായി അവനെ ആശ്രയക്കുന്നു. അവനിലേക്കാണവർ വേവലാതിക്കൾ ബോധിപ്പിക്കുന്നത് , അവന്റെ മുന്നിലാണവർ പ്രയാസങ്ങൾ ഇറക്കി വെക്കുന്നത്.

അവൻ സയ്യിദ് (അധികാരി,ഉടമസ്ഥൻ) ആകുന്നു , പ്രയാസങ്ങളും കഷ്ടതകളും വരുമ്പോൾ അവൻ മാത്രമാണ് അഭയസ്ഥാനം.

അവൻ അൽ-ഖദീർ (സർവ്വശക്തൻ) ആകുന്നു. കാര്യങ്ങളെല്ലാം നടപ്പിലാക്കാൻ പൂർണ്ണ കഴിവും ശക്തിയുമുള്ളവനത്രെ അവൻ . കത്തിജ്വലിക്കുന്ന തീയോട് അല്ലാഹു പറഞ്ഞു :

﴿كُونِي بَرْدًا وَسَلَامًا عَلَىٰٓ إِبْرَٰهِيمَ﴾

"തീയേ, നീ ഇബ്റാഹീമിന് തണുപ്പും രക്ഷയുമായിരിക്കുക". (അൽ-അമ്പിയാഅ് : 69)

തത്സമയം തന്നെ അത് അല്ലാഹു കൽപ്പിച്ചത് പോലെയായി. മൂസ നബിക്ക് വഴിയൊരുക്കാനായി തിരമാലകൾ കവിഞ്ഞൊഴുകുന്ന സമുദ്രത്തോട് അല്ലാഹു കൽപ്പിക്കുകയുണ്ടായി. അതിലൂടെ സഞ്ചരിച്ച ശേഷം അത് പൂർവ്വ സ്ഥിതിയിലേക്ക് തന്നെ മടങ്ങുകയും ചെയ്തു.

അവൻ അൽ-ബർ (ഔദാര്യവാൻ) ആകുന്നു. അവൻ തന്റെ അടിമകളോട് നന്മ ചെയ്യുകയും അവരുടെ കാര്യങ്ങളെ നന്നാക്കുകയും ചെയ്യുന്നു. സൽകർമ്മങ്ങൾ പ്രവർത്തിക്കുന്നവർക്ക് പ്രതിഫലങ്ങൾ ഇരട്ടിയായി നൽകുകയും തെറ്റുകൾ ചെയ്തവർക്ക് വിട്ട്

വീഴ്ച്ച ചെയ്ത് മാപ്പാക്കിയും ഔദാര്യം ചെയ്യുന്നവനത്രെ അവൻ.

﴿إِنَّهُۥ هُوَ ٱلۡبَرُّ ٱلرَّحِيمُ﴾

"തീർച്ചയായും അവൻ തന്നെയാകുന്നു ഔദാര്യവാനും കരുണാനിധിയും" (അത്തൂർ : 28)

അവൻ അത്തവ്വാബ് (ഏറെ പൊറുക്കുന്നവൻ) ആകുന്നു , പശ്ചാത്തപിക്കുന്നവരെ അവൻ സ്വീകരിക്കാതിരിക്കുകയില്ല. രാപ്പകലുകളിൽ അവനിലേക്ക് ഖേദിച്ച് മടങ്ങുന്നവരുടെ തൗബ സ്വീകരിക്കുകയും അവരെ അതിയായി ഇഷ്ടപ്പെടുകയും ചെയ്യും.

﴿ إِنَّ ٱللَّهَ يُحِبُّ ٱلتَّوَّٰبِينَ﴾

"തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു". (അൽ-ബഖറ : 222)

അവൻ അൽ-അഫുവ്വ് (ഏറെ വിട്ട് വീഴ്ച്ച ചെയ്യുന്നവൻ) ആകുന്നു. പർവത സമാനമായി ഒരടിമയിൽ നിന്ന് തെറ്റുകൾ സംഭവിച്ചാലും സത്യസന്ധമായി പശ്ചാത്തപിക്കുകയാണെങ്കിൽ അല്ലാഹു അവന് വിട്ട് വീഴ്ച്ച ചെയ്യുന്നതാണ്.

അവൻ അറഊഫ് (സകല സൃഷ്ടികളോടും കൃപയുള്ളവൻ) ആകുന്നു. അവർ അവനെ ധിക്കരിച്ചാലും അവരോടുള്ള കൃപ നിമിത്തം സമൃദ്ധമായ ഉപജീവനം അവൻ നൽകുന്നു. അല്ലാഹു പറഞ്ഞു :

﴿ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٞ رَّحِيمٞ ﴾

"തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാകുന്നു". (അൽ-ഹജ്ജ് : 65)

അവൻ അൽ-ഗനിയ്യ് (സ്വയം പര്യാപ്തൻ) ആകുന്നു, സൃഷ്ടികളിലേക്ക് അവൻ ആവശ്യമില്ലാത്തവനാകുന്നു. അവന്റെ കരങ്ങൾ നിറഞ്ഞതാകുന്നു. "എത്ര തന്നെ ചിലവഴിച്ചാലും അതിൽ

നിന്ന് ഒന്നും കുറയുകയില്ല. "നബി -ﷺ- പറഞ്ഞു : "അല്ലാഹു പറഞ്ഞു : എന്റെ അടിമകളേ, നിങ്ങളിലെ ആദ്യത്തെയാളും അവസാനത്തെയാളും, ജിന്നുകളും മനുഷ്യരുമെല്ലാം ഒരു സ്ഥലത്ത് ഒരുമിക്കുകയും, അവരെല്ലാം എന്നോട് ചോദിക്കുകയും, അവരിൽ ഓരോരുത്തർക്കും അവൻ ചോദിച്ചതെല്ലാം ഞാൻ നൽകുകയും ചെയ്താലും എന്റെ പക്കലുള്ളതിൽ നിന്ന് ഒരു കുറവും അത് വരുത്തുകയില്ല; സമുദ്രത്തിൽ ഒരു സൂചി കുറവ് വരുത്തുന്നത് പോലെയല്ലാതെ", (മുസ്ലിം)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹുവെ അവന്റെ പേരുകൾ വിളിച്ചു കൊണ്ട് പ്രാർഥിക്കുക , അവന്റെ പേരുകളും വിശേഷണങ്ങളും പറഞ്ഞ് അവനെ പുകഴ്ത്തുകയും ചെയ്യുക. അല്ലാഹുവിനെ വിളിച്ച് തേടുന്നവരെയും അവനെ പുകഴ്ത്തുന്നവരെയും അവനിഷ്ടപ്പെടുന്നു. അല്ലാഹുവിന്റെ ഏറ്റവും പരിപൂർണനായ അടിമ അവന്റെ എല്ലാ നാമ-വിശേഷണങ്ങളുടെയും വെളിച്ചത്തിൽ അവന് ആരാധന ചെയ്യുന്നവനാകുന്നു.

അവന്റെ പേരുകൾ എണ്ണമറ്റതാകുന്നു , എന്നാൽ അതിൽ നിന്ന് തൊന്നൂറ്റി ഒമ്പത് പേരുകൾ ആരെങ്കിലും മനസ്സിലാക്കുകയും അതിന്റെ തേട്ടമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَـٰٓئِهِۦ ۚ سَيُجْزَوْنَ مَا كَانُوا۟ يَعْمَلُونَ﴾

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക,അവൻറെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെനിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിൻറെ ഫലം അവർക്കു വഴിയെ നൽകപ്പെടും" (അൽ-അഅ്റാഫ് : 180)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ..

## രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അമ്മാ ബഅദ്: അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

ആരാധനക്ക് അർഹനായ അല്ലാഹുവെ അവന്റെ നാമ-വിശേഷണങ്ങളിലൂടെ പരിചയപ്പെടുത്തുക എന്നതായിരുന്നു പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അത് പറഞ്ഞ് കൊണ്ടാണ് അവർ പ്രബോധനം ആരംഭിച്ചതും.

അല്ലാഹുവെ അവന്റെ ഉത്തമമായ നാമങ്ങളിലൂടെയും മഹത്തായ വിശേഷണങ്ങളിലൂടെയും അറിയുമ്പോൾ അടിമയുടെ മനസ്സിൽ അവനോട് ബഹുമാനവും ആദരവും ഭയ ഭക്തിയും ഗാംഭീര്യവും ഉണ്ടാകുന്നു.

അത് മനസ്സിലാക്കുന്നതിലൂടെ അടിമക്ക് അവനിൽ എല്ലാം ഭരമേൽപ്പിക്കാനും അവന്റെ വിധികളിൽ തൃപ്തിപ്പെടാനും അവനിൽ നിന്നുണ്ടാകുന്ന പരീക്ഷണങ്ങളിൽ ക്ഷമിക്കാനും സാധിക്കുന്നു. ഒരടിമക്ക് അല്ലാഹുവെ കുറിച്ചുള്ള അറിവിന്റെ തോതനുസരിച്ച് അവനോടുള്ള ബഹുമാനം മനസ്സിൽ കൂടുകയും കുറയുകയും ചെയ്യും.

അവനെ കുറിച്ച് കൂടുതൽ അറിവുള്ളവരാണ് ഏറ്റവുമധികം

അവനെ ബഹുമാനിക്കുയകയും ആദരിക്കുകയും ചെയ്യുക . അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും അറിയുന്നവന് തനിക്കു ബാധിക്കുന്ന പ്രയാസങ്ങളുടെയും കഷ്ടതകളുടെയും യുക്തിയും നന്മയും മനസ്സിലായില്ലെങ്കിലും അത് അല്ലാഹു വിധിച്ചതിൽ നന്മയുണ്ടാകും എന്ന് മനസ്സിലാക്കാൻ സാധിക്കും.

അല്ലാഹു അവന്റെ നാമങ്ങളടെയും ഗുണങ്ങളുടെയും തേട്ടമനുസരിച്ച് പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു. അവൻ ഉദാരനാണ്, തന്റെ അടിമകളിൽ നിന്ന് ഉദരതയുള്ളവരെ അവൻ ഇഷ്ടപ്പെടുന്നു, അവൻ സഹിഷ്ണുതയുള്ളവനാണ്, സഹിഷ്ണുതയുള്ളവരെ അവൻ ഇഷ്ടപ്പെടുന്നു , അവൻ അറിയുള്ളവനാണ് അത് കൊണ്ട് പണ്ഡിതന്മാരെ അവൻ ഇഷ്ടപ്പെടുന്നു, അവൻ നന്ദിയുള്ളവനാണ് ; നന്ദി കാണിക്കുന്ന അടിമകളെ അവൻ ഇഷ്ടപ്പെടുന്നു.

നിങ്ങൾ അറിയുക ; നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അൽ ഹകീം ; അല്ലാഹുവിന്റെ നാമം[(1)]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി-ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

**അമ്മാ ബഅ്ദ്:**

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. ഈ മഹത്തായ ദീൻ മുറുകെ പിടിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുക.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

ഈ പ്രപഞ്ചത്തിന് ഒരു റബ്ബുണ്ടെന്ന കാര്യം ഏതൊരാളുടെയും ശുദ്ധപ്രകൃതി സാക്ഷ്യപ്പെടുത്തുന്നതാണ്. അവൻ പരിപൂർണ്ണനും അവന്റെ വിശേഷണങ്ങൾ അത്യുത്തമമായതുമാകുന്നു. സമ്പൂർണ്ണതയുടെയും മഹത്വത്തിന്റെയും ഭംഗിയുടെയും വിശേഷണങ്ങൾ ഉൾക്കൊണ്ടവനാകുന്നു അവൻ. എല്ലാ സ്തുതി കീർത്തനങ്ങളും അവനാകുന്നു. പരിപൂർണ്ണതയുടെ വിശേഷണങ്ങളും

(1)13/10/1441 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

മഹത്വത്തിന്റെ ഗുണങ്ങളും അവന് സ്ഥിരപ്പെടുത്തുക എന്നത് അല്ലാഹുവോടുള്ള ബഹുമാനത്തിൽ പെട്ടതാകുന്നു.

വിശുദ്ധ ഖുർആനിൽ തൊണ്ണൂറിലധികം തവണ ആവർത്തിച്ചിട്ടുള്ള അല്ലാഹുവിന്റെ അത്യുത്തമമായ ഒരു നാമമുണ്ട്; അത് അവന്റെ പ്രതാപം, അറിവ്, സൂക്ഷ്മജ്ഞാനം, വിശാലത, മാപ്പാക്കൽ, സ്തുതി പോലുള്ളവയുമായി ചേർന്ന് വന്നിട്ടുണ്ട്. ഈ ലോകത്ത് സംഭവിക്കുന്ന ഏതൊരു ചലന നിശ്ചലനവും ആ നാമത്തിന്റെ പ്രതിഫലനമത്രെ. അതത്രെ 'അൽ ഹകീം' (യുക്തിമാൻ) എന്ന അല്ലാഹുവിന്റെ നാമം. കാര്യങ്ങളെ അതിന്റെ യഥാസ്ഥാനത്ത് വെക്കുകയും സൃഷ്ടികൾക്ക് യോജിച്ച സ്ഥലത്ത് അതിനെ ഇറക്കുകയും ചെയ്യുന്നവൻ എന്നതാകുന്നു അതിന്റെ അർത്ഥം. അവന്റെ യുക്തി പരിപൂർണ്ണമാകുന്നു. അതിന്റെ രൂപത്തെ ബുദ്ധിയുപയോഗിച്ച് പൂർണ്ണമായി വലയം ചെയ്യുക സാധ്യമല്ല. അതിനെക്കുറിച്ച് വ്യാഖ്യാനിക്കാൻ മനുഷ്യ നാവുകൾക്ക് കഴിയുകയില്ല. അവന്റെ യുക്തിയാൽ ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളും അവനെ പ്രകീർത്തിക്കുന്നു.അല്ലാഹു പറഞ്ഞു :

﴿سَبَّحَ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾

"ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന് പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ". (അൽ ഹദീദ് : 1)

അല്ലാഹുവാകുന്നു ആകാശ - ഭൂമിയിലെ യഥാർത്ഥ ആരാധ്യൻ, അവൻ യുക്തിമാനത്രെ. അല്ലാഹു പറഞ്ഞു :

﴿وَهُوَ ٱلَّذِي فِي ٱلسَّمَآءِ إِلَٰهٞ وَفِي ٱلۡأَرۡضِ إِلَٰهٞۚ وَهُوَ ٱلۡحَكِيمُ ٱلۡعَلِيمُ﴾

"അവനാകുന്നു ആകാശത്ത് ആരാധ്യനായിട്ടുള്ളവനും, ഭൂമിയിൽ ആരാധ്യനായിട്ടുള്ളവനും. അവനാകുന്നു യുക്തിമാനും സർവ്വജ്ഞനും". (അൽ സുഖ്റുഫ് : 84)

അല്ലാഹു സ്വന്തത്തെ സ്തുതിച്ചിരിക്കുന്നു; കാരണം, അവൻ

യുക്തിമാനാകുന്നു. അല്ലാഹു പറഞ്ഞു :

﴿ٱلْحَمْدُ لِلَّهِ ٱلَّذِى لَهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَلَهُ ٱلْحَمْدُ فِى ٱلْءَاخِرَةِ ۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ﴾

“ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ആരുടേതാണോ ആ അല്ലാഹുവിന് സ്തുതി. പരലോകത്തും അവനുതന്നെ സ്തുതി. അവൻ യുക്തിമാനും സൂക്ഷ്മജ്ഞനുമത്രെ”. (സബഅ് : 1)

മഹത്വങ്ങളെല്ലാം സ്വന്തത്തിലേക്ക് ചേർത്തി അല്ലാഹു അവനെ തന്നെ പ്രകീർത്തിച്ചതായി കാണം. പ്രസ്തുത വചനം വിരാമം കുറിക്കുന്നത് അവൻ യുക്തിമാനാകുന്നു എന്ന് പറഞ്ഞാണ്. അല്ലാഹു പറഞ്ഞു :

﴿وَلَهُ ٱلْكِبْرِيَآءُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ﴾

“ആകാശങ്ങളിലും ഭൂമിയിലും അവന്നു തന്നെയാകുന്നു മഹത്വം. അവൻ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും”. (അൽ ജാസിയ : 37)

അല്ലാഹുവിന് ആകാശ - ഭൂമിയിൽ ചില സൈന്യങ്ങളുണ്ട്; അവനുദ്ദേശിക്കുന്ന പ്രകാരം അവയെ അവൻ നിയന്ത്രിച്ച് കൊണ്ടിരിക്കുന്നു. അവൻ യുക്തിമാനത്രെ. അല്ലാഹു പറഞ്ഞു :

﴿وَلِلَّهِ جُنُودُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَكَانَ ٱللَّهُ عَلِيمًا حَكِيمًا﴾

“അല്ലാഹുവിന്നുള്ളതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങൾ. അല്ലാഹു പ്രതാപിയും യുക്തിമാനുമായിരിക്കുന്നു”. (അൽ ഫത്ഹ് : 7)

മൂസാ നബി -عليه السلام- നെ വിളിച്ച് കൊണ്ട് താൻ യുക്തിമാനാണെന്ന് അല്ലാഹു പരിചയപ്പെടുത്തി. അല്ലാഹു പറഞ്ഞു :

﴿يَٰمُوسَىٰٓ إِنَّهُۥٓ أَنَا ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ﴾

“ഹേ; മൂസാ, തീർച്ചയായും പ്രതാപിയും യുക്തിമാനുമായ

അല്ലാഹുവാണ് ഞാൻ". (അന്നംല് : 9)

വിശുദ്ധ ഖുർആനിനെ അല്ലാഹു ഇപ്രകാരം പ്രശംസിച്ചതായി കാണാം : നിശ്ചയം അത് കാര്യങ്ങളെയെല്ലാം അതിന്റെ യഥാസ്ഥാനത്ത് വെക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്ത യുക്തിമാനായ റബ്ബിൽ നിന്നാകുന്നു. അത് ആശയഭദ്രതയുള്ളതും സമ്പൂർണ്ണ യുക്തി നിറഞ്ഞതുമായ ഗ്രന്ഥമാകുന്നു.അല്ലാഹു പറഞ്ഞു :

﴿كِتَٰبٌ أُحۡكِمَتۡ ءَايَٰتُهُۥ ثُمَّ فُصِّلَتۡ مِن لَّدُنۡ حَكِيمٍ خَبِيرٍ﴾

"ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിൻറെ അടുക്കൽ നിന്നുള്ളതത്രെ അത്". (ഹൂദ് : 1)

അല്ലാഹു അവന്റെ യുക്തിക്കനുസൃതമായി മനുഷ്യർക്ക് വേണ്ട ഉപജീവനമാർഗം വിശാലമായി തുറന്ന് നൽകുകയും വേറെ ചിലത് പിടിച്ച് വെക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞു :

﴿مَّا يَفۡتَحِ ٱللَّهُ لِلنَّاسِ مِن رَّحۡمَةٍ فَلَا مُمۡسِكَ لَهَاۖ وَمَا يُمۡسِكۡ فَلَا مُرۡسِلَ لَهُۥ مِنۢ بَعۡدِهِۦۚ
وَهُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾

"അല്ലാഹു മനുഷ്യർക്ക് വല്ല കാരുണ്യവും തുറന്നുകൊടുക്കുന്ന പക്ഷം അത് പിടിച്ചു വെക്കാനാരുമില്ല. അവൻ വല്ലതും പിടിച്ച് വെക്കുന്ന പക്ഷം അതിന് ശേഷം അത് വിട്ടുകൊടുക്കാനും ആരുമില്ല. അവനത്രെ പ്രതാപിയും യുക്തിമാനും". (ഫാതിർ : 2)

മലക്കുകൾ അവരുടെ അശക്തതയും വിജ്ഞാനത്തിലുള്ള കുറവും അംഗീകരിച്ച് കൊണ്ട് അല്ലാഹുവിന്റെ അറിവും യുക്തിയും അംഗീകരിക്കുകയും അവന്റെ കൽപ്പനകൾക്ക് അവർ കീഴൊതുങ്ങുകയും ചെയ്യുന്നു . അല്ലാഹു പറഞ്ഞു :

﴿قَالُواْ سُبۡحَٰنَكَ لَا عِلۡمَ لَنَآ إِلَّا مَا عَلَّمۡتَنَآۖ إِنَّكَ أَنتَ ٱلۡعَلِيمُ ٱلۡحَكِيمُ﴾

“അവർ പറഞ്ഞു: നിന്റെ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുന്നു. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവ്വജ്ഞനും യുക്തിമാനും”. (അൽ ബഖറ : 32)

അല്ലാഹുവിന്റെ അർശ് വഹിക്കുന്ന മലക്കുകളും അതിന് ചുറ്റുമുള്ളവരും സത്യവിശ്വാസികൾക്ക് വേണ്ടി അവനോട് പാപമോചനവും സ്വർഗവും ചോദിച്ച് കൊണ്ടിരിക്കുന്നുണ്ട്. അവരുടെ പ്രാർത്ഥ അവസാനിക്കുന്നതാകട്ടെ ' അൽ ഹകീം ' ( യുക്തിമാൻ ) എന്ന അല്ലാഹുവിന്റെ നാമം കൊണ്ടാണ്. അല്ലാഹു പറഞ്ഞു :

﴿رَبَّنَا وَأَدْخِلْهُمْ جَنَّٰتِ عَدْنٍ ٱلَّتِى وَعَدتَّهُمْ وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ﴾

“ഞങ്ങളുടെ റബ്ബേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കൾ, ഭാര്യമാർ, സന്തതികൾ എന്നിവരിൽ നിന്നു സദ്‌വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും” (ഗാഫിർ : 8)

പ്രവാചകന്മാരിലേക്ക് അവതരിക്കുന്ന ദിവ്യബോധനം യുക്തിമാനായ അല്ലാഹുവിൽ നിന്നാകുന്നു.

﴿كَذَٰلِكَ يُوحِىٓ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ ٱللَّهُ ٱلْعَزِيزُ ٱلْحَكِيمُ﴾

“അപ്രകാരം നിനക്കും നിന്റെ മുമ്പുള്ളവർക്കും പ്രതാപിയും യുക്തിമാനുമായ അല്ലാഹു ബോധനം നൽകുന്നു”. (അശ്ശൂറാ : 3)

അമ്പിയാക്കന്മാർ അവരുടെ ഉദ്ദേശ്യ - ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി ' അൽ ഹകീം ' (യുക്തിമാൻ) എന്ന അവന്റെ നാമം മുഖേനയായിരുന്നു അല്ലാഹുവോട് തേടിയിരുന്നത്. നോക്കൂ.. ഇബ്റാഹീം നബി - عليه السلام - തന്റെ സന്താനങ്ങൾക്ക് വിശുദ്ധ ഖുർആനും മത നിയമങ്ങളും പഠിപ്പിക്കുന്നതിനായി ഒരു പ്രവാചകനെ നിയോഗിച്ച് തരണമെന്ന് അല്ലാഹുവിനോട് അവന്റെ

**'അൽ ഹകീം' ( യുക്തിമാൻ ) എന്ന നാമം മുൻ നിർത്തി തേടിയതായി കാണാം.**

﴿رَبَّنَا وَٱبۡعَثۡ فِيهِمۡ رَسُولٗا مِّنۡهُمۡ يَتۡلُواْ عَلَيۡهِمۡ ءَايَٰتِكَ وَيُعَلِّمُهُمُ ٱلۡكِتَٰبَ وَٱلۡحِكۡمَةَ وَيُزَكِّيهِمۡۖ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ﴾

**"ഞങ്ങളുടെ റബ്ബേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അങ്ങേയറ്റം യുക്തിമാനുമാകുന്നു". (അൽ ബഖറ : 129)**

**ഇബ്റാഹീം നബി - عليه السلام - സ്വദേശം ഉപേക്ഷിച്ച് അല്ലാഹുവിലേക്ക് ഹിജ്റ പോയപ്പോൾ അദ്ദേഹം പ്രഖ്യാപിച്ചത് 'നിശ്ചയം എന്റെ റബ്ബ് യുക്തിമാനാകുന്നു. ' എന്നായിരുന്നു.**

﴿وَقَالَ إِنِّي مُهَاجِرٌ إِلَىٰ رَبِّيٓۖ إِنَّهُۥ هُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾

**"അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: തീർച്ചയായും ഞാൻ സ്വദേശം വെടിഞ്ഞ് എന്റെ റബ്ബിലേക്ക് പോവുകയാണ്.തീർച്ചയായും അവനാകുന്നു പ്രതാപിയും യുക്തിമാനും". (അൽ അൻഖബൂത് : 26)**

**പ്രായാധിക്യമായിട്ടും ഇബ്റാഹീം നബി - عليه السلام - ന് സന്താനങ്ങളൊന്നും ജനിച്ചിരുന്നില്ല. അങ്ങനെയിരിക്കെ ഒരിക്കൽ പ്രായം ചെന്ന വന്ധ്യയായ തന്റെ ഭാര്യയുടെ അടുക്കലേക്ക് താങ്കൾക്ക് കുട്ടി ജനിക്കാനുണ്ടെന്ന സന്തോഷ വാർത്തയുമായി മലക്ക് കടന്ന് വന്നപ്പോൾ അവർ അത്ഭുതപ്പെടുകയുണ്ടായി. അപ്പോൾ അവരോട് മലക്കുകൾ പറഞ്ഞു : "തീർച്ചയായും അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു".**

﴿قَالُواْ كَذَٰلِكِ قَالَ رَبُّكِۖ إِنَّهُۥ هُوَ ٱلۡحَكِيمُ ٱلۡعَلِيمُ﴾

"അവർ (ദൂതൻമാർ) പറഞ്ഞു: അപ്രകാരം തന്നെയാകുന്നു നിന്റെ റബ്ബ് പറഞ്ഞിരിക്കുന്നത്. തീർച്ചയായും അവൻ തന്നെയാകുന്നു യുക്തിമാനും ജ്ഞാനിയും ആയിട്ടുള്ളവൻ". (അദ്ദാരിയാത്ത് : 30)

യഅ്കൂബ് - عليه السلام - തന്റെ മക്കളായ യൂസുഫിനെയും അദ്ദേഹത്തിന്റെ സഹോദരനെയും കാണാതായത് മുതൽ ക്ഷമയോടെ കാത്തിരിക്കുമ്പോഴും അദ്ദേഹത്തിന് മനോധൈര്യം പകർന്നത് ഈ പ്രയാസത്തിൽ നിന്നും പുറത്ത് കടക്കാനുള്ള ഏറ്റവും യോജിച്ച സമയം അല്ലാഹുവിനറിയാം എന്ന ഉറച്ച ബോധ്യമായിരുന്നു. തന്റെ പ്രയാസത്തിൽ നിന്നും പുറത്ത് കടക്കാനുള്ള മാർഗങ്ങൾ അല്ലാഹുവിന്റെ യുക്തിയാൽ ഒരുങ്ങുമെന്നും അദ്ദേഹത്തിന് ദൃഢ വിശ്വാസമുണ്ടായിരുന്നു. അതിനാൽ അദ്ദേഹം തന്റെ പ്രതീക്ഷയും പ്രാർത്ഥനയുമെല്ലാം 'അൽ ഹകീം' ( യുക്തിമാൻ ) എന്ന അവന്റെ നാമമുപയോഗിച്ച് അവനിലേക്ക് മുന്നിടുകയാണുണ്ടായത്.

﴿فَصَبۡرٞ جَمِيلٌۖ عَسَى ٱللَّهُ أَن يَأۡتِيَنِي بِهِمۡ جَمِيعًاۚ إِنَّهُۥ هُوَ ٱلۡعَلِيمُ ٱلۡحَكِيمُ﴾

"അതിനാൽ നന്നായി ക്ഷമിക്കുക തന്നെ. അവരെല്ലാവരെയും അല്ലാഹു എന്റെ അടുത്ത് കൊണ്ടുവന്നു തന്നേക്കാവുന്നതാണ്. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു". (യൂസുഫ് : 83)

യൂസുഫ് - عليه السلام - കാലങ്ങളോളം അഭിമുഖീകരിച്ച പ്രയാസങ്ങളുടെ ദുഃഖം നീങ്ങിയതിന് ശേഷം അല്ലാഹു ചൊരിഞ്ഞ അവന്റെ അനുഗ്രഹങ്ങളെക്കുറിച്ച് അദ്ദേഹം വാചാലനാകുമായിരുന്നു. അതിലുള്ള അല്ലാഹുവിന്റെ യുക്തിയെ അദ്ദേഹം സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതായി കാണാം :

﴿وَقَدۡ أَحۡسَنَ بِيٓ إِذۡ أَخۡرَجَنِي مِنَ ٱلسِّجۡنِ وَجَآءَ بِكُم مِّنَ ٱلۡبَدۡوِ مِنۢ بَعۡدِ أَن نَّزَغَ ٱلشَّيۡطَٰنُ بَيۡنِي وَبَيۡنَ إِخۡوَتِيٓۚ إِنَّ رَبِّي لَطِيفٞ لِّمَا يَشَآءُۚ إِنَّهُۥ هُوَ ٱلۡعَلِيمُ ٱلۡحَكِيمُ﴾

"എന്നെ അവൻ ജയിലിൽ നിന്നും പുറത്തുകൊണ്ട് വന്ന

സന്ദർഭത്തിലും എന്റെയും എന്റെ സഹോദരങ്ങളുടെയും ഇടയിൽ പിശാച് കുഴപ്പം ഇളക്കിവിട്ടതിന് ശേഷം മരുഭൂമിയിൽ നിന്ന് അവൻ നിങ്ങളെയെല്ലാവരെയും (എന്റെ അടുത്തേക്ക്) കൊണ്ടുവന്ന സന്ദർഭത്തിലും അവൻ എനിക്ക് ഉപകാരം ചെയ്തിരിക്കുന്നു. തീർച്ചയായും എന്റെ റബ്ബ് താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സൂക്ഷ്മമായി നിയന്ത്രിക്കുന്നവനത്രെ. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു" (യൂസുഫ് : 100)

' അൽ ഹകീം ' ( യുക്തിമാൻ ) എന്ന അവന്റെ നാമം ; സൃഷ്ടിപ്പിലും അവയുടെ നിയന്ത്രണത്തിലും , മറ്റു എല്ലാ കാര്യങ്ങളിലും അവന്റെ യുക്തി നിലനിൽകുന്നതായി കാണാം.

ഇമാം ഇബ്നുൽ ക്വയ്യിം - رحمه الله - പറഞ്ഞു : "കഴിവ് പൂർണ്ണമാകുന്നത് പ്രതാപം മുഖേനയും വിജ്ഞാനം പൂർണ്ണമാകുന്നത് യുക്തി കൊണ്ടുമാകുന്നു . ഈ രണ്ട് വിശേഷണങ്ങൾ കൊണ്ടാണ് അല്ലാഹു അവനുദ്ദേശിക്കുന്നത് വിധിക്കുകയും കൽപ്പിക്കുകയും വിരോധിക്കുകയും പ്രതിഫലം നൽകുകയും ശിക്ഷിക്കുകയുമെല്ലാം ചെയ്യുന്നത്. ഇവ രണ്ടുമാകുന്നു സൃഷ്ടിപ്പിന്റെയും ശാസനാധികാരത്തിന്റെയും അടിസ്ഥാനം".

അല്ലാഹു അവന്റെ യുക്തിയാൽ സകല സൃഷ്ടികളെയും വ്യവസ്ഥാപിതമായി പടക്കുകയും ഏറ്റവും മികച്ച രൂപത്തിൽ അവരെ ക്രമപ്പെടുത്തുകയും കുറ്റമറ്റ നിലയിൽ അവരിൽ കാര്യങ്ങൾ നിയന്ത്രിക്കുകയും ഏറ്റവും നല്ല നിലയിൽ എല്ലാം നിശ്ചയിക്കുകയും മുഴുവൻ സൃഷ്ടികൾക്കും അവർക്കനുയോജ്യമായത് നൽകുകയും ചെയ്തിരിക്കുന്നു.അല്ലാഹു പറഞ്ഞു :

﴿ أَعْطَىٰ كُلَّ شَيْءٍ خَلْقَهُۥ ثُمَّ هَدَىٰ ﴾

"ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും, എന്നിട്ട് (അതിന് ) വഴികാണിക്കുകയും ചെയ്തു". (ത്വാഹാ : 50)

അല്ലാഹുവിന്റെ സൃഷ്ടികളിൽ വല്ല ന്യൂനതയും കാണിച്ച് തരാൻ

അവൻ സൃഷ്ടികളെ വെല്ലുവിളിച്ചതായി കാണാം.

﴿فَٱرۡجِعِ ٱلۡبَصَرَ هَلۡ تَرَىٰ مِن فُطُورٖ﴾

“എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചു കൊണ്ടു വരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?”. (അൽ മുൽക് : 3)

അല്ലാഹു ഈ പ്രപഞ്ചത്തിൽ വളരെ വ്യവസ്ഥാപിതവും കൃതവുമായ നിലയിൽ സൃഷ്ടിച്ചത് പോലെയോ , അതിനോട് കിടപിടിക്കുന്നതോ ആയ വല്ലതും നിർമ്മിക്കുന്നതിനായി സൃഷ്ടികളെല്ലാം ഒരുമിച്ച് കൂടിയാലും അവർക്കതിന് കഴിയുകയില്ല. അത് കൊണ്ടത്രെ അല്ലാഹു അവന്റെ സൃഷ്ടികളിൽ ഒളിപ്പിച്ചു വെച്ച യുക്തികളെക്കുറിച്ചും അവയിലുള്ള ഭംഗിയെക്കുറിച്ചും കൃതതയെക്കുറിച്ചുമെല്ലാം ചിന്തിക്കുവാൻ അവരോട് കൽപ്പിച്ചത്. അല്ലാഹു പറഞ്ഞു :

﴿قُلِ ٱنظُرُواْ مَاذَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ﴾

“(നബിയേ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണുള്ളതെന്ന് നിങ്ങൾ നോക്കുവിൻ”. (യൂനുസ് : 101)

അല്ലാഹു അവന്റെ യുക്തിയാൽ തന്റെ അടിമകൾക്ക് തന്നെക്കുറിച്ചും ഇസ്‌ലാമിനെക്കുറിച്ചും അവന്റെ കൽപ്പന - വിരോധങ്ങളെക്കുറിച്ചും അറിയിച്ച് നൽകുകയുണ്ടായി. അവൻ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും അതിൽ അവൻ നമ്മോട് പൊറുക്കുന്നവനാണെന്നും, ദീന് കൊണ്ടല്ലാതെ ദുനിയാവിന്റെ കാര്യങ്ങൾ നേരെയാവുകയില്ലെന്നും വ്യക്തമാക്കി തന്നിട്ടുണ്ട്. സലഫുകളിൽ ചിലർ പറഞ്ഞതായി കാണാം : “അല്ലാഹു അവതരിപ്പിച്ചിരിക്കുന്ന മതത്തിൽ എല്ലാ അനുഗ്രഹങ്ങളുടെയും അടിസ്ഥാനമായ അല്ലാഹുവിന്റെ യുക്തിയല്ലാതെ മറ്റൊന്നുമില്ലായിരുന്നെങ്കിൽ അത് തന്നെ മതിയായതാകുന്നു”.

അല്ലാഹു പ്രാപഞ്ചികമായ അവന്റെ കാര്യങ്ങൾ

നടപ്പിലാക്കുന്നതിൽ യുക്തിമാനാകുന്നു. ദുരിതങ്ങൾ മുഖേന അവൻ തന്റെ അടിമകളെ പരീക്ഷിക്കുന്നു; അവരെ സംസ്കരിക്കുവാനും അവർക്ക് ഉന്നതമായ സ്വർഗീയ പദവികൾ കരസ്ഥമാക്കുവാനുമത്രെ അത്. അല്ലാഹുവിന്റെ തീരുമാനങ്ങളിൽ വിശ്വസിക്കുകയും തൃപ്തിയടയുകയും ചെയ്യാനും അതിൽ ചെറുക്കേണ്ടതിനെ ദീനിൽ അനുവദിക്കപ്പെട്ട രീതിയിൽ പ്രതിരോധിക്കാനും ഒരടിമ കൽപ്പിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ അല്ലാഹു മുന്നേ തീരുമാനിച്ചതിനെ അവന്റെ മറ്റൊരു തീരുമാനം തടുക്കുന്നതാണ്.

എന്നാൽ ഉറ്റ മിത്രങ്ങളുടെ വേർപാട് പോലെ നമുക്ക് ഒരിക്കലും തടയാൻ കഴിയാത്ത അല്ലാഹുവിന്റെ തീരുമാനങ്ങളിൽ നാം തൃപ്തിയടയുകയും അവന് കീഴ്പ്പെടുകയുമാണ് വേണ്ടത്. അല്ലാഹുവിന്റെ വിധി തീരുമാനങ്ങളിൽ അവന്റെ പ്രതാപവും നീതിയും , അത് നടപ്പിലാക്കുന്നതിൽ അവന്റെ യുക്തിയും പ്രകടമാണ്. നിശ്ചയം ഒരടിമക്ക് ലഭിക്കാനുള്ളത് അവനിൽ നിന്നും തെറ്റിപ്പോവുകയില്ല. അവന് കിട്ടാതെ പോയത് അവന് ലഭിക്കേണ്ടതുമല്ല. അല്ലാഹുവിന്റെ നീതിയും യുക്തിയുമത്രെ അതിനെ അനിവാര്യമാക്കുന്നത്.

അല്ലാഹു അവന്റെ ചില യുക്തികൾ തന്റെ അടിമകൾക്ക് വെളിവാക്കി നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ അവതരിച്ചതിന് പിന്നിലുള്ള യുക്തി അവൻ നമ്മെ അറിയിക്കുകയുണ്ടായി; സത്യസത്യവിശ്വാസികളെ നേരിന്റെ മാർഗത്തിൽ നിലയുറപ്പിക്കുവാനും അവർക്ക് സന്മാർഗവും സന്തോഷ വാർത്ത അറിയിക്കുവാനും വേണ്ടിയത്രെ അത്. അല്ലാഹു പറഞ്ഞു :

﴿قُلْ نَزَّلَهُۥ رُوحُ ٱلْقُدُسِ مِن رَّبِّكَ بِٱلْحَقِّ لِيُثَبِّتَ ٱلَّذِينَ ءَامَنُوا۟ وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ﴾

“പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ചു നിർത്താൻ വേണ്ടിയും, (അല്ലാഹുവിന്) കീഴ്പെട്ടു ജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (ജിബ്രീൽ) നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത്

ഇറക്കിയിരിക്കുകയാണ്". (അന്നഹ്ൽ : 102)

ദീനിനെക്കുറിച്ച് ഒന്നുമറിയില്ല എന്ന ന്യായം ഒരാളും പറയാതിരിക്കാൻ വേണ്ടി അവൻ ദൂതന്മാരെ നിയോഗിച്ചു. അല്ലാഹു പറഞ്ഞു :

﴿رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةُۢ بَعْدَ ٱلرُّسُلِۚ﴾

"സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്". (അന്നിസാഅ് : 165)

ജനങ്ങളെ പരീക്ഷണ വിധേയരാക്കുന്നത് സത്യവിശ്വാസികളുടെ സത്യ സന്ധതയും ക്ഷമയും അറിയുന്നതിന് വേണ്ടിയാണെന്ന് അല്ലാഹു നമ്മെ അറിയിച്ചു. അല്ലാഹു പറഞ്ഞു :

﴿أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ۞
وَلَقَدْ فَتَنَّا ٱلَّذِينَ مِن قَبْلِهِمْۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَٰذِبِينَ﴾

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നത് കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ? , അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു .അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും" (അൽ അൻഖബൂത് : 2,3)

അല്ലാഹു അവന്റെ യുക്തിയാൽ അദൃശ്യ ജ്ഞാനത്തെക്കുറിച്ചുള്ള അറിവ് സൃഷ്ടികളിൽ നിന്നും മറച്ച് വെക്കുകയും അത് തനിക്ക് മാത്രമാക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറഞ്ഞു :

﴿عَٰلِمُ ٱلْغَيْبِ وَٱلشَّهَٰدَةِۚ وَهُوَ ٱلْحَكِيمُ ٱلْخَبِيرُ﴾

“അദൃശ്യവും ദൃശ്യവും അറിയുന്നവനാണവൻ. അവൻ യുക്തിമാനും സൂക്ഷ്മജ്ഞാനമുള്ളവനുമത്രെ” (അൽ അൻആം : 73)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹുവിന് മാത്രമാകുന്നു സൃഷ്ടിപ്പും ശാസനാധികാരവും. അവന്റെ പ്രപഞ്ചത്തിൽ അവനിച്ഛിക്കുന്നത് അവൻ പ്രവർത്തിക്കുന്നു. അവന്റെ മതത്തിൽ അവനുദ്ദേശിക്കുന്നത് അവൻ നിയമമാക്കുന്നു. ചോദ്യ ശരങ്ങളുമായി അവനിലേക്ക് തിരിയാൻ പാടില്ല, അവന്റെ യുക്തിയെക്കുറിച്ച് ആക്ഷേപം ഉയർത്താൻ പാടില്ല. അല്ലാഹു പറഞ്ഞു :

﴿لَا يُسْـَٔلُ عَمَّا يَفْعَلُ وَهُمْ يُسْـَٔلُونَ﴾

“അവൻ പ്രവർത്തിക്കുന്നതിനെപ്പറ്റി ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ ചോദ്യം ചെയ്യപ്പെടുന്നതുമാണ്”. (അൽ അമ്പിയാഅ്: 23)

അല്ലാഹുവിന്റെ ' അൽ ഹകീം ' എന്ന നാമം കൊണ്ട് അവനെ ഇബാദത്ത് ചെയ്യാൻ കൽപ്പിക്കപ്പെട്ടവരാണ് അവന്റെ അടിമകൾ. സർവ്വ കാര്യങ്ങളിലുമുള്ള അല്ലാഹുവിന്റെ യുക്തിയുണ്ടെന്ന ദൃഢബോധ്യമുണ്ടായാൽ അവന്റെ അത്ഭുതപ്പെടുത്തുന്ന സൃഷ്ടിപ്പിലും കുറ്റമറ്റ നിർമ്മിതിയിലും അടിമക്ക് ആസ്വാദനം കണ്ടെത്താം; അതിനെക്കുറിച്ചവൻ ചിന്തിക്കുകയും ചെയ്യും. അതുപോലെ അല്ലാഹുവിന്റെ മത നിയമത്തെ അവൻ മഹത്വപ്പെടുത്തുകയും , അല്ലാഹുവിൽ നിന്ന് അവൻ ഭയപ്പെടുകയും തെറ്റുകൾ ചെയ്യാൻ ലജ്ജിക്കുകയും , അവന്റെ കൽപനകൾക്കും വിരോധനങ്ങൾക്കും കീഴ്പ്പെടുകയും , ഇസ്‌ലാം ദീനിലേക്ക് അല്ലാഹു അവനെ വഴി നടത്തിയതിനാൽ അതിയായി സന്തോഷിക്കുകയും ചെയ്യുന്നതാണ്.

നിശ്ചയം ഈ ദീൻ മനുഷ്യ കുലത്തിന്റെ വിജയത്തിനായി യുക്തിമാനായ അല്ലാഹുവിൽ നിന്നും അവതരിച്ചത്രെ. ഇനി വല്ല വിപത്ത് വന്നാൽ, അവൻ അല്ലാഹുവിന്റെ കൽപ്പനയിലും വിധിയിലും തൃപ്തനാകുകയും അവൻ നിശ്ചയിച്ചതും വിധിച്ചതും നല്ലതും

നീതിയുള്ളതുമാണെന്ന് അംഗീകരിക്കുകയും ചെയ്യുന്നു.

﴿وَعَسَىٰٓ أَن تَكۡرَهُواْ شَيۡـٔٗا وَهُوَ خَيۡرٞ لَّكُمۡۖ﴾

"എന്നാൽ ഒരു കാര്യം നിങ്ങൾ വെറുക്കുകയും (യഥാർത്ഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം". (അൽ ബഖറ : 216)

തനിക്ക് മനസ്സിലാകാത്ത ഒരു യുക്തി അതിന്റെ പിന്നിൽ ഉണ്ടെന്നും സന്തോഷത്തിലും പ്രായസത്തിലും അല്ലാഹുവിന്റെ അനേകം അനുഗ്രഹങ്ങളിൽ അവൻ വിരഹിക്കുകയാണ് എന്ന ബോധം അവന്റെ മനസ്സിൽ ഉണ്ടാവണം. നബി -ﷺ- പറഞ്ഞു : "വിശ്വാസിയുടെ കാര്യം എത്ര അത്ഭുതകരമാണ്, കാരണം അവന്റെ മുഴുവൻ കാര്യവും നല്ലതാണ്, അത് വിശ്വാസിക്കല്ലാതെ മറ്റാർക്കും ലഭിക്കില്ല , അവനു നല്ലത് സംഭവിച്ചാൽ, അവൻ അല്ലാഹുവിന് നന്ദി പറയുന്നു, അത് അവനു നന്മയാണ് , അവനു പ്രതികൂലമായാൽ അവൻ ക്ഷമിക്കുന്നു . അതും അവൻ നന്മയാകുന്നു". (മുസ്ലിം)

അതിനാൽ, അവൻ ഇഷ്ടപ്പെടുന്ന രൂപത്തിൽ നല്ല ജീവിതം നയിക്കുക. നിങ്ങളുടെ കാര്യം യുക്തിമാനായ അല്ലാഹുവെ ഏൽപ്പിക്കുക, എന്നാൽ , നിങ്ങൾ പ്രതീക്ഷിക്കുന്നതിലും കൂടുതൽ അവൻ നിങ്ങൾക്ക് നൽകും.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿شَهِدَ ٱللَّهُ أَنَّهُۥ لَآ إِلَٰهَ إِلَّا هُوَ وَٱلۡمَلَٰٓئِكَةُ وَأُوْلُواْ ٱلۡعِلۡمِ قَآئِمَۢا بِٱلۡقِسۡطِۚ لَآ إِلَٰهَ إِلَّا هُوَ ٱلۡعَزِيزُ ٱلۡحَكِيمُ﴾

"താനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ". (ആലു ഇംറാൻ : 18)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ.

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും അനുചരന്മാർക്കും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

അല്ലാഹു തന്റെ സൃഷ്ടിപ്പിന്റെയും കൽപ്പനയുടെയും സൂക്ഷ്മ വിവരങ്ങളും വിശദാംശങ്ങളും ആർക്കും അറിയിച്ച് തന്നില്ല , മറിച്ച് – അതിലൂടെ അവൻ ഉദ്ദേശിച്ച പ്രധാന ഉദ്ദേശങ്ങളും അർഥങ്ങളും അവന്റെ അടിമകൾക്ക് പരിചയപ്പെടുത്തി കൊടുത്തു.

അവന്റെ സൃഷ്ടിപ്പ് , തീരുമാനം , നിയമം, കൽപ്പന, വിധി തുടങ്ങി അടിമകളിൽ നിന്ന് മറഞ്ഞിരിക്കുന്ന അവന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അവൻ നമുക്ക് പറഞ്ഞു തന്നില്ലെങ്കിലും അവന്റെ സകല പ്രവർത്തനങ്ങളും വലിയ യുക്തി അടങ്ങിയിരിക്കുന്നു എന്ന പൊതുവായ അറിവ് നമുക്ക് മതിയായതാകുന്നു.

നിങ്ങൾ അറിയുക - നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# അല്ലാഹുവിന്റെ കോപം[1]

സർവ്വ സ്തുതികളും അല്ലാഹുവിനുള്ളതാക്കുന്നു. അവനെ നാം വാഴ്ത്തുകയും അവനോട് സഹായമർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്നു .സ്വന്തം നഫ്സിന്റെ ഉപദ്രവങ്ങളിൽ നിന്നും നമ്മിൽ നിന്ന് സംഭവിക്കുന്ന തിന്മകളിൽ നിന്നും അവനോട് നാം അഭയം തേടുന്നു. അവൻ ആർക്കാണോ സന്മാർഗം നൽകിയത് അവനെ വഴിതെറ്റിക്കുന്ന ഒരാളുമില്ല. അവൻ വഴിക്കേടിലാക്കിയവരെ സന്മാർഗത്തിലാക്കാനും ഒരാളുമില്ല. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ, അവൻ ഏകനാണ്, യാതൊരു പങ്കാളികളും അവനില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും ചൊരിയട്ടെ.

അമ്മാ ബഅ്ദ് :

അല്ലാഹുവിന്റെ അടിമകളെ – അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. തന്റെ രക്ഷിതാവിനെ ഭയപ്പെടുന്നവൻ രക്ഷപ്പെടുകയും, അവന്റെ സ്മരണയിൽ നിന്ന് തിരിഞ്ഞുകളയുന്നവൻ വഴിപിഴച്ചുപോവുകയും ചെയ്യുന്നതാണ്.

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

വിശുദ്ധ ഖുർആനിലൂടെയും റസൂൽ -ﷺ- യുടെ നാവിലൂടെയും അല്ലാഹു അവനെ കുറിച്ച് അവന്റെ സൃഷ്ടികൾക്ക് പരിചയപ്പെടുത്തി. അത്യുത്തമമായ നാമ - ഗുണ വിശേഷണങ്ങൾക്ക് ഉടമയാണവൻ. അവന്റെ വിശേഷണങ്ങളെക്കുറിച്ച് ഉറ്റാലോചിക്കുകയും അതു മുഖേന അവനെ ആരാധിക്കുകയും ചെയ്യുന്നതിലൂടെ അവന്റെ ഇഷ്ടം

---

(1) 09/11/1440 ന് മദീന മസ്ജിദുന്നബവിയിൽ നിർവഹിക്കപ്പെട്ട ജുമുഅ ഖുതുബ.

നേടാനും സ്വർഗത്തിൽ പ്രവേശിക്കാനും സാധിക്കും.മാത്രമല്ല, തത്ഫലമായി നമ്മിൽ രൂപപ്പെടുന്ന ഭയം, പ്രതീക്ഷ, ഇഷ്ടം, തവക്കുൽ പോലുള്ളവ അല്ലാഹുവുമായുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള മാർഗവുമാകുന്നു.

വിശുദ്ധ കുർആനിലും നബിചര്യയിലും സ്ഥിരപ്പെട്ട് വന്ന അല്ലാഹുവിന്റെ നാമ - ഗുണ വിശേഷണങ്ങൾ സ്ഥിരീകരിക്കലാണ് സലഫുകളുടെ (സച്ചരിതരായ മുൻഗാമികളുടെ ) വിശ്വാസ മാർഗം.

അത്തരത്തിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം ഉണ്ടാക്കുന്ന അവന്റെ വിശേഷണമാണ് കോപം എന്നുള്ളത്. അല്ലാഹു കോപിക്കുകയും തൃപ്തിപ്പെടുകയും ചെയ്യും ; പക്ഷേ സൃഷ്ടികളുടേത് പോലെയല്ല. അവന്റെ ഒരോ വിശേഷണങ്ങളുടെയും പ്രതിഫലനം സൃഷ്ടികളിൽ നമുക്ക് കാണാം. കോപമെന്ന അവന്റെ വിശേഷണത്തിന്റെ പ്രതിഫലനമാണ് ഈ ദുനിയാവിലെ ശിക്ഷകളും പരീക്ഷണങ്ങളും. അല്ലാഹു പറഞ്ഞു :

﴿وَمَن يَحۡلِلۡ عَلَيۡهِ غَضَبِي فَقَدۡ هَوَىٰ﴾

“എന്റെ കോപം ആരുടെമേൽ വന്നിറങ്ങുന്നുവോ അവൻ നാശത്തിൽ പതിച്ചു”. (ത്വാഹാ : 81)

സുഫ്യാൻ ബിൻ ഉയൈന - رحمه الله - പറഞ്ഞു : “അല്ലാഹുവിന്റെ കോപമെന്നാൽ പ്രതിവിധിയില്ലാത്ത ഒരു തരം രോഗമാകുന്നു”. അല്ലാഹുവിന്റെ കോപം ചിലപ്പോൾ സൽകർമ്മങ്ങളെ നിഷ്ഫലമാക്കി തീർത്തേക്കാം. അല്ലാഹു പറഞ്ഞു :

﴿ذَٰلِكَ بِأَنَّهُمُ ٱتَّبَعُواْ مَآ أَسۡخَطَ ٱللَّهَ وَكَرِهُواْ رِضۡوَٰنَهُۥ فَأَحۡبَطَ أَعۡمَٰلَهُمۡ﴾

“അതെന്തുകൊണ്ടെന്നാൽ അല്ലാഹുവിന് വെറുപ്പുണ്ടാക്കുന്ന കാര്യത്തെ അവർ പിന്തുടരുകയും, അവന്റെ പ്രീതിയെ അവർ വെറുക്കുകയുമാണ് ചെയ്തത്. അതിനാൽ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കികളഞ്ഞു”. (മുഹമ്മദ് : 28)

അല്ലാഹു ഒരു ജനതയോട് കോപിച്ചാൽ അവൻ അവരിൽ പ്രതികാരനടപടി സ്വീകരിക്കുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿فَلَمَّآ ءَاسَفُونَا ٱنتَقَمْنَا مِنْهُمْ﴾

"അങ്ങനെ അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ നാം അവരോട് പ്രതികാരനടപടി സ്വീകരിച്ചു". (അൽ സുഖ്റുഫ് : 55)

ഇമാം ഇബ്നുൽ ക്വയ്യിം - رحمه الله - പറഞ്ഞു : "അല്ലാഹുവിന്റെ കോപമെന്ന വിശേഷണത്തിൽ നിന്നാണ് അവന്റെ ശിക്ഷ ഉണ്ടാവുന്നത്. നരകം കത്തിജ്വലിക്കുന്നതും അതു കൊണ്ടാകുന്നു".

അല്ലാഹു അവന്റെ കോപം കൊണ്ട് പല സമുദായങ്ങളെയും ശിക്ഷിച്ചിട്ടുണ്ട്; അവർക്ക് സംഭവിച്ച തെറ്റുകളിൽ നിന്നും നമ്മെ താക്കീത് ചെയ്യുന്നതിനായി അവരെക്കുറിച്ച് നമുക്ക് അറിയിച്ച് നൽകുകയും ചെയ്തു. അല്ലാഹു പറഞ്ഞു :

﴿ضُرِبَتْ عَلَيْهِمُ ٱلذِّلَّةُ أَيْنَ مَا ثُقِفُوٓا۟ إِلَّا بِحَبْلٍ مِّنَ ٱللَّهِ وَحَبْلٍ مِّنَ ٱلنَّاسِ وَبَآءُو بِغَضَبٍ مِّنَ ٱللَّهِ﴾

"നിന്ദ്യത അവരിൽ അടിച്ചേൽപിക്കപ്പെട്ടിരിക്കുന്നു; അവർ എവിടെ കാണപ്പെട്ടാലും. അല്ലാഹുവിൽ നിന്നുള്ള പിടികയറോ, ജനങ്ങളിൽ നിന്നുള്ള പിടികയറോ മുഖേനയല്ലാതെ (അവർക്ക് അതിൽ നിന്ന് മോചനമില്ല.) അവർ അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുകയും ചെയ്തിരിക്കുന്നു". (ആലു ഇംറാൻ : 112)

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വന്നെത്തിയതിനു ശേഷവും ചിലർ അതിനെ നിഷേധിച്ചപ്പോൾ അവർ അല്ലാഹുവിന്റെ കോപത്തിനു മേൽ കോപത്തിനു പാത്രമായി തീർന്നു. ഒരു ജനതയോട് അല്ലാഹു കോപിച്ചപ്പോൾ അവരിൽ രൂപമാറ്റം വരുത്തുകയാണുണ്ടായത്. നബി -ﷺ- പറഞ്ഞു : "ബനൂ ഇസ്റാഈലിൽ പെട്ട ഒരു വിഭാഗത്തോട് അല്ലാഹു കോപിക്കുകയുണ്ടായി; അങ്ങനെ അവരെ ഭൂമിയിലൂടെ നടന്ന് നീങ്ങുന്ന മൃഗങ്ങളുടെ രൂപത്തിലേക്ക്

മാറ്റം വരുത്തി". (മുസ്ലിം)

അല്ലാഹുവിന്റെ കോപത്തെക്കുറിച്ച് തന്റെ ജനതയെ താക്കീത് ചെയ്യാത്തവരായി ഒരു പ്രവാചകനും കടന്ന് പോയിട്ടില്ല. മൂസാ നബി -عليه السلام- തന്റെ സമൂഹത്തോട് പറഞ്ഞു :

﴿أَمْ أَرَدتُّمْ أَن يَحِلَّ عَلَيْكُمْ غَضَبٌ مِّن رَّبِّكُمْ﴾

"അഥവാ നിങ്ങളുടെ റബ്ബിൽ നിന്നുള്ള കോപം നിങ്ങളിൽ ഇറങ്ങണമെന്ന് ആഗ്രഹിച്ച് കൊണ്ട് തന്നെ എന്നോടുള്ള നിശ്ചയം നിങ്ങൾ ലംഘിച്ചതാണോ..?" (ത്വാഹാ : 86)

നല്ല ധാർമ്മിക സ്വഭാവമുള്ളവർ അല്ലാഹുവിന്റെ കോപത്തെ ഭയക്കുന്നു, ഒരിക്കൽ സൈദ് ബിൻ അംറ് ബിൻ നുഫൈൽ നബി -ﷺ-ക്ക് പ്രവാചകത്വം ലഭിക്കും മുമ്പ് സത്യ മതം അന്വേഷിച്ച് പുറപ്പെട്ടു , അദ്ദേഹം ഒരു ജൂതപണ്ഡിതനെ കാണുകയും അവരുടെ മതത്തെക്കുറിച്ച് ചോദിച്ചറിയുകയും (അത് സ്വീകരിക്കാനുള്ള താൽപര്യം പ്രകടമാക്കുകയും) ചെയ്തു. അപ്പോൾ ആ ജൂതപണ്ഡിതൻ സൈദിനോട് പറഞ്ഞു : "ഈ മതം സ്വീകരിക്കരുത് , അത് നിന്നെ അല്ലാഹുവിന്റെ കോപത്തിന് പാത്രമാക്കും" . സൈദ് മറുപടി പറഞ്ഞു :"അല്ലാഹുവിന്റെ കോപം ഭയന്നാണ് ഞാൻ സത്യ മതം അന്വേഷിച്ചിറങ്ങിയത് , അവന്റെ കോപം താങ്ങാൻ എനിക്ക് സാധിക്കുകയില്ല , എങ്ങനെ സാധിക്കാനാണ് ?" (അഥവാ-ആർക്കും അല്ലാഹുവിന്റെ കോപം തങ്ങുക സാധ്യമല്ല). (ബുഖാരി)

യഥാർഥ വിശ്വാസി അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും കാംക്ഷിച്ച് അവനിലേക്ക് അടുക്കുകയും അവന്റെ കോപത്തിനിരയാകുന്നത് ഭയപ്പെടുകയും ചെയ്യുന്നവനാകുന്നു. അല്ലാഹുവിന്റെ കോപവും ശിക്ഷയും ഏറ്റവുമധികം ഏൽക്കുക അവനിൽ പങ്കു ചേർക്കുമ്പോഴാകുന്നു. അല്ലാഹു പറഞ്ഞു :

﴿إِنَّ ٱلَّذِينَ ٱتَّخَذُواْ ٱلْعِجْلَ سَيَنَالُهُمْ غَضَبٌ مِّن رَّبِّهِمْ وَذِلَّةٌ فِي ٱلْحَيَوٰةِ ٱلدُّنْيَا﴾

“കാളക്കുട്ടിയെ ദൈവമായി സ്വീകരിച്ചവരാരോ അവർക്ക് തങ്ങളുടെ റബ്ബിൽ നിന്നുള്ള കോപവും, ഐഹികജീവിതത്തിൽ നിന്ദ്യതയും വന്നുഭവിക്കുന്നതാണ്”. (അൽ അഅ്റാഫ് : 152)

ക്വബ്റുകളുടെ അരികിൽ വെച്ച് നിസ്കരിക്കുക എന്നത് അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്നു. നബി -ﷺ- പറഞ്ഞു : “പ്രവാചകന്മാരുടെ ക്വബ്റുകളെ ആരാധനാ കേന്ദ്രങ്ങളാക്കിയവരിൽ അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു”. (മാലിക്) , ആരെങ്കിലും അല്ലാഹുവിന്റെ വിശേഷണത്തിൽ അവനോട് എതിര് നിന്നാൽ അവന്റെ ഉദ്ദേശ്യത്തിന് പ്രതികൂലമായി അല്ലാഹു അവനെ ശിക്ഷിക്കുന്നതാണ്. നബി -ﷺ- പറഞ്ഞു : “മലികുൽ അംലാക് (രാജാധി രാജൻ) എന്ന പേര് സ്വീകരിച്ച വ്യക്തിയോട് അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു”. (അഹ്മദ്)

അല്ലാഹു ഔദാര്യവാനാകുന്നു; അവന്റെ സൃഷ്ടികൾ അവനോട് ചോദിക്കുന്നത് അവൻ അങ്ങേയറ്റം ഇഷ്ടപ്പെടുന്നു. അഹന്തയോടെ അവനിൽ നിന്നും മുഖം തിരിക്കുന്നവരോട് കോപിക്കുകയും ചെയ്യുന്നു. നബി -ﷺ- പറഞ്ഞു : “ആരെങ്കിലും അല്ലാഹുവിനോട് ചോദിച്ചില്ലെങ്കിൽ അല്ലാഹു അവനോട് കോപിക്കും”. ( തിർമിദി )

കുഫ്ർ (നിഷേധം) അല്ലാഹു ഇഷ്ടപ്പെടുകയോ തൃപ്തിപ്പെടുകയോ ഇല്ല. അത് പ്രവർത്തിക്കുന്നവരോട് അല്ലാഹു കോപിക്കുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿مَّن شَرَحَ بِٱلۡكُفۡرِ صَدۡرٗا فَعَلَيۡهِمۡ غَضَبٞ مِّنَ ٱللَّهِ وَلَهُمۡ عَذَابٌ عَظِيمٞ﴾

“പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവരാരോ അവരുടെ- മേൽ അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും” (അന്നഹ്ൽ : 106)

ഒരോ വ്യക്തിയും ബാഹ്യവും ആന്തരികവുമായി പരിശുദ്ധി കൈവരിക്കുമ്പോഴാണ് സമൂഹം നന്നായിത്തീരുന്നത്. ഹൃദയത്തിൽ തിന്മ മറച്ച് വെക്കുകയും പുറമെ നന്മ പ്രകടിപ്പിക്കുകയും ചെയ്യുന്നവർ

അല്ലാഹുവെക്കുറിച്ചുള്ള അവരുടെ വിചാരം മോശമാക്കിയിരിക്കുന്നു. വഴിയെ അവർക്ക് അവന്റെ കോപം വന്നെത്തുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَيُعَذِّبَ ٱلْمُنَٰفِقِينَ وَٱلْمُنَٰفِقَٰتِ وَٱلْمُشْرِكِينَ وَٱلْمُشْرِكَٰتِ ٱلظَّآنِّينَ بِٱللَّهِ ظَنَّ ٱلسَّوْءِ ۚ عَلَيْهِمْ دَآئِرَةُ ٱلسَّوْءِ ۖ وَغَضِبَ ٱللَّهُ عَلَيْهِمْ وَلَعَنَهُمْ وَأَعَدَّ لَهُمْ جَهَنَّمَ ۖ وَسَآءَتْ مَصِيرًا﴾

"അല്ലാഹുവെപ്പറ്റി തെറ്റായ ധാരണവെച്ചുപുലർത്തുന്ന കപടവിശ്വാസികളെയും കപടവിശ്വാസിനികളെയും ബഹുദൈവവിശ്വാസികളെയും ബഹുദൈവവിശ്വാസിനികളെയും അവൻ ശിക്ഷിക്കുകയും ചെയ്യും , അവരുടെ മേൽ തിൻമയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും, അവർക്ക് വേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരാനുള്ള ആ സ്ഥലം എത്രമോശമാകുന്നു". (അൽ ഫത്ഹ് : 6)

പ്രവാചകന്മാരാകുന്നു സൃഷ്ടികളിൽ വെച്ച് ഏറ്റവും പരിശുദ്ധർ. അവരെ ഉപദ്രവിച്ചവർ അല്ലാഹുവിന്റെ കഠിനമായ കോപത്തിനർഹരാണ്. നബി -ﷺ- പറഞ്ഞു : "രക്തം ചിന്തുമാറ് അല്ലാഹുവിന്റെ പ്രവാചകന്മാരുടെ മുഖത്തെ മുറിവേൽപ്പിച്ചവരിൽ അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു". (ബുഖാരി) പ്രവാചകന്മാരെ കൊലപ്പെടുത്തിയവരാകുന്നു സൃഷ്ടികളിൽ വെച്ച് ഏറ്റവും നിർഭാഗ്യവാന്മാർ. നബി -ﷺ- പറഞ്ഞു : "പ്രവാചകനെ കൊലപ്പെടുത്തിയവരിൽ അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു". ( ബുഖാരി, മുസ്‌ലിം )

അല്ലാഹുവിന്റെ ഉറ്റ മിത്രമായ ഔലിയാക്കളോടും സജ്ജനങ്ങളോടും കോപം പുലർത്തുന്നവരോട് അവനും കോപിക്കുന്നതാണ്. നബി -ﷺ- ഒരു സ്വഹാബിയോട് പറഞ്ഞു : "താങ്കൾ അവരെ ദേഷ്യം പിടിപ്പിച്ചിട്ടുണ്ടെങ്കിൽ നിന്റെ റബ്ബിനെയാണ് നീ കോപിപ്പിച്ചിരിക്കുന്നത്". ( മുസ്‌ലിം )

വിപത്തുകൾ ബാധിക്കുമ്പോൾ വേവലാതിപ്പെടൽ അല്ലാഹുവിന്റെ തീരുമാനത്തെ തടുക്കുകയില്ല. ഒരോരുത്തർക്കും അവന്റെ പ്രവർത്തനത്തിന്റെ അതേ ഗണത്തിൽ നിന്നായിരിക്കും പ്രതിഫലവും ലഭിക്കുക. നബി -ﷺ- പറഞ്ഞു : "അല്ലാഹുവിന്റെ വിധിയോട് കോപം പുലർത്തിയവർക്ക് അല്ലാഹുവിന്റെ കോപമുണ്ടാകുന്നതാണ്". ( തിർമിദി )

വാക്ക് കൊണ്ടോ പ്രവർത്തനങ്ങൾ കൊണ്ടോ അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും തടയൽ അവന്റെ ശിക്ഷയെ അനിവാര്യമാക്കുന്നതാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَٱلَّذِينَ يُحَآجُّونَ فِي ٱللَّهِ مِنۢ بَعۡدِ مَا ٱسۡتُجِيبَ لَهُۥ حُجَّتُهُمۡ دَاحِضَةٌ عِندَ رَبِّهِمۡ وَعَلَيۡهِمۡ غَضَبٞ وَلَهُمۡ عَذَابٞ شَدِيدٌ﴾

"അല്ലാഹുവിന്റെ ആഹ്വാനത്തിന് സ്വീകാര്യത ലഭിച്ചതിന് ശേഷം അവന്റെ കാര്യത്തിൽ തർക്കിക്കുന്നവരാരോ, അവരുടെ തർക്കം അവരുടെ രക്ഷിതാവിങ്കൽ നിഷ്ഫലമാകുന്നു. അവരുടെ മേൽ കോപമുണ്ടായിരിക്കും. അവർക്കാണ് കഠിനമായ ശിക്ഷ" (അശ്ശൂറ : 16)

ഇബ്നു അബ്ബാസ് - رضي الله عنهما - പറഞ്ഞു (ഈ ആയത്തിന്റെ വിശദീകരണത്തിൽ) : "അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കൽപ്പനക്ക് ഉത്തരം നൽകിയതിനു ശേഷം സന്മാർഗത്തിൽ നിന്ന് അവരെ തടയിടുവാനും ജാഹിലിയ്യത്ത് തിരികെ കൊണ്ടു വരാനും സത്യവിശ്വാസികളുമായി അവർ തർക്കത്തിലേർപ്പെട്ടു".

തന്റെ വിജ്ഞാനത്തിനനുസരിച്ച് പ്രവർത്തിക്കാത്തവർ അല്ലാഹുവിന്റെ കോപത്തിനിരയായവരുടെ കൂട്ടത്തിലായിരിക്കും ; അവരുടെ മാർഗത്തിൽ നിന്നും അകറ്റുന്നതിനായി എല്ലാ റക്അത്തിലും പ്രാർത്ഥിക്കാൻ മുസ്ലിംകൾ കൽപ്പികപ്പെട്ടിട്ടുണ്ട്.

മാതാപിതാക്കൾക്കുള്ള സ്ഥാനം പരിഗണിച്ച് അവരോടുള്ള കടമകളും അല്ലാഹു മഹത്വപ്പെടുത്തിയിട്ടുണ്ട്. അവരുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തിയെന്നും അവരുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപമെന്നും ഇസ്ലാം നമ്മെ

പഠിപ്പിച്ചു. അബ്ദുല്ല ബിൻ ഉമർ - رضي الله عنهما - പറഞ്ഞു : “മാതാപിതാക്കളുടെ തൃപ്തിയിലാകുന്നു റബ്ബിന്റെ തൃപ്തി ; അവരുടെ കോപത്തിലാകുന്നു അവന്റെ കോപം”. ( തിർമിദി )

മുസ്‌ലിമായ ഒരു വ്യക്തിയുടെ രക്തം പവിത്രമാകുന്നു. ആരെങ്കിലും അവനെ കൊലപ്പെടുത്തിയാൽ അവൻ അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും വിധേയനാകുന്നതാണ്. അല്ലാഹു പറഞ്ഞു :

﴿وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَآؤُهُۥ جَهَنَّمُ خَٰلِدًا فِيهَا وَغَضِبَ ٱللَّهُ عَلَيْهِ وَلَعَنَهُۥ وَأَعَدَّ لَهُۥ عَذَابًا عَظِيمًا﴾

“ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്”. (അന്നിസാഅ : 93)

മുസ്‌ലിമീങ്ങളുടെ ധനം പവിത്രമാകുന്നു ; ആരെങ്കിലും മുസ്‌ലിമായ ഒരു വ്യക്തിയുടെ ധനം അന്യായമായി കൈവശപ്പെടുത്തുകയാണെങ്കിൽ അവൻ കഠിനമായ ശിക്ഷയ്ക്ക് അർഹനാണ്. നബി -ﷺ- പറഞ്ഞു : “മുസ്‌ലിമായ ഒരു വ്യക്തിയുടെ ധനം അന്യായമായി അപഹരിക്കുന്നതിന് വേണ്ടി ആരെങ്കിലും മനപ്പൂർവ്വം കള്ളസത്യം ചെയ്താൽ അവൻ പരലോകത്ത് അല്ലാഹുവെ കണ്ടുമുട്ടുമ്പോൾ അല്ലാഹു അവനോട് കോപിഷ്ഠനായിരിക്കും”. (ബുഖാരി, മുസ്ലിം)

ഒരു സ്ത്രീ അവളുടെ ഭർത്താവിന് എതിരിൽ അന്യായമായി ശാപപ്രാർഥന നടത്തിയാൽ അവൾ അല്ലാഹുവിന്റെ കോപത്തിലായിരിക്കും. അല്ലാഹു പറഞ്ഞു :

﴿وَٱلۡخَٰمِسَةَ أَنَّ غَضَبَ ٱللَّهِ عَلَيۡهَآ إِن كَانَ مِنَ ٱلصَّٰدِقِينَ﴾

“അഞ്ചാമതായി അവൻ സത്യവാൻമാരുടെ കൂട്ടത്തിലാണെങ്കിൽ അല്ലാഹുവിൻറെ കോപം തന്റെ മേൽ ഭവിക്കട്ടെ എന്ന് (പറയുകയും വേണം.)”. (അന്നൂർ : 9)

ആരെങ്കിലും അക്രമത്തിനും അനീതിക്കും കൂട്ട് നിന്നാൽ അല്ലാഹു അവനോട് കോപിക്കുന്നതാണ്. നബി -ﷺ- പറഞ്ഞു : “അന്യായത്തെ സഹായിക്കുന്നവൻ അല്ലാഹുവിന്റെ കോപത്തിൽ ആയിരിക്കും”. (ഇബ്നു മാജ)

ഒരടിമയെ അളക്കുവാനുള്ള അളവുകോലത്രെ അവന്റെ നാവ്. അവൻ സംസാരിക്കുന്ന ഒരു വാക്ക് ചിലപ്പോൾ ഒരടിമയുടെ വിജയത്തിനോ അല്ലെങ്കിൽ നാശത്തിനോ കാരണമായേക്കാം. നബി -ﷺ- പറഞ്ഞു : “നിശ്ചയം നിങ്ങളിലൊരാൾ അല്ലാഹുവിന് കോപമുള്ള ഒരു വാക്ക് സംസാരിക്കും ; അത് അവന് ഇത്രമാത്രം കോപമുണ്ടാക്കുന്നതാണെന്ന് സംസാരിച്ചവർ ചിന്തിച്ചില്ല , പക്ഷേ അത് കാരണത്താൽ അല്ലാഹുവെ കണ്ട് മുട്ടുന്നത് വരെ അവന്റെ മേൽ അല്ലാഹുവിന്റെ കോപം രേഖപ്പെടുത്തുന്നതാണ്”. (തിർമിദി)

ശത്രുവെ നേരിൽ കാണുമ്പോൾ യുദ്ധമുഖത്ത് നിന്നും പിന്തിരിഞ്ഞോടൽ അല്ലാഹുവിന്റെ കോപത്തിന് കാരണമാകുന്നു. അല്ലാഹു പറഞ്ഞു :

﴿وَمَن يُوَلِّهِمۡ يَوۡمَئِذٖ دُبُرَهُۥٓ إِلَّا مُتَحَرِّفٗا لِّقِتَالٍ أَوۡ مُتَحَيِّزًا إِلَىٰ فِئَةٖ
فَقَدۡ بَآءَ بِغَضَبٖ مِّنَ ٱللَّهِ وَمَأۡوَىٰهُ جَهَنَّمُۖ وَبِئۡسَ ٱلۡمَصِيرُ﴾

“യുദ്ധ(തന്ത്ര)ത്തിനായി സ്ഥാനം മാറുന്നതിനോ (സ്വന്തം) സംഘത്തോടൊപ്പം ചേരുന്നതിനോ അല്ലാതെ അന്ന് അവരിൽ നിന്നു (ശത്രുക്കളുടെ മുമ്പിൽ നിന്ന്) വല്ലവനും പിന്തിരിഞ്ഞുകളയുന്ന പക്ഷം അവൻ അല്ലാഹുവിൽ നിന്നുള്ള കോപത്തിനു പാത്രമായിരിക്കുന്നതും അവന്റെ സങ്കേതം നരകമായിരിക്കുന്നതുമാണ്. ചെന്നുചേരാൻ

കൊള്ളരുതാത്ത സ്ഥലമത്രെ അത്". (അൽ അൻഫാൽ : 16)

അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കൽ അതിനോടുള്ള കടമയത്രെ; എന്നാൽ അനുഗ്രഹങ്ങൾ നൽകിയവനെ മറക്കുകയും അഹങ്കരിച്ച് നടക്കുകയുമാണെങ്കിൽ അവനുള്ള ശിക്ഷ വേഗത്തിലായിരിക്കും. അല്ലാഹു പറഞ്ഞു :

﴿كُلُوا۟ مِن طَيِّبَٰتِ مَا رَزَقْنَٰكُمْ وَلَا تَطْغَوْا۟ فِيهِ فَيَحِلَّ عَلَيْكُمْ غَضَبِى﴾

"നിങ്ങൾക്ക് നാം തന്നിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിൽ നിങ്ങൾ അതിരുകവിയരുത്. (നിങ്ങൾ അതിരുകവിയുന്ന പക്ഷം) എന്റെ കോപം നിങ്ങളുടെ മേൽ വന്നിറങ്ങുന്നതാണ്". (ത്വാഹാ : 81)

അല്ലാഹുവിന്റെ കോപത്തിനിരയാകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ വെറുക്കുകയും അവരുടെ കൂടെ കൂടാതിരിക്കുകയും ചെയ്യൽ നമുക്ക് നിർബന്ധമാകുന്നു .അല്ലാഹു പറഞ്ഞു :

﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَوَلَّوْا۟ قَوْمًا غَضِبَ ٱللَّهُ عَلَيْهِمْ﴾

"സത്യവിശ്വാസികളേ, അല്ലാഹു കോപിച്ചിട്ടുള്ള ഒരു ജനതയോട് നിങ്ങൾ മൈത്രിയിൽ ഏർപെടരുത്". (അൽ മുംതഹിന : 13)

മരണാനന്തര ജീവിതത്തിനായി ഒരുങ്ങുകയും തയ്യാറെടുക്കുകയും ചെയ്യുക , അല്ലാഹു അവന്റെ അടിമകളുടെ മേൽ എറ്റവുമധികം കോപിക്കുക മഹ്ശറിലാണ് (എല്ലാവരെയും വിചാരണക്ക് ഒരുമിച്ച് കൂട്ടുന്ന സ്ഥലം). അന്നേ ദിവസം ആദം , ഇബ്റാഹീം , മൂസ , ഈസാ തുടങ്ങിയ പ്രവാചകർ പറയും : "നമ്മുടെ റബ്ബ് മുമ്പൊരിക്കലും കോപിച്ചിട്ടില്ലാത്ത ഇനി കോപ്പിക്കുകയും ചെയ്യാത്ത രൂപത്തിൽ ഇന്ന് കോപിച്ചിരിക്കുകയാണ്".(ബുഖാരി ,മുസ്ലിം)

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ...)

അല്ലാഹു ശക്തനാകുന്നു , അവന്റെ കോപത്തെ കുറിച്ച് അവൻ അടിമകൾക്ക് താകീത് നൽകിയിട്ടുണ്ട് , അല്ലാഹു പറഞ്ഞു :

﴿وَيُحَذِّرُكُمُ ٱللَّهُ نَفْسَهُۥ﴾

"അല്ലാഹു അവനെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു" (ആലു ഇംറാൻ : 30)

അല്ലാഹു അടിമകളോട് കാണിക്കുന്ന സഹിഷ്ണുത അവനെ ധിക്കരിക്കാൻ നമ്മെ പ്രേരിപ്പിക്കാതിരിക്കട്ടെ. അവൻ കോപിക്കുകയും ശിക്ഷക്ക് അനുമതി നൽകുകയും ചെയ്താൽ അത് തടയാൻ ആർക്കും സാധ്യമല്ല. പാപങ്ങൾ പ്രവർത്തിച്ചിട്ടും ഒരുവന് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ നൽകുന്നുവെങ്കിൽ അത് തൽകാലം അവന് ഈ അനുഗ്രഹങ്ങൾ നൽകി പടിപടിയായി അവനെ പിടികൂടാനാണ്. അല്ലാഹു പറഞ്ഞു :

﴿وَأُمْلِي لَهُمْ ۚ إِنَّ كَيْدِي مَتِينٌ﴾

"അവർക്കു ഞാൻ ഇടകൊടുക്കുകയും ചെയ്യും. തീർച്ചയായും എന്റെ തന്ത്രം സുശക്തമാണ്".(അഅറാഫ് :183)

സൃഷ്ടികൾ അല്ലാഹുവിലേക്ക് മടങ്ങാൻ തയ്യാറാണെങ്കിൽ അല്ലാഹു അവർക്ക് പാപമോചനത്തിന്റെയും നന്മയുടെയും കവാടങ്ങൾ തുറന്നു നൽകുകയും അവരെ തൃപ്തിപ്പെടുകയും ചെയ്യുന്നതാണ്.

## അഊദു ബില്ലാഹി മിന ശ്ശൈത്വാനി റജീം

﴿أَفَمَنِ ٱتَّبَعَ رِضْوَٰنَ ٱللَّهِ كَمَنۢ بَآءَ بِسَخَطٍ مِّنَ ٱللَّهِ وَمَأْوَىٰهُ جَهَنَّمُ ۚ وَبِئْسَ ٱلْمَصِيرُ﴾

"അല്ലാഹുവിന്റെ പ്രീതിയെ പിന്തുടർന്ന ഒരുവൻ അല്ലാഹുവിന്റെ കോപത്തിന് പാത്രമായ വാസസ്ഥലം നരകമായവനെപ്പോലെയാണോ? അത് എത്ര ചീത്ത സങ്കേതം". (ആലു ഇംറാൻ : 162)

അല്ലാഹു വിശുദ്ധ ഖുർആൻ മുഖേന എനിക്കും നിങ്ങൾക്കും അനുഗ്രഹം ചൊരിയട്ടെ ..

# രണ്ടാം ഖുതുബ

അല്ലാഹു ചെയ്തു തന്ന ഉപകാരങ്ങൾക്ക് അവനാകുന്നു സർവ്വ സ്തുതികളും. അനുഗ്രഹം ചൊരിയുകയും തൗഫീഖ് ചെയ്യുകയും ചെയ്തതിന് അവനാകുന്നു നന്ദി.

അല്ലാഹു അല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും അവൻ ഏകനും യാതൊരു പങ്കാളികളും ഇല്ലാത്തവനുമാണെന്നും അവന്റെ മഹത്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് -ﷺ- അവന്റെ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു അവിടുത്തേക്കും അവിടുത്തെ കുടുംബത്തിനും സ്വഹാബത്തിനും അല്ലാഹു സ്വലാത്തും ധാരാളം സലാമും വർഷിക്കുമാറാകട്ടെ..

അയ്യുഹൽ മുസ്ലിമൂൻ (ഓ മുസ്ലിമീങ്ങളേ ..)

നന്മകൾ ചെയ്യുന്നതിലൂടെ അല്ലാഹുവിന്റെ തൃപ്തിയും കരുണയും ലഭിക്കുന്നു .അല്ലാഹു പറഞ്ഞു :

﴿ وَرَحْمَتِى وَسِعَتْ كُلَّ شَىْءٍ ۚ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ ٱلزَّكَوٰةَ وَٱلَّذِينَ هُم بِـَٔايَـٰتِنَا يُؤْمِنُونَ ﴾

"എന്റെ കാരുണ്യം സർവ്വ വസ്തുക്കളെയും ഉൾകൊള്ളുന്നതാകുന്നു , എന്നാൽ ധർമ്മനിഷ്ഠ പാലിക്കുകയും, സകാത്ത് നൽകുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്" (അൽ അഅറാഫ് : 156)

അല്ലാഹുവിന്റെ കാരുണ്യം അവന്റെ കോപത്തേക്കാൾ വിശാലമാകുന്നു. നബി -ﷺ- പറഞ്ഞു : "അല്ലാഹു സൃഷ്ടികളെ പടക്കുന്നതിന് മുമ്പ് അർശിന് മുകളിൽ എഴുതി വെച്ചിരിക്കുന്നു ; എന്റെ കാരുണ്യം കോപത്തിനെ മറികടന്നിരിക്കുന്നു". (ബുഖാരി)


അല്ലാഹുവിന്റെ കോപത്തിൽ നിന്ന് അവനോട് സംരക്ഷണം ചോദിക്കുന്നവൻ അതിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതാണ്, നബി -ﷺ- ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു : "അല്ലാഹുവെ ; നിന്റെ കോപത്തിൽ നിന്ന് നീ നിന്റെ തൃപ്തി കൊണ്ട് ഞാൻ നിന്നോട് രക്ഷതേടുന്നു". (മുസ്ലിം) ബുദ്ധിയുള്ള വിശ്വാസി എന്നും റബ്ബിന്റെ തൃപ്തി നേടിയെടുക്കാൻ പരിശ്രമിക്കുകയും അവന്റെ കോപത്തിന് പാത്രമാവതിരിക്കാൻ ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നവനായിരിക്കും.

നിങ്ങൾ അറിയുക ; നബി -ﷺ- യുടെ മേൽ അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കാൻ അല്ലാഹു നിങ്ങളോട് കൽപിച്ചിരിക്കുന്നു.

# ഉള്ളടക്കം


ആമുഖം ........ 5
തൗഹീദിന്റെ പ്രാധാന്യം ........ 6
തൗഹീദ് മുറുകെപിടിക്കുക ........ 16
തൗഹീദിന്റെ ഫലങ്ങൾ ........ 34
കലിമതു തൗഹീദിന്റെ ശ്രേഷ്ഠത ........ 49
അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം ........ 70
അല്ലാഹുവിന്റെ മഹത്വം ........ 85
അല്ലാഹുവെ മഹത്വപ്പെടുത്തുക ........ 100
അല്ലാഹുവെ അറിയുക ........ 120
മുസ്ലിമിന്റെ വിശ്വാസം ........ 136
അല്ലാഹുവെ കുറിച്ച് നല്ല വിചാരം ........ 147
തൗഹീദിന് വിള്ളലുണ്ടാക്കുന്ന കാര്യങ്ങൾ ........ 170
അല്ലാഹുവിന്റെ അത്യുത്തമമായ നാമങ്ങൾ ........ 190
അൽ ഹകീം ; അല്ലാഹുവിന്റെ നാമം ........ 212
അല്ലാഹുവിന്റെ കോപം ........ 227

പ്രസിദ്ധീകരണവും വിതരണവും:
'ത്വാലിബുൽ ഇൽമ്' ഫൗണ്ടേഷൻ
00966506090448





**മസ്ജിദുന്നബവിയിലെ ഖുതുബ കളിൽ നിന്നുള്ള സമാഹാരം**


## ഗ്രന്ഥകാരന്റെ മറ്റു കൃതികൾ



ഈമാൻ കാര്യങ്ങൾ



ഇസ്ലാം കാര്യങ്ങൾ



സ്വഭാവങ്ങൾ



നബി-ﷺ-യും അവിടുത്തെ സ്വഹാബികളും